# സുഹൈലോർമ്മകൾ



## ഒരു സഫലജീവിതത്തിന്റെ നിറച്ചാർത്തുകൾ



KENZA
TMT STEEL BARS
BUILT ON TRUST
നാടിന്റെയും നിങ്ങളുടെയും
പ്രിയപ്പെട്ട ബ്രാൻഡായി
കരുത്തോടെ, കരുതലോടെ,
വിശ്വസ്തതയോടെ.
POWERED BY
GERMAN TECHNOLOGY
INTERNATIONAL
QUALITY STANDARD
50,000+ HAPPY
CUSTOMERS
FE 550SD
IS 1786
CML - 6937897
ISO 9001-2015
Certified Company
BC0416
www.kenzatmt.com
For Dealership
Enquiry: +91 9647 111 000



**Suhylu Rehuman Vailithara**
(1963-2023)

**Centre for Information and Guidance India**
**Alappuzha Chapter**

# 'സുഹൈലോർമ്മകൾ'
# എന്ത്...എന്തിന്..

2023 ആഗസ്ത് 25 വെള്ളിയാഴ്ച സിജി ആലപ്പുഴയുടെ ചരിത്രത്തിലെ ഏറ്റവും വിഷമകരമായ ദിനമായിരുന്നു. അന്നാണ് ആലപ്പുഴ സിജിക്ക് അതിന്റെ അമരക്കാരൻ നഷ്ടപ്പെട്ടത്. നടുക്കടലിൽ കപ്പിത്താൻ നഷ്ടപ്പെട്ട അവസ്ഥ. സങ്കീർണമായ ഈ സാഹചര്യത്തെ നേരിടുകയെന്നത് വിഷമകരമാണ്. എന്നാൽ സുഹൈൽ സാർ ജീവനുതുല്യം സ്നേഹിച്ച, ആശുപത്രിക്കിടക്കയിൽ വച്ചുപോലും നെഞ്ചോടുചേർത്ത ഈ പ്രസ്ഥാനത്തെ അനാഥമാക്കാൻ അദ്ദേഹം വളർത്തിയെടുത്ത ആലപ്പുഴയിലെ സിജി പ്രവർത്തകർ അനുവദിക്കില്ല. ഞങ്ങൾ മുന്നോട്ടുതന്നെ.

വേർപാടിന് ശേഷമാണ് സുഹൈൽ സാർ ഞങ്ങൾ അറിയുന്നതിനെക്കാൾ എത്രയോ ഉയരത്തിലാണ് എന്ന് മനസ്സിലാക്കുന്നത്. ആരുടെയും പ്രേരണയില്ലാതെ പാനൂരിലേക്ക് ഒഴുകിയെത്തിയ ജനക്കൂട്ടം, സാമൂഹിക മാധ്യമങ്ങളിലൂടെ വേദന പങ്കുവച്ചവർ... അവർ കാട്ടിത്തന്നു സുഹൈൽസാർ ജീവിച്ചത് അവരുടെ ഹൃദയങ്ങളിലാണ് എന്ന്. ആരോ കുറിച്ചത് പോലെ, ആരും കൊതിക്കുന്ന ഒരു മരണാനന്തര ചടങ്ങ്.

ചുരുങ്ങിയ കാലം കൊണ്ട് അവിശ്വസനീയമാംവിധം സമൂഹത്തിൽ സ്വാധീനം ചെലുത്തിയ ഈ വ്യക്തിത്വത്തെ ഇനിയും കാണാത്തവർക്കായി, അറിയാത്തവർക്കായി, അടുത്തറിഞ്ഞവരുടെ ഓർമ്മക്കുറിപ്പിലൂടെ ഒരു പരിചയപ്പെടുത്തൽ... അതാണ് സുഹൈലോർമ്മകളിലൂടെ ഞങ്ങൾ ലക്ഷ്യമിടുന്നത്.

കുറഞ്ഞ സമയത്തിനുള്ളിൽ പ്രസിദ്ധീകരിക്കേണ്ടിവന്നതിനാൽ സുഹൈൽസാർ നെഞ്ചോടു ചേർത്ത എല്ലാവരുടെയും കുറിപ്പുകൾ ഉൾപ്പെടുത്താനായില്ല, എങ്കിലും എല്ലാ മേഖലകളിലേയും പ്രാതിനിധ്യം സൂക്ഷിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. ഇതിനായി ഇറങ്ങിയപ്പോൾ അദ്ദേഹത്തെ സ്നേഹിച്ചവർ സ്വയം മുന്നോട്ടു വന്ന് ഞങ്ങൾക്ക് ആവേശം പകർന്നു. കുടുംബത്തിലും ജന്മനാട്ടിലുമുള്ളവർ, സതീർഥ്യർ, സഹപ്രവർത്തകർ, സിജി പ്രവർത്തകർ... എല്ലാവരിൽ നിന്നും കുറച്ചു പേരെ തെരെഞ്ഞെടുക്കൽ ഏറെ ശ്രമകരമായിരുന്നു. അർഹതപ്പെട്ടവർ ഒഴിവാക്കപ്പെട്ടിട്ടുണ്ടെങ്കിൽ മനപ്പൂർവ്വമല്ലന്നു കണ്ടു പൊറുക്കുക.

തുടക്കം മുതൽ എല്ലാ പിന്തുണയും തന്ന സൂഹൈൽസാറിന്റെ കുടുംബം, അദ്ദേഹത്തെ അനുസ്മരിച്ച് അനുഭവങ്ങൾ പങ്കുവച്ച വിവിധ മേഖലകളിലുള്ളവർ, പേരു നിർദ്ദേശിച്ച ആർ കൃഷ്ണകുമാർ കായംകുളം പരസ്യം തന്നു സഹായിച്ചവർ, DTP വർക്ക് ചെയ്തവർ, സമയക്കുറവിനിടയിലും ഉത്തരവാദിത്വത്തോടെ കവർ രൂപകൽപന ചെയ്ത അൻവർ പല്ലന, ആകർഷകമായി സമയബന്ധിതമായി പ്രിന്റിംഗ് പൂർത്തീകരിച്ച അക്ഷരപ്രിന്റേഴ്സ്, തുടങ്ങി നന്ദി പറയേണ്ടവർ ഏറെയാണ്. നന്ദി വാക്കുകളിൽ ഒതുക്കുന്നില്ല, കടപ്പാട് ഞങ്ങൾ ഹൃദയത്തിൽ സൂക്ഷിക്കുന്നു.

**സിജി ജില്ലാ ചാപ്റ്റർ**
ആലപ്പുഴ

# താളുകൾ മറിക്കുമ്പോൾ




**നമ്മുടെ പ്രിയപ്പെട്ട സുഹൈൽ സാർ** 5
അഡ്വ എ എ റസാഖ്

**സുഹൈൽ റഹ്മാൻ ജീവിത രേഖ** 6
ഹലീൽ എം

**മനുഷ്യസ്നേഹിക്ക് അശ്രുപ്രണാമം** 9
രമേശ് ചെന്നിത്തല

**കുല്ലു നഫ്സുൻ ദാഇക്കത്തുൽ മവുത്ത്....** 10
അഡ്വ.മുജീബ് വൈലിത്തറ

**സുഹൈൽ സാഹിബ് ഒരു സങ്കീർത്തനം പോലെ..** 12
ഡോ. എ.ബി. മൊയ്തീൻ കുട്ടി

**ഞാൻ കണ്ട സുഹൈൽ സാർ** 13
ബഷീർ പാനൂർ

**മർഹൂം സുഹൈലുറഹ്മാൻ കാരുണ്യത്തിന്റെ മന്ദമാരുതൻ** 14
അബ്ദുൽ ഷുക്കൂർ അൽഖാസിമി

**'ഓർമയിലെ സുഹൈലിക്ക'** 16
നൗഷാദ് കൊക്കാട്ടുതറ

**ആത്മാർത്ഥയുടെ പര്യായം** 17
CA മുഹമ്മദ് ഷഫീക്ക് എ.

**Suhail Rahman...** 18
K.P Shamsudheen

**തീരങ്ങളെ നനച്ച് നിറഞ്ഞൊഴുകിയ പുഴയുടെ ഓർമ്മയ്ക്ക്** 19
ആർ. കൃഷ്ണകുമാർ, കായംകുളം

**'സുഹൈൽ സാഹിബിന് ഏറ്റവും ഇഷ്ടം എന്നോടായിരുന്നു.'** 25
എ.പി. നിസാം

**For My Father, Who always put others First"** 26
Rifdu Rahman

**Suhail Rahman** 26
Dr. Mohamed Haggag USA

**'സുഹൈൽ സർ പോയി ഇനിയെന്ത്!'** 27
രഹ്ന വി.എം.

**സുഹൈലിക്കാ നിങ്ങൾക്ക് യാത്രാ മൊഴി** 29
കരിയർ ഗുരു ജലീൽ എം.എസ്

31 **സുഹൈൽ ഒരു സുവർണ്ണ ഹൃദയത്തിന്റെ ഉടമ**
ഡോ. ടി.ടി. ശ്രീകുമാർ

33 **കാമ്പസ്സിലെ സംഘാടകൻ**
ടി.ജെ. ആഞ്ചലോസ്

34 **സുഹൈൽ റഹ്മാൻ എന്നും ഒരു വഴികാട്ടി നക്ഷത്രം**
ഡോ. അബ്ദുൽ അസീസ്. പി.ടി.

35 **നന്മയിൽ അധിഷ്ഠിതമായ ജീവിതം**
Z. ഷാജഹാൻ

36 **സന്നദ്ധത, വിനയം, പ്രതിബദ്ധത.. സുഹൈൽറഹ്മാൻ**
അഹമ്മദ് പി.പി

37 **ഞങ്ങളുടെ സുഹൈൽ**
പി.ആർ. ജയകുമാർ

38 **മരണമെത്തുന്ന നേരത്ത്**
ഡോ.ബിന്ദു.ഡി, പാനൂർ

39 **അനായാസം മറ്റുള്ളവർക്കായി ജീവിച്ചു കാണിച്ചൊരാൾ...**
കെ.എ. സൈഫുദ്ദീൻ, മാധ്യമം

42 **Rest in Power, dear Uncle**
പാർവ്വതി

43 **Think globally and Act Locally**
ഡോ. ഷഫീക്ക്, പാനൂർ

44 **ഖൽബിൽ ആത്മീയതയുടെ വെളിച്ചം നിറച്ചൊരാൾ**
പ്രൊഫ. എ.എം അബ്ദുൽ റഷീദ്

45 **ദൈവസന്നിധിയിൽ സുഖമായിരിക്കട്ടെ...**
നിസാർ പുതുവന, പാനൂർ

47 **എന്നെ വിസ്മയിപ്പിച്ച സുഹൈൽക്ക**
ബഷീർ എടാട്ട്

48 **ഇനിയും ഇങ്ങനെ ഒരാൾ ഉണ്ടാകുമോ**
എം.എസ്.നൗഷാദ്, കായംകുളം

53 **മാറ്റിവയ്ക്കാനാകാത്ത യാത്ര..**
C.T.അബ്ദുൽ ഖാദർ, തൃക്കരിപ്പൂർ

55 **ആത്മീയ ഭൗതിക സമന്വയമായ ജീവിതം**
ഡി സലീം തൃക്കുന്നപ്പുഴ

എം. ജിയിലെ അത്ഭുത നക്ഷത്രം 57
സത്താർ ശ്രീകാര്യം

ഇനിയും നമുക്ക് ഒരുമിച്ച് കൂടാം. 58
ഷൗക്കത്ത് പല്ലന

സുഹൈൽ നിസ്വാർത്ഥ സാമൂഹികപ്രവർത്തകൻ 59
എ.എം.നസീർ

സുഹൈലും നക്ഷത്രമായി 60
അഡ്വ.ഒ.ഹാരിസ്

കുറച്ചു കൂടി ശ്രദ്ധിക്കണം 65
അൻഷാദ് അതിരമ്പുഴ

സുഹൈൽ സാഹിബ് : പകരക്കാരനില്ലാത്ത നിസ്വാർത്ഥ വിദ്യാഭ്യാസ പ്രവർത്തകൻ 66
ഡോ. Z. A. അഷ്റഫ്

സുഹൈലു റഹ്മാൻ വൈലിത്തറ ക്രാന്തദർശിയായ വിദ്യാഭ്യാസപ്രവർത്തകൻ 68
നാസർ ദാറുസലാം

Our Linchpin 69
Minnath Abdul Majeed

ബന്ധങ്ങൾ നട്ടു നനച്ചപ്രിയ സഹോദരൻ 70
മുഹമ്മദ് റാഫി. യു

സൗമ്യത കൊണ്ട് കീഴടക്കിയസുഹൈൽ 71
അഡ്വ. ഇസ്സുദ്ധീൻ കെ കെ

സുഹൈൽ വൈലിത്തറ സ്നേഹനിധിയായ വഴികാട്ടി 72
ക്വാളിറ്റി അഷ്റഫ്

പല്ലനയാറിൻ തീരത്ത് വേദനയോടെ വീണ്ടും 73
ജെറാഡ് എം.

സുഹൃത്ത്.. സഹോദരൻ.. സഖാവ്. 75
ലാലപ്പൻ സി.ആർ.

സുഹൈൽ സാർ 76
സൂഫിയ

സുഹൈൽ പറയാൻ ബാക്കി വച്ച് ഇടയ്ക്കിറങ്ങിപ്പോയ എന്റെ സുഹൃത്ത് 77
അഡ്വ . ഹഖ് തൃശൂർ

സ്നേഹിക്കാൻ മാത്രം അറിയാവുന്ന ഒരു മനുഷ്യൻ 78
ഫെമിന ഖാൻ ആലുവ

പരലോകത്ത് വച്ച് സുഹൈലിന്റെ നന്മകൾ നഷ്ടപ്പെടുമോ? 79
മുജാഹിദ് യൂസഫ്

പ്രതിഫലം തേടിയുള്ള യാത്ര 85
യു. അബ്ദുൽ റസാഖ്, പാനൂർ

87 സ്മരണാഞ്ജലി
എ.നൗഷാദ്, ആലപ്പുഴ

89 ആലപ്പുഴ സിജിയുടെ ചരിത്രം സുഹൈൽ സാറിലൂടെ
ഹബീബ്.എ

91 'സുഹൈൽ എന്ന നന്മമരം'
ആർ. നവാസ്

92 സുഹൈൽസാറിനെ ഓർമിക്കുമ്പോൾ
ഡോ. നിഷാദ് എ

93 വൈലിത്തറയുടെ ജ്ഞാനതാരകം
മുഹമ്മദ് ഷൈസ് ഹസനി

94 എരിഞ്ഞടങ്ങാതെ ആ നാളം
സൂര്യനന്ദ

95 വിളക്കുമരം
ഷറഫ് മുഹമ്മദ് സുധീർ

96 സുഹൈൽ റഹ്മാൻ നെഞ്ചിലേറ്റിയ സിജിയുടെ സ്വപ്ന പദ്ധതികൾ
അബ്ദുൽ റഷീദ് ഇ.

97 Suhail Rahman...
Rajasree Warrier

98 ആ ദിവസം .....
അഖ്നിസ് എം

100 നായകന്മാരുടെ നായകൻ
നിസാമുദീൻ

101 വൈലിത്തറയിലേക്ക് എത്തുമ്പോൾ ........
ഷാഹുൽ ഹമീദ്. R. S

102 ഉയരങ്ങളിലേക്ക് ചിറകുമുളപ്പിച്ച പ്രതിഭ
റഷീദ് പാനൂർ

103 ഓർമ്മകൾ മതിയാവുകയില്ല
നവാസ്, കരുവാറ്റ

104 ഞാനറിയുന്ന സുഹൈലിക്ക
എസ്.കെ. നസീർ, കായംകുളം

105 ഇങ്ങനെയും ഒരാൾ ഇവിടെ ജീവിച്ചിരുന്നു
ടി.എ.അലിക്കുഞ്ഞ് ആശാൻ

107 Will never be forgotten
Aleena Haleel

108 In the loving memory of dearest Suhyl Sir
Thahani Rezak

Cover designed by Anwar Pallana
Netcom Advertising, Pallana, Alappuzha 690515, Ph: 9037444864



# നമ്മുടെ പ്രിയപ്പെട്ട സുഹൈൽ സാർ...

അഡ്വ എ.എ. റസാഖ്
പ്രസിഡന്റ്, സിജി (ആലപ്പുഴ ചാപ്റ്റർ)

ഒരാൾ ജീവിതത്തിൽ എല്ലാവർക്കും ആരൊക്കെയോ ആവുക എന്നത് അത്ഭുതകരവും ആവിശ്വസനീയവും ആണ്. അങ്ങനെ ഒരാൾ ആയിരുന്നു സുഹൈൽ റഹ്മാൻ വൈലിത്തറ എന്ന സുഹൈൽ സാർ.

മരണശേഷം നന്മകൾ പറയുന്നത് സ്വാഭാവികം. പക്ഷെ ജീവിച്ചിരിക്കുമ്പോഴും, മരണശേഷവും നന്മകൾ മാത്രം പറയപ്പെടുന്ന ഒരാൾ ഏറെ ഉണ്ടാവില്ല. അങ്ങനെയും ഒരാൾ ഉണ്ടായിരുന്നു. നമ്മുടെ സുഹൈൽ സാർ. ഏതൊരു സൽ പ്രവർത്തിയും ഉപദേശിക്കാനല്ല സ്വയം പ്രവർത്തിക്കാൻ പഠിപ്പിച്ച ഒരാളുണ്ടായിരുന്നു. അതിന്റെ പേരിൽ ഒരു ഭൗതിക ലാഭവും ആഗ്രഹിക്കാത്ത ഒരാൾ. സുഹൈൽ സാർ.

അങ്ങനെ വിശേഷണങ്ങൾ ഏറെയുള്ള ഒരേ ഒരാൾ ആണ് സുഹൈൽ സാർ എന്ന് എന്നെ പോലെ നിങ്ങളിൽ പലർക്കും പലപ്പോഴും തോന്നിയിട്ടുണ്ടാവും. സുഹൈൽ സാർ എന്റെ അടുത്ത ബന്ധുവാണ്. പക്ഷെ അതിനേക്കാളുപരി സിജി എന്ന പ്രസ്ഥാനത്തിൽ വന്ന നാൾ മുതൽ അതിന്റെ പര്യായം ആയി എനിക്ക് തോന്നിയിട്ടുള്ളത് സുഹൈൽ സാറിനെയാണ്. എന്നോട് ആരോടുമില്ലാത്ത ഒരിഷ്ടം ഉണ്ടായിരുന്നു. അത് എന്റെ സ്വാർത്ഥമായ സന്തോഷമായി ഞാൻ കൊണ്ട് നടന്നിരുന്നു., പക്ഷെ പിന്നീടാണ് മനസ്സിലായത് എല്ലാവർക്കും സുഹൈൽസാർ അങ്ങനെ ആയിരുന്നു എന്ന്. ഓരോരുത്തരും ആ ഇഷ്ടം സ്വാർത്ഥമായി കൊണ്ടുനടന്നു. ഒരിക്കൽ പോലും മറ്റുള്ളവരെക്കുറിച്ച് ഒരു കുറ്റവും പറയാതിരിക്കാനും, മറ്റുള്ളവരെ കൊണ്ട് പറയിപ്പിക്കാതിരിക്കാനും സുഹൈൽസാർ ശ്രദ്ധിക്കുമായിരുന്നു.

അക്ഷരാർത്ഥത്തിൽ സ്വന്തം ജീവിതം മാതൃകയാക്കി നമ്മെ കാട്ടിത്തന്ന്, നാഥന്റെ വിളിക്കുത്തരം നൽകി സുഹൈൽ സാർ യാത്ര പറഞ്ഞു. കണ്ണ് നിറഞ്ഞല്ലാതെ, ഹൃദയം നൊന്തല്ലാതെ സുഹൈൽ സാറിനെ കുറിച്ച് നമുക്ക് ഓർക്കാൻ കഴിയില്ല.

ആരൊക്കെ ഉണ്ടായാലും, സുഹൈൽ സാറിന് പകരം വെക്കാൻ ഇനി ഒരാൾ വരുമോ. അറിയില്ല..

ബാക്കി വെച്ച് പോയ മുഴുവൻ പദ്ധതികളും സഫലീകരിക്കാൻ നമുക്ക് കൂട്ടായി ശ്രമിക്കണം. എങ്കിലേ പ്രിയപ്പെട്ട സുഹൈൽ സാറിനോടുള്ള നമ്മുടെ സ്നേഹം, കടപ്പാട് എല്ലാം നിറവേറ്റാൻ കഴിയൂ..

ഈ സ്മരണിക സുഹൈൽ സാറിനെ സ്നേഹിക്കുന്ന എല്ലാവരുടെയും ഓർമ്മക്കുറിപ്പുകളുടെ ഒരംശം പോലും ആകുന്നില്ല എന്ന് ഞങ്ങൾക്കറിയാം. പക്ഷെ പരിമിതികൾ ഏറെയാണ്. എല്ലാവരും പ്രാർത്ഥനയിൽ ഉൾപ്പെടുത്തി സ്മരണ നിലനിർത്തുമല്ലോ.

സ്മരണികയുടെ സാക്ഷാത്കാരത്തിനു ഹലീലിന്റെ നേതൃത്വത്തിൽ നടത്തിയ പ്രവർത്തനങ്ങൾ വിവരണാതീതമാണ്.

കടപ്പാടുകൾ മറക്കാതെ ഓരോരുത്തരും സുഹൈൽ സാറിനെ പ്രാർത്ഥനയിൽ ഉൾപ്പെടുത്തുമെന്ന ഉറച്ച വിശ്വാസത്തോടെ, സിജി കുടുംബത്തിലെ ഓരോരുത്തരുടെയും നാളിതുവരെയുള്ള സഹായ സഹകരണങ്ങൾക്ക് നന്ദി പറയുന്നതോടൊപ്പം തുടർന്നും ആത്മാർത്ഥമായ സഹകരണം പ്രതീക്ഷിച്ച് കൊണ്ട്. ഈ സ്മരണിക നിങ്ങൾക്കായി സമർപ്പിക്കുന്നു.

സ്നേഹാദരങ്ങളോടെ,

**അഡ്വ എ എ റസാഖ്**





# സുഹൈൽ റഹ്മാൻ ജീവിത രേഖ

## സുഹൈൽ റഹ്മാൻ വൈലിത്തറ (30-07-1963 25-08-2023)

ഹലീൽ എം, സിജി ആലപ്പുഴ

സുഹൈൽ റഹ്മാനെ അനുസ്മരിച്ചു സ്മരണിക പ്രസിദ്ധീകരിക്കുമ്പോൾ, വിവിധ മേഖലകളിൽ അദ്ദേഹവുമായി അടുപ്പം സൂക്ഷിച്ചവർ അത് ഓർമിച്ചെടുത്തു പങ്കുവയ്ക്കുമ്പോൾ സുഹൈൽ റഹ്മാൻ ആറു പതിറ്റാണ്ടുകാലം നമുക്കിടയിൽ ആടിത്തീർത്ത വിവിധ വേഷങ്ങൾ ഒട്ടൊക്കെ നമുക്ക് മനസ്സിലാകും. എന്നാൽ അവയ്ക്കിടയിൽ ചുരുക്കം ചില വിടവുകൾ വന്നിട്ടുണ്ടാകാം. അത് പൂരിപ്പിക്കുന്നതിനായി ഒരു ലഘു ജീവിത രേഖ വരച്ചുകാട്ടാൻ ശ്രമിക്കുകയാണ്.

ഔദ്യോഗിക രേഖ പ്രകാരം 1963 ജൂലൈ 30 നു ആലപ്പുഴ ജില്ലയിലെ തൃക്കുന്നപ്പുഴ പഞ്ചായത്തിലെ പാനൂർ എന്ന തീരദേശ ഗ്രാമത്തിലെ അതിപ്രശസ്തമായ വൈലിത്തറ കുടുംബത്തിൽ ജനിച്ചു. പിതാവ് വൈലിത്തറ മുഹമ്മദ് കുഞ്ഞു മൗലവി. മാതാവ് ഖദീജു പാനൂർ കിഴക്കത്ത ശേരിൽ കുടുംബാംഗം. ഈ കുടുംബത്തിലെ 5 മക്കളിൽ മൂന്നാമനായിട്ടാണ് സുഹൈലിന്റെ ജനനം. രണ്ടു സഹോദരന്മാരും രണ്ടു സഹോദരികളും. Adv. മുജീബ് റഹ്മാൻ, സഹിൽറഹ്മാൻ എന്നിവർ സഹോദരന്മാരും ജാസ്മിൻ, തസ്നീം എന്നിവർ സഹോദരിമാരുമാണ്.

പൂർണ്ണമായും മതബോധത്തിലും മതനിഷ്ഠയിലും അധിഷ്ഠിതമായിരുന്നു ആ കുടുംബ പശ്ചാത്തലം. ആത്മീയതയിൽ സമ്പന്നനായിരുന്ന വൈലിത്തറ മുഹമ്മദ് മുസ്ലിയാർ ഇസ്ലാമിക പാണ്ഡിത്യ ലോകത്തെ നിറതേജസ്സായിരുന്നു. ആഢ്യത്യം കൊണ്ടും സമ്പന്നതകൊണ്ടും ശ്രദ്ധേയമായ കുമ്പളത്ത് കുടുംബത്തിലെ മർഹൂം മൈതീൻ കുഞ്ഞുഹാജിയുടെ മകൾ ആസിയ ബീവിയായിരുന്നു അദ്ദേഹത്തിന്റെ ഭാര്യ. അവരുടെ പുത്രനായി ജനിക്കാൻ ഭാഗ്യം സിദ്ധിച്ച മുഹമ്മദ് കുഞ്ഞു, ലോകമറിയുന്ന, മതപ്രഭാഷണ കലയുടെ കുലപതിയായിരുന്ന വൈലിത്തറ മുഹമ്മദ്കുഞ്ഞുമൗലവി ആയി തീർന്നത് പണ്ഡിത ശ്രേഷ്ഠനായ പിതാവിന്റെ പ്രാർത്ഥനയുടെ ഫലമാണ്. പിതാമഹന്റെ പ്രാർത്ഥനയുടെ തന്നെ പൂർത്തീകരണമാണ് സുഹൈലിനെ കേരളമറിയുന്ന വിദ്യാഭ്യാസ പ്രവർത്തകനാക്കിയത്...അതുകൊണ്ടു തന്നെയാണ് ആ പിതാമഹനോടൊപ്പം അന്ത്യവിശ്രമം കൊള്ളാൻ സൗഭാഗ്യം സിദ്ധിച്ചതും.

സുഹൈൽ റഹ്മാന്റെ പ്രാഥമിക വിദ്യാഭ്യാസം വീടിനു 'മുറ്റത്തുള്ള' പാനൂർക്കര LPS ൽ (ഇപ്പോൾ UPS) ആയിരുന്നു. കേരളം അറിയപ്പെടുന്ന പിതാവിന്റെ മകൻ എന്ന നിലയിൽ സ്കൂളിൽ ശ്രദ്ധിക്കപ്പെട്ടെങ്കിലും സുഹൃത്തുക്കൾക്കിടയിലും അധ്യാപകർക്കിടയിലും സാധാരണ വിദ്യാർത്ഥിയായിരുന്നു സുഹൈൽ. പാനൂർക്കരയിലെ വിദ്യാഭ്യാസ ശേഷം അപ്പർ പ്രൈമറി ക്ലാസ്സിനായി പല്ലന കുമാരകോടി സ്കൂളിലേക്കു പോയി. മഹാകവി കുമാരനാശാൻ അന്ത്യവിശ്രമം കൊള്ളുന്നിടത്തെ ഈ സ്കൂൾ പല്ലന ആറിന്റെ തീരത്താണുള്ളത്. അന്ന് വരെ വീടിനു തൊട്ടടുത്ത സ്കൂളിൽ പഠിച്ചിരുന്ന സുഹൈൽ 3.5 കിലോമീറ്റർ നടന്നാണ് ഈ സ്കൂളിലേക്ക് പോയിരുന്നത്. കൂട്ടുകാരുമൊത്തുള്ള ഈ യാത്ര സുഹൈൽ ആസ്വദിച്ചിരുന്നു എന്ന് ബാല്യകാല സുഹൃത്തുക്കൾ ഓർക്കുന്നു. ഏഴാം ക്ളാസ്സു കഴിഞ്ഞതോടെ വീണ്ടും സ്കൂൾ മാറ്റം. ഇത്തവണ 8 K.M അകലെ കടൽത്തീരത്തുള്ള മംഗലം ഹൈസ്കൂളിലാണ് ചേർന്നത്. കായൽ തീരത്തു നിന്നും കടൽ തീരത്തേക്ക്. ഈ സ്കൂളിലാണ് സുഹൈൽ 8, 9 ക്ളാസ്സുകളിൽ പഠിച്ചത്. തീരദേശത്തെ ഈ സ്കൂൾ ഒരു വലിയ പ്രദേശത്തെ ഏക ഹൈസ്കൂൾ ആയിരുന്നു. പത്താം ക്ലാസ്സിലെ ആദ്യ ദിനങ്ങൾ കഴിഞ്ഞപ്പോൾ തന്നെ കൂടുതൽ മെച്ചപ്പെട്ട സ്കൂളിലേക്കു മാറ്റണമെന്ന നിർദ്ദേശം വന്നു. ഇത്



സുഹൈലിനെ ഒരു പറിച്ചു നടലിൽ കലാശിച്ചു.. നാട്ടിൻപുറത്തെ തീരദേശ ഹൈസ്കൂളിൽ നിന്നും ആലപ്പുഴ നഗരഹൃദയത്തിലേക്ക് ഒരു മാറ്റം. ആലപ്പുഴയിലെ പ്രസിദ്ധമായ LEO XIII ഹൈസ്കൂളിലെത്തി. നഗരത്തിലെ ഏറ്റവും പ്രധാന സ്കൂൾ എന്ന നിലയിൽ അംഗീകാരമുള്ള സ്കൂളിലെ വിദ്യാർത്ഥി ആയതോടെ സുഹൈലിന്റെ ജീവിതത്തിലും പുതിയ വഴിത്തിരിവായി. പിൽക്കാലത്തു ഈ സ്കൂളിൽ വിവിധ ക്യാമ്പുകൾക്കും മറ്റുമായി പലവട്ടം പോയിട്ടുള്ളപ്പോൾ തന്റെ പഴയകാല ഓർമ്മകൾ അദ്ദേഹം ആവേശത്തോടെ പങ്കുവച്ചിട്ടുണ്ട്. മുനിസിപ്പൽ പ്രോജക്റ്റിന്റെ ഭാഗമായി ഈ സ്കൂളിലെ കുട്ടികൾക്കു മുന്നിൽ പരിശീലക വേഷത്തിൽ സുഹൈൽ പ്രത്യക്ഷപ്പെട്ടിട്ടുണ്ട്.

മൂത്ത സഹോദരി ജാസ്മിനെ കല്യാണം കഴിച്ച് വന്ന ആലപ്പുഴയിലെ വീട്ടിൽ സുഹൈലും പഠനാവശ്യത്തിനായി നിന്നു... ആലപ്പുഴയിലെ മുനിസിപ്പൽ ചെയർമാനായിരുന്ന അഡ്വ.ഉസ്മാൻ സാഹിബിന്റെ വീടായിരുന്നു ഇത്. വേരുകൾ പല്ലന/ പാനൂരിലേക്കുള്ള ഈ കുടുംബം വൈലിത്തറ കുടുംബവുമായി നേരത്തെ ബന്ധമുള്ളവരാണ്. കോൺഗ്രസ് /ലീഗ് അനുഭവമുള്ള വീട്ടിലെ ഏക ഇടതുപക്ഷ അനുഭാവിയാക്കി സുഹൈലിനെ പരിവർത്തനം ചെയ്തത് ഈ വീട്ടിലെ താമസമാണെന്നു പറയാം. പത്താം ക്ലാസ്സിലെ സ്കൂൾ മാറ്റം പരീക്ഷക്ക് നല്ല റിസൾട്ട് ഉണ്ടാകുന്നതിനു സഹായകമായി...

സ്കൂൾ പഠനം പൂർത്തിയാക്കിയ സുഹൈൽ ആലപ്പുഴയിലെ പ്രശസ്തമായ സനാതന ധർമ്മ കോളേജിൽ പ്രീഡിഗ്രി വിദ്യാർത്ഥിയായി ചേർന്ന് പഠനം തുടങ്ങി...പിന്നീട് ഇങ്ങോട്ട് സുഹൈലിന്റെ മുഴുവൻ വിദ്യാഭ്യാസവും ഈ കോളേജിൽ ആയിരുന്നു. പ്രമുഖരായിതീർന്ന ഒട്ടേറെ പേർക്ക് ജൻമം നൽകിയ ഈ കോളേജിലും സുഹൈൽ ശ്രദ്ധിക്കപ്പെട്ടിരുന്നു എന്ന് പഴയ സഹപാഠികൾ ഓർത്തെടുക്കുന്നു. പ്രീഡിഗ്രിക്ക് ശേഷം അവിടെ തന്നെ ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദ വിദ്യാർത്ഥിയായി. കോൺഗ്രസ്/ലീഗ് പശ്ചാത്തലത്തിലാണ് സുഹൈൽ വളർന്നെതെങ്കിലും അദ്ദേഹത്തിനുള്ളിലെ ഇടതുപക്ഷ ആഭിമുഖ്യം ഈ കാലയളവിൽ വെളിവാക്കപ്പെട്ടു. ഇടതുപക്ഷ വിദ്യാർഥിസംഘടനയായ SFIയുടെ പ്രവർത്തകർക്കിടയിൽ സുഹൈൽ സജീവമായി.. ഡിഗ്രി പഠനത്തിന് ശേഷം ബിരുദാനന്തര ബിരുദത്തിനായി അഡ്മിഷൻ ലഭിച്ചത് തിരുവല്ല മാർത്തോമാ കോളേജിൽ ആയിരുന്നു. അവിടുത്തെ താമസ സൗകര്യവുമായി യോജിച്ചു പോകാനാവാതെ വന്നപ്പോൾ വീണ്ടും SD കോളേജിലേക്ക് തന്നെ മടങ്ങി. ഇവിടെ ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദാനന്തര വിദ്യാർത്ഥിയായിരിക്കെ SFI യുടെ ചെയർമാൻ സ്ഥാനാർഥി സുഹൈൽ ആയിരുന്നു. അന്ന് KSUവിന്റെ കുത്തക മേഖലയായിരുന്നതിനാൽ വിജയിക്കാനായില്ല. ഒട്ടേറെ പ്രമുഖർ ഈ കാലയളവിൽ സുഹൈലിന്റെ സമകാലീനരായിട്ടുണ്ടായിരുന്നു. ഇപ്പോഴത്തെ CPI ജില്ലാ സെക്രട്ടറി ടി.ജെ.ആഞ്ചലോസ്, പി.പി.ചിത്തരഞ്ജൻ MLA, മുസ്ലിം ലീഗ് ജില്ലാ പ്രസിഡന്റ് എ.എം.നസീർ, ഫിലിം ആക്ടറും എഴുത്തുകാരനുമായ രഞ്ജി പണിക്കർ, കവിയും എഴുത്തുകാരനുമായ ടി.ടി. ശ്രീകുമാർ എന്നിവർ അവരിൽ ചിലരാണ്.

MA വിദ്യാർത്ഥിയായിരിക്കെ തന്നെ അധ്യാപക വേഷത്തിലും സുഹൈൽ നിറഞ്ഞാടി. തന്നിൽ നല്ലൊരു അധ്യാപകനുമുണ്ട് എന്ന് ബോദ്ധ്യപ്പെടുത്തുന്നതായിരുന്നു പല്ലനയിലെ സമാന്തര വിദ്യാഭ്യാസ സ്ഥാപനമായ SNT യിലെ സുഹൈലിന്റെ ഇംഗ്ലീഷ് അധ്യാപകന്റെ വേഷം. അങ്ങനെ ഞങ്ങൾക്കെല്ലാം സുഹൈലിക്ക 'സുഹൈൽ സാർ' ആയി. പഠനം പൂർത്തിയാക്കിയ സുഹൈൽ റഹ്മാനെ കാത്തിരുന്നത് മറ്റൊരു ജോലി സാധ്യത ആയിരുന്നു. പിതാവിന്റെ സുഹൃത്തായിരുന്ന കെ.വി. മുഹമ്മദിന്റെ അടയ്ക്ക എക്സ്പോർട്ടിങ് കമ്പനിയിലേക്കായിരുന്നു ഓഫർ. പുതിയ ജോലി സ്വീകരിച്ച് അദ്ദേഹം പട്നയിലേക്ക് വണ്ടി കയറി. അത് തികച്ചും വ്യത്യസ്തമായ അനുഭവമാണ് സമ്മാനിച്ചത്. അധികം വൈകാതെ എംജി സർവകലാശാലയിലെ അസിസ്റ്റന്റ് ആയി നിയമനം കിട്ടിയതിനാൽ പാറ്റ്നയിലെ ജോലി വിട്ടു നാട്ടിലേക്ക് മടങ്ങി. എം.ജി സർവകലാശാലയിലെ നിയമനം സുഹൈലിന് ഏറെ ഇഷ്ടപ്പെട്ട ഒന്നായിരുന്നു. വായനയിലും വിദ്യാഭ്യസ പ്രവർത്തനങ്ങളിലും അതീവ തല്പരനായിരുന്ന അദ്ദേഹം സർവകലാശാലയിലെ ഉദ്യോഗം ഒരു നിയോഗമായി കണ്ടു സർവകലാശാല സംവിധാനം അപ്രാപ്യമായിരുന്ന ഒട്ടേറെ പേർക്ക് സഹായം നൽകി.

1986 August 24നു പാനൂരിലെ മറ്റൊരു പ്രശസ്തകുടുംബമായ അമ്പലശ്ശേരി കുടുംബാംഗമായ ബീനയെ വിവാഹം കഴിച്ച്കൊണ്ട് സുഹൈൽ കുടുംബജീവിതത്തിലേക്ക് കാൽവച്ചു. മുഹമ്മദ് റിഫ്ത് റഹ്മാൻ, നാജിയ റഹ്മാൻ, അസ്മ റഹ്മാൻ എന്നിവർ മക്കളാണ്. ഷഫീക് നജീബ്, Dr. രഹന വി.എം. എന്നിവർ മരുമക്കളും. വിദ്യഭ്യാസ പ്രവർത്തകൻ എന്ന നിലയിൽ കേരളമാകെ


വിശ്രമമില്ലാതെ ഓടി നടന്നു പ്രവർത്തിക്കുവാൻ അദ്ദേഹത്തിനായത് കുടുംബത്തിന്റെ പരിപൂർണ മായ സഹകരണമാണെന്നതിൽ തർക്കമില്ല.

യൂണിവേഴ്സിറ്റിയിൽ കയറി അധികം കഴിയുന്നതിനു മുമ്പ് തന്നെ സഹോദരൻ വഴി ലഭിച്ച ഒരു അവസരം ഉപയോഗിച്ച് ദീർഘകാല അവധി എടുത്ത് സുഹൈൽ വിദേശത്തേക്ക് പോയി. സൗദി അറേബ്യയിലെ 'Ministryക്ക് കീഴിൽ Satellite Network Project വിഭാഗത്തിൽ HR resource Manager ആയി പ്രവർത്തിച്ചു. തുടർന്ന് ഒരു വ്യാഴവട്ടക്കാലത്തിലധികം സുഹൈൽ പ്രവാസിയായിരുന്നു.

ഈ പ്രവാസ കാലഘട്ടത്തിലാണ് സിജി എന്ന പ്രസ്ഥാനത്തെ പരിചയപ്പെടുവാനും അതിന്റെ പരിപാടികൾ കാണുവാനുമിടയായത്. ഇത് അദ്ദേഹത്തിന്റെ ശിഷ്ടജീവിതത്തെ ആകമാനം മാറ്റിമറിച്ചു. സമൂഹത്തിനു വിശിഷ്യാ സമുദായ ത്തിന് നന്മ ചെയ്യുക എന്ന തന്റെ അടങ്ങാത്ത അഭിവാഞ്ഛക്ക് ഉത്തമമാർഗമാണ് ഈ പ്രസ്ഥാന മെന്നു സുഹൈൽ തിരിച്ചറിഞ്ഞു.. സിജിയുടെ സ്ഥാപകൻ ഡോ.അബൂബക്കർ സാഹിബ് പ്രാരംഭകാലനേതാക്കളായ N.V. കബീർ, ഡോ. A.B. മൊയ്തീൻ കുട്ടി എന്നിവരുമായി സുഹൈൽ അവിടെ വച്ച് കാണുകയും നാട്ടിലെത്തിയാൽ സിജിയുമായി സഹകരിക്കുമെന്ന് ഉറപ്പ് കൊടുക്കു കയും ചെയ്തു. ഈ ഉറപ്പ് പാലിക്കുകയാണ് സുഹൈൽ തന്റെ ശിഷ്ടകാല ജീവിതം കൊണ്ട് ചെയ്തത്. സിജിയുടെ ആദർശവും ലക്ഷ്യവും അതിന്റെ സ്ഥാപകൻ Dr.അബൂബക്കർ സാഹിബി നെപ്പോലെ തന്നെ സുഹൈൽ ഉൾക്കൊണ്ടിരുന്നു. അന്ത്യനിമിഷം വരെയും സമുദായത്തിന്റെ വിദ്യാഭ്യാസമുന്നേറ്റമെന്ന ഉദാത്തലക്ഷ്യം സുഹൈൽ നെഞ്ചിലേറ്റിയിരുന്നു.

2023 വൈലിത്തറ കുടുംബത്തിൽ തീരാനഷ്ട ങ്ങൾ സമ്മാനിച്ച വർഷമാണ്. കുടുംബത്തിന്റെ നെടുന്തൂണുകളെയാണ് നഷ്ടമായത്. ജനുവരി 31 ന് പിതാവ്, വയലിത്തറ മുഹമ്മദ് കുഞ്ഞ് മൗലവി, 100 ദിവസം കഴിഞ്ഞ് സഹോദരീഭർത്താവ് അബ്ദുൽ മജീദും, ഓഗസ്റ്റ് 25 ന് സുഹൈൽ റഹ്മാനും വിടവാങ്ങി.

സുഹൈൽ വിടവാങ്ങുമ്പോൾ സിജിയുടെ മുന്നോട്ടുള്ള പ്രയാണം വിശിഷ്യാ തെക്കൻ ജില്ലകളുടെ കാര്യത്തിലെങ്കിലും ആശങ്ക ഉളവാക്കുന്നു... സുഹൈൽ റഹ്മാൻ വിടവാങ്ങിയ ദിവസങ്ങളിലാണ് പ്രശസ്തമായ 'സുഹൈൽ നക്ഷത്രം' ഉദിച്ചത് എന്ന് ചില വാർത്തകളിൽ കാണാനിടയായി. UAEൽ വേനൽ ചൂട് അവസാനിക്കുന്നതിന്റെ ഭാഗമായി സമ്മർ സീസൺ അവസാനം കുറിക്കുന്ന നക്ഷത്രമാണ് സുഹൈൽ നക്ഷത്രം, ഈവർഷം അത് ഓഗസ്റ്റ് 24നു ആയിരുന്നു. മകന്റെ ഏറെക്കാലത്തെ നിർബന്ധത്തിനു വഴങ്ങി UAE സന്ദർശിക്കാനിരു ന്നതും ഈ ദിവസമായിരുന്നു...പക്ഷെ അല്ലാഹുവി ന്റെ അലംഘനീയമായ വിധി അനുസരിച്ച് നാഥനിലേക്ക് മടങ്ങിയതും ഈ 25 നു ആണ് .. .. അത് പുതിയ പ്രതീക്ഷയുടെ നക്ഷത്രമാവട്ടെ എന്ന്





**RAMESH CHENNITHALA**
(HARIPAD)
MEMBER
KERALA LEGISLATIVE ASSEMBLY
ANANDA MANDIRAM
NEAR SUBHRAHMANYA SWAMI TEMPLE
HARIPAD P.O
ALAPPUZHA

RESIDENCE : 0479-2415555
MOBILE : 9447777100
CHANDRGIRI BLOCK -104
MLA HOSTEL
THIRUVANANTHAPURAM
E-mail: rameshchennithala@gmail.com
CAMP.........................................
DATE 26.09.2023

# മനുഷ്യസ്നേഹിക്ക് അശ്രുപ്രണാമം

**രമേശ് ചെന്നിത്തല**

പ്രമുഖ വിദ്യാഭ്യാസ സാമൂഹിക പ്രവർത്തകനും, CIGI സംസ്ഥാന കോ ഓർഡിനേറ്ററും, കേരളത്തിലെ മതപ്രഭാഷണവേദികളിലെ കുലപതിയുമായിരുന്ന ബഹു.വൈലിത്തറ മുഹമ്മദ് കുഞ്ഞ് മൗലവി അവറുകളുടെ മകൻ സുഹൈൽ വൈലിത്തറ നമ്മെ വിട്ടുപിരിഞ്ഞിട്ട് ഒരു മാസം കഴിഞ്ഞിരിക്കുന്നു. വളരെ അടുത്ത ആത്മബന്ധമാണ് എനിക്ക് ഈ കുടുംബവുമായി ഉള്ളത്. വിദ്യാഭ്യാസരംഗത്തെ സമൂലമായ മാറ്റം കൊണ്ടുവരുവാനും വിദ്യാർത്ഥികളുടെ സർഗാത്മകഭൗതിക കഴിവുകളെ കൂടുതൽ ഉയർത്തിക്കൊണ്ടുവരുവാനും ശ്രീ സുഹൈൽ വൈലിത്തറ നടത്തി വന്നിരുന്ന പ്രയാണം ഏറെ ആദരവോടെയാണ് ഞാൻ നോക്കികണ്ടിരുന്നത്. കേരളത്തിലെ എക്കാലത്തെയും മികച്ച മോട്ടിവേഷൻ സ്പീക്കർമാരിലൊരാളായിരുന്നു അദ്ദേഹം. മഹാത്മാഗാന്ധി സർവ്വകലാശാല അസി. രജിസ്ട്രാറായി വിരമിച്ച അദ്ദേഹത്തിന്റെ മെന്റർഷിപ്പ് മോട്ടിവേഷൻ ക്ലാസുകൾ ഒരു യൂണിവേഴ്സിറ്റിയായി മാറുന്നത് ഞാൻ കണ്ടിട്ടുണ്ട്. പ്രതിഫലേച്ഛയില്ലാതെ കൗമാരക്കാരായ കുട്ടികളെ തേടിപ്പിടിച്ച് രാഷ്ട്രപുരോഗതിക്ക് പ്രാപ്തരാക്കുവാൻ നിരന്തരം പരിശ്രമിച്ചുകൊണ്ടിരുന്ന യോദ്ധാവിനെയാണ് നമുക്ക് നഷ്ടപ്പെട്ടത്. പച്ചയായ മനുഷ്യൻ, അടിസ്ഥാന ജനവിഭാഗങ്ങളെയും താഴെതട്ടിലുള്ളവരെയും കൈപിടിച്ചുയർത്താൻ അക്ഷീണം യത്നിച്ച മനുഷ്യസ്നേഹിക്ക് എന്റെ അശ്രുപ്രണാമം.

**രമേശ് ചെന്നിത്തല**

# കുല്ലു നഫ്സുൻ ദാഇക്കത്തുൽ മവുത്ത്........

അഡ്വ.മുജീബ് വൈലിത്തറ (സഹോദരൻ)


ഏതൊരു ദേഹവും മരണത്തെ രുചിക്കുന്നതാണ്. നിങ്ങളുടെ പ്രതിഫലങ്ങൾ പുനർജീവനത്തിന്റെ നാളിൽ മാത്രമേ പൂർണ്ണമായി നൽകപ്പെടുകയുള്ളൂ. ആ സമയത്ത് ആര് നരകത്തിൽ നിന്നും അകറ്റിനിർത്തപ്പെടുകയും സ്വർഗ്ഗത്തിൽ പ്രവേശിക്കപ്പെടുകയും ചെയ്യുന്നുവോ അവനാണ് വിജയം നേടുന്നത്. വി.ഖുർആൻ. ഒരാൾ വിജയിക്കും എങ്കിൽ ആ വിജയം ബോധ്യപ്പെടാൻ 7 അടയാളങ്ങൾ ഈ ലോകത്ത് തന്നെ കാണാൻ കഴിയും എന്ന് മഹാന്മാർ വിവരിക്കുന്നുണ്ട്.

1. ആരാധനകൾ ഭാരമായി തോന്നാത്ത അവസ്ഥയുള്ളവൻ.
2. നബി സല്ലല്ലാഹു അലൈഹിവസല്ലമയുടെ സുന്നത്തുകൾ പാലിച്ചു ജീവിക്കുന്നവൻ.
3. സജ്ജനങ്ങളോട് സമ്പർക്കം ഉണ്ടാക്കുവാൻ ശ്രമിക്കുന്നവൻ
4. സൽസ്വഭാവം പ്രകടിപ്പിക്കുന്നവൻ
5. മനുഷ്യന് നന്മ ചൊരിയുന്ന സ്വഭാവം ഉള്ളവൻ
6. ഉമ്മത്തിനോട് പ്രത്യേകം താല്പര്യം കാട്ടുന്നവൻ
7. സമയം പാഴാക്കാതെ കൃത്യമായി പരിപാലിക്കുന്നവൻ

ഈ പറയപ്പെട്ട വിശേഷണങ്ങളും, അതിൽ കൂടുതലും സുഹൈലിന്റെ ജീവിതവുമായി എത്രമാത്രം ചേർന്നുനിൽക്കുന്നു എന്ന് അവന്റെ സുഹൃത്തുക്കൾ, അവനുമായി ഒരു തവണയെങ്കിലും കണ്ടുമുട്ടിയിട്ടുള്ളവർക്കെല്ലാം എന്നെക്കാൾ കൂടുതലായി അറിയാം എന്നുള്ളത് കൊണ്ട് ഞാൻ വിശദീകരിക്കേണ്ടത് ഇല്ലല്ലോ.

സുഹൈൽ എന്തായിരുന്നു എന്ന് അവന്റെ മരണശേഷം മറ്റുള്ളവരിലൂടെയാണ് ഞങ്ങൾ തിരിച്ചറിഞ്ഞത്. അവൻ എന്തായിരുന്നു എന്നും അവന്റെ പ്രവർത്തനങ്ങൾ ഏതെല്ലാം തലങ്ങളിലൂടെ ആയിരുന്നു എന്നും ഒരിക്കൽപോലും എനിക്കും എന്റെ കുടുംബത്തിലുള്ള മറ്റുള്ളവർക്കും അറിയുവാനുള്ള ഒരു അവസരവും അവൻ ഉണ്ടാക്കിയിരുന്നില്ല. രോഗബാധിതനായി ആശുപത്രിയിൽ കിടക്കുമ്പോഴും മരണാനന്തരം ഞങ്ങളുടെ അടുക്കൽ എത്തുന്ന വ്യത്യസ്ത തലങ്ങളിലുള്ള ആളുകൾ ഞങ്ങളോട് അവനെ കുറിച്ചുള്ള ഓരോ അനുഭവങ്ങൾ വിവരിക്കുമ്പോൾ മാത്രമാണ് ഞങ്ങളുടെ സുഹൈൽ ഒരു അത്ഭുതമനുഷ്യനാണെന്ന് ഞങ്ങൾ തിരിച്ചറിഞ്ഞത്. എത്രയോ ആളുകൾ ദിവസവും അവനെ കാണുവാൻ വീട്ടിൽ വന്നു പോകാറുണ്ട്. എന്തിനാണ് അവർ അവനെ കാണുവാൻ വരുന്നതെന്നും അവർക്ക് എന്താണ് ആവശ്യമെന്നും ഒരിക്കൽപോലും അവന്റെ വീട്ടിലുള്ളവർ പോലും അറിഞ്ഞിരുന്നില്ല. അവൻ ചെയ്ത കാര്യങ്ങൾ ഓരോരുത്തർ വന്നു പറയുമ്പോഴാണ് ഞങ്ങൾ അറിയുന്നത്. അതിൽ അങ്ങേയറ്റം സൂക്ഷ്മത പുലർത്തിയിരുന്നു മറ്റുള്ളവർ അറിയാതിരിക്കുവാൻ.

മുകളിൽ പറഞ്ഞ പരലോക വിജയികളുടെ അടയാളങ്ങൾ ഓരോന്നും എത്രമാത്രം അവന്റെ ജീവിതവുമായി ചേർന്നുനിൽക്കുന്നു എന്ന് ഇതിൽ നിന്നെല്ലാം നമുക്ക് ആശ്വസിക്കാം. ജനുവരി 31ന് വാപ്പിച്ചായുടെ പെട്ടെന്നുള്ള വിയോഗം മാനസികമായി ഏറ്റവും കൂടുതൽ തളർത്തിയത് എന്നെയായിരുന്നു. ആത്മീയമായും ഭൗതികമായും ആ വൻമരത്തിന്റെ തണൽ മാത്രമായിരുന്നു എന്റെ ആശ്രയം. മറ്റൊന്നും എന്നിലില്ല. വാപ്പയുടെ പേരിലുള്ള പരിഗണനയും സ്നേഹവും ഏറ്റവും കൂടുതൽ എല്ലായിടത്തും ലഭിച്ചിട്ടുള്ളത് എനിക്കായിരുന്നു.



അതിന്റെ മാനസികമായ തളർച്ച വിട്ടുമാറുന്നതിനു മുമ്പ് നൂറാമത്തെ ദിവസം ഞങ്ങളുടെ പ്രിയപ്പെട്ട സഹോദരി ഭർത്താവിന്റെ വേർപാട്. അതിനുശേഷം ഓഗസ്റ്റ് 25 ഏകദേശം മൂന്നു മാസം കഴിഞ്ഞു പ്രിയപ്പെട്ട കൂടപ്പിറപ്പിന്റെ നിര്യാണം.

സർവ്വശക്തന്റെ കൽപ്പനകൾ ക്ഷമയോടെ നമുക്ക് സ്വീകരിക്കുകയല്ലേ വഴിയുള്ളൂ. മരണപ്പെട്ടുപോയ നമ്മുടെ മാതാപിതാക്കൾക്കും കുടുംബാദികൾക്കും നമ്മുടെ പ്രിയപ്പെട്ട സുഹൃത്തുക്കൾക്കും സർവ്വശക്തനായ അള്ളാഹു പരലോകത്ത് എല്ലാ സന്തോഷവും പ്രദാനം ചെയ്യട്ടെ എന്ന് ദുആ ചെയ്യാം. നമ്മളെയും അവരോടൊപ്പം നാളെ സ്വർഗ്ഗത്തിൽ ഒരുമിച്ചു കൂട്ടുവാൻ തൗഫീഖ് ചെയ്യട്ടെ, ആമീൻ.

സിജിയും സുഹൈലും തമ്മിലുള്ള ബന്ധം ശരിക്കും സൗദിയിൽ റിയാദിൽ വച്ച് തുടങ്ങിയതാണ്. കോഴിക്കോടുള്ള അന്നത്തെ പല സിജി പ്രവർത്തകരുമായി റിയാദിൽ വച്ച് തന്നെ സുഹൈലിന് ബന്ധം ഉണ്ടായിരുന്നു. 2004 ൽ നാട്ടിൽ തിരികെ എത്തുകയും തിരിച്ച് യൂണിവേഴ്സിറ്റിയിൽ ജോയിൻ ചെയ്യുകയും ചെയ്തു. പിന്നീട് ഔദ്യോഗിക ജോലി കഴിഞ്ഞുള്ള മുഴുവൻ സമയവും സിജിയുടെ പ്രവർത്തനങ്ങളിൽ ആയിരുന്നു.

സിജിയിലൂടെ സുഹൈൽ നേടിയത് എന്തായിരുന്നു. മരണവാർത്ത അറിഞ്ഞു അതിന്റെ ദുഃഖം താങ്ങാനാവാതെ ഞങ്ങളുടെ കുടുംബത്തിലേക്ക് ഒഴുകിയെത്തിയ മനുഷ്യർ, അവരുടെ പ്രാർത്ഥന ഒന്നുമാത്രം മതി. ഞങ്ങളൂടെ കുടുംബത്തിന് അവർ നൽകിയ സ്വാന്തനവും അതിരുകളില്ലാത്ത സ്നേഹവും അവരോട് എല്ലാമുള്ള നന്ദിയും സ്നേഹവും ഈ അവസരത്തിൽ ഞാൻ അറിയിക്കുന്നു. പേരെടുത്ത് പറയേണ്ട ഒത്തിരി വ്യക്തിത്വങ്ങൾ ഞങ്ങളുടെ കുടുംബത്തിൽ ഇപ്പോഴും എത്തുന്നുണ്ട്. എടുത്തു പറയേണ്ട ഒന്ന് സിജിയുടെ സഹപ്രവർത്തകർ, ഞങ്ങൾക്കു അവരെല്ലാം ഓരോ സുഹൈലുമാരാണ്. അവരിലൂടെ ഞങ്ങളുടെ സുഹൈലിനെ ഞങ്ങൾ കാണുന്നു. മറ്റൊന്ന് ദീർഘകാലം അവനോടൊപ്പം തോളോട്തോൾ ചേർന്ന് പ്രവർത്തിച്ച എംജി യൂണിവേഴ്സിറ്റിയിലെ സഹപ്രവർത്തകർ.



# സുഹൈൽ സാഹിബ് ഒരു സങ്കീർത്തനം പോലെ...

ഡോ. എ.ബി. മൊയ്തീൻ കുട്ടി
(സിജി, സംസ്ഥാന പ്രസിഡന്റ്, മുൻ ഡയറക്ടർ മൈനോറിറ്റി വെൽഫെയർ ഡിപ്പാർട്ട്മെന്റ്)

സുഹൈൽ സാഹിബ് ഓർമ്മയായി. നൊമ്പരപ്പെടുത്തുന്ന ഓർമ്മ. അദ്ദേഹത്തിന്റെ ജീവിതം കർമ്മനിരതമായിരുന്നു. പ്രവർത്തനങ്ങൾ നിത്യ ഫലദായകവും. അദ്ദേഹത്തിന്റെ ജീവിത കണക്കു പുസ്തകത്തിന്റെ ഏടുകൾ ഈടുറ്റതാണ്. ഡോ.അബൂബക്കർസാഹിബ് വിദ്യാഭ്യാസ, സാമൂഹിക, സാംസ്കാരിക മേഖലയിലെ സമാനമനസ്കരെ കൂടെ കൂട്ടി, സൽവ കൾച്ചറൽ സെന്ററിന്റെ ഒറ്റമുറിയിലും പിന്നീട് വൃന്ദാവനിലെ ബി 51ലും സിജി തുടങ്ങുന്ന ഘട്ടത്തിൽ തന്നെ ആലപ്പുഴയിൽ സിജി തുടങ്ങിയിരുന്നു. അതു പച്ചപിടിച്ചതും ക്ലച്ചു പിടിച്ചതും അന്നു ഗൾഫിലായിരുന്ന സുഹൈൽ സാഹിബ് ആലപ്പുഴയിൽ തിരിച്ചെത്തിയതോടെയാണ് എന്നാണ് എന്റെ ഓർമ്മ. ഗൾഫിൽ വച്ച് കബീറും അബൂബക്കർ സാറും ഞാനും അദ്ദേഹത്തെ കണ്ടിരുന്നു. അദ്ദേഹം കൂടെ നിൽക്കുന്നത് ഒരു ഊർജ്ജമാണെന്ന് വഖ്ഫ് ബോർഡ് ഉന്നത ഉദ്യോഗസ്ഥനും സിജി ആലപ്പുഴയുടെ ആദ്യകാല പ്രവർത്തകരിൽ ഒരാളുമായ ഹബീബിന്റെ വാക്കുകൾ ഓർത്തു വയ്ക്കുന്നു. അദ്ദേഹം പലർക്കും സുഹൈലിക്കയായിരുന്നു.

സിജി ആലപ്പുഴ ചില നല്ല മാതൃകകൾ വരച്ചിട്ടിരുന്നു. അതിലൊന്ന് അവരുടെ ജനകീയതയാണ്. ആ ജനകീയത സുഹൈലിനു കൂടി അവകാശപ്പെട്ടതാണ്. ജില്ലാ ആസ്ഥാനത്തിന്റെ SSLC വിജയശതമാനം ഒട്ടും മെച്ചമായിരുന്നില്ല. ഇത് മനസ്സിലാക്കി ആലപ്പുഴ മുനിസിപ്പാലിറ്റിക്കായി സുഹൈലിന്റെ നേതൃത്വത്തിൽ സിജി ആലപ്പുഴ ചാപ്റ്റർ നടപ്പിലാക്കിയ പദ്ധതിയാണ് 'വിജ്ഞാനജ്യോതി'. ആലപ്പുഴ സിജിക്കാരുടെ വിജയഭേരി അഥവ വിജ്ഞാനജ്യോതി വൻ വിജയമായത് അതിന്റെ ജനകീയത കൊണ്ടാണ്. സാധാരണക്കാർ പഠിക്കുന്ന മുഹമ്മദൻ സ്കൂളിന്റെ വിജയശതമാനം പന്ത്രണ്ടര ശതമാനത്തിൽ നിന്നും മൂന്നു വർഷം കൊണ്ട് നൂറിന്റെ തികവിലേക്ക് എത്തിക്കുവാൻ നടപ്പിലാക്കിയ വിജയപർവ്വം പദ്ധതിയുടെ പിന്നിലും സുഹൈലിന്റെ പിന്തുണയും സഹകരണവുമുണ്ടായിരുന്നു. ആലപ്പുഴക്കാരുടെ പാച്ചിക്ക എന്ന സിനിമാ സംവിധായകൻ ശ്രീ ഫാസിൽ രക്ഷാധികാരിയായി ഉണ്ടായിരുന്ന പദ്ധതി നടപ്പിലാക്കിയ സംഘടനയ്ക്ക് ഒപ്പം സിജി ആലപ്പുഴ ടീം കട്ടയ്ക്ക് പിന്തുണയുമായി ഒപ്പം കൂടി. പദ്ധതി വിജയവുമായി. എത്ര എത്ര സെലിബ്രിറ്റികളെ, വ്യക്തിത്വങ്ങളെയാണ് അന്നത്തെ ക്യാമ്പുകളിൽ എത്തിച്ചത്.

ഒരർത്ഥത്തിൽ സുഹൈൽ പ്രിവിലേജ്ഡ് മെൻ ആയിരുന്നു. വൈലിത്തറ മൗലവിയുടെ മകനെന്ന വലിയ വിലാസം, എം.ജി. യൂണിവേഴ്സിറ്റിയിലെ ഉദ്യോഗം, യൂണിയനിലെ നേതൃത്വം, സാംസ്കാരിക രംഗത്തെ നിറസാന്നിദ്ധ്യം, മെക്കയിലൂടെയുള്ള സാമൂഹിക പ്രതിബദ്ധത, ഗൾഫ് ഇന്റർനാഷണൽ എക്സ്പോഷർ, ഉൾകൊള്ളലിന്റെ രാഷ്ട്രീയം എല്ലാം സുഹൈലിലെ സിജിയനെ തിരിച്ചറിയാൻ സഹായിച്ചിട്ടുണ്ട്.

സുഹൈൽ പേര് സൂചിപ്പിക്കുന്നതു പോലെ പ്രഭ ചൊരിയുന്ന നക്ഷത്രമായിരുന്നു. വഴികാട്ടിയായ ഒരു വെള്ളിനക്ഷത്രം. ആ പേരിന്റെ നിഷ്പന്നതയിൽ മറ്റൊരു വഴിയുണ്ട്. സഹ്‌ലിന്റെ ഹ്രസ്വരൂപം. എളുപ്പം, ലളിതം, ലഭ്യം, ഈസി, പ്ലെയിൻ എന്നൊക്കെയാണ് അർത്ഥങ്ങൾ. ആ ചേരുവകളും സുഹൈലിനു ചേരും, നന്നായി തന്നെ. ഏതൊരു സിജിയനും പകർത്താവുന്ന ഏറെ മാതൃകകൾ സുഹൈലിലുണ്ടായിരുന്നു. അതുകൊണ്ടു തന്നെ സുഹൈലിനെ സിജി ദേശസാൽക്കരിച്ചു. ചിലരെ

→



# ഞാൻ കണ്ട സുഹൈൽ സാർ

**ബഷീർ പാനൂർ, സിജി ആലപ്പുഴ**

എപ്പോഴും പുഞ്ചിരിക്കുന്ന മുഖം. സദാസമയവും പ്രവർത്തനനിരതൻ. ക്ഷീണിതനെങ്കിലും ഊർജ്ജസ്വലൻ. തന്നെ സമീപിക്കുന്നവർക്ക് വഴികാട്ടി. അശരണർക്ക് അത്താണി. ആവശ്യം തേടിവരുന്നവർക്ക് ആശ്രിതൻ. പട്ടിണിക്കും കഷ്ടപാടിനും പരിഹാരം വിദ്യാഭ്യാസമെന്ന ഉറച്ച വിശ്വാസം. ലക്ഷ്യബോധത്തോടെ മുന്നോട്ടു പോകുന്നതിനുള്ള വഴികാട്ടി. മതബോധമുള്ള വിദ്യാഭ്യാസപ്രവർത്തകൻ. വ്യക്തിജീവിതത്തിലും പൊതുജീവിതത്തിലും മതനിഷ്ഠ മുറുകെ പിടിച്ചയാൾ. ലളിത ജീവിതം നയിച്ചവൻ. ഇതര മതവിശ്വാസങ്ങളെയും ആശങ്ങളെയും ഉൾക്കൊണ്ട മഹാമനസ്ക്കൻ. കരിയർ ഗൈഡൻസിനായി വരുന്നവരെ അകമഴിഞ്ഞ് സഹായിച്ചയാൾ. മതന്യൂനപക്ഷങ്ങളിൽപ്പെട്ടവരെ ചേർത്തുപിടിച്ചയാൾ. സാമ്പത്തികപിന്നോക്കം നിന്നവരുടെ സഹായി. മറ്റുള്ളവരുടെ കഴിവുകളെ അംഗീകരിക്കുകയും നിസ്സീമമായി പ്രശംസിക്കുകയും ചെയ്യുന്നയാൾ. സഹായം ചോദിച്ചുവരുന്നവരെ മടക്കി അയക്കാത്ത വ്യക്തി. Documentary നിർമ്മാതാവ്. സൗഹൃദത്തിന് വലിയവില കല്പിച്ച വ്യക്തി. പരിചയപ്പെടുന്നവരുടെ ഹൃദയത്തിൽ സ്ഥാനം നേടുന്നയാൾ. ക്ലാസുകളിൽ മുഷിപ്പ് സൃഷ്ടിക്കാത്തയാൾ. സാഹചര്യങ്ങൾക്കനുസരിച്ച് ആയത്തും ഹദീസും ചരിത്രവും മഹത്ഗ്രന്ഥങ്ങളും കോർത്തിണക്കുന്നയാൾ. തന്റെ ആദർശങ്ങളെ മുറുകെ പിടിക്കുമ്പോഴും ഇതര ആശയങ്ങളെ മാനിക്കുന്നയാൾ. സ്വന്തം ആവശ്യങ്ങൾക്ക് മറ്റുള്ളവരെ ബുദ്ധിമുട്ടിക്കാത്തയാൾ. സ്വയം ലളിതജീവിതം തിരഞ്ഞെടുക്കുകയും അത് ജീവിതത്തിൽ പ്രാവർത്തികമാക്കുകയും ചെയ്തയാൾ. നിസ്വാർത്ഥനായ മനുഷ്യസ്നേഹി. ഇനിയുമേറെ എഴുതണമെന്നുണ്ട്. സാറുമായി ഒരിക്കലെങ്കിലും പരിചയപ്പെട്ടയാൾക്ക് ഇതിലേതെങ്കിലുമൊക്കെ അനുഭവങ്ങൾ ഉണ്ടായിട്ടുണ്ട് എന്ന് ഞാൻ ഉറച്ച് വിശ്വസിക്കുന്നു.

---

→

അദ്ദേഹം കണ്ടെത്തിയിരുന്നു. ആ കണ്ടെത്തലുകൾ സിജി ആലപ്പുഴയ്ക്കും സിജി കേന്ദ്രത്തിനും ശക്തി പകരുന്നതായിരുന്നു.

സിജി എക്സിക്യൂട്ടീവിൽ അദ്ദേഹം പല പ്രാവശ്യം അംഗമായി. മരിക്കുമ്പോഴും അംഗമായിരുന്നു. ഒരു പച്ച മനുഷ്യന്റെ അർഹതയ്ക്കുള്ള അംഗീകാരമായിരുന്നു അത്. ഡോ. അബൂബക്കർ എൻഡോവ്മെന്റ് പ്രൊജക്റ്റ് അദ്ദേഹം കൃത്യമായി സമർപ്പിച്ചത് അബൂബക്കർ സാറിന്റെ ഓർമ്മ പോലെ സുഹൈലിന്റെ ഓർമ്മയുടെ നറുമണവും പ്രസരിപ്പിക്കും. റിമമ്പറൻസ് ഓഫ് തിംഗ്സ് പാസ്റ്റ്. സിജിയുടെ ഓർമ്മ പുസ്തകത്തിലെ കാമ്പുള്ള അധ്യായമാണ് സുഹൈൽ. അത് ഒരേ സമയം തിയറിയും പ്രാക്റ്റിക്കലുമാണ്. അതു ജീവിതത്തിൽ പകർത്താൻ നമുക്കും ശ്രമിച്ചു നോക്കാം. ഒരു സങ്കീർത്തനം പോലുള്ള ആ ജീവിതം ധന്യമായിരുന്നു.

# മർഹൂം സുഹൈലുറഹ്മാൻ കാരുണ്യത്തിന്റെ മന്ദമാരുതൻ


**അബ്ദുൽ ഷുക്കൂർ അൽഖാസിമി**
**(മെമ്പർ ഓൾ ഇൻഡ്യ പേഴ്സണൽ ലോ ബോർഡ്)**

എല്ലാവരോടും കരുണയുള്ളവനും ഏറ്റവും വലിയ കാരുണ്യവാനുമായ പടച്ചവന്റെ സമുന്നത അനുഗ്രഹമാണ് ജീവിതം. ജീവിതമാകുന്ന അനുഗ്രഹം ഒരു ഭാഗത്ത് വളരെ അമൂല്യമാണ്. ഇതിലെ ഓരോ നിമിഷങ്ങളും തിരിച്ച് കിട്ടുകയില്ല. എത്രമാത്രം പ്രയോജനപ്പെടുത്തുമോ അതിനനുസരിച്ച് ഈ ജീവിതം വിലയുള്ളതായി തീരും. മറുഭാഗത്ത് ഈ ജീവിതം നശ്വരവും ക്ഷണികവുമാണ്. അത് വേഗതയിൽ കൊഴിഞ്ഞ് തീരുന്നതാണ്. ചില സഹോദരങ്ങൾക്ക് ദീർഘായുസ്സും മറ്റു ചിലർക്ക് അൽപായുസ്സും ലഭിക്കുന്നു. പക്ഷെ ഇരുകൂട്ടരും യഥാർത്ഥത്തിൽ വളരെ കുറഞ്ഞ കാലം മാത്രമാണ് ജീവിക്കുന്നത്. ഈ ജീവിതം കഴിച്ചു കൂട്ടുന്നതിന് രണ്ട് മാർഗ്ഗങ്ങൾ ഉണ്ട്.

ഒന്ന് കാരുണ്യവാനായ പടച്ചവന് പൊരുത്തമായ മാർഗ്ഗം അതായത് പടച്ചവൻ പ്രവാചകൻമാരിലൂടെ പഠിപ്പിച്ച മാർഗ്ഗം-പ്രബോധന സംസ്കരണ വിദ്യാഭ്യാസപ്രവർത്തനങ്ങൾ. ഈ മാർഗ്ഗം ഇതുമായി ബന്ധപ്പെട്ടവർക്കും മുഴുവൻ ജനങ്ങൾക്കും അടുത്ത തലമുറയ്ക്കും ഗുണകരമാകുന്നതാണ്. മറ്റൊന്ന് പടച്ചവനെ വെല്ലുവിളിക്കുകയും പടപ്പുകളെ വഴി കെടുത്തുമെന്ന് ദൃഢപ്രതിജ്ഞ നടത്തിയ പിശാചിന്റെ മാർഗ്ഗം. അതായത് സംസ്കരണ, പ്രബോധന വൈജ്ഞാനിക, പ്രവർത്തനങ്ങൾ നടത്താതിരിക്കുകയും അതിനെ തുരങ്കം വയ്ക്കുകയും ചെയ്യുക. ഇതിലൂടെ മനുഷ്യൻ സ്വയം നശിക്കുകയും മറ്റുള്ളവരുടെയെല്ലാം നാശത്തിന് കാരണമാകുകയും ചെയ്യുന്നതാണ്.

മഹാൻമാരായ പ്രവാചകൻമാരും ഗുരുനാഥൻമാരും ഒന്നാമത്തെ വഴിയിലൂടെ സഞ്ചരിച്ചു. അവരുടെ ജീവിതം അവർക്കും മുഴുവൻ ജനങ്ങൾക്കും അനുഗ്രഹമായി. പ്രത്യേകിച്ചു അന്ത്യപ്രവാചകൻ മുഹമ്മദ്റസൂലുള്ള(സ.അ)യുടെ ജീവിതവും സന്ദേശവും പ്രബോധന സംസ്കരണ വൈജ്ഞാനിക പ്രവർത്തനങ്ങൾ ആയിരുന്നു. പ്രവാചക പ്രവർത്തനമാരംഭിച്ചത് തന്നെ എല്ലാം പടച്ച രക്ഷിതാവിന്റെ നാമത്തിലാരംഭിക്കുക എന്ന സന്ദേശവുമുയർത്തിക്കൊണ്ടായിരുന്നു. ശേഷം പ്രവാചകശിഷ്യൻമാർ ഈ സന്ദേശമുയർത്തി പിടിച്ചുകൊണ്ട് ലോകം മുഴുവൻ പരന്നു. അങ്ങനെ വിജ്ഞാനത്തിന്റെ മഹത്തായ വിപ്ലവം ലോകത്ത് സാധ്യമായി. ഇടക്കാലത്ത് ഈ സമുദായം ഈ പ്രവർത്തനത്തിൽ നിന്നും അകന്നു കഴിഞ്ഞപ്പോളെല്ലാം വലിയ ദുരന്തങ്ങൾ സംഭവിക്കുകയും നിസ്വാർത്ഥനായ മഹത്തുക്കളുടെ പ്രർത്തനങ്ങളിലൂടെ അത് പരിഹരിക്കപ്പെടുകയും ചെയ്തു. ഇത്തരം പ്രവർത്തനത്തിലൂടെ സന്മാർഗ്ഗത്തിന്റെ സന്ദേശം പ്രകാശിച്ച ഒരു പ്രദേശമാണ് ഇന്ത്യാ മഹാരാജ്യം.

പ്രത്യേകിച്ച് കേരളക്കര, സ്വാതികരായ പണ്ഡിതൻമാരുടെ പ്രവർത്തനങ്ങളിലൂടെ പ്രകാശപൂരിതമായ പ്രദേശമാണ്. ഈ വഴിയിൽ വലിയ പ്രകാശം പരത്തിയ ഒരു കുടംബമാണ് കേരളത്തിലെ ആലപ്പുഴ ജില്ലയിലെ തീരപ്രദേശമായ പാനൂരിലെ വൈലിത്തറ കടുംബം. ഇതിന്റെ പ്രഗൽഭതാരമായ ഉസ്താദ് വൈലിത്തറ മുഹമ്മദ് കുഞ്ഞ് മൗലവി മർഹൂം കേരളമെമ്പാടും നിറഞ്ഞ് നിന്ന പ്രബോധന പ്രാസംഗികനായിരുന്നു. പഴയതും പുതിയതുമായ പ്രയോജനം നിറഞ്ഞ വിജ്ഞാനങ്ങളെ കൂട്ടിയിണക്കി പ്രഭാഷണകലയിൽ വേറിട്ട ഒരു ചരിത്രം മർഹൂം സൃഷ്ടിക്കുകയുണ്ടായി. മർഹൂമിന്റെ പിതാവും ഉന്നത പണ്ഡിതനായിരുന്നു. പക്ഷേ ഈ വിജ്ഞാന പ്രവർത്തനങ്ങൾ പൊതുജനങ്ങൾക്കിടയിലേക്ക് ഇറക്കുക എന്ന വലിയൊരാവശ്യം അവശേഷിച്ചിരുന്നു. അതിന് കാരുണ്യവനായ പടച്ചവൻ തിരഞ്ഞെടുത്ത ഒരു വ്യക്തിത്വമാണ് വൈലിത്തറ മർഹൂം മുഹമ്മദ് കുഞ്ഞ് ഉസ്താദിന്റെ പ്രിയപ്പെട്ട മകൻ സുഹൈലുറഹ്മാൻ.



വിജ്ഞാനത്തിന്റെ തറവാട്ടിൽ ജനിച്ച് വളർന്ന സുഹൈലുറഹ്മാൻ വിവിധ വിജ്ഞാനവുമായി ബന്ധപ്പെട്ട് ഉയർന്ന സ്ഥാനം മാത്രമല്ല ഉന്നത ജോലിയും കരസ്ഥമാക്കി. എന്നാൽ വിജ്ഞാനങ്ങളിൽ നിന്നും അകന്ന് കഴിയുന്ന സമുദായത്തിന്റെ അവസ്ഥ അദ്ദേഹത്തെ വളരെ ദു:ഖിപ്പിച്ചു. ഒന്നുകിൽ പിതാവിന്റെ വഴിയിലൂടെ മുന്നേറാമായിരുന്നു. ഒരു പക്ഷേ ആ വഴിയിൽ ഉസ്താദിന് ലഭിച്ചത് പോലെയുള്ള സ്വീകാര്യതയും പ്രതിഫലവും അദ്ദേഹത്തിന് ലഭിക്കുമായിരുന്നു. കാരണം ഉസ്താദ് അവർകളെ പൂർണ്ണമായി ഉൾകൊള്ളുകയും പ്രസംഗപാടവത്തിൽ ഉന്നതനിലവാരം പുലർത്തുകയും ചെയ്ത വ്യക്തിത്വം ആയിരുന്നു അദ്ദേഹം. അല്ലെങ്കിൽ ഒന്നും ചെയ്യാതെ ജോലിയുമായി മാത്രം ബന്ധപ്പെട്ട് മുമ്പോട്ട് നീങ്ങാമായിരുന്നു. അതിലൂടെ അദ്ദേഹത്തിന് വളരെ ഉന്നതമായ സാമ്പത്തിക അവസ്ഥ പ്രാപിക്കുകയും സുഖിച്ച് രസിച്ച് ജീവിക്കുകയും ആകാമായിരുന്നു. കാര്യണ്യവാനായ പടച്ചവന്റെ കുളിർകാറ്റ് എന്നർത്ഥം വരുന്ന നാമം നൽകപ്പെട്ട സുഹൈൽ സാർ ഇതുരണ്ടുമല്ലാത്ത മൂന്നാമതൊരു വഴിയാണ് തിരഞ്ഞെടുത്തത്.

അദ്ദേഹം വിജ്ഞാനത്തിന്റെ വിളക്കുമായി ജനങ്ങൾക്കിടയിലേക്ക് ഇറങ്ങി. പടച്ചവന്റെ അനുഗ്രഹത്താൽ ഇതിന് സിജി എന്ന ഒരു പ്രസ്ഥാനത്തേയും കൂട്ടിന് കിട്ടി. ഈ പ്രസ്ഥാനം സുഹൈൽ സാറിന് ഗുണപ്പെട്ടോ സുഹൈൽ സാറ് സിജിക്ക് ഗുണപ്പെട്ടോ എന്ന് പറയാൻ സാധിക്കാത്ത നിലയിൽ പടച്ചവന്റെ ഈ ദാസൻ ഈ പ്രവർത്തനവുമായി അതിവേഗതയിൽ മുന്നേറി. രാവുംപകലും കുടുംബത്തിലും നാട്ടിലും വിദേശത്തും സുഹൃത്തുക്കളിലും എല്ലാം അദ്ദേഹത്തിന് വൈജ്ഞാനിക സംസ്കരണ പ്രവർത്തനങ്ങളുടെ ചിന്ത മാത്രം ആയിരുന്നു. ഒരിക്കൽ പോലും അദ്ദേഹം വിശ്രമിക്കുന്നതായിട്ടോ, സുഖിച്ച് രസിക്കുന്നതായിട്ടോ കണ്ടിട്ടില്ല. കുടുംബത്തോട് വലിയ വാത്സല്യവും സ്നേഹവുമായിരുന്നു. ബന്ധങ്ങളെ അങ്ങേയറ്റം മാനിക്കുകയും ആദരിക്കുകയും ചെയ്തിരുന്നു. പക്ഷെ കർമ്മബോധം ഇതിനേക്കാളധികം അദ്ദേഹത്തിന് ബാധകമായിരുന്നു. സദസ്സുകൾ ചെറുതും വലുതും നോക്കാതെ, ഒരാളെ കിട്ടിയാൽ പോലും അനുഗ്രഹമായി കണ്ട് കാര്യങ്ങൾ വിശദീകരിക്കുവാൻ മടിയില്ലായിരുന്നു. വിനീതന്റെ ചെറിയ അനുമാനത്തിൽ കേരളത്തിലെ എല്ലാ ജില്ലയിലും അദ്ദേഹം ക്ലാസ്സ് എടുത്തിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ അദ്ദേഹത്തിന്റെ ക്ലാസ്സ് നടക്കാത്ത ഒരു മഹല്ലോ, പ്രദേശമോ ഉണ്ടാകുമോ എന്ന് സംശയം ആണ്. ആരു വിളിച്ചാലും അതെത്ര ദൂരെയായാലും ഒരു മടിയും കൂടാതെ എത്തിച്ചേരും. ഒരിക്കൽ ഓച്ചിറ ദാറുൽ ഉലൂമിൽ രാത്രിയിൽ പണ്ഡിതൻമാരുടെ ഒരു ക്യാമ്പ് നടന്നു. ഇഷാ നമസ്കാരാനന്തരം എത്തിച്ചേർന്ന് പെട്ടെന്ന് തന്നെ ക്ലാസ്സിലേക്ക് കടന്നു. പാതിരാത്രിയിൽ പലപ്പോഴും കരച്ചിലിന്റെ ശബ്ദം ഈ വിനീതൻ റൂമിലിരുന്നു കേൾക്കുകയുണ്ടായി. സുബ്ഹി നമസ്കാരാനന്തരം പ്രാർത്ഥനയുടെയും അനുമോദനത്തിന്റെയും ചില വാക്കുകൾ നല്കണമെന്ന് വിചാരിച്ചെങ്കിലും, നമസ്കാരം കഴിഞ്ഞുടൻ അടുത്തെത്തി, അനുമോദനത്തിന് കാത്തുനിൽക്കാതെ യാത്ര പറഞ്ഞ് പോയി.

പിതാവിന്റെ മാർഗ്ഗത്തിൽ ഉറച്ച് നിന്നുകൊണ്ട് അഹലുസ്സുന്നത്തിന്റെ ആശയങ്ങൾ മുറുകെ പിടിക്കുമ്പോഴും ഇതര മുസ്ലിം സംഘടനകളുമായി സൗഹാർദ്ദ സമീപനം സൂക്ഷിക്കുവാനും അതു വഴി സമുദായത്തിന്റെ വിദ്യാഭ്യാസ മുന്നേറ്റപോരാട്ടത്തിൽ അവരുടെ സേവനം പ്രയോജനപ്പെടുത്താനും ശ്രദ്ധിച്ചിരുന്നു. ഏതൊരു വിഷയത്തിലും ഇടപെടുമ്പോൾ സൗമ്യമായും സൗഹാർദ്ദ പരമായും ഇടപെടാനുള്ള കഴിവ് ശ്രദ്ധേയമാണ്. എന്നാൽ തെറ്റുകളും കുറവുകളും കണ്ടാൽ വളരെ തൻമയത്വത്തോടെ ചൂണ്ടിക്കാണിക്കാൻ ശ്രദ്ധിച്ചിരുന്നു. സഹോദരന്റെ വിവാഹത്തോടനുബന്ധിച്ച് നിക്കാഹിന് മുമ്പുള്ള പ്രഭാഷണം അടുത്തുള്ള മസ്ജിദിൽ നിന്നും ഈയുള്ളവൻ നിർവ്വഹിച്ചു. നിക്കാഹിന് ശേഷം സുഹൈൽ സാഹിബ് എന്റെ അടുത്ത് വന്ന് സ്വകാര്യമായി പറഞ്ഞു. പ്രഭാഷണം നന്നായി. പക്ഷെ പള്ളിയിലുള്ള ചെറിയ സദസ്സിലല്ല, വധൂവരൻമാർ ഉൾപ്പെടെ ആളുകൾ കൂടിയ ഓഡിറ്റോറിയത്തിലാ വേണ്ടിയിരുന്നതെന്ന്. എല്ലാവരും കേൾക്കേണ്ട വിഷയമായിരുന്നു എന്ന്.

ഈ സമുദായത്തിന് അദ്ദേഹം നല്കിയ സംഭാവന വിലമതിക്കാനാവാത്തതാണ്. ദീർഘ നാൾ ഈ സേവനം സമുദായത്തിന് ലഭിക്കുമെന്ന വലിയ പ്രതീക്ഷയിലായിരുന്നു. പക്ഷെ അങ്ങേയറ്റം അനിവാര്യമായ സമയത്ത് നായകൻ മുൻപിൽ നിന്നും മാറിപ്പോയത് പോലെ പടച്ചവന്റെ ഈ ദാസൻ ഒരു മന്ദമാരുതനായി നമുക്കിടയിൽ നിന്നും മറഞ്ഞു. ആ വേർപാട് കുടുംബത്തിനും സമുദായത്തിനും മാത്രമല്ല സമൂഹത്തിന് മൊത്തത്തിൽ വലിയ നഷ്ടം തന്നെയാണ്. അദ്ദേഹം നടന്ന പാതയിലൂടെ സഞ്ചരിച്ച് ആ പ്രവർത്തനങ്ങൾ ഏറ്റെടുത്ത്

→

# ‘ഓർമയിലെ സുഹൈലിക്ക’

**നൗഷാദ് കൊക്കാട്ടുതറ**
**തൃക്കുന്നപ്പുഴ**

വളരെ അടുത്താണ് താമസമെങ്കിലും,
ഏറെ അടുത്തറിഞ്ഞിട്ടില്ല ഞാൻ
കൊച്ചിയിൽ സാഗരറാണിയിലൊരുവേള
ഒന്നിച്ചു സഞ്ചരിച്ചതാണാദ്യ ഓർമ്മ
കർശന നിഷ്ടകൾ കൂടാതെ മകളുടെ വേളിക്ക്,
കാറ്ററിംഗ് തന്നതാണെന്റെ ഓർമ്മ
അപൂർവമായെങ്കിലും മതക്കൂട്ടായ്മയിൽ
വന്നു പോകുന്നതാണെന്റെ ഓർമ്മ
മതവിധി ഇഴകീറി പരിശോധിച്ച വേളയിൽ
‘തഖ്‌വ ഉള്ളവന് ഫത്‌വ’ വേണ്ടെന്ന്
ഉപദേശിച്ചതാണെന്റെ ഓർമ്മ
പിന്നീടനവധി ഘട്ടങ്ങളിൽ ഞാൻ
ഈ തീർപ്പ് ആവർത്തിച്ചതാണെന്റെ ഓർമ്മ
പ്രൗഢനാം പിതാവിന്റെ പുത്രഭാവമില്ലാത്ത
സാധാരണത്വമാണെന്റെ ഓർമ്മ
വടിവൊത്ത കുപ്പായമില്ലാത്ത
തനിനാടൻ വസ്ത്രമാണെന്റെ ഓർമ്മ
അലസമായി ചീകിയ മുടിയും താടിയും
നമസ്കാരത്തഴമ്പുമാണെന്റെ ഓർമ്മ
എന്നും ഇരുചക്ര വാഹനമോടിക്കുന്ന
നിത്യ യാത്രക്കാരനാണെന്റെ ഓർമ്മ
അധികാരസ്ഥാനത്തോടേറെ അറപ്പുള്ള
നിഷ്കാമകർമിയണെന്റെ ഓർമ്മ
സിജിയുടെ സംസ്ഥാന കാര്യദർശിപ്പട്ടം
പലവട്ടം വർജ്ജിച്ചതാണെന്റെയറിവ്
പള്ളി പ്രസിഡന്റ് പദവി പോലും
വേണ്ടെന്നു വച്ചതാണെന്റെ ഓർമ്മ
തുച്ഛമാം പെൻഷനിൽ നിന്ന് തന്നെ
പലർക്കും പെൻഷനേകിയതാണെന്റെ ഓർമ്മ
ജ്ഞാനവും സ്നേഹവും ലാളിത്യവും
ഒന്നിച്ചുമേളിച്ചതാണെന്റെ ഓർമ്മ
ഈ സ്നേഹസ്വരൂപനെ അർഹമാംവിധം
സ്നേഹിച്ചതില്ലെന്നതാണെന്റെ ദുഃഖം
ആ വേർപാട് എന്നെ പഠിപ്പിച്ച പാഠം
ആർജിക്കലല്ല വർജിക്കലാണേറെ മഹത്തരം.

---

→

മുന്നോട്ട് പോകാൻ മുഴുവൻ പേരും തയ്യാറായാൽ ആ നഷ്ടം ലാഭമാക്കി മാറ്റാൻ നമുക്ക് കഴിയും. പടച്ചവൻ അതിലേക്ക് ഈ വരികളും വരകളും കാരണമാക്കട്ടെ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു. പടച്ചവന്റെ അനുഗ്രഹ ഐശ്വര്യങ്ങളും മുഴുവൻ പ്രവാചകൻമാരിലും ഗുരുനാഥൻമാരിലും വിശിഷ്യ അന്ത്യപ്രവാചകൻ മുഹമ്മദ് റസ്സൂലുള്ള (സ.അ)യിലും അവിടുത്തെ സഹാബത്തിലും വർഷിക്കട്ടെ. അവരെ സ്നേഹിച്ച് പിൻപറ്റി ഉന്നത മാതൃക കാട്ടിയ സുഹൈൽ സാഹിബിനെ മർഹമത്തും മഗ്ഫിറത്തും കൊണ്ട് പടച്ചവൻ പൊതിയട്ടെ. കുടുംബത്തിന് സമാധാനം നല്കട്ടെ. കൂട്ടുകാർക്ക് എന്നും ദിശാബോധമായി വഴിവെളിച്ചമായി അദ്ദേഹത്തിന്റെ സ്മരണയും ഈ സ്മരണികയും നിലനിർത്തട്ടെ...



# ആത്മാർത്ഥയുടെ പര്യായം

**CA മുഹമ്മദ് ഷഫീക്ക് എ.**
**(സിജി മുൻ പ്രസിഡന്റ്, ക്ലസ്റ്റർ I ചെയർമാൻ)**

എവിടെ തുടങ്ങണം, എങ്ങനെ എഴുതണം, എന്ത് എഴുതണം എന്ന് അറിയാത്ത ഒരു അവസ്ഥ. ഒരു തരം ശൂന്യത. ഒരു ആത്മാർത്ഥ സുഹൃത്തിനെ നഷ്ടപ്പെടുമ്പോൾ ഉണ്ടാകുന്ന ഒരു ശൂന്യത, അത് പറഞ്ഞ് അറിയിക്കാൻ പ്രയാസമാണ്. സുഹൃത്തുക്കൾ എനിക്ക് അനവധിയുണ്ട്. പക്ഷേ അതിൽ ശരിക്കും ആത്മാർത്ഥമായ സുഹൃത്തുക്കൾ വളരെ വിരളമാണ്. അത്തരത്തിൽ ഒരാളെയാണ് എന്നെന്നേക്കുമായി നഷ്ടപ്പെട്ടത്. ആത്മാർത്ഥത എന്നാൽ എന്താണെന്ന് നമ്മൾക്ക് എല്ലാവർക്കും ഒരു കേസ്സ്റ്റഡി ആക്കാൻ പറ്റുന്ന ജീവിതമായിരുന്നു ശ്രീ. സുഹൈലിന്റേത്. ഏത് കാര്യത്തിലായാലും അദ്ദേഹം അതിൽ ഇടപെട്ടിട്ടുണ്ടെങ്കിൽ അതിനോട് നൂറ് ശതമാനം ആത്മാർത്ഥത പുലർത്തിയിരിക്കും. മറിച്ച് അപ്രകാരം അദ്ദേഹത്തിന് ആത്മാർത്ഥ പുലർത്താൻ സാധിക്കുന്ന ഒന്നല്ലാ അതെങ്കിൽ അതിൽനിന്നും ഒഴിവായി നിൽക്കുകയും ചെയ്യും.

കോളേജ് കാലഘട്ടം മുതൽ പരിചയം ഉണ്ടായിരുന്നെങ്കിലും സിജിയിലേക്ക് വന്നതിന് ശേഷമാണ് ഞങ്ങൾ തമ്മിൽ കൂടുതൽ അടുത്തിടപഴകാൻ തുടങ്ങിയത്. ആലപ്പുഴ സിജിയുടെ പുനർജനനത്തിൽ അദ്ദേഹം നിർവ്വഹിച്ച പങ്ക് താരതമ്യമില്ലാത്തതാണ്. അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം സിജി അദ്ദേഹത്തിന്റെ ജീവിതത്തിന്റെ എല്ലാമെല്ലാം ആയിരുന്നു. എത്ര പ്രധാനപ്പെട്ട വ്യക്തിപരമായ കാര്യമാണെങ്കിലും അതിനെക്കാൾ പ്രാധാന്യം അദ്ദേഹം കൽപ്പിച്ചിരുന്നത് സിജിയുടെ പ്രോഗ്രാമുകൾക്കായിരുന്നു. അദ്ദേഹം ജില്ലാ കോ-ഓർഡിനേറ്ററായും ഞാൻ ജില്ലാ പ്രസിഡന്റായും ഏകദേശം 9 വർഷത്തോളം ഞങ്ങൾ ഒരുമിച്ചു പ്രവർത്തിച്ചിരുന്നു. അദ്ദേഹത്തിന്റെ അശ്രാന്ത പരിശ്രമഫലമായി അന്നു നടത്തിയ പ്രവർത്തനങ്ങളുടെ ഗുണഭോക്താക്കളാണ് ഇന്ന് സിജിയൻമാരായി അറിയപ്പെടുന്ന ഞങ്ങളെല്ലാം അനുഭവിച്ചുകൊണ്ടിരിക്കുന്നത്. ഞാനും അദ്ദേഹവും ഹബിയും അഖ്നസും ഒക്കെയായി വയനാട്ടിലെ കൽപറ്റയിൽ നടന്ന സിജി റസിഡൻഷ്യൽ പ്രോഗ്രാമിന് പങ്കെടുക്കുന്നതിന്റെ ഓർമ്മകൾ ഇന്നും മനസ്സിൽ നിന്നും മായാതെ നിൽക്കുന്നു. ആ ദിവസങ്ങളിലെ അനുഭവവും അതിൽ നിന്നു ലഭിച്ച ഊർജ്ജവുമാണ് എന്നെ ഇന്നും സിജിയെ നെഞ്ചേറ്റി നടക്കാൻ പ്രേരകമാക്കിയത്. അതുപോലെ നിരവധി യാത്രകൾ സിജിയുടെ വിവിധ പരിപാടികൾക്കായി ഒരുമിച്ചു നടത്തിയിരുന്നു. നമ്മളിലാരെങ്കിലും ഒരാൾ പുതിയതായി എന്തെങ്കിലും സംരംഭം തുടങ്ങുന്നതായി അറിഞ്ഞാൽ ഏറ്റവും അടുത്ത അവസരത്തിൽ അവിടെയെത്തി നിർദ്ദേശങ്ങളും അഭിപ്രായങ്ങളും നമ്മളെ അറിയിക്കാൻ എപ്പോഴും അദ്ദേഹം സമയം കണ്ടെത്തിയിരുന്നു. നമ്മളിൽ പലരും തിരക്ക് പ്രകടിപ്പിച്ച് ഒഴിവാകാൻ ശ്രമിക്കുമ്പോഴും എത്ര തിരക്കിനിടയിലും അദ്ദേഹം സമയം കണ്ടെത്തിയിരുന്നു. വളരെ അടുത്ത സമയത്ത് ഹബീബ് ആക്സിഡന്റ് പറ്റി വിശ്രമിക്കുന്ന വേളയിൽ യാദൃച്ഛികമായി ഞങ്ങൾ രണ്ട് പേരും ഹബീബിന്റെ വീട്ടിൽ വച്ച് ഒരുമിച്ചു കൂടുകയുണ്ടായി. അവിടെ നിന്നും അദ്ദേഹം അടുത്ത ട്രെയിനിൽ വർക്കല പോയി മകളുടെ വീട്ടിൽ കയറിയശേഷം തിരിച്ചുവീട്ടിലെത്തണം. അതാണ് അദ്ദേഹത്തിന്റെ പ്ലാൻ. അപ്പോഴാണ് ഞങ്ങൾ തിരുവനന്തപുരത്ത് ആരംഭിക്കാൻ പോകുന്ന പുതിയ ഒരു സ്ഥാപനത്തിനെപ്പറ്റി അദ്ദേഹത്തോട് സൂചിപ്പിച്ചത്. ഉടനെതന്നെ അദ്ദേഹം തന്റെ എല്ലാ പരിപാടികളും പുനഃക്രമീകരിച്ച് എന്റെ കൂടെ അവിടേയ്ക്ക് വന്നു. ഏകദേശം ഒരു മണിക്കൂറോളം അവിടെ ചിലവഴിച്ച് മുഴുവനും ചുറ്റിനടന്ന് കണ്ട് അദ്ദേഹത്തിന്റേതായ ക്രിയാത്മകങ്ങളായ മാർഗ്ഗനിർദ്ദേശങ്ങളും ഒക്കെ

→

# Suhail Rahman...

**K.P Shamsudheen**
**(CIGI State Vice President, Former Chairman CIGI International)**

Suhail Sahib was a respected activist and more than a dear friend, he was a brother to me. He spent his life working towards educational empowerment and social change, especially in Kerala's southern districts. He was a key figure at CIGI, an organization dedicated to grassroots leadership and activism. Suhail Sahib was known for his practical, solution-oriented approach. He was deeply committed to improving education for underprivileged and marginalized communities. I remember his leadership during difficult times, like the Tsunami and floods, and how he was always ready to lend a helping hand. He left an impact, not just at CIGI but also across many organizations and social activities aimed at upliftment. After he retired from the university, he almost became a full-time warrior for CIGI, striving to expand its reach and influence. Now, in the wake of his passing, we are faced with a significant void. We're reminded of the need to continue his work and the broader mission of CIGI. Suhail Sahib may not be with us, but his legacy remains. We remember him not just in grief but for his notable contributions and his unwavering spirit. In these moments of sorrow, we're also reminded of the need to be grateful and to push ahead, continuing the work of leaders like Suhail Sahib, focusing on service to humanity. May The Almighty bless him with suitable rewards and provide him in a comfortable place for the life hereafter - Ameen.

→

നൽകിയാണ് മടങ്ങിയത്. അദ്ദേഹവുമായി പങ്കുവച്ച അനുഭവങ്ങൾ വിവരിക്കുവാനാണെങ്കിൽ ഇനിയും ഒരുപാട് ഒരുപാട് എഴുതുവാനുണ്ട്. അദ്ദേഹം തുടങ്ങിവച്ച ആരുമറിയാത്ത ഒട്ടനവധി ജീവകാരുണ്യ പ്രവർത്തനങ്ങൾ, അങ്ങനെ എന്തെല്ലാം.

നമ്മളാരും തന്നെ അദ്ദേഹത്തിന് പകരക്കാരാവില്ല എന്ന് ഉത്തമവിശ്വാസം എനിക്കുണ്ട്. എങ്കിലും അദ്ദേഹം പകർന്ന് നൽകിയ ജീവിതപാഠം അത് സർവ്വാത്മനാ ഉൾക്കൊള്ളാൻ ശ്രമിച്ചാൽ അദ്ദേഹത്തിന്റെ വിയോഗം മൂലം ഉണ്ടായ വിടവ് ഒരളവ് വരെയെങ്കിലും നമുക്ക് നികത്താൻ കഴിയും. അതിന് സർവ്വശക്തൻ നമ്മെ എല്ലാവരെയും പ്രാപ്തരാക്കട്ടെ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു.

ആർക്കും ഒരു ദോഷവും ചെയ്തതായി ഇതുവരെ ആരും പറഞ്ഞിട്ടില്ലാത്ത എല്ലാവരോടും സ്നേഹത്തോടെ മാത്രം പെരുമാറിയിട്ടുള്ള എല്ലാവരിൽനിന്നും സ്നേഹവും ബഹുമാനവും ആദരവും മാത്രം കൈപ്പറ്റിയിട്ടുള്ള അദ്ദേഹത്തിന്റെ പരലോകജീവിതം സർവ്വശക്തനായ ജഗന്നിയന്താവ് സുഖകരമാക്കാൻ വേണ്ടി ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നതോടൊപ്പം അദ്ദേഹം തുടങ്ങിവച്ച എല്ലാ ആശയങ്ങളും പ്രവർത്തനങ്ങളും തുടർന്ന നടത്താൻ നമ്മൾ ഓരോരുത്തർക്കും കരുത്തു നൽകണമേ എന്നും ആത്മാർത്ഥമായി പ്രാർത്ഥിച്ചുകൊള്ളുന്നു.



# തീരങ്ങളെ നനച്ച് നിറഞ്ഞൊഴുകിയ പുഴയുടെ ഓർമ്മയ്ക്ക്

ആർ. കൃഷ്ണകുമാർ, കായംകുളം

**അ**തൊരു രണ്ടാമൂഴത്തിലാണ് സംഭവിച്ചത്. ദീർഘമായ പ്രവാസജീവിതത്തിന് ശേഷം സർവ്വകലാശാലയിലെ സുഹൈലിന്റെ രണ്ടാമൂഴമായിരുന്നു അപ്പോൾ. പക്ഷേ, പിന്നീട് നിബിഢമായി ത്തീർന്ന സൗഹൃദത്തിന്റെ മുളപൊട്ടൽ എപ്പോൾ സംഭവിച്ചു എന്നത് എത്ര ചിന്തിച്ചിട്ടും ഇന്നും ഒരു പ്രഹേളികയായി തുടരുകയാണ്. ഏറ്റവും മനോഹരമായ ഏതൊന്നിന്റെയും തുടക്കം കൃത്യമായി ഓർക്കുക അസാധ്യമാണ്, കുറഞ്ഞ പക്ഷം എന്നെ സംബന്ധിച്ചെങ്കിലും.

രണ്ടു പതിറ്റാണ്ടിലേറെ നീണ്ടു പോയ സൗഹൃദത്തിലൊരിക്കൽ പോലും, വിയോജിപ്പിന്റെ ഘട്ടങ്ങളിൽ പോലും, ഒരലോസരമോ കയ്പ്പോ ഞങ്ങൾക്കിടയിൽ സംഭവിച്ചില്ല. ആഭിജാതമായ തിരിച്ചറിവിന്റെ മൗനത്തിൽ മറഞ്ഞിരുന്ന് ഞങ്ങൾ പരസ്പരം ആദരിച്ചിരുന്നു, സ്നേഹിച്ചിരുന്നു. തീർത്തും ജനിതകമായ ചില സൗഭാഗ്യങ്ങൾ ഞങ്ങൾ സമാനമായി പങ്കുവച്ചിരുന്നുവെന്നതാകാം അതിനുള്ള കാരണം. ജ്ഞാനിയായ വൈലിത്തറ മൗലവിയുടെ മകൻ എന്ന നിലയിൽ സുഹൈലും തോപ്പിൽ രാമചന്ദ്രൻപിള്ളയുടെ മകൻ എന്ന നിലയിൽ ഞാനും തിടമ്പേറ്റിയ രജതമായ ഒരു ലെഗസി!

'സുഹൈൽ സാഹിബേ' എന്ന എന്റെ വിളിക്ക് 'കൃഷ്ണാ' എന്ന് സ്നേഹാർദ്രമായി എപ്പോഴും സുഹൈലിന്റെ മറുമൊഴിയുണ്ടായി. എംജി സർവ്വകലാശാലയിൽ 'സംസ്കാര' എന്ന ജീവനക്കാരുടെ സാംസ്കാരിക സംഘടനയുടെ നേതൃത്വത്തിൽ സുഹൈൽ തിളങ്ങിയ കാലഘട്ടത്തിലാകണം ഞങ്ങളുടെ സൗഹൃദം കൂടുതൽ ദീപ്തമായത്. സംസ്കാരയുടെ തലപ്പത്ത് സുഹൈൽ ഉണ്ടായിരുന്ന കാലം സാംസ്കാരികമായ ഒരു വസന്തകാലമായിരുന്നു എന്ന് പറയാതെ വയ്യ. വിഖ്യാത നാടകകൃത്ത് സി.എൻ. ശ്രീകണ്ഠൻ നായരുടെ ക്ലാസ്സിക് കൃതി 'സാകേതം' പ്രശസ്ത നർത്തകി രാജശ്രീവാര്യർ ഏകാംഗ നൃത്തശില്പമായി എംജി സർവ്വകലാശാലയിൽ അവതരിപ്പിച്ചതിന് പിറകിലെ പ്രേരകശക്തി സുഹൈലായിരുന്നു. ആ നൃത്ത പരിപാടി പിന്നീട് കേരളത്തിലെ മ്പാടുമുയർത്തിയ അനുഭൂതിയുടെ അലകൾ അത്ഭുതപ്പെടുത്തുന്നതായിരുന്നു. ദീപ്തമായ ഒരു സാംസ്കാരിക മുഖശ്രീയായി ആ നടനം കേരളത്തിൽ അടയാളപ്പെട്ടു. സർവ്വകലാശാലയിൽ രാജശ്രീവാര്യരുടെ നൃത്തപരിപാടി വിളംബരം ചെയ്യുന്ന ബ്രോഷർ ഞാനെഴുതണമെന്ന പിടിവാശി സുഹൈൽ പുലർത്തുകയും ഞാനത് സഹർഷം അനുസരിക്കുകയും ചെയ്തു. ആ ബ്രോഷർ സർവ്വകലാശാലയിൽ വ്യാപകമായി ചർച്ച ചെയ്യപ്പെടുകയും സ്വീകരിക്കപ്പെടുകയും ചെയ്തത് കൃതജ്ഞതയോടെ ഞാൻ ഓർക്കുന്നു. സർവ്വകലാശാലയിൽ രണ്ടു സന്ദർഭങ്ങളിലായി വയലാർ അനുസ്മരണ പ്രഭാഷണം ഞാൻ നിർവ്വഹിച്ചതിന്റെ പ്രധാന പ്രേരണയും സുഹൈൽ റഹ്മാനായിരുന്നു. ഇംഗ്ലീഷിലും മലയാളത്തിലുമായി എത്രയെത്ര കുറിപ്പുകൾ സുഹൈൽ പ്രേരണയിൽ എനിക്ക് എഴുതേണ്ടി വന്നു. സർവ്വകലാശാലയിൽ ഇത്രയേറെ എന്നെ പ്രചോദിപ്പിച്ച, ചേർത്ത്പിടിച്ച മറ്റൊരു സാംസ്കാരിക വ്യക്തിത്വത്തേയും ഓർത്തെടുക്കാനാകുന്നില്ല. ഒരു പുതിയ പുസ്തകം അല്ലെങ്കിൽ കൗതുകമുള്ള ഒരറിവ്, പുതിയ സവിശേഷമായ ഏതെങ്കിലും വൃത്താന്തം എപ്പോഴും സുഹൈൽ എന്നിലേക്ക് കോരിപ്പകർന്നുകൊണ്ടേയിരുന്നു.

വ്യക്തിപരാമായ നിരവധി ഓർമകൾ, സ്നേഹം ചുരുത്തുന്നവ മനസ്സിലേക്ക് കടന്നു വരുന്നു. എന്റെ അച്ഛന്റെ മരണശേഷം അച്ഛനെക്കുറിച്ച് ഞാനെഴുതി പ്രസിദ്ധീകരിച്ച ഒരനുസ്മരണക്കുറിപ്പ് ട്രെയിനിൽ എന്റൊപ്പമിരുന്ന് വായിക്കുകയും വായനയ്ക്ക്





ശേഷം നിയന്ത്രണം വിട്ട് സുഹൈൽ കരയുന്നതും എനിക്ക് മറക്കാനാകുന്നില്ല. എന്റെ പിതാവിനോട്, അദ്ദേഹത്തിന്റെ രാഷ്ട്രീയ പത്രപ്രവർത്തന ജീവിതത്തോട് നിർവ്യാജമായ സ്നേഹാദരവുകളാണ് സുഹൈൽ പുലർത്തിയത്. എന്റെ വ്യക്തിജീവിതത്തിലെ നിരവധി പ്രതിസന്ധികളിൽ തണലായി സുഹൈൽ നിന്നിരുന്നു എന്നത് കൃതജ്ഞതയോടെ ഞാനോർക്കുന്നു. ഞാൻ നിർബന്ധപൂർവ്വം, നിരന്തരമാവശ്യപ്പെട്ടിട്ടും സുഹൈൽ ചെയ്യാതിരുന്ന ഒരു കാര്യവും എന്നെ അത്ഭുതപ്പെടുത്തിയിട്ടുണ്ട്. ഒരു പ്രഭാഷണം സർവ്വകലാശാലയിൽ നിർവ്വഹിക്കുന്നതിനായി സുഹൈലിന്റെ പിതാവ് ആദരണീയനായ വൈലിത്തറ മൗലവിയെ സർവ്വകലാശാലയിൽ എത്തിക്കണമെന്ന എന്റെ ആവശ്യം ആരോഗ്യപരമായ കാരണങ്ങൾ നിരത്തി സുഹൈൽ നിരുത്സാഹപെടുത്തുകയാണുണ്ടായത്. അത് ഒരു നഷ്ടവും വേദനയുമായി ഇപ്പോഴും ഞങ്ങൾക്കിടയിൽ മൗനമുദ്രിതമായി നിൽക്കുന്നുണ്ട്. സർവ്വകലാശാലാസമൂഹം ആ ജ്ഞാനവൃദ്ധനെ ശ്രവിക്കേണ്ടതുണ്ടെന്ന എന്റെ നിലപാടിന് ഒരു വിളറിയ പുഞ്ചിരി മാത്രമാണ് സുഹൈൽ മറുപടിയായി നൽകിയത്.

വായനയുടെ ഒരു പാരാവാരപരപ്പിൽ മുങ്ങി ഈറനായ ഒരു ആന്തരജീവിതം സുഹൈലിനുണ്ടായിരുന്നു. വിവിധ വിഷയങ്ങളിൽ ആഴത്തിൽ അത് വേരിറക്കിയിരുന്നു. സാഹിത്യം, സിനിമ, നാടകം, വിവിധ കലാരൂപങ്ങൾ, സംസ്കാരം, രാഷ്ട്രീയം, ആത്മീയത, വിപുലമായിരുന്നു സുഹൈലിന്റെ താത്പര്യങ്ങൾ. ലോകപരിചയവും പുസ്തകപരിചയവും എത്രയും ആർദ്രമായ മനസ്സും സംഗമിച്ചതായിരുന്നു സുഹൈലിന്റെ സൗമ്യഗംഭീരമായ വ്യക്തിത്വം. ഇതിന് സമാനമായ താത്പര്യം അതേ അളവിൽ അക്കാദമിക കാര്യങ്ങളിലും സുഹൈൽ പുലർത്തി. അക്കാദമിക വിഷയങ്ങളിൽ പലപ്പോഴും സുഹൈലിന്റേത് അവസാന വാക്കായിരുന്നു. പരസഹസ്രം മനുഷ്യർ പ്രായഭേദമന്യേ ആ സുകൃതത്തിന്റെ പങ്ക് പറ്റുന്നതിന് ഞാൻ സാക്ഷിയായിട്ടുണ്ട്. ഒരു പുതിയ കോഴ്സ്, ഒരു പുതിയ തൊഴിൽ സാധ്യത, അനവധി അക്കാദമിക സന്ദേഹങ്ങൾ എല്ലാറ്റിനും ഒറ്റമൂലിയായി ആ മനുഷ്യൻ ആത്മാർത്ഥതയുടെ ആൾരൂപമായി മന്ദഹാസത്തോടെ നില കൊണ്ടു. ഒരു ഭൗതിക ലാഭവുമാഗ്രഹിക്കാതെ, അക്ഷീണം, അവിരാമം ശരീരത്തിൽ ചിറകുമായി അദ്ദേഹം കേരളത്തിൽ വ്യാപകമായും ചിലപ്പോഴൊകെ കേരളത്തിന് പുറത്തേക്കും സഞ്ചരിച്ചു കൊണ്ടേയിരുന്നു. പ്രചോദനത്തിന്റെയും ഉദ്ബോധനത്തിന്റെയും പ്രഭാഷണങ്ങളായി അത് എക്കാലവും വേറിട്ട് നില്ക്കുന്നു. നിശ്ശബ്ദം എത്രയോ ജീവകാരുണ്യ പ്രവർത്തനങ്ങൾ നേരിട്ടും പലതിനും പ്രേരണയായും പ്രവർത്തിക്കുന്ന സുഹൈൽ ഒരു പ്രകാശഗോപുരമായി മനസ്സിൽ ജ്വലിക്കുകയാണ്. വിദ്യാഭ്യാസ സഹായമായും വൈദ്യശുശ്രൂഷാ സഹായമായും നിരവധി നിരാലംബജീവിതങ്ങളെ ആ മനുഷ്യൻ സനാഥമാക്കി, ഒരു വിളംബരവുമില്ലാതെ ശുദ്ധആത്മീയതയുടെ നിരാഡംബരമായ പ്രകാശനമായിരുന്നു ആ ജീവിതം.

എന്നോട് മാത്രമല്ല, എന്റെ കുടുംബത്തോടും ഉപാധികളില്ലാത്ത സ്നേഹം സുഹൈൽ പുലർത്തി. എന്റെ ഭാര്യയും മകനും രക്തബന്ധത്തിന്റെ തീവ്രതയുള്ള പാരസ്പര്യമാണ് സുഹൈലിനോടും പുലർത്തിയത്. സുഹൈലിന്റെ മരണം അവരിൽ സൃഷ്ടിച്ച സ്തോഭം അത്ര വലുതായിരുന്നു. എത്രയോ മനുഷ്യരിൽ സമാനമായ അനുഭവം ആളിപ്പടർന്നത് എനിക്കറിയാം. ഒരു മനുഷ്യജീവിതം കൊണ്ട് സാധ്യമാകുന്നതിന്റെ സമ്പൂർണ്ണ സാക്ഷാത്ക്കാരമായിരുന്നു ആ ജീവിതം, ആ ജീവിതവ്യാകരണം. നിരവധി മനുഷ്യജീവിത തീരങ്ങളെ നനച്ച് ഹരിതാഭമാക്കി നിറഞ്ഞൊഴുകിയ പുഴ. ആ പുഴയുടെ ഓർമ്മയ്ക്ക്.



# സഫല ജീവിതത്തിന്റെ നേർക്കാഴ്ചകൾ...



**Dr. KM Abubacker**
(1928-2018)
President Emeritus, CIGI




CIGI Head Quarters, Calicut





MADEENA
FURNITURE
PALACE
SHOP NOW
Guarenteed rewards
on every
purchases
9447252926
Madeena furniture palace,New bazar,
Alappuzha




Customer care
7560 88 88 00
periyar
cements
FEEL THE STRENGTH
BUILD IT TO
LAST LONG..!
GOKUL
CEMENT
THE BUILDERS CHOICE
മികച്ചത് തെരഞ്ഞെടുക്കാം....
കൂടുതൽ കരുത്തോടെ....
MANAMA CEMENTS PRIVATE LIMITED
XIII/672 TO 674 NIDA KANJIKODE
www.periyarcement.com

## സഫല ജീവിതത്തിന്റെ നേർക്കാഴ്ചകൾ...












PERIYAR
ULTRACRETE
The Seal Of Trust
Build it to Last Long..!
മികച്ചത് തെരഞ്ഞെടുക്കാം...
കൂടുതൽ കരുത്തോടെ...
PERIYAR ULTRACRETE
ULTRACRETE
കരുത്തോടെ
ഞാനുണ്ട് കൂടെ..!
MANAMA CEMENTS PRIVATE LIMITED XIII/672 TO 674 NIDA KANJIKODE
www.periyarcement.com
CUSTOMER CARE
7560 88 88 00


മദീന
നിർമ്മിതി പാലസ്
ന്യൂ ബസാർ ആലപ്പുഴ
Berger
WEATHERCOAT
ആശിച്ച വീടിന് ആവശ്യമുള്ളതെല്ലാം
പഴമയുടെ പുതുമയുമായി...
പെയിന്റ് കളർബാങ്ക്;
സാനിട്ടറി സ്റ്റുഡിയോ;
ടൈൽസ് സ്റ്റുഡിയോ;
ഹാർഡ് വെയർ ഐറ്റംസ്
പ്ലംബിംഗ് മെറ്റീരിയൽസ്
contact
9447252926
9744052926



# 'സുഹൈൽ സാഹിബിന് ഏറ്റവും ഇഷ്ടം എന്നോടായിരുന്നു.'

**എ.പി. നിസാം**
**(സിജി സീനിയർ റിസോഴ്സ് പേഴ്സൺ, സിജി മുൻ സംസ്ഥാന സെക്രട്ടറി)**

**ഈ** ധാരണ തിരുത്താൻ ഞാൻ അടക്കം ഒരുപാട് പേർക്ക് അവസരം ലഭിച്ചത് അദ്ദേഹത്തിന്റെ വിയോഗത്തോടെയായിരുന്നു. സ്നേഹത്തിന്റെയും സൗഹൃദത്തിന്റെയും കാര്യത്തിൽ ഇത്രയധികം പേരോട് സമദൂര സിദ്ധാന്തം പുലർത്തിപ്പോന്ന ഒരു മനുഷ്യനെ ഏറെ ആദരവോടെയും അത്ഭുതത്തോടെയുമാണ് ഞാൻ ഓർത്തെടുക്കുന്നത്.

വെളിച്ചമാകുക എന്നത് ഒരു വലിയ കാര്യമാണ്. പ്രത്യേകിച്ചും ഒട്ടും തെളിച്ചവും നിശ്ചയവും ഇല്ലാത്ത ഇന്നത്തെ ഈ ലോകത്ത്. മറ്റുള്ളവരുടെ ജീവിതം മെച്ചപ്പെടുത്തുന്നതിനുള്ള അചഞ്ചലമായ പ്രതിബദ്ധതയുടെ ആൾരൂപമായിരുന്നു സുഹൈൽക്ക.

അറിവിനോടും അതിന്റെ പരിവർത്തിത ശക്തിയോടുമുള്ള തികഞ്ഞ വിശ്വാസമാണ് സുഹൈൽ വയലിത്തറയുടെ സാമൂഹിക പ്രവർത്തനത്തിന്റെ അടങ്ങാത്ത അഭിനിവേശത്തിന്റെ അടിസ്ഥാനം എന്ന് തോന്നിയിട്ടുണ്ട്. ഗുണമേന്മയുള്ള ജീവിതത്തിലേക്കു വിദ്യയിലൂടെ പ്രവേശനം സാധ്യമാണോ എന്ന് അദ്ദേഹം ഗ്രാമഗ്രാമന്തരങ്ങളിലും വിവിധ സ്ഥാപനങ്ങളിലും കടന്നു ചെന്ന് നിരന്തരം പറഞ്ഞുകൊണ്ടിരുന്നു. അവസരങ്ങളും ആഗ്രഹങ്ങളും താരതമ്യേന കുറഞ്ഞ അധഃസ്ഥിതരും പിന്നോക്കക്കാരും ആയ വിദ്യാർത്ഥികളെ ലക്ഷ്യം വച്ച് നിരവധി പദ്ധതികൾക്ക് നേതൃത്വം നൽകുന്നതിലൂടെ എണ്ണമറ്റ വ്യക്തികളെ ശാക്തീകരിക്കുക മാത്രമല്ല പലരുടെയും ഹൃദയങ്ങളിൽ പ്രതീക്ഷയുടെ ജ്വാലകൾ കൊളുത്തി വയ്ക്കുവാനും അദ്ദേഹത്തിന് സാധിച്ചു.

സുഹൈൽ വൈലിത്തറയെ വ്യത്യസ്തനാക്കുന്നത് അദ്ദേഹത്തിന്റെ വിനയമാണ്. സെൽഫ് പ്രമോഷന്റെ ഈ ലോകത്ത് വിനയത്തിന്റെയും ലാളിത്യത്തിന്റെയും ഒരു വിളക്ക്മാടം ആയിരുന്നു. അദ്ദേഹം. യഥാർത്ഥ നേതൃത്വം മറ്റുള്ളവർക്ക് മുകളിൽ നിൽക്കുകയല്ല മറിച്ച് അവർക്കൊപ്പം നിൽക്കുക എന്ന വിശ്വാസമാണ് അദ്ദേഹം ഉൾക്കൊണ്ടിരുന്നത്. നമ്മെ നിശബ്ദമായി നിരന്തരം പഠിപ്പിച്ചു കൊണ്ടിരുന്നതും അതാണ്.

കഴിഞ്ഞ മേയ് മാസത്തിൽ ഞങ്ങൾ രണ്ടുപേരും കൂടി പത്തനംതിട്ട കൊല്ലം ജില്ലകളിൽ ചില സ്ഥലങ്ങളിൽ ഒന്നിച്ച് യാത്ര ചെയ്തിരുന്നു. ഈ യാത്രയിൽ സിജിയുടെ തെക്കൻ ജില്ലകളിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടതിന്റെയും വ്യാപിപ്പിക്കേണ്ടതിന്റെയും ആവശ്യങ്ങളും ഏതാനും ചില ആശയങ്ങളും അദ്ദേഹം പങ്കുവച്ചിരുന്നു. അതെന്നും അങ്ങനെയായിരുന്നു. ആശയങ്ങൾക്കും ആവശ്യങ്ങൾക്കും ഒരിക്കലും പഞ്ഞം ഉണ്ടാകാറില്ല. സ്വന്തം മകളുടെ വിവാഹകർമ്മം നടക്കുന്ന വേദിയിൽ നിന്നും ഈയുള്ളവനെ കണ്ടമാത്രയിൽ ഓടിയിറങ്ങി വന്നു അത്തരമൊരു കാര്യം വേഗം പറഞ്ഞു തിരിച്ച് സ്റ്റേജിലേക്ക് ഓടിക്കയറുന്നത് ഇന്നും ഞാൻ വിസ്മയത്തോടെ നോക്കി കാണുകയാണ്.

ഒരു പുരുഷായുസ്സിൽ ചെലുത്താൻ കഴിയുന്ന അവിശ്വസനീയമായ സ്വാധീനത്തിന്റെ തെളിവാണ് നിങ്ങളുടെ കൈയിലിരിക്കുന്ന ഈ ഓർമ്മക്കുറിപ്പ് പോലും. അദ്ദേഹത്തിന്റെ സമർപ്പണം സമീപനം പ്രചോദനം തുടങ്ങി നമ്മെ എല്ലാവരെയും ഇന്നും അണിനിരത്താനുള്ള സമാനതകളില്ലാത്ത സ്വാധീനം അംഗീകരിക്കപ്പെടുക മാത്രമല്ല ആഘോഷിക്കപ്പെടേണ്ടതും ആണ്.

സുഹൈൽ സാറിനെ കുറിച്ചുള്ള വ്യത്യസ്ത അനുഭവകഥകൾ വരുംതലമുറകൾക്ക് പ്രചോദനത്തിന്റെ ഉറവിടമായി ഈ ഓർമ്മക്കുറിപ്പ് വർത്തിക്കട്ടെ എന്ന് ആത്മാർത്ഥമായി ആശംസിക്കുന്നു. സമൂഹത്തിലെ നന്മനിറഞ്ഞ മാറ്റങ്ങൾക്കായി പ്രവർത്തിക്കുന്നവർക്ക് ഊർജ്ജദായകമായി ഒരു സുഹൈൽ നക്ഷത്രമായി എന്നും പ്രശോഭിക്കട്ടെ...

# For My Father, Who always put others First”

**Rifdu Rahman**
**(Son of Suhylu Rehuman)**

My father’s influence and contributions have left a deep and meaningful mark on many individuals and society as a whole. It’s not easy for me to express this, but I believe it’s more powerful when those around him, who were influenced by his endeavors, share their thoughts. Many people have already spoken about him, and it’s been eye-opening for me to learn about aspects of his life and work that even our family didn’t know. I wish I had been aware of this earlier to support him in his initiatives. I want to take a moment to express my heartfelt gratitude to all those who have taken the time to write about my father. The words and experiences shared are an invaluable treasure to me. I also extend my thanks to CIGI and its dedicated selfless team for their initiative in creating this tribute. Interacting with the people at CIGI has been a source of comfort, making me feel my father’s presence. The love and support we’ve received from them motivate us to continue his work and legacy. Once again, I want to sincerely thank CIGI, my father’s friends, and colleagues from MGU for their unwavering support from the time he was hospitalized and beyond. I pray to God that our relationship will endure for a long time to come.

# Suhail Rahman

**Dr. Mohamed Haggag USA**

During the period from 1992 to 2005, I had the privilege of working closely with Mr. Suhail Rahman who served as one of our HR Resource Managers in the Satellite Network Project, Kingdom of Saudi Arabia. Mr. Rahman was not just a valuable asset to our team but also a remarkable individual. His dedication to his role and the organization as a whole was truly commendable. One of his standout qualities was his unwavering commitment to paying meticulous attention to details. In the realm of human resources, where precision is paramount, Mr. Rahman's meticulous nature ensured that every aspect of his work, from employee records to recruitment processes, was flawlessly executed. What truly set Mr. Rahman apart, however, was his unwavering commitment to ethical values and honesty. He consistently demonstrated the highest levels of integrity in all his interactions, which not only earned him the respect of his colleagues but also set a shining example for the entire organization. Mr. Rahman's ability to navigate complex HR situations with the utmost fairness and transparency left an indelible mark on our workplace culture. His tenure with us from 1992 to 2005 was marked by his exceptional contributions and unwavering dedication, making him a cherished member of our team and a paragon of professionalism in the field of HR.



# 'സുഹൈൽ സർ പോയി ഇനിയെന്ത്!'

**രഹ്ന വി.എം.**
**(അഡീഷണൽ സെക്രട്ടറി, നിയമവകുപ്പ്**
**മെമ്പർ കേരള സംസ്ഥാന വഖ്ഫ് ബോർഡ്)**

**ഓ**രോ വേർപാടും ഉളവാക്കുന്ന ശൂന്യത സമാനതകളുള്ളവയല്ല. സുഹൈൽ സാറിന്റെ മരണ വാർത്ത അറിയിച്ചത് പല്ലന ബഷീർ സർ ആണ്. 'സുഹൈൽ സർ പോയി' 'ഇനിയെന്ത്?' എന്ന ചോദ്യം എത്രയോ ആവർത്തി മനസ്സിലൂടെ കടന്നുപോയി. മറ്റൊരു അർത്ഥത്തിൽ അനാഥത്വം. മത/ധർമ്മകാര്യങ്ങളിൽ വഴികാട്ടിയായിരുന്ന സുഹൈൽ സർ പകരംവയ്ക്കാൻ ആകാത്ത പ്രതിഭ. തിരുവനന്തപുരം വഖ്ഫ് ഡിവിഷണൽ ആഫീസർ ഹബീബ് സർ വഴിയാണ് സുഹൈൽ സാറിനെ പരിചയപ്പെടുന്നത്. ഏറെക്കാലത്തെ ടെലഫോൺ സംഭാഷണങ്ങൾക്ക് ഒടുവിലാണ് അദ്ദേഹത്തെ കാണുന്നത്. അന്നുവരെ കാണാത്ത ഒരാളുടെ മറുപടികളിലൂടെ അദ്ദേഹത്തെ അടുത്തറിയാൻ സാധിച്ചു. തന്റെ മറുപടികളിലൂടെ മതം/ധർമ്മം, അവയിലെ ന്യായാന്യായങ്ങൾ എന്നിവ പഠിപ്പിക്കാനും, യുക്തിയുക്തവും ന്യായവുമായ മറുപടികൾ കൊണ്ട് ശരി തെറ്റുകൾ തുറന്നുകാട്ടാനുമുള്ള അദ്ദേഹത്തിന്റെ പാടവം അസാധാരണമാണ്. ഒടുവിൽ, നേരിൽ കാണുമ്പോൾ നിറഞ്ഞ ചിരിയോടും, ഒരു സാത്വികന്റെ തികഞ്ഞ ഭാവത്തോടും കാണപ്പെട്ടു. വ്യക്തിപരമായ കാരണങ്ങളാൽ അല്ല; മറിച്ച് തനിക്ക് ചുറ്റുമുള്ള ലോകത്തെ സർവ്വ ദു:ഖവും തന്റേതുകൂടിയാണെന്ന ചിന്തയിൽ നിന്നും ഉടലെടുത്ത ഒരു സ്ഥായീഭാവമാണ് അദ്ദേഹത്തിന്റേതെന്ന് തുടർന്നുള്ള നാളുകളിൽ ഞാൻ തിരിച്ചറിഞ്ഞു.

ഒരിക്കൽപോലും വ്യക്തിപരമായ ആവശ്യങ്ങൾക്കോ പ്രശ്നങ്ങൾക്കോ സമീപിച്ചിട്ടില്ല. ആവശ്യപ്പെട്ടതും സംസാരിച്ചതും മറ്റുള്ളവരുടെ പ്രശ്നങ്ങളെക്കുറിച്ച്. ലാളിത്യമുള്ള ജീവിതത്തിന്റെ പ്രാധാന്യം ചൂണ്ടി കാട്ടി ഒരുവേള പറഞ്ഞു, "Rahana madam, (ആ വിളി ഒഴിവാക്കാൻ ആവശ്യപ്പെട്ടെങ്കിലും അത് ബോധമണ്ഡലത്തിൽ പതിഞ്ഞുപോയതാണെന്നായിരുന്നു മറുപടി) 'എന്റെ വാപ്പിച്ച പറയും നമ്മൾ എത്ര ധനം കൈവശം വയ്ക്കുമ്പോഴും bare minimum കൊണ്ട് തൃപ്തരായി ജീവിക്കാൻ സന്നദ്ധരായിരിക്കണം. പണം ഒരാളിന്റേതല്ല, അത് സൃഷ്ടികർത്താവിന്റേതാണ് അത് ആനുപാതികം അല്ലാതെ മനുഷ്യകരങ്ങളിലേയ്ക്ക് എത്തിച്ച് പരീക്ഷിക്കപ്പെടുന്നുണ്ട്'. ഒരു 'Benz' കാർ വാങ്ങി സഞ്ചരിക്കാൻ പ്രാപ്തനായിരിക്കുമ്പോഴും മാരുതിക്കാറിൽ സഞ്ചരിക്കാൻ കഴിഞ്ഞാൽ നാം വിജയിച്ചു. കാരണം, നാളെ അവ നഷ്ടപ്പെട്ടാലും പിടയാതെ ജീവിക്കാം അദ്ദേഹത്തിലെ മനുഷ്യസ്നേഹിയെ/സോഷ്യലിസ്റ്റിനെ അറിയാൻ ഇതിലേറെ എന്ത് വേണം.

ഇസ്ലാമിൽ സ്ത്രീവിരുദ്ധതയില്ലേയെന്ന് ചർച്ച ചെയ്ത മറ്റൊരു വേള പറഞ്ഞത്, 'കുഞ്ഞുങ്ങൾക്ക് മുലപ്പാൽ കൊടുക്കുന്നതിന് പോലും സ്ത്രീക്ക് വില കൽപ്പിച്ച മതമാണ് ഇസ്ലാം. വിവാഹമോചന സമയത്ത് ജീവനാംശം വിധിക്കുന്നതിന്റെ ഭാഗമായി കുഞ്ഞിന് മുലപ്പാൽ കൊടുത്തതിന് കൂട്ടിച്ചേർത്ത് തുക അനുവദിച്ച കേരളത്തിലെ ഒരു കോടതി വിധി എന്റെ പക്കലുണ്ട്'. ശരീഅത്തിലെ സ്വത്ത് വിഭജനരീതി സ്ത്രീകളോട് വിവേചനപരമല്ലേ എന്ന് ചർച്ച ചെയ്യുമ്പോഴും വന്നു മറുപടി, 'സ്വത്തല്ല; മറിച്ച് ബാധ്യതകളാണ് ഇസ്ലാം വിഭജിച്ചിരിക്കുന്നത്. ആ അർത്ഥത്തിൽ you are saved, അല്ലേ?' ഒരു വ്യക്തിയോ അയാളുടെ ഭാര്യയോ/ മക്കളോ മാത്രം ഉൾക്കൊള്ളുന്ന അണുകുടുംബം അല്ല അത് വിഭാവനം ചെയ്യുന്നതെന്ന് ഓർമ്മിപ്പിച്ചുകൊണ്ട്, തന്റെ വ്യക്തിജീവിതത്തിലെ ഒരു കാര്യം കൂടി കൂട്ടി ചേർത്തു പറഞ്ഞു, 'എന്റെ ബാങ്ക് ഇടപാടുകളിൽ നോമിനി കോളത്തിൽ ഒരാളെ മാത്രമായി നിർദ്ദേശിച്ചിട്ടില്ല. 'disburse as per sharia law' എന്നാണ് അതിൽ രേഖപ്പെടുത്തി

യിട്ടുള്ളത്. അവകാശികളിൽ ഒരാളെ പോലും കഷ്ടത്തിലാക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല.' തന്റെ പ്രത്യയശാസ്ത്രങ്ങൾ പ്രവർത്തിമണ്ഡലത്തിലേക്ക് അക്ഷരാർത്ഥത്തിൽ പകർത്തിയ ഒരു റിയലിസ്റ്റിന്റെ വാക്കുകളായിരുന്നു അവ. സ്വന്തം മക്കൾക്ക് വേണ്ടി മാത്രം വസ്തുവകകൾ ഏൽപ്പിച്ചുനൽകാൻ വെമ്പൽ കൊള്ളുന്നതിന്റെ ഭാഗമായി ചിലർ വ്യക്തി നിയമം വിട്ട് മറ്റു പ്രത്യേക നിയമങ്ങളിലേയ്ക്ക് ചേക്കേറുന്നതിന്റെയും അതിന്റെ പേരിൽ സ്വന്തം സഹോദരങ്ങളെ പൊതുജനമധ്യത്തിൽ താറടിക്കുന്നതിന്റെയും അർത്ഥശൂന്യതയെക്കുറിച്ച് ഏറെ സംസാരിച്ചുകൊണ്ട് ഉയർന്ന ബൗദ്ധികതലങ്ങളിലേയ്ക്ക് പോകാനും അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്. സ്ത്രീ വിഷയങ്ങൾ ഉയർന്നു വരുമ്പോൾ പ്രതിഷേധനിരയിൽപോലും പുരുഷൻ മാത്രമാണെല്ലോ, സ്ത്രീകളെ കാണുന്നില്ലല്ലോ എന്ന എന്റെ ചോദ്യത്തിന്, സ്ത്രീകൾ മുന്നിൽ നിന്ന് സമരം ചെയ്ത ചരിത്രം ഇസ്ലാമിനുണ്ടെന്നും എന്നാൽ ചില സ്വാർത്ഥ താൽപര്യക്കാരുടെ ഇടപെടലാണ് ഇത്തരം ഒഴിവാക്കലുകൾക്ക് കാരണമാകുന്നതെന്നും ഇക്കൂട്ടരെ കണ്ട് ഇസ്ലാം പഠിക്കേണ്ടതില്ലെന്നും ആയിരുന്നു മറുപടി. ഈ മറുപടിയിലൂടെ അദ്ദേഹത്തിലെ പുരോഗമനവാദിയെ/സ്ത്രീപക്ഷക്കാരനെയും അറിയാൻ സാധിച്ചു. ഇങ്ങനെ അനന്തമായി നീളുന്നു നമുക്കിടയിലെ സംവാദങ്ങൾ. ശേഷിക്കുന്ന ഒരുപിടി ഓർമ്മകൾ മനസ്സിന്റെ താളുകളിൽ കുറിച്ചിടുന്നു. നമുക്ക് നഷ്ടപ്പെട്ട മാർഗ്ഗദർശിയെ പുരോഗമനവാദിയെ, ലീഡറെ, ഉസ്താദിനെ, തിരിച്ച്കിട്ടുമോ ..? ഈ ചോദ്യവുമായി ആ മയ്യിത്ത് കണ്ട് പുറത്തിറങ്ങി വീടിന് പുറകിലെ ഒരു കസേരയിൽ ഇരിക്കുമ്പോൾ സുഹൈൽ സാറിന്റെ ഇളയ മകൾ വന്നു ചേർത്തു പിടിച്ച്കൊണ്ട് ചോദിച്ചു, "rahana madam അല്ലേ? എന്താ ഈ വെയിലത്ത് ഇരിക്കുന്നത് .. വരൂ ... ഉമ്മ അകത്തെ മുറിയിലുണ്ട്, കണ്ട് മടങ്ങിയാൽ മതി' എന്റെ കൈ പിടിച്ച് അകത്തേയ്ക്ക് കൊണ്ടുപോയി ആ മകളിൽ സുഹൈൽ സാറിനെ ഞാൻ തൊട്ടറിഞ്ഞു. മടങ്ങുമ്പോൾ മനസ്സ് പറഞ്ഞു 'പ്രിയ സുഹൈൽ സർ മരിക്കില്ല. ആ നന്മമരം ജീവിക്കും തലമുറകളിലൂടെ. അദ്ദേഹത്തെ കൈവിടില്ല ... താൻ കൂടെ കൂട്ടിയവർ, തന്റെ പ്രത്യയശാസ്ത്രങ്ങൾ, തന്റെ പ്രസ്ഥാനങ്ങൾ.'





# സുഹൈലിക്കാ നിങ്ങൾക്ക് യാത്രാ മൊഴി

കരിയർ ഗുരു ജലീൽ എം.എസ്

എന്റെ ഉപ്പ കഴിഞ്ഞാൽ പിന്നെ എനിക്ക് ഏറ്റവും നഷ്ടബോധം തോന്നിയ വേർപാട് സുഹൈലിക്കയുടേത് ആണ്. അതിനുമാത്രം എന്ത് ബന്ധമാണ് ഞാനും സുഹൈലിക്കയും തമ്മിൽ ഉള്ളത് എന്ന് ചോദിച്ചാൽ അതിനൊരു കൃത്യമായ ഉത്തരം എനിക്കില്ല. കാരണം അദ്ദേഹവുമായി എനിക്ക് രക്തബന്ധമോ കുടുംബബന്ധമോ ഇല്ല. പക്ഷെ അദ്ദേഹവുമായി അതിനേക്കാൾ ഒക്കെ വിലമതിക്കുന്ന ആത്മബന്ധം എനിക്കുണ്ട്. ചില ആത്മബന്ധങ്ങളും സൗഹൃദങ്ങളും കുടുംബ ബന്ധങ്ങളെക്കാൾ പ്രസക്തമായിരിക്കും നമുക്ക്. എന്റെ ജീവിതവുമായി വളരെയധികം ഇഴുകി ചേർന്ന ഒരു ആത്മബന്ധം ഞങ്ങൾക്കിടയിൽ രൂപപ്പെട്ടു വന്നിരുന്നു. അതിനു കാരണമോ, സിജിയും.

എന്ത് കാര്യത്തിന് ആലപ്പുഴയിൽ എത്തിയാലും ആദ്യം വിളിക്കുക സുഹൈലിക്കയെ ആണ്. ഒരിക്കൽ ഒരു പ്രോഗ്രാമിന്റെ ഭാഗമായി ഞാൻ ആലപ്പുഴയിൽ എത്തിയപ്പോൾ, ഫോണിലൂടെയുള്ള സ്നേഹസംഭാഷണങ്ങൾക്കിടയിൽ അസഹനീയമായ കാൽവേദനയെക്കുറിച്ച് പറഞ്ഞു. പ്രോഗ്രാം കഴിഞ്ഞ് ഹോട്ടലിൽ എത്തിയപ്പോൾ അവിടെ സുഹൈലിക്ക ഉണ്ട്. മൂപ്പർ തന്നെ മെഡിക്കൽ കോളേജിലെ ഡോക്ടറെ വിളിച്ചു മെഡിസിൻ പ്രിസ്ക്രിപ്ഷൻ എടുത്തു. എന്നെ കൂട്ടി മെഡിക്കൽ ഷോപ്പിൽ പോയി മരുന്നൊക്കെ വാങ്ങിപ്പിച്ചു. മരുന്നൊക്കെ കഴിച്ചു എന്നും തുടർന്ന് കഴിക്കുന്നുണ്ട് എന്നും ഉറപ്പ് വരുത്തി. ഇടയ്ക്കിടെ വിളിച്ചു വേദനയുടെ കാര്യം അന്വേഷിക്കും. മരിക്കുന്നതിനു ഒന്നൊന്നര മാസം മുൻപ് ഒരു പ്രോഗ്രാമിന് ആലപ്പുഴയിൽ പോയപ്പോൾ എന്നെ വിളിച്ച് അതെ ഡോക്ടറുടെ അപ്പോയിന്റ്മെന്റ് എടുപ്പിച്ചു, മൂപ്പർ തന്നെ ഡോക്ടറെ വിളിച്ചു കാര്യങ്ങൾ സംസാരിച്ചു. ചികിത്സയിൽ കൃത്യത കാണിക്കാത്തതിലെ നീരസവും ഇഷ്ടക്കേടും തുറന്നു പറഞ്ഞു. കോഴിക്കോട് മുതൽ ആലപ്പുഴ വരെ ഡ്രൈവ് ചെയ്തതിനെ എതിർത്തു. അന്ന് വൈകിട്ട് വീണ്ടും യാത്ര ചെയ്യുന്നത് നിരുത്സാഹപ്പെടുത്തുകയും, വൈകിട്ട് ചെയ്യേണ്ടിയിരുന്ന എം.ഇ.എസ് നെടുങ്കണ്ടം കോളേജ് പ്രിൻസിപ്പൽ ആയിരുന്ന റഷീദ് സാറിന്റെ നേതൃത്വത്തിൽ ഉള്ള ഒരു ഓൺലൈൻ കരിയർ ഗൈഡൻസ് പ്രോഗ്രാം മൂപ്പരുടെ വീട്ടിൽ ഇരുത്തി തന്നെ ചെയ്യിച്ചു. ആരോഗ്യം ശ്രദ്ധിക്കണം, എന്നും സ്വയം ഡ്രൈവ് ചെയ്യുന്നത് പരമാവധി ഒഴിവാക്കണം എന്നും കുറെ ഉപദേശിച്ചു. പരിഗണനയും കരുതലും കൊണ്ട് എനിക്ക് അദ്ദേഹം ഒരു ജ്യേഷ്ഠൻ ആയിരുന്നു.

ഭാര്യ ജെസ്മിക്ക് അപകടം പറ്റിയപ്പോൾ ഞാൻ വിളിച്ച ആളുകളിൽ ആദ്യത്തെ ആൾ സുഹൈലിക്ക ആയിരുന്നു. ഇടയ്ക്കിടെ അവളുടെ ആരോഗ്യ കാര്യങ്ങൾ അന്വേഷിക്കുമായിരുന്നു. ഒരിക്കൽ കോഴിക്കോട് വന്നപ്പോൾ എന്നെ വിളിച്ചു ജെസ്മിയെ കാണണം എന്ന് പറഞ്ഞു. പക്ഷെ അപ്പോൾ ഞാൻ നാട്ടിൽ ഇല്ലായിരുന്നു. മുമ്പ് എന്റെ പഴയ വീട്ടിൽ വന്നിട്ടുണ്ട്, ജെസ്മി ഉണ്ടാക്കിയ ഭക്ഷണം കഴിച്ചിട്ടുണ്ട്. അന്ന് ഭക്ഷണം കഴിച്ചശേഷം അവളോട് നേരിട്ട് അവളുടെ പാചകത്തെകുറിച്ച് നല്ല അഭിപ്രായം പറഞ്ഞു. ഞാൻ അവളുടെ ഭക്ഷണത്തെക്കുറിച്ച് എപ്പോളും നല്ലത് പറയുന്നതും ഒട്ടും കുറ്റം പറയാത്തതും വിഷമിപ്പിക്കാതിരിക്കാൻ ആണ് എന്നൊരു ആരോപണം അവൾക്ക് എന്നെ കുറിച്ച് ഉള്ളത് കൊണ്ട്, സുഹൈലിക്കയുടെ നിഷ്കളങ്കമായ അഭിപ്രായം ഒരു ആശ്വാസം ആയിരുന്നു. അവൾ അദ്ദേഹത്തെ ഇപ്പോഴും ഓർക്കുന്നുണ്ട്, അത്ര ഹൃദ്യമായിരുന്നു ഇടപെടൽ. അത് തന്നെയാണ് അദ്ദേഹത്തിന്റെ പ്രത്യേകത. പിന്നീട് ഞങ്ങൾ കുടുംബസുഹൃത്ത് ആയ അലി

അഷ്റഫിന്റെ കുടുംബത്തോടൊപ്പം ആലപ്പുഴ യിൽ ഫാമിലിട്രിപ്പിന് പോയപ്പോൾ മുഴുവൻ സമയവും ഞങ്ങളുടെ കൂടെ നിന്ന് നിർദ്ദേശങ്ങൾ തരികയും വേണ്ട സഹായങ്ങൾ ചെയ്യുകയും ചെയ്തു. എല്ലാ തിരക്കുകളും മാറ്റിവെച്ച് കുടുംബാംഗങ്ങളിൽ ഒരാളായി കൂടെ നിൽക്കു കയും ചെയ്തു. ഞങ്ങളുടെ മക്കളുടെ ഓർമയിൽ സജീവമായി ഇപ്പോളും അദ്ദേഹം ഉണ്ട് എന്നതാണ് അദ്ദേഹത്തിന്റെ അവർക്കിടയിലെ സ്വാധീനം, അങ്ങിനെ അദ്ദേഹം ചിലപ്പോളൊക്കെ എനിക്ക് കുടുംബത്തിലെ ഒരു കാരണവർ ആയിരുന്നു.

പത്ത്‌വർഷത്തെ സേവനത്തിനു ശേഷം സിജി യിൽ നിന്നും ഞാൻ ഇറങ്ങി, ഇനി എന്ത് എന്ന് ആലോചിച്ച് ആകെ ആശങ്കയിലും ആശയക്കുഴപ്പ ത്തിലും ആയപ്പോൾ എന്നെ അദ്ദേഹം കൂടെ നിർത്തി. ചിലർ അകലം പാലിക്കാൻ സൂക്ഷ്മത കാണിച്ചപ്പോൾ അദ്ദേഹം ചേർത്ത് പിടിച്ചു. സിജി ആലപ്പുഴ ഘടകത്തിന്റെ നേതൃത്വനിരയിൽ സജീവമായി ഉണ്ടായിരുന്ന അദ്ദേഹം, എന്നോട് 'ജലീലെ, നിങ്ങൾ സിജിയുടെ തന്നെ ഭാഗം ആണ്, നിങ്ങൾ സിജിക്കാരൻ തന്നെ ആണ്' എന്ന് കേവല ഉപചാരങ്ങൾ പറഞ്ഞു ബോധ്യപ്പെടുത്താൻ ശ്രമിക്കുകയല്ല, മറിച്ച് ആലപ്പുഴ ഭാഗത്ത് കരിയർ ഗൈഡൻസ് പ്രോഗ്രാമുകൾ പ്ലാൻ ചെയ്ത് ഒരു സെഷൻ എങ്കിലും എനിക്ക് തന്നു എന്നെ കൂടെ നിർത്തുകയായിരുന്നു അദ്ദേഹം. ആലപ്പുഴ സിജിക്കാരെ അങ്ങനെ ബോധ്യപ്പെടുത്തുകയും ചെയ്തിരുന്നു. കരിയർ ഗൈഡൻസ് രംഗത്ത് ജലീലിനു ഇനിയും ഒരുപാട് ചെയ്യുവാൻ ഉണ്ട് എന്നും, അതിനാൽ ആരോഗ്യം സൂക്ഷിക്കൽ സാമൂഹികബാധ്യതയാണ് എന്നും അദ്ദേഹം ഓർമ്മപ്പെടുത്തുമായിരുന്നു. ഒരു അർത്ഥത്തിൽ ആലപ്പുഴ സിജി ആയിരുന്നു എന്റെ പ്രചോദനം. കരിയർ ഗൈഡൻസിൽ ഉറച്ച് നില്ക്കാൻ എന്നെ പ്രചോദിപ്പിച്ച ഒരുപാട് ഘടകങ്ങളിൽ ഒരു പ്രധാന ഘടകം സുഹൈലിക്ക ആയിരുന്നു. ഒപ്പം ആലപ്പുഴ യിലെ വളരെ ഹൃദ്യമായ ചില സ്നേഹബന്ധ ങ്ങളിലേയ്ക്കുള്ള ചങ്ങലക്കണ്ണിയായിരുന്നു സുഹൈലിക്ക. പ്രത്യേകിച്ച് ഹബീബിക്ക, അഖ്നിസ്, ഹലീൽ, ഷഫീക്ക് സാർ, മുജീബ് റഹ്മാൻ, നൗഷാദ് പോലുള്ളവർ. അതുകൊണ്ട് അദ്ദേഹം എനിക്ക് എന്റെ പേഴ്സണൽ മെൻറർ കൂടി ആയിരുന്നു.

മീൻ പ്രാന്ത് ഉള്ള ഒരാളാണ് ഞാൻ. എന്റെ മത്സ്യ വിഭവങ്ങളോടുള്ള ഇഷ്ടം മനസ്സിലാക്കിയിട്ട് ഞാൻ ആലപ്പുഴയിൽ വരുന്ന സമയങ്ങളിൽ മൂപ്പർ തന്നെ പോയി നല്ല മീനൊക്കെ വാങ്ങി ഭാര്യ ബീനാത്ത യെ കൊണ്ട് പ്രത്യേകം പറഞ്ഞു ഉണ്ടാക്കി തരുമായിരുന്നു. അവസാനം മേയ് മാസത്തിൽ ആലപ്പുഴയിൽ ഒരു പ്രോഗ്രാമിന് വന്നപ്പോളും അദ്ദേഹം എന്നെ കൂട്ടികൊണ്ട് പോയി മീൻ പൊള്ളി ച്ചത് കഴിപ്പിച്ചാണ് പറഞ്ഞു വിട്ടത്. ഡ്രൈവ് ചെയ്ത് കോഴിക്കോട് എത്തുന്നത് വരെ രണ്ട് മൂന്നു പ്രാവശ്യമെങ്കിലും വിളിച്ച് ശ്രദ്ധിച്ച് പോകാൻ ഓർമപ്പെടുത്തിയിരുന്നു. നിഷ്കളങ്കമായ സ്നേഹം കൊണ്ട് അദ്ദേഹം എനിക്ക് പിതൃതുല്യൻ ആയിരുന്നു.

പലപ്പോഴും എന്റെ വ്യകതിപരമായ, ജോലി സംബന്ധമായ, കുടുംബപരമായ കാര്യങ്ങളിലെ ആത്മസംഘർഷങ്ങളിൽ എനിക്ക് വഴികാട്ടി ആയിരുന്നു സുഹൈലിക്ക. എന്ത് പ്രശ്നങ്ങൾ ഉണ്ടെങ്കിലും നിർദേശങ്ങൾക്ക് ഞാൻ അദ്ദേഹത്തെ വിളിച്ചിരുന്നു, അദ്ദേഹത്തെ മാത്രം. എന്റെ പ്രശ്നങ്ങൾക്ക് അദ്ദേഹത്തിന്റെ പക്കൽ മികച്ച പരിഹാരങ്ങൾ ഉണ്ടായിരുന്നു. എന്റെ ആത്മീയ ഗുരുവായിരുന്നു അദ്ദേഹം.

പ്രവാചകൻ പറഞ്ഞിട്ടുണ്ട് നിങ്ങൾക്ക് ആരോടെങ്കിലും സ്നേഹം ഉണ്ടെങ്കിൽ അയാളോട് അത് തുറന്നു പറയണം എന്ന്, ഞാൻ പറഞ്ഞി ട്ടുണ്ട്, അദ്ദേഹത്തോട് എനിക്ക് നിങ്ങളെ ഒരുപാട് ഇഷ്ടമാണെന്ന്, ഇഷ്ടം നിങ്ങളെ കാണിക്കാൻ എനിക്ക് ആവില്ല എന്നും. അത് അദ്ദേഹത്തിന് അറിയാം. ആകെയുള്ള സമാധാനവും ആശ്വാസ വും അതാണ്.

വിധിയെന്ന് പറഞ്ഞു ആശ്വസിക്കാം. പക്ഷെ ചില നഷ്ടങ്ങൾ നമുക്ക് താങ്ങാനോ ഉൾകൊള്ളാ നോ ആവില്ല. ചിറകരിഞ്ഞു പോയ ഒരു നിസ്സഹായത. സ്വന്തം നിഴൽ പോലും നഷ്ടമായ ശൂന്യത. അതിങ്ങനെ നമ്മളെ ഒറ്റപ്പെടുത്തി ഭീകര മായി ഭയപ്പെടുത്തും. നഷ്ടം നഷ്ടം തന്നെയാണ്. മനസ്സ് കലങ്ങി, നിശബ്ദം തേങ്ങി, സുഹൈലിക്കാ നിങ്ങൾക്ക് യാത്രാമൊഴി.



# സുഹൈൽ ഒരു സുവർണ്ണ ഹൃദയത്തിന്റെ ഉടമ

**ഡോ. ടി.ടി. ശ്രീകുമാർ**
**(എഴുത്തുകാരൻ, സതീർത്ഥ്യൻ)**

സുഹൈൽ എനിക്ക് വെറുമൊരു സുഹൃത്തായിരുന്നില്ല; ഒരു ജ്യേഷ്ഠനെപ്പോലെ എന്നെ സ്നേഹിച്ച ആത്മമിത്രമായിരുന്നു. അദ്ദേഹത്തിന്റെ സമീപകാല വേർപാട് എന്റെ ഹൃദയത്തിൽ വലിയൊരു മുറിവാണ് സൃഷ്ടിച്ചത്. ഞങ്ങളുടെ വൈകാരികബന്ധം കേവലസൗഹൃദത്തിന്റെ അതിർവരമ്പുകൾ കൊണ്ട് അളക്കാനാവുന്നതല്ല. കോളേജ് കാലഘട്ടത്തിൽ, സുഹൈലിന്റെ പിന്തുണയും പ്രോത്സാഹനവും സാഹിത്യത്തോടുള്ള എന്റെ അഭിനിവേശത്തിന് ആക്കം കൂട്ടിയിരുന്നു. 'പുതിയ കവിതകൾ വല്ലതും ഉണ്ടോ' എന്ന് ഓരോ ദിവസവും ആകാംക്ഷയോടെ അന്വേഷിക്കുന്ന ഒരേ ഒരു സുഹൃത്ത് സുഹൈൽ ആയിരുന്നു. ഉണ്ടെന്നു പറഞ്ഞാൽ ഉടനെ അത് ചൊല്ലിക്കേൾക്കാൻ ഒരു മരച്ചുവട്ടിലേക്കു ഇരിക്കുകയായി. ബിരുദം നേടിയതിന് ശേഷവും, ഞങ്ങൾ ബന്ധം നിലനിർത്തിയിരുന്നു. പരേതനായ ലൈബ്രേറിയൻ രവീന്ദ്രൻനായർ സാറും സുഹൈലും അടുത്ത സുഹൃത്തുക്കളായിരുന്നു. രവീന്ദ്രൻ സാർ എന്റെയും അടുത്ത സുഹൃത്തായിരുന്നു എന്നത് ഞങ്ങളെ മൂന്നു പേരെയും കൂടുതൽ അടുപ്പിച്ചു. ഞാൻ വിദേശത്തു പോയപ്പോഴും നാട്ടിൽ വരുന്നതിനെക്കുറിച്ചന്വേഷിക്കുകയും തമ്മിൽ കാണാൻ ശ്രമിക്കുകയും ചെയ്തിരുന്നു രണ്ടു പേരും.

എം.ജി.യൂണിവേഴ്സിറ്റിയിലെ അർപ്പണബോധമുള്ള ജീവനക്കാരനായ സുഹൈൽ ഒരു സുവർണ്ണഹൃദയത്തിന്റെ ഉടമയായിരുന്നു. ഗവേഷകരോ അധ്യാപകരോ അവരുടെ പിഎച്ച്ഡി, പൂർത്തീകരണത്തിന്റെ ഔപചാരികതകളുടെ കടമ്പ കടക്കാൻ സഹായം തേടുമ്പോഴെല്ലാം, അവർക്കുവേണ്ടി അദ്ദേഹം കഴിയുന്നതെല്ലാം ചെയ്തു കൊടുത്തിരുന്നു. വിരമിച്ചശേഷവും മറ്റുള്ളവരെ സഹായിക്കാനുള്ള അദ്ദേഹത്തിന്റെ പ്രതിബദ്ധത അചഞ്ചലമായി തുടർന്നു. പിഎച്ച്ഡി ഫലം വൈകുന്ന ഒരു സുഹൃത്തിനായി ഞാൻ ഈയിടെ അദ്ദേഹത്തെ സമീപിച്ചപ്പോഴും ഒരു മടിയും കൂടാതെ പ്രശ്നം പരിഹരിക്കാൻ അദ്ദേഹം സർവകലാശാലയിൽ പോയി. നിസ്വാർത്ഥതയ്ക്ക് അതിരുകളില്ലാത്ത വ്യക്തിയായിരുന്നു സുഹൈൽ. എന്നെ 'ശ്രീ' എന്നും മറ്റുള്ളവരോട് സംസാരിക്കുമ്പോൾ 'ടീടീ' എന്നുമാണ് സുഹൈൽ പറഞ്ഞിരുന്നത്. ഈ അടുത്തകാലത്തു സുഹൈൽ പോയതിനുശേഷം എന്നെ വിളിച്ച ഒരു സുഹൃത്ത് പറഞ്ഞത് 'ടീടീ'എന്ന് പറയുമ്പോൾ സുഹൈലിന് വലിയ സ്നേഹമായിരുന്നു എന്നാണ്. 'ടീടീയുടെ സുഹൃത്തല്ലേ, പ്രത്യേകിച്ച് ഒന്നും പറയണ്ട. ഞാൻ ഒപ്പമുണ്ട്' എന്നാണ് എന്റെ മറ്റൊരു സുഹൃത്ത് ഒരു സഹായം ചോദിച്ചപ്പോൾ സുഹൈൽ പറഞ്ഞതെന്നു അവർ എന്നെ വിളിച്ചു പറഞ്ഞിട്ടുണ്ട്.

ഒരു സുഹൃത്തെന്ന നിലയിലുള്ള അദ്ദേഹത്തിന്റെ ആത്മാർത്ഥതയും സ്നേഹവും വാക്കുകളിൽ വിവരിക്കാൻ പ്രയാസമാണ്. സോഷ്യൽ മീഡിയയിൽ, എന്നോടുള്ള സ്നേഹവും സൗഹൃദവും പ്രകടിപ്പിച്ചുകൊണ്ട് അദ്ദേഹം ഇടയ്ക്കിടെ അഭിപ്രായം പറയുമായിരുന്നു, ഞങ്ങളുടെ കോളേജ് കാലഘട്ടത്തിൽ ഞാൻ എഴുതിയ പഴയ മുദ്രാവാക്യങ്ങളും ഈരടികളും അദ്ദേഹം ഓർത്തു എഴുതുന്നത് എന്നെ അത്ഭുതപ്പെടുത്തിയിട്ടുണ്ട്. നാല് ദശാബ്ദം മുൻപുള്ള ഈ ഉദ്ധരണികളിൽ പലതും എന്റെ തന്നെ ഓർമ്മയിൽ നിന്നുപോലും എന്നേ വഴുതിപ്പോയവയായിരുന്നു. പക്ഷേ സുഹൈൽ അവയെല്ലാം സ്നേഹപൂർവ്വം ഓർത്തുവച്ചു.

സാമൂഹികപ്രശ്ങ്ങളിൽ ഇടപെടുകയും സാമൂഹികമാറ്റത്തിനായി പ്രവർത്തിക്കുകയും ചെയ്തിരുന്ന ഒരു ആക്ടിവിസ്റ്റ് കൂടിയായിരുന്നു സുഹൈൽ. ഇടതുപക്ഷ വിദ്യാർത്ഥി പ്രവർത്തകനായും ഇടതുപക്ഷ യൂണിയൻ പ്രവർത്തകൻ എന്ന നിലയിലും ഇന്നത്തെ രാഷ്ട്രീയ സാഹചര്യത്തിൽ പലപ്പോഴും അവഗണിക്കപ്പെടുന്ന ആദർശങ്ങളിലും മൂല്യങ്ങളിലും സുഹൈൽ ഉറച്ചുനിന്നു. ജോലിയിൽ നിന്നും പിരിഞ്ഞപ്പോൾ വിദ്യാഭ്യാസ വികസനപ്രവർത്തനങ്ങളിൽ അദ്ദേഹം മുഴുകി. അദ്ദേഹത്തിന്റെ സംരംഭങ്ങളെ വളരെയധികം വിലമതിക്കുന്നുണ്ടെന്ന് ഞാൻ നേരിട്ട് പറഞ്ഞിട്ടുണ്ട്. കൊച്ചുകുട്ടിയെപ്പോലെ അദ്ദേഹം അതിൽ ആഹ്ലാദിച്ചിട്ടുണ്ട്.

ഞങ്ങളുടെ സൗഹൃദത്തിൽ ആ വൈകാരികാംശം ഉണ്ടായിരുന്നതിനാൽ, അദ്ദേഹം ഒരു പ്രാസംഗികനായോ പരിശീലകനായോ പങ്കെടുക്കുന്ന വിവിധ ചടങ്ങുകളുടെയും പരിപാടികളുടെയും ഫോട്ടോഗ്രാഫുകൾ എനിക്ക് അയച്ചുതരുമായിരുന്നു. അവ കാണുന്നത് എനിക്ക് സന്തോഷമാണെന്നു അദ്ദേഹത്തിന് അറിയാമായിരുന്നു. സാമൂഹികപ്രവർത്തനത്തിനും വിദ്യാഭ്യാസ പുരോഗതിക്കുമുള്ള അദ്ദേഹത്തിന്റെ അഭിനിവേശവും മാറ്റമുണ്ടാക്കാനുള്ള പ്രതിബദ്ധതയും അഭിമാനത്തോടെയും ആഹ്ലാദത്തോടെയുമാണ് ഞാൻ എപ്പോഴും വീക്ഷിച്ചിട്ടുള്ളത്.

ഇതിലെല്ലാമുപരി നാടൻ തമാശകളുടെ വലിയ ശേഖരമായിരുന്നു സുഹൈൽ. നാട്ടിൻപുറത്തുകാരായ ചില മനുഷ്യരുടെ സരസമായ പ്രതികരണങ്ങൾ തികഞ്ഞ നർമ്മബോധത്തോടെ അവതരിപ്പിക്കാൻ സവിശേഷമായ ഒരു കഴിവാണ് സുഹൈലിന് ഉണ്ടായിരുന്നത്. അത്തരം കഥകൾ കേട്ട് ഞാൻ പൊട്ടിപൊട്ടി ചിരിച്ചിട്ടുള്ള സന്ദർഭങ്ങൾ നിരവധിയാണ്. അദ്ദേഹത്തിന്റെ നിസ്സീമമായ സഹൃദയത്വം ആ വ്യക്തിത്വത്തിന്റെ മാറ്റ് കൂട്ടിയിട്ടേയുള്ളൂ.

സുഹൈൽ, സുഹൃത്തുക്കൾക്കും സഹപ്രവർത്തകർക്കും എക്കാലവും പ്രിയപ്പെട്ടവനായിരുന്നു. സ്നേഹത്തിന്റെയും സേവനത്തിന്റെയും പാതയിലൂടെ ലോകത്തെ കൂടുതൽ മെച്ചപ്പെട്ട സ്ഥലമാക്കി മാറ്റുന്നതിനുള്ള പ്രതിബദ്ധതയുടെ ഒരു പാരമ്പര്യം അദ്ദേഹം തന്റെ പ്രവർത്തനങ്ങൾക്കായി സ്വീകരിച്ചതിൽ എനിക്ക് അത്ഭുതമില്ല. കാരണം അതായിരുന്നു അദ്ദേഹത്തിന്റെ മനസ്സിന്റെ നന്മയും തെളിച്ചവും.

ഏറ്റവും ഒടുവിൽ ഞങ്ങൾ കണ്ടത് കോട്ടയത്ത് എം.ജി.സർവകലാശാലയിൽ ഞാൻ ഒരു പ്രഭാഷണത്തിന് വന്നപ്പോഴായിരുന്നു. അദ്ദേഹം അപ്പോഴേക്ക് ജോലിയിൽനിന്നു പിരിഞ്ഞിരുന്നു. പക്ഷെ യോഗസ്ഥലത്ത് കൃത്യമായി എത്തുകയും ഞങ്ങൾ ഒരുമിച്ചു കുറെനേരം ചെലവഴിക്കുകയും ഒന്നിച്ചു ഭക്ഷണം കഴിക്കുകയും ചെയ്തു. സ്വാഭാവികമായും അതിനുശേഷം ഞങ്ങൾ തമ്മിലുള്ള ഫോൺ സംഭാഷണങ്ങൾ വർദ്ധിച്ചു. ഇടയ്ക്കിടെ പരസ്പരം വിശേഷങ്ങൾ ആരാഞ്ഞുകൊണ്ടിരുന്നു. പക്ഷെ രോഗഗ്രസ്തനായ വിവരം എന്നെ അറിയിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. എന്നാൽ അദ്ദേഹം ആശുപത്രിയിലാവുന്നതിനു തൊട്ടുമുൻപ്, എത്രയും വളരെ അടുത്ത ഒരു സമയത്താണ്, ഒരു സുഹൃത്തിന്റെ മകനുവേണ്ടി അദ്ദേഹം വിളിച്ചതും സുഹൃത്തും മകനും എന്നോട് പിന്നീട് സംസാരിച്ചതും. അകാലത്തിൽ അദ്ദേഹം മറഞ്ഞുപോയെന്ന് ഇനിയും പൂർണ്ണമായി വിശ്വസിക്കാൻ കഴിയുന്നില്ല.

കൗമാരകാലം മുതൽ വിടപറയുന്നതുവരെ ഒരു മാറ്റവുമില്ലാതെ എന്നെ ഇത്രയും സ്നേഹിച്ച മറ്റൊരു സുഹൃത്തുണ്ടാവില്ല. സുഹൈൽ, എന്റെ പ്രിയ സുഹൃത്തേ, താങ്കളുടെ ഓർമ്മകൾ എന്റെ ഹൃദയത്തിൽ അതിന്റെ സ്പന്ദനം നിലയ്ക്കും വരെ നിലനിൽക്കും.



# കാമ്പസ്സിലെ സംഘാടകൻ

**ടി.ജെ. ആഞ്ചലോസ്**
**(സതീർത്ഥ്യൻ, മുൻ എം.പി. സിപിഐ ജില്ലാ സെക്രട്ടറി)**

സുഹൈൽ റഹ്മാൻ ഉച്ചയ്ക്ക് ചായ കുടിക്കാൻ വിളിക്കും. കോളേജ് ദിനങ്ങളിൽ ഉച്ചയ്ക്ക് ഊണ് ഇല്ലല്ലോ? ഞങ്ങളുടെ പോക്കറ്റ് രാവിലെ കാലിയായിരിക്കും. അതറിഞ്ഞ് തന്നെ സുഹൈൽ വിളിക്കും. ക്ലാസ് കാമ്പെയിൻ കഴിഞ്ഞ ക്ഷീണമുള്ളതുകൊണ്ട് തന്നെ സുഹൈലിന്റെ ക്ഷണം ലഭിച്ചാൽ ഉടൻ തോളിൽ കയ്യിട്ട് ചായക്കടയിലേക്ക്. ചായ വാങ്ങി തരുന്നതിനൊപ്പം കുറെ സംശയങ്ങളും ഉന്നയിക്കും. എല്ലാം രാഷ്ട്രീയ കാര്യങ്ങൾ. മറുപടി കേട്ടാൽ ചില വിഷയങ്ങളിലുള്ള അദ്ദേഹത്തിന്റെ നിലപാടും തുറന്ന് പങ്കുവയ്ക്കും. എല്ലാവരുമായി സൗഹൃദം. നിറഞ്ഞ ചിരിയോടെ സുഹൈൽ എല്ലാവരോടും സൗഹൃദം പങ്കുവയ്ക്കുന്നത് കാണേണ്ടതു തന്നെയാണ്. ക്ലാസ്മുറിയിൽ കടന്നാൽ എളിമയുള്ള വിദ്യാർത്ഥി. അദ്ധ്യാപകർക്ക് ഏറെ സ്നേഹമുണ്ടായിരുന്ന വിദ്യാർത്ഥി. കാമ്പസ്സിലെ മികച്ച സംഘാടകൻ. കുടുംബത്തിൽ നിന്ന് ലഭിച്ച വിനയവും, മറ്റുള്ളവരെ സ്നേഹിക്കുവാനുള്ള ഹൃദയവിശാലതയും എന്തിനെക്കുറിച്ചും അറിയുവാനുള്ള ജിജ്ഞാസയും, സഹജീവികളെ സഹായിക്കുവാനുള്ള മനോഭാവവും ഒത്തിണങ്ങിയ വിദ്യാർത്ഥിയെയാണ് സുഹൈലിൽ കാണുവാൻ കഴിഞ്ഞത്. കലാലയ ജീവിതത്തിലെ സൗഹൃദങ്ങൾ പിന്നീടുള്ള ജീവിത സമരത്തിൽ വിസ്മരിക്കപ്പെടാറാണ് പതിവ്. അതിൽ നിന്ന് വ്യത്യസ്തമായിരുന്നു ഞങ്ങൾ തമ്മിലുള്ള ബന്ധം. വിശേഷ ദിവസങ്ങളിൽ രാവിലെ തന്നെ എത്തുന്ന കോളുകൾ. പല്ലന വഴി സന്ദർശിക്കുമ്പോൾ ഉണ്ടാകുന്ന സൗഹൃദ സന്ദർശനങ്ങൾ. ഒന്നിനും ബ്രേക്കുണ്ടായിരുന്നില്ല. അപ്രതീക്ഷിതമായി അദ്ദേഹം വിട ചൊല്ലിയെന്ന വാർത്ത വിളിച്ചറിയിച്ചവർ ഏറെയാണ്. അതിൽ ഏറെ പേർ അദ്ദേഹത്തിന്റെ വേർപാട് അറിയിച്ചപ്പോൾ വിതുമ്പുന്നുണ്ടായിരുന്നു. അവസാനമായി സുഹൈലിന് വിട നൽകുവാൻ എത്തിയവരെ കാണുമ്പോൾ മനസ്സിലായി ഈ നാട് അദ്ദേഹത്തെ എത്രയോ സ്നേഹിച്ചിരുന്നു. അവർ നൽകിയതിന്റെ ഇരട്ടി സ്നേഹം സുഹൈൽ തിരിച്ചു നൽകിയിട്ടുണ്ട്.



# സുഹൈൽ റഹ്മാൻ എന്നും ഒരു വഴികാട്ടി നക്ഷത്രം

ഡോ. അബ്ദുൽ അസീസ്. പി.ടി.
(റിട്ട. പ്രിൻസിപ്പാൾ, സർ സയ്യിദ് കോളേജ്, സിജി സീനിയർ റിസോഴ്സ് പേഴ്സൺ)

ആലപ്പുഴയിൽ പല്ലനയാറിന്റെ തീരത്താണ് സുഹൈലിന്റെ വീട്. പല്ലനയാറിന്റെ കരയിലാണ് മഹാകവി കുമാരനാശാന്റെ ഭൗതികശരീരം അന്ത്യവിശ്രമം കൊള്ളുന്നത്. ആശാന്റെ നളിനി എന്ന കാവ്യത്തിൽ പ്രസിദ്ധമായ ഒരു വരിയുണ്ട്: 'അന്യ ജീവനുതകി സ്വജീവിതം ധന്യമാക്കുമമലേ വിവേകികൾ' എന്ന്. സുഹൈൽ റഹ്മാനെ സംബന്ധിച്ചിടത്തോളം അക്ഷരാർത്ഥത്തിൽ ഇതു തന്നെയായിരുന്നു ജീവിതം. മരണം പുൽകുന്നത് വരെ മറ്റുള്ളവർക്കായി സ്വജീവിതം സമർപ്പിച്ച വ്യക്തിയായിരുന്നു സുഹൈൽ.

സുഹൈലിനെ പരിചയപ്പെടുന്നത് എന്നു മുതൽക്കാണ് എന്ന്, നാളും പക്കവും എന്റെ ഓർമ്മയിൽ ഇല്ല. എന്റെയോ സുഹൈലിന്റെയോ കാര്യത്തിനായിരുന്നില്ല ആ പരിചയപ്പെടൽ. ആലപ്പുഴയിലും പരിസരങ്ങളിലും, ഉള്ള പിന്നോക്കവിഭാഗത്തിൽപ്പെട്ട, അരികുവൽക്കരിക്കപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസ പുരോഗതിക്ക് വേണ്ടിയായിരുന്നു അത്. പത്താംതരത്തിൽ ആരും പാസാവാത്ത ഒരു സർക്കാർ സ്കൂളിനെ രക്ഷിച്ചെടുക്കാനുള്ള പരിശ്രമത്തിൽ നിന്നാണ് തുടക്കം. ആരും പാസാകുന്നില്ല എന്നറിഞ്ഞിട്ടും അവിടെ തങ്ങളുടെ മക്കളെ പഠിക്കാൻ അയക്കുന്ന നിരക്ഷരരും ദരിദ്രരും നിസ്സഹായരുമായ രക്ഷിതാക്കളെയും, സ്വപ്നം കാണാൻ പോലും അറിയാതെ തങ്ങളുടെ പരിതോവസ്ഥകളിൽ തടവിലിടപ്പെട്ട കുട്ടികളെയും ഉയർത്തിക്കൊണ്ടുവരാനായി സുഹൈൽ കഠിനമായി പണിപ്പെട്ടു. ദാരിദ്ര്യത്തെ സ്കോളർഷിപ്പ് കൊണ്ടും അശ്രദ്ധയെ കരുതൽകൊണ്ടും അപ്രാപ്തിയെ പരിശീലനം കൊണ്ടും മാറ്റിയെടുത്ത് സുഹൈൽ വിദ്യാഭ്യാസരംഗത്ത് പുത്തൻ വിപ്ലവം സൃഷ്ടിച്ചെടുക്കുകയായിരുന്നു. പിന്നോക്കവിഭാഗത്തിനും പിന്നോക്കക്കാർക്കും ഉയരാൻ വിദ്യാഭ്യാസ മുന്നേറ്റം മാത്രമേ മാർഗമുള്ളൂ എന്ന് അദ്ദേഹം നിരന്തരം പറഞ്ഞു നടന്നു. കോട്ടയം മഹാത്മാ ഗാന്ധി സർവ്വകലാശാലയിൽ നിന്ന് ജോലി കഴിഞ്ഞ് തന്റെ മോട്ടോർസൈക്കിളിൽ ആലപ്പുഴയിലും കോട്ടയത്തും എറണാകുളത്തും അദ്ദേഹം ഓടിപ്പാഞ്ഞത് രക്ഷിതാക്കളെയും കുട്ടികളെയും സാമൂഹ്യപ്രവർത്തകരെയും ഇക്കാര്യം ബോധ്യപ്പെടുത്താൻ വേണ്ടിയായിരുന്നു. ചെറുചെറു സംഘങ്ങളെ അവിടെയും ഇവിടെയും വിളിച്ചുകൂട്ടി അവർക്ക് അറിവിന്റെ വലിപ്പം മനസ്സിലാക്കി കൊടുത്തു. അറിവില്ലായ്മയുടെ ഇരുട്ടിൽ ജ്ഞാനത്തിന്റെ തിരികൊളുത്താൻ ആളുകളെ പരിശീലിപ്പിച്ചു. വഴിതെറ്റി അലയുന്ന ഒരു സമൂഹത്തിനു മുമ്പിൽ അദ്ദേഹം വിളക്കും വഴികാട്ടിയുമായി. പിന്നോക്ക പ്രദേശങ്ങളിൽ വെളിച്ചം വിതറാൻ വിളക്കുമാടങ്ങളെ സൃഷ്ടിച്ചു കൊണ്ടിരുന്നു.

ഇത്തരത്തിൽ വിദ്യാഭ്യാസതൽപരരുടെ കൂട്ടായ്മകൾ സൃഷ്ടിച്ചുകൊണ്ട് അദ്ദേഹം തെക്കൻ കേരളത്തിൽ ഉടനീളം പ്രവർത്തിച്ചു. ഇതിനിടയിൽ കോഴിക്കോട്ടേക്ക് നിരന്തരം അക്ഷീണം യാത്ര നടത്തി തന്റെ പ്രവർത്തനത്തിനുള്ള ഊർജ്ജവും സ്നേഹവും ശേഖരിച്ചിരുന്നു. ഇതിനിടയിലൊന്നും സുഹൈൽ തന്നെക്കുറിച്ച് ചിന്തിച്ചതേയില്ല. അസൗകര്യങ്ങളിലും പരിമിതികളിലും അന്തിയുറങ്ങി. Concern about others എന്നതായിരുന്നു അദ്ദേഹത്തിന്റെ കൊടിയടയാളം. അതാണ് മതം എന്ന് അദ്ദേഹം വിശ്വസിച്ചു. അതിൽപരം ആത്മീയതയില്ലെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. അപരന് വേണ്ടി വിയർത്തു. അപരന്റെ മക്കൾക്ക് വേണ്ടി രാപ്പകൽ അധ്വാനിച്ചു. അവർക്ക് ഉയരാനും ഉന്നതങ്ങളിൽ എത്താനും വേണ്ടിയുള്ളതാകണം തന്റെ ജീവിതം എന്ന് സുഹൈൽ കരുതി. തന്റെ ജീവിതലക്ഷ്യം അതാണെന്ന് അദ്ദേഹം കണ്ടു.

→



# നന്മയിൽ അധിഷ്ഠിതമായ ജീവിതം

**Z. ഷാജഹാൻ അമ്പഴയിൽ, ഇലിപ്പക്കുളം**
**(സിജി ആലപ്പുഴ)**

നന്മ പ്രവർത്തിക്കുക എന്ന ഉത്തരവാദിത്വം പ്രവർത്തന പഥത്തിൽ കൊണ്ടുവന്ന വ്യക്തിത്വ മായിരുന്നു പ്രിയപ്പെട്ട സുഹൈൽ സാർ. 2008 കാലഘട്ടത്തിലാണ് ഞാൻ സുഹൈൽ സാറിനെ പരിചയപ്പെട്ടത്. പരിചയപ്പെട്ടതു മുതൽ തന്നെ സിജിയുടെ പ്രവർത്തനവുമായി ഒന്നിച്ച് സഹകരി ക്കാൻ കഴിഞ്ഞിരുന്നു. സിജിയുടെ മോട്ടിവേഷൻ പ്രോജക്ട് ആയ പ്രീമാപ്പ് ഇലിപ്പിക്കുളം മേഖല യിൽ നടത്തുന്നതിനും അതിനുശേഷം താഴെത്ത ട്ടിലെ വികസനം ലക്ഷ്യമാക്കി സിജി സംസ്ഥാന തലത്തിൽ നടത്തിയിരുന്ന സോഷ്യൽ ആക്ടിവിറ്റി ഫോർ ഗ്രാസ് റൂട്ട് എംപവർമെന്റ് (SAGE) എന്ന പദ്ധതിക്ക് ഇലിപ്പകുളം മേഖലയെ തിരഞ്ഞെടു ക്കുവാനും അതിന്റെ പ്രവർത്തനത്തിൽ അത്യധി കം പ്രാധാന്യത്തോടെ മുന്നോട്ട് കൊണ്ടുപോകു വാനും സുഹൈൽ സാർ എന്ന വ്യക്തിത്വം കാണിച്ചിട്ടുള്ള നന്മകൾ ഈ അവസരത്തിൽ ഞാൻ ഓർത്തു പോവുകയാണ്. നിരവധി തവണ ഇലിപ്പക്കുളത്തെ വിദ്യാഭ്യാസ പരിപാടികളിൽ സുഹൈൽ സാറുമായി ഒന്നിച്ച് പ്രവർത്തിച്ചിട്ടുണ്ട്. അവസാനമായി സിജി ഇന്റർവെൻഷൻ ഫോർ അക്കാഡമിക് ബ്രില്യൻസ് എന്ന CIAB പ്രോജക്ടി ന്റെ പ്രാരംഭ പ്രവർത്തനത്തിൽ നിരവധി തവണ ഇലിപ്പക്കുളത്ത് വരികയും ആവശ്യമായ എല്ലാ സഹായസഹകരണവും ചെയ്തിട്ടുള്ളതും മനസ്സിൽ നിന്നും മായാതെ ഓർക്കുകയാണ്. വിദ്യാ ഭ്യാസവുമായി ബന്ധപ്പെട്ട് പല പ്രദേശങ്ങളിൽ നിന്നും രക്ഷകർത്താക്കളുടെയും വിദ്യാർത്ഥികളു ടെയും പലതരത്തിലുള്ള സംശയനിവാരണത്തി നായി സുഹൈൽ സാറിന്റെ സേവനം എനിക്ക് സഹായകമായിരുന്നു. ഏറ്റവും അവസാനമായി അസുഖബാധിതനായി ആശുപത്രിയിൽ പ്രവേശി ക്കുന്നതിന് മുമ്പ് ചാരുംമൂടിന് അടുത്തുള്ള ചുനക്കര മുസ്ലിം ജമാഅത്തിൽ ജമാഅത്ത് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നടത്തിയ കരിയർ ഗൈഡൻസ് പ്രോഗ്രാമിൽ സുഹൈൽ സാറി നൊപ്പം മുഴുവൻ സമയവും പങ്കെടുക്കാൻ സാധിച്ച തും ഒരു നല്ല കാര്യമായി ഓർക്കുകയാണ്. പരിചയ പ്പെട്ട അന്നുമുതൽ നന്മയുടെ പ്രവർത്തനങ്ങളിൽ ആയിരുന്നു ഒത്തുചേരൽ. എവിടെയും നന്മയുടെ പൂക്കൾ വിതറാനുള്ള സാറിന്റെ കഴിവ് മാതൃകയാ ക്കേണ്ട പ്രവർത്തനം തന്നെയാണ്. സാറിന്റെ പ്രവർത്തനവും സേവനവും സർവ്വശക്തൻ സ്വീകാര്യ യോഗ്യമാക്കട്ടെ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു.

→

ക്ഷണപ്രഭാ ചഞ്ചലം ആയിരുന്നു സുഹൈലി ന്റെ ജീവിതം. ഒരുപാട് കാലം അദ്ദേഹം ജീവിച്ചില്ല. അകാലത്തിൽ അദ്ദേഹത്തിന്റെ ജീവിതം പൊലിഞ്ഞു പോയി. തന്റെ ജീവിതത്തെക്കുറിച്ച് അദ്ദേഹം ചിന്തിച്ചില്ല. തന്റെ ആരോഗ്യത്തെക്കുറിച്ച് ആകുലപ്പെട്ടില്ല. അതിന് അദ്ദേഹത്തിന് സമയമില്ലാ യിരുന്നു. പക്ഷേ ഒരു കാര്യം വ്യക്തമായി അന്യരുടെ ജീവിതത്തിന് ഉതകുന്നതായിരുന്നു അദ്ദേഹത്തിന്റെ ജീവിതം.

സുഹൈൽ എന്നൊരു നക്ഷത്രമുണ്ട്. സൂര്യനേ ക്കാൾ 71 മടങ്ങ് വലിപ്പമുണ്ട് ആ നക്ഷത്രത്തിന്. പത്താം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന പേർഷ്യക്കാര നായ ഗോളാന്തര ശാസ്ത്രജ്ഞൻ അൽ സൂഫി യാണ് ആ നക്ഷത്രത്തിന് സുഹൈൽ എന്ന് പേരിട്ടത്. വിലോലമായ എന്നാണ് അതിനർത്ഥം.

സായാഹ്ന സാനുവിൽ വിലോലതാരകമായി നമുക്കുമുന്നിൽ സുഹൈൽ നക്ഷത്രമുണ്ട്. സുഹൈൽ റഹ്മാൻ എന്നും ഒരു വഴികാട്ടി നക്ഷത്രം.

# സന്നദ്ധത, വിനയം, പ്രതിബദ്ധത... സുഹൈൽറഹ്മാൻ

**അഹമ്മദ് പി.പി**
**(സിജി സീനിയർ റിസോഴ്സ് പേഴ്സൺ)**


**2005**ൽ കോഴിക്കോട് ജെഡിടി ഇസ്ലാം ഓർഫനേജിൽ സിജി വളണ്ടിയർമാർക്കുള്ള പ്രാരംഭ പരിശീലന പരിപാടിയായ മോട്ടിവേഷൻ ആക്ടിവേഷൻ പ്രോഗ്രാം (MAP) നടക്കുന്നു. പരിശീലനപരിപാടിയുടെ തുടക്കത്തിൽ എൻ.വി. കബീർ ആദ്യ സെഷനിൽ ഓരോരുത്തരും സ്വയം പരിചയപ്പെടുത്തുന്ന ഘട്ടം. ഒരാൾ വളരെ പരിമിതമായി 'ഞാൻ സുഹൈൽറഹ്മാൻ, എം.ജി.യൂണിവേഴ്സിറ്റിയിൽ ജോലി ചെയ്യുന്നു, ആലപ്പുഴക്കാരൻ' എന്ന് മാത്രം പറഞ്ഞു നിർത്തുന്നു. ആ ഘട്ടത്തിൽ എൻ.വി.കബീർ ഇടപെടുന്നു. സൗദിയിൽ സിജി സംബന്ധമായ യാത്രയ്ക്കിടയിൽ പരിചയപ്പെട്ടതും, തിരിച്ചു നാട്ടിൽ വരാൻ ഉദ്ദേശിക്കുന്ന കാര്യം പറഞ്ഞതും, തിരിച്ചുവന്നാൽ ആലപ്പുഴയിൽ സിജിക്ക് അടിത്തറ ഉണ്ടാക്കുമെന്ന് വാക്ക് കൊടുത്തതുമെല്ലാം കബീർ കൂട്ടിച്ചേർക്കുന്നു. അന്നാണ്, ആ വിനയമുഹൂർത്തത്തിൽ സുഹൈൽക്കയെ ആദ്യമായി കാണുന്നത്.

പിന്നീടുള്ള ചരിത്രം ആലപ്പുഴ സിജിയുടെ ചരിത്രം കൂടിയാണ്. ഡോ. അബ്ദുൽസലാമിലും ഒന്നോ രണ്ടോ ആളുകളിലും ഒതുങ്ങിയിരുന്ന ആലപ്പുഴ സിജി ജില്ലയിലാകെയും, ജില്ലക്ക് പുറത്തും സേവനവെളിച്ചം പരത്തുന്ന ഒരു മഹാവിളക്കായി വളർന്നതിന് പിന്നിൽ സുഹൈൽ റഹ്മാൻ എന്ന മനുഷ്യന്റെ സംഘാടനമികവും, പ്രതിബദ്ധതയും, സന്നദ്ധതയും വലിയ പങ്കാണ് വഹിച്ചിട്ടുള്ളത്.

അന്നത്തെ പരിശീലന പരിപാടിക്ക് ശേഷം സിജി ഓഫീസിൽ നടന്ന ഏതോ ഒരു മീറ്റിംഗിനിടയിലാണ് ഞങ്ങൾ വ്യക്തിപരമായി പരിചയപ്പെടുന്നത്. അവിടന്നിങ്ങോട്ടുള്ള സ്നേഹയാത്രയിൽ അദ്ദേഹത്തിന്റെ വിനയവും, കരുതലുമെല്ലാം നന്നായി അനുഭവിക്കാനുള്ള യോഗമുണ്ടായി. 2006 ൽ സിജിയുടെ പരിശീലനവിഭാഗത്തിന്റെ ചുമതല എന്നിൽ അർപ്പിക്കപ്പെട്ടപ്പോൾ ആദ്യമായി നടത്തിയ MAP ആലപ്പുഴ പുന്നപ്രയിലെ മോഡൽ റസിഡൻഷ്യൽ സ്കൂളിൽ ആയിരുന്നു. രാവിലെ എൻ.വി.കെ.യെയും എന്നെയും ആലപ്പുഴ റെയിൽവേസ്റ്റേഷനിൽ വന്ന് സ്വീകരിക്കുവാനും, ഞങ്ങൾക്ക് പ്രാഥമിക സൗകര്യങ്ങളും ഭക്ഷണവും ഒരുക്കാനും അദ്ദേഹം കാണിച്ച ആദിത്യമര്യാദ അത്ഭുതകരമായിരുന്നു. എൻ.വി.കെയോടും എന്നോടുമൊപ്പം സുഹൈൽക്ക 3 ദിനരാത്രങ്ങൾ ആ പരിപാടിയുടെ പൂർണ്ണവിജയത്തിനായി വേദിയിലും വേദിക്ക് പുറത്തും ചേർന്ന് നിന്നു. ആളുകളോട് അദ്ദേഹം പെരുമാറുന്ന രീതിയും, ചേർത്തു പിടിക്കുന്ന രൂപവും അന്നാണ് ഞാൻ നേരിട്ടനുഭവിച്ചത്. പിന്നീട് സിജിയുടെ സെയ്ജ് പ്രൊജക്റ്റ് ഡയറക്ടർ ആയിരിക്കുന്ന സമയത്ത്, ആലപ്പുഴയിലെ ഇലപ്പിക്കുളത്ത് അതിന്റെ വിജയകരമായ നടത്തിപ്പിനു വേണ്ടി സുഹൈൽക്ക വ്യക്തിപരമായി എടുക്കുന്ന ത്യാഗം ബോധ്യപ്പെട്ടത് ഇലപ്പിക്കുളത്തെ പരിപാടി കഴിഞ്ഞ് അദ്ദേഹത്തോടൊപ്പം ബൈക്കിൽ വീട്ടിലേക്ക് യാത്ര ചെയ്തപ്പോഴാണ്. 30-35 കിലോമീറ്റർ ദൂരമുണ്ട് ഇലപ്പിക്കുളത്തു നിന്ന് പല്ലനയിലേക്ക്. എന്നിട്ടും ഇലപ്പിക്കുളത്തെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഉപദേശ നിർദ്ദേശങ്ങളും, നേതൃത്വവും നൽകുവാൻ സുഹൈൽക്ക കാണിച്ചിരുന്ന താൽപര്യവും, ആവേശവും, എല്ലാ തിരക്കുകൾക്കിടയിലും അതിനുവേണ്ടി സമയംകണ്ടെത്തുന്ന രീതിയും എടുത്ത് പറഞ്ഞേതീരൂ.

വ്യക്തിപരമായ മറ്റൊരു വിശേഷം കൂടി ഇവിടെ പറയണമെന്ന് തോന്നുന്നു. എന്റെ നാട്ടിൽ ഞങ്ങളുടെ വിദ്യാഭ്യാസ കൂട്ടായ്മയുടെ ഒരു സെമിനാറിൽ പങ്കെടുക്കാൻ വേണ്ടി സുഹൈക്ക വന്നു. രാവിലെ അദ്ദേഹത്തിന്റെ പ്രാഥമിക

→



# ഞങ്ങളുടെ സുഹൈൽ

**പി.ആർ. ജയകുമാർ**
(MGയൂണിവേഴ്സിറ്റി)

ഞങ്ങളൊരുമിച്ചാണ് മഹാത്മാഗാന്ധി സർവകലാശാലയിൽ ജോലിക്കു ചേർന്നത്. കുറേക്കാലം ഒരുമിച്ചാണ് താമസിച്ചിരുന്നത്. സുഹൈൽ അന്നേ കുടുംബസ്ഥനായിരുന്നു. എംപ്ലോയീസ് അസോസിയേഷന്റേയും സംസ്കാര യുടേയും പ്രവർത്തനങ്ങളിൽ ഏറെ ക്രിയാത്മക മായി സുഹൈൽ ഇടപെടാൻ തുടങ്ങിയിരുന്നു. സംസ്കാരയുടെ പ്രവർത്തനങ്ങൾ കൂടുതൽ വിശാലവും ജനകീയവും വിപുലവും ആയി തീർന്നതിൽ സുഹൈൽ എന്ന മികച്ച സംഘാടക ന്റെ ഭാവനാപൂർണ്ണമായ സംഭാവന വളരെ വലുതായിരുന്നു. കൂട്ടായ യാത്രകൾ, മാഗസിൻ പുസ്തകപ്രസാധനം, ജീവനക്കാരുടെ കുട്ടികൾ ക്കായുള്ള ക്യാമ്പുകൾ, അവർക്ക് മാർഗ്ഗദർശകമാ യുള്ള പഠന വേദികൾ, പഠനയാത്രകൾ എന്നിവ യെല്ലാം സംസ്കാരയുടെ പതിവ് പ്രവർത്തന ങ്ങളിൽ ഉൾചേർന്നു. സുഹൈൽ അകത്തും പുറത്തും വലിയ കൂടിച്ചേരലായിരുന്നു. വളരെ കൃത്യമായ ഇടതുപക്ഷ പുരോഗമന രാഷ്ട്രീയ പ്രവർത്തനങ്ങൾ.... കണ്ടുമുട്ടുന്ന ഏതൊരാളെയും മുൻപേ പരിചയക്കാരനാണെന്ന വിധത്തിലുള്ള പരിഗണനയാലും സ്നേഹത്താലും തന്നോട് വല്ലാതെ അടുപ്പിക്കുന്ന മനോഹരമായ പെരുമാറ്റം. നിഷ്കളങ്കമായി ആഹ്ലാദിപ്പിക്കുന്ന നർമ്മം. ആർക്കും എപ്പോഴും ഏതു വിധത്തിലും സഹായം ചെയ്യാനുള്ള സന്നദ്ധത. അഗാധവും ശുദ്ധവുമായ ഖുർആൻ ജ്ഞാനം. മണ്ണിൽ ഉറച്ചുനിന്നുകൊണ്ടും പ്രായോഗികവും മുൻവിധികളേതുമേയില്ലാതെയു മുള്ള പ്രവർത്തനശൈലി. അതിവിപുലമായ സൗഹൃദബന്ധുവലയങ്ങൾ. ആത്മീയമായ അപരത്വനിരാസം തന്നെയായിരുന്നു അതിന് അടിസ്ഥാനം. ഏറ്റവും ആധുനീകമായ പ്രൊഫഷ ണൽ, വിദ്യാ, പരിശീലനാദികളോട് ചേർന്ന് വ്യാപരിക്കുമ്പോഴും ഒരു നാടൻ ലാളിത്യം ജീവിതത്തിലുടനീളം സുഹൈൽ സൂക്ഷിച്ചിരുന്നു, എല്ലാ പുറംപൂച്ചുകളേയും നിരാകരിച്ചുകൊണ്ട്. സുഹൈൽ പ്രസന്നതയാർന്ന ചലനത്തിന്റേയും ഒഴുക്കിന്റേയും ആളായിരുന്നു. പ്രവാസവും അതി ന്റെ ഭാഗമായിരുന്നു. വായനാനുഭവങ്ങൾ ഒരുപാട് പങ്കുവച്ചിരുന്നു. ഒക്കെയും ഓർമ്മകളായി മാറുന്നു. സാർത്ഥകമായ ആ ജീവിതയാത്രയിൽ കണ്ടു മുട്ടിയവർക്കൊക്കെ വെളിച്ചം പകർന്ന് ലഭിച്ചു കൊണ്ടേയിരുന്നു. സുഹൈൽ ആത്യന്തികമായി സർവ്വസഹോദരനായിരുന്നു. ഒരു നല്ല മനുഷ്യനാ യിരുന്നു. ആ പുഞ്ചിരിയിലും ഹൃദയത്തിലും ദൈവ സ്പർശമുണ്ടായിരുന്നു. സുഹൈലിനു പകരം സുഹൈൽ മാത്രമേയുള്ളൂ..

---

→

കാര്യങ്ങൾക്കും ഭക്ഷണത്തിനുമുള്ള സൗകര്യം എന്റെ വീട്ടിലായിരുന്നു ഒരുക്കിയത്. തിരിച്ചു പോകുമ്പോൾ അദ്ദേഹം എന്റെ കുടുംബത്തെ അദ്ദേഹത്തിന്റെ വീട്ടിലേക്ക് ക്ഷണിച്ചിരുന്നു. അതിൽ പിന്നെ ഓരോ തവണ കണ്ടുമുട്ടുമ്പോഴും ഫോണിൽ വിളിക്കുമ്പോഴും അക്കാര്യം അദ്ദേഹം ഓർമിക്കുകയും, ആവർത്തിക്കുകയും ചെയ്തിരു ന്നു. അത് ഇന്നും ഒരു വീട്ടാക്കടമായി നിലനിൽ ക്കുന്നു.

പടച്ചോൻ സുഹൈൽക്കയെ എല്ലാവിധ ആദരവുകളും നൽകി സ്വീകരിക്കുമാറാകട്ടെ എന്ന് പ്രാർത്ഥന

# മരണമെത്തുന്ന നേരത്ത്

**ഡോ.ബിന്ദു.ഡി, പാനൂർ**
**(റിട്ട. അസി. പ്രൊഫ. പാലക്കാട് വിക്ടോറിയ കോളേജ്)**


മരണം ഒരാളെ ഇല്ലാതാക്കുകയല്ല. അയാൾ ഈ ഭൂമിയിൽ പതിപ്പിച്ചിട്ട് പോയ അടയാളങ്ങളിലൂടെ ഒരുപാട് ഹൃദയങ്ങളിൽ നിലനിർത്തുകയാണ് ചെയ്യുന്നത്. സുഹൈൽറഹ്മാൻ എന്ന സുഹൈലിക്ക ഭൂമിയിൽ പതിപ്പിച്ച, നന്മയുടെ, സഹാനുഭൂതിയുടെ, സ്നേഹത്തിന്റെ അടയാളങ്ങൾ ഒരുപക്ഷേ ആ മരണത്തിന് ശേഷമാണ് പലരുടെയും അറിവിലെത്തുന്നത് (വീട്ടുകാരുടെ പോലും). പാനൂർക്കാരിയായ എനിക്ക് എൽപി സ്കൂൾ കാലഘട്ടം മുതൽ പരിചിതമായ മുഖമാണ് സുഹൈൽറഹ്മാൻ എന്ന സുഹൈലിക്കയുടേത്.

വൈലിത്തറ വീടിന്റെ മുൻപിലായിരുന്നു ഞാൻ പഠിച്ച പാനൂർക്കര എൽ.പി.സ്കൂൾ. എന്റെ അച്ഛൻ പാനൂർ ധർമ്മപാലന്റെയും വല്യച്ഛൻ നരേന്ദ്രൻവൈദ്യന്റെയും പ്രിയസുഹൃത്തായിരുന്ന വൈലിത്തറ മൗലവിയുടെ മകൻ എന്ന നിലയിലും, എന്റെ സഹപാഠിയായ ബീനയുടെ ജീവിതപങ്കാളി എന്ന നിലയിലും മാത്രമായിരുന്നില്ല എനിക്ക് അദ്ദേഹം പ്രിയപ്പെട്ടയാളാകുന്നത്. 16-ാംവയസ്സിൽ പാനൂർ നാട്ടിൽ നിന്ന് പോയി, വിദ്യാർത്ഥിയായും അദ്ധ്യാപികയായും പ്രഭാഷകയായും പുതിയ പുതിയ' ആകാശങ്ങളിലേക്ക് ചിറകുവിടർത്തുമ്പോഴും, എന്റെ വേരുകൾ, ഞാൻ ചവിട്ടി നടന്ന ഈ പാനൂരിന്റെ മണ്ണിലാണെന്ന് പറയുമ്പോൾ, അതാണ് ബിന്ദൂ നിന്റെ ക്വാളിറ്റി എന്ന് എന്നോടും, എന്നെക്കുറിച്ച് മറ്റുള്ളവരോടും പറയാനുള്ള മനസ്സ് അദ്ദേഹത്തിനുണ്ടായിരുന്നു. മറ്റുള്ളവരെ അംഗീകരിക്കാൻ, അവരുടെ കഴിവുകൾ പറഞ്ഞു പരത്താൻ ചെറിയമനസ്സുള്ളവർക്ക് അത്രയെളുപ്പം പറ്റുകയില്ലല്ലോ! ഞാൻ അമ്പലപ്പുഴ കോളജിൽ പഠിപ്പിക്കുന്ന സമയത്ത് ട്രാഫിക് നിയമങ്ങളുമായി ബന്ധപ്പെട്ട് കുട്ടികളോട് സംസാരിക്കുന്നതിന്റെ ഒരു ചെറിയ വീഡിയോ അയച്ചു കൊടുത്ത തൊട്ടടുത്ത ദിവസം ഫേസ്ബുക്കിൽ പോസ്റ്റ്ചെയ്തു കൊണ്ട് സുഹൈലിക്ക അടിക്കുറിപ്പെഴുതിയത്, 'ഇത് ബിന്ദു. ധർമ്മപാലൻ മാമന്റെ മകൾ. അമ്പലപ്പുഴ സർക്കാർ കലാശാലയിൽ അദ്ധ്യാപിക. കുട്ടികളെ പഠിപ്പിക്കുന്നത് കൂടാതെ ഇങ്ങനെയൊക്കെയുള്ള പരിപാടികൾക്ക് ഇറങ്ങിത്തിരിക്കും എന്നാണ്. കണ്ണും മനസ്സും നിറഞ്ഞുപോയ ആ അനുഭവം ഒറ്റപ്പെട്ടതല്ല. പലതവണ എന്നെക്കുറിച്ച്, എന്റെ അച്ഛനെക്കുറിച്ച്, അച്ഛന്റെ കോൺഗ്രസ്സ് രാഷ്ട്രീയത്തെക്കുറിച്ച്, അച്ഛന്റെ നന്മകളെകുറിച്ച്, ഞങ്ങളുടെ നാട്ടിൽ ആദ്യമായി സൈക്കിൾ ചവിട്ടിയ പെണ്ണായ എന്നെ നാട്ടുകാർ ഇന്ദിരാഗാന്ധി എന്ന് വിളിച്ചതിനെക്കുറിച്ച്, ഒക്കെ എത്ര സ്നേഹപൂർവം സുഹൈലിക്ക എഴുതി!

വ്യക്തമായും ഇടതുപക്ഷ താത്പര്യക്കാരനായിരുന്നെങ്കിലും അദ്ദേഹത്തിന്റെ മനുഷ്യത്വത്തിന് പക്ഷഭേദമുണ്ടായിരുന്നില്ല. മുസ്ലീം സമുദായത്തിൽ പിറന്ന് ഉറച്ച ദീനിബോധത്തിൽ ജീവിച്ചയാളായിരുന്നെങ്കിലും ആ സ്നേഹത്തിന് സമുദായ ബാഹ്യമായ പരിഗണനകളാണുണ്ടായിരുന്നത്. ആ പരിഗണനകൾ അനുഭവിച്ചവർ ഒരുപാടുണ്ട്. അവരുടെ ഹൃദയത്തിൽ അദ്ദേഹം പതിപ്പിച്ച ഒരടയാളമുണ്ട്. എന്റെയുള്ളിലുമുണ്ട് സുഹൈലിക്കയുടെ സ്നേഹത്തിന്റെയും വാത്സല്യത്തിന്റെയും അടയാളം. ആ അടയാളം മായ്ക്കാൻ ഒരു മരണത്തിനും കഴിയില്ല. വൈലോപ്പിള്ളി പറഞ്ഞതാണ് ശരി.

'ഹാ! വിജിഗീഷുമൃത്യുവിന്നാമോ

ജീവിതത്തിൻ കൊടിപ്പടം താഴ്ത്താൻ'



# അനായാസം മറ്റുള്ളവർക്കായി ജീവിച്ചു കാണിച്ചൊരാൾ...

കെ.എ. സൈഫുദ്ദീൻ, മാധ്യമം

ഒരുപാട് കാലം ഞാൻ സുഹൈൽ സാറിന്റെ ക്ലാസിലിരുന്നിട്ടുണ്ട്. ഒരുപക്ഷേ, ആ ക്ലാസ് മുറിയിലെ ഏറ്റവും അനുസരണകെട്ട വിദ്യാർഥി ഞാനായിരുന്നിരിക്കണം. എന്നിട്ടും, എന്നോട് അദ്ദേഹം ദേഷ്യപ്പെട്ടതായി ഓർമയില്ല. പിന്നീട് രണ്ടുമൂന്നു വട്ടം എന്റെ ക്ലാസിലെ വിദ്യാർഥിയായി സുഹൈലിക്കയും ഇരുന്നിട്ടുണ്ട്. അപ്പോൾ ഏറ്റവും അനുസരണയുള്ള വിദ്യാർഥി അദ്ദേഹമായിരുന്നു. കാലം ചിലപ്പോൾ അങ്ങനെയാണല്ലോ. ഒരിക്കലും കൂട്ടിയോജിപ്പിക്കാൻ കഴിയാത്ത ചില കണക്കുകളായി അതങ്ങനെ നമുക്കു മുന്നിൽ അതിശയമായി നിൽക്കും.

അക്കാലത്തെ പതിവുശീലം കണക്കെ പ്രീഡിഗ്രി ഇംഗ്ലീഷും തോറ്റ് പാരലൽ കോളജിൽ രണ്ടാമൂഴക്കാരനായി എത്തിയതായിരുന്നു ഞങ്ങൾ. കല്ലൂർക്കാടൻ അരിയുടെ ചോറുകണക്കെ ദഹിക്കാൻ പാടുള്ള ഇംഗ്ലീഷിനെ വെണ്ണപ്പാകത്തിൽ ഞങ്ങളുടെ ദഹനശീലങ്ങൾക്കിണക്കി തന്നത് സുഹൈൽ സാറാണ്. ഉച്ചവരെയാണ് ക്ലാസുകൾ. അദ്ദേഹത്തിന്റെ വീടിനു സമീപം ഫിഷറീസ് ആശുപത്രിക്കായി അക്വയർ ചെയ്ത് കേസിലായ ഒരു നെൽപ്പാടമുണ്ടായിരുന്നു. ചെമ്മണ്ണടിച്ച് നികത്തി കെട്ടിടം പണി പാതിയിലെത്തിയപ്പോൾ കേസിൽ കുടുങ്ങിയതാണ്. അസ്ഥികൂടം കണക്കെ ഇഷ്ടികകളിൽ ഉയർന്നു നിൽക്കുന്ന ചില തൂണുകളും പാതിയിലായ ചുമരുകളുമായി അതങ്ങനെ ചോദ്യചിഹ്നം കണക്കെ നിന്നു. മൂന്നു പതിറ്റാണ്ടിനു ശേഷം ആ മൈതാനത്ത് ഇപ്പോൾ ഫിഷറീസ് ആശുപത്രി യാഥാർത്ഥ്യമായിട്ടുണ്ട്.

ആ ഗ്രൗണ്ടായിരുന്നു ഞങ്ങളുടെ ലോഡ്സും ഓവലും ഈഡൻ ഗാർഡനുമെല്ലാം. ആദ്യമായി ഞങ്ങളുടെ നാട്ടിൽ ക്രിക്കറ്റ് കളി കൊണ്ടുവന്നത് സുഹൈൽ സാറാണ്. അതും കവളംമടൽ വെട്ടി റബ്ബർ പന്തുമായി കളിച്ചുനടന്ന നാട്ടുപിള്ളേരുടെ കളി, ഇന്നത്തെപ്പോലെ സാർവത്രികമായിരിക്കുന്ന ടെന്നിസ് ബാൾ ക്രിക്കറ്റോ ഒന്നുമായിരുന്നില്ല. ബാറ്റും ക്രിക്കറ്റ് ബാളും ഗ്ലൗസും പാഡും സ്റ്റംപുമൊക്കെയുള്ള നല്ല ഫുൾ സെറ്റപ്പ് ടീം. ഹെൽമെറ്റ് ഒഴികെ ബാക്കിയെല്ലാമുള്ള തനി പ്രൊഫഷണൽ ടീം. ലെതർ ബോളിലായിരുന്നു ആദ്യം കളിച്ചിരുന്നതെങ്കിലും ചുറ്റുപാടും വെള്ളമുള്ളതിനാൽ കോർക്ക് ബാളിലാക്കി കളി എന്നൊരു ചെറിയ വ്യത്യാസം മാത്രം.

കളിയും കളിനിയമങ്ങളുമെല്ലാം പറഞ്ഞു തന്ന് അദ്ദേഹം അവിടെയും ഞങ്ങളുടെ അധ്യാപകനായി. പാകിസ്ഥാൻ ക്രിക്കറ്റ് താരം അബ്ദുൽ ഖാദറിനെ അനുസ്മരിപ്പിക്കുന്ന ശൈലിയിലുള്ള സുഹൈൽ സാറിന്റെ ലെഗ്സ്പിന്നുകൾ ഞങ്ങൾക്കെന്നും പേടി സ്വപ്നമായിരുന്നു. ക്രീസിൽ നിന്ന് പ്രലോഭിച്ചിറക്കി നമ്മുടെ വിക്കറ്റും കൊണ്ട് കടന്നുകളയും ആ പന്തുകൾ. അദ്ദേഹത്തിന്റെ അനിയൻ സഹിൽ റഹ്മാനും ഞങ്ങളുടെ ടീമിലെ കളിക്കാരനായിരുന്നു. ഒരിക്കൽ ഞാൻ ഹാട്രിക് വിക്കറ്റിട്ടപ്പോൾ അതാഘോഷമാക്കി എല്ലാവർക്കും അപ്പോൾ തന്നെ മധുരം വിളമ്പിയത് സുഹൈലിക്കയാണ്. പിന്നീട് കളിയുടെ കടിഞ്ഞാൺ ഞങ്ങളിലേക്ക് കൈമാറി ടീമിലെ ഒരംഗം മാത്രമായി ഒതുങ്ങി നിൽക്കാൻ അദ്ദേഹം പുലർത്തിയ ശ്രദ്ധയിൽ ഒരു ടീം ലീഡറുടെ മാതൃകയുണ്ടായിരുന്നു. ഞാൻ ക്യാപ്റ്റനായ ടീമിൽ വെറുമൊരു കളിക്കാരനായി മത്സരങ്ങൾക്കിറങ്ങാൻ അദ്ദേഹത്തിന് ഒരു മടിയുമുണ്ടായിരുന്നില്ല.

സന്ധ്യയ്ക്ക് അദ്ദേഹം ഞങ്ങളുടെ കവലയിൽ വരിക സഖാവ് സുഹൈൽ എന്ന വേഷത്തിലായിരുന്നു. ഇസ്‌ലാമിക പ്രഭാഷകനായി നാട്ടിലും മറുനാട്ടിലും നിറഞ്ഞുനിന്ന വൈലിത്തറ

മുഹമ്മദ്കുഞ്ഞ് മൗലവിയുടെ മകൻ അക്കാലത്ത് നിരീശ്വര പ്രസ്ഥാനമെന്ന് വിളിപ്പേരുണ്ടായിരുന്ന കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്രവർത്തകനായി പരകായപ്രവേശം നടത്തിയ സന്ധ്യകൾ. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ബാലപാഠങ്ങൾ പറഞ്ഞുതരുന്ന പാർട്ടി സൈദ്ധാന്തികനായി അദ്ദേഹമപ്പോൾ മാറുമായിരുന്നു.

ബന്ധുത്വം കൊണ്ട് എന്റെ സഹോദരനാണ് അദ്ദേഹം. എന്റെ ഉമ്മയുടെ ജ്യേഷ്ഠത്തിയുടെ മകൻ. ബാപ്പയുടെ വഴിയിലും ഞങ്ങൾ ബന്ധുക്കളായിരുന്നു. പക്ഷേ, സഹോദരൻ എന്നതിനെക്കാൾ സുഹൃത്തെന്നോ സഖാവെന്നോ നിലകളിൽ അദൃശ്യമായ ഒരു ബന്ധം ഞങ്ങളെ ചേർത്തു നിർത്തിയിരുന്നു. ഒരിക്കലെങ്കിലും കോപാകുലനായി അദ്ദേഹത്തെ ഞാൻ കണ്ടിട്ടില്ല. അസഭ്യം പറയുന്നതായി കേട്ടിട്ടില്ല. എം.ജി യൂണിവേഴ്സിറ്റിയിൽ ഉദ്യോഗസ്ഥനായി പോയപ്പോൾ അദ്ദേഹത്തെ തീരെ കിട്ടാതായി. പിന്നീട് ലീവെടുത്ത് ഗൾഫിൽ പോയി.

ഗൾഫിൽ നിന്ന് തിരികെ വന്ന ശേഷമായിരുന്നു അദ്ദേഹത്തിന്റെ ജീവിതത്തിന്റെ രണ്ടാം അധ്യായം തുടങ്ങുന്നത്. പണ്ടത്തെക്കാൾ വിദ്യാഭ്യാസത്തിന്റെ ആവശ്യകത നാട്ടുകാർക്ക് ബോധ്യമായി തുടങ്ങിയ കാലമായിരുന്നു അത്. കെട്ടിടങ്ങളും കച്ചവട സ്ഥാപനങ്ങളും വാഹനങ്ങളും സമ്പാദിക്കുന്നതിനെക്കാൾ വിദ്യാഭ്യാസത്തിനു നൽകേണ്ട പ്രാധാന്യം ബോധ്യപ്പെടുത്താൻ അദ്ദേഹം നടത്തിയ ശ്രമങ്ങൾ. സിജി എന്ന എജൂക്കേഷണൽ/കരിയർ ഗൈഡൻസ് പ്രസ്ഥാനത്തിന്റെ കോർഡിനേറ്ററായി അദ്ദേഹം നടത്തിയ പരിശ്രമങ്ങൾ എക്കാലവും ഓർമിക്കപ്പെടും.

എത്രയെത്ര വിദ്യാർഥികൾക്ക് അദ്ദേഹം വഴികാട്ടിയായിരിക്കുന്നു. എന്റെ പെങ്ങളുടെ മകൾക്ക് മെഡിക്കൽ / എഞ്ചിനിയറിങ് രംഗത്തേക്ക് തിരിയണോ അതോ അഗ്രികൾച്ചർ തെരഞ്ഞെടുക്കണോ എന്ന് ആശയക്കുഴപ്പമുണ്ടായപ്പോൾ ഞങ്ങൾ വിളിച്ചത് സുഹൈലിക്കയെയാണ്. അരമണിക്കൂർ അവളുമായി സംസാരിച്ച സുഹൈലിക്ക അവളുടെ അഭിരുചിയും താൽപര്യവും കണ്ടെത്തിക്കഴിഞ്ഞിരുന്നു. അഖിലേന്ത്യ പ്രവേശന പരീക്ഷ വിജയിച്ച് അവളിപ്പോൾ കേന്ദ്ര സർവകലാശാലയിൽ അഗ്രികൾച്ചർ സയൻസിന് പഠിക്കുന്നുണ്ട്.

എന്റെ അനുജന്റെ മക്കൾക്ക്, എന്റെ മക്കൾക്ക് അതുപോലെ ഒത്തിരിയൊത്തിരി പേർക്ക് അദ്ദേഹം വഴികാട്ടിയായി. ഏതുനേരവും വിളിച്ച് സംസാരിക്കാവുന്ന ഒരു ഇൻഫർമേഷൻ സെന്റർ കൂടിയായിരുന്നു സുഹൈലിക്ക. നാട്ടിലെ ഏതു വീട്ടിൽ നിന്നും പഠനത്തിനു പുറത്തുപോയ വിദ്യാർഥികളെക്കുറിച്ച് അദ്ദേഹത്തിനറിയാമായിരുന്നു. കളിയൊക്കെ മതിയാക്കി ഞാൻ ജേർണലിസം പഠിക്കാൻ പോയപ്പോൾ നമ്മുടെ നാട്ടിൽനിന്ന് ആരും തെരഞ്ഞെടുക്കാത്ത വഴിയാണിതെന്നു പറഞ്ഞ് പ്രോത്സാഹിപ്പിച്ചത് സുഹൈലിക്കയാണ്. പിന്നീട് പത്രപ്രവർത്തകനായപ്പോൾ സ്വന്തം നേട്ടംപോലെ ആഹ്ലാദിക്കാൻ അദ്ദേഹത്തിനല്ലാതെ മറ്റാർക്ക് കഴിയുമായിരുന്നു.

എം.ജി യൂണിവേഴ്സിറ്റിയിലെ ‘സംസ്കാര’ എന്ന സാംസ്കാരിക സംഘടനയുടെ പ്രധാന സംഘാടകനായിരുന്നു സുഹൈൽ. സി.എൻ ശ്രീകണ്ഠൻ നായരുടെ ലങ്കാലക്ഷ്മി എന്ന നാടകം ഭരതനാട്യമായി അവതരിപ്പിക്കാൻ പറ്റുമോ എന്ന ആശയവും തലയിലിട്ടായിരുന്നു അക്കാലത്ത് അദ്ദേഹത്തിന്റെ നടപ്പ്. അതിനു പറ്റിയ ഒരാളെയും കണ്ടെത്തിയിരുന്നു. പ്രശസ്ത നർത്തകി രാജശ്രീ വാര്യർ. ജേർണലിസം ക്ലാസിൽ എന്റെ സഹപാഠിയായിരുന്ന രാജശ്രീക്ക് സുഹൈലിക്കയിലേക്കുള്ള പാലമാകാൻ എനിക്കായി. ആ പരിപാടി ഗംഭീരമായിരുന്നു എന്ന് രാജശ്രീ വിളിച്ചുപറഞ്ഞു. പരിപാടിയുടെ സംഘാടകനെ കുറിച്ചായിരുന്നു അവർക്ക് പറയാൻ ഏറെ. സുഹൈലിക്കയുടെ മരണവാർത്ത ഞാൻ രാജശ്രീയെ വിളിച്ചറിയിച്ചു. ആ വാർത്തയറിഞ്ഞ് അവർ ഫേസ്ബുക്കിൽ കുറിച്ച വാക്കുകളിൽ ഇതുവരെ അറിയപ്പെടാത്ത ഒരു സുഹൈൽ ഉണ്ടായിരുന്നു. കലാസ്വാദകനായ സുഹൈൽ എന്ന മറ്റൊരാൾ...

മറ്റൊരാളുടെ വളർച്ചയിൽ അഭിമാനിക്കുക, മറ്റുള്ളവരുടെ നേട്ടങ്ങളെ സ്വന്തംപോലെ ചേർത്തുപിടിക്കുക, അത്രയൊന്നും എളുപ്പമല്ലാത്ത ആ സവിശേഷത അദ്ദേഹത്തിനോളം അവകാശപ്പെട്ട മറ്റൊരാളെ എനിക്കറിയില്ല. പത്രപ്രവർത്തകർ എന്ന നിലയിൽ എന്റെയും എൻെറ ജീവിത പങ്കാളിയുടെയും വളർച്ചകളെയും നേട്ടങ്ങളെയും നിറഞ്ഞ മനസ്സോടെ അദ്ദേഹം സ്വീകരിച്ചു. മറ്റുള്ളവർക്കു മുന്നിൽ കന്മഷമില്ലാതെ അവതരിപ്പിച്ചു. മറ്റുള്ളവർക്കായി ജീവിക്കണമെന്ന് പറയാൻ എളുപ്പമായിരിക്കുമ്പോഴും അങ്ങനെ ആയിരിക്കുക അത്ര എളുപ്പമല്ല. പക്ഷേ, അങ്ങനെ അനായാസം ജീവിച്ചുകാണിച്ചൊരാളായിരുന്നു സുഹൈൽ റഹ്മാൻ.



ഒരിക്കൽ അദ്ദേഹം എന്നെ അതിരമ്പുഴയിലെ ഗാന്ധി യൂണിവേഴ്സിറ്റി കാമ്പസിലേക്ക് കൂട്ടിക്കൊണ്ടുപോയി. അവിടെ രവി എന്നു പേരുള്ള ഒരു ലൈബ്രേറിയനുണ്ടായിരുന്നു. സുഹൃത്തുക്കൾക്കെല്ലാം കവിതയിലൂടെ കത്തെഴുതുന്നയാൾ. നിമിഷ കവിയാണെങ്കിലും വൃത്തവും താളവും ചമൽക്കാരവുമെല്ലാം നിറഞ്ഞ കവിതകൾ. അത് വെറും കവിതകൾ മാത്രമല്ലായിരുന്നു. യു.ആർ അനന്തമൂർത്തിയും നരേന്ദ്രപ്രസാദും ഡി. വിനയചന്ദ്രനും എം.ജി യൂണിവേഴ്സിറ്റിയിലെ രാഷ്ട്രീയവും സമകാലിക സംഭവങ്ങളുമെല്ലാം നിറഞ്ഞ ഒന്നാന്തരം കവിതകൾ. അകാലത്തിൽ വേർപിരിഞ്ഞ രവിയേട്ടൻ പലർക്കായി എഴുതിയ കത്തുകളെല്ലാം സമാഹരിച്ച് സ്പൈറൽ ബൈൻഡ് ചെയ്ത് ഒരു പുസ്തകം തന്നെയാക്കിയിരുന്നു സുഹൈലിക്ക. അദ്ദേഹത്തിന്റെ കുടുംബത്തെയും സഹപ്രവർത്തകരെയും നേരിൽ പോയി കണ്ട് വാരാന്ത്യ മാധ്യമത്തിൽ എന്നെക്കൊണ്ട് 'കവിതയേയല്ലിത്...' എന്ന പേരിൽ ഫീച്ചർ എഴുതിച്ചതും സുഹൈലിക്കയായിരുന്നു. ഞാനെഴുതിയ ലേഖനങ്ങളുടെ തലക്കെട്ടുകൾ പോലും അദ്ദേഹത്തിന്റെ ഓർമയിൽ എന്നുമുണ്ടായിരുന്നു.

പുതിയ തലമുറയിലെ വിദ്യാർഥികൾക്ക് പത്രപ്രവർത്തന മേഖലയെ പരിചയപ്പെടുത്താൻ മൂന്നു തവണ അദ്ദേഹം എന്നെ ക്ഷണിച്ചുകൊണ്ടുപോയിട്ടുണ്ട്. അതിൽ ഒന്ന്, ഇപ്പോൾ മികച്ച തിരക്കഥയ്ക്ക് ദേശീയ ചലച്ചിത്ര പുരസ്കാരം ലഭിച്ച ഷാഹി കബീറിനൊപ്പം ലിയോ തർട്ടീന്തിലായിരുന്നു. ആ മൂന്നു ക്ലാസുകളിലും ഏറ്റവും താൽപര്യത്തോടെ ഇരുന്ന, സംശയമുള്ളിടത്തെല്ലാം ചോദ്യങ്ങൾ ചോദിച്ചുകൊണ്ടിരുന്ന മിടുക്കനായ വിദ്യാർഥി അദ്ദേഹമായിരുന്നു. അധികം ചോദ്യങ്ങൾ ചോദിക്കാൻ മടിച്ച കുട്ടികൾക്കുവേണ്ടിയായിരുന്നില്ല അതൊക്കെ, അദ്ദേഹത്തിനു വേണ്ടിതന്നെയായിരുന്നു. തിരികെ കോഴിക്കോട്ട് എത്തിയ ശേഷവും ക്ലാസിലെ ചില പരാമർശങ്ങളെക്കുറിച്ച് സംശയനിവാരണത്തിന് അദ്ദേഹം വിളിച്ചിരുന്നു. ഓർക്കണം, ഒരിക്കൽ എന്റെ അധ്യാപകനായിരുന്നയാളാണ്. എന്നെക്കാൾ എത്രയോ അറിവും പരിജ്ഞാനവും ലോകവും കണ്ടിട്ടുള്ള മനുഷ്യൻ. എന്നിട്ടും സംശയനിവാരണത്തിന് യാതൊരു സങ്കോചവുമുണ്ടായിരുന്നില്ല.

25 വർഷത്തിലേറെയായി നാടുവിട്ട് നിൽക്കുന്ന എന്നെ ആ നാടുമായി ബന്ധിപ്പിച്ചിരുന്ന രണ്ട് കണ്ണികളിൽ ഒന്നാണ് അറ്റുപോയത്. രണ്ടാമത്തെയാൾ സുഹൈലിക്കയുടെ അനിയനും എന്റെ കൂട്ടുകാരനുമായ സഹിൽ ആണ് എന്നതും ഒരു യാദൃച്ഛികതയല്ല. എന്റെ മാത്രമല്ല, നാടുവിട്ട് സ്വദേശത്തും വിദേശത്തുമായി പറന്ന മനുഷ്യരെ സ്വന്തം മണ്ണിൽ ഉറപ്പിച്ചുനിർത്തിയ പശിമയായിരുന്നു ആ മനുഷ്യൻ. സുഹൈലിക്കയുടെ മരണവാർത്ത അറിഞ്ഞ മരവിപ്പിനിടയിൽ ഗൾഫിൽ നിന്ന് വിളിച്ച കോയ ഇക്കക്ക് (ദൂരദർശൻ കോയ) എത്രയോ നീണ്ട കരച്ചിലിനു ശേഷമായിരുന്നു ഒന്നു സംസാരിക്കാൻ പോലും കഴിഞ്ഞത്. അദ്ദേഹത്തിന്റെ നിശ്ചലമായ ശരീരത്തിനരികിൽ നിന്ന് വിങ്ങിപ്പൊട്ടിയ മനുഷ്യരിൽ എല്ലാത്തരക്കാരുമുണ്ടായിരുന്നു. 'ഇത്രയൊക്കെ മനുഷ്യരുമായി സുഹൈലിന് ബന്ധമുണ്ടായിരുന്നോ...?' എന്ന് അത്ഭുതപ്പെടുന്നുണ്ടായിരുന്നു എന്റെ നാട്ടുകാർ. അത് അദ്ദേഹത്തെക്കുറിച്ച് അറിയാത്തതിന്റെ അത്ഭുതം മാത്രമായിരുന്നു. എസ്.ഡി കോളജിൽ അദ്ദേഹത്തിനൊപ്പം പഠിച്ചിരുന്ന എഴുത്തുകാരനും ചിന്തകനുമായ ടി.ടി ശ്രീകുമാർ എഴുതിയത് 'സുഹൈലില്ലാത്ത ഈ ഓണക്കാലത്ത് എനിക്ക് ആഘോഷമില്ല..' എന്നായിരുന്നു. രാജശ്രീ വാര്യർ തന്നെ ഭരതനാട്യത്തിൽ പരീക്ഷണങ്ങൾക്ക് പ്രേരിപ്പിച്ചയാളായി സുഹൈലിനെക്കുറിച്ച് എഫ്.ബിയിൽ കുറിച്ചു.

നാടിനെക്കുറിച്ച് ഞാനെഴുതിയ കുറിപ്പുകളെല്ലാം പൂരിപ്പിക്കാൻ സുഹൈലിക്കയുടെ കമന്റുകളുണ്ടായിരുന്നു. ഇനി അതുണ്ടാവില്ല എന്നത് ഓരോ വരികളിലും നിറയാനിരിക്കുന്ന ഗദ്ഗദം കൂടിയാണ്. എന്നെക്കാൾ അദ്ദേഹത്തിന് ഏറ്റവും ഇഷ്ടമുണ്ടായിരുന്നു എൻെറ ജീവിതപങ്കാളി റജീനയോടും അവളുടെ എഴുത്തുകളോടും. ഒരേയൊരു തവണയേ അദ്ദേഹം എന്റെ കോഴിക്കോട്ടെ വീട്ടിൽ വന്നിട്ടുള്ളൂ. സിജിയുടെ ഒരു പരിപാടിയിൽ പങ്കെടുക്കാനായിരുന്നു അത്. അതിരാവിലെ വന്ന് അപ്പോൾ തന്നെ മടങ്ങി.

ജോലിക്കാലം കഴിഞ്ഞ് നാട്ടിലെത്തണമെന്നും നാടിനു വേണ്ടി ഒന്നിച്ച് ചിലതൊക്കെ ചെയ്യണമെന്നും പറഞ്ഞായിരുന്നു മടക്കയാത്ര. വീണ്ടും വരാമെന്ന് പറഞ്ഞുപോയത് തിരിച്ചുവരാത്ത യാത്രയിലേക്കായിരുന്നുവല്ലോ. ജോലി ഒക്കെ കഴിഞ്ഞ് ഇനി നാട്ടിലെത്തിയാലും നിങ്ങളില്ലല്ലോ സുഹൈലിക്കാ...!

# Rest in Power, dear Uncle


പാർവ്വതി
(ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റി, ന്യൂഡൽഹി)

കഴിഞ്ഞ ജൂലൈ മാസമാണ് ആലപ്പുഴയിൽ സിജിയുടെ ഒരു പരിപാടിയിൽ പങ്കെടുക്കണം എന്നൊരു ആവശ്യവുമായി സുഹൈൽ അങ്കിൾ വിളിക്കുന്നത്. ആന്റിബയോട്ടിക്സ് അല്ലർജി ബാധിച്ച് രണ്ട് മൂന്ന് ദിവസം അങ്കിൾ വെന്റിലേറ്ററിൽ ആയിരുന്നുവെന്ന് അന്ന് വിളിക്കുമ്പോളാണ് അറിയുന്നത് തന്നെ, എന്നാൽ രോഗത്തിന്റെ ക്ഷീണമൊന്നുമില്ലാതെ അടുത്ത പരിപാടിയുടെ ആസൂത്രണത്തിലാണെന്ന് ബോധ്യമായിരുന്നു. ഒരുപക്ഷെ ആദ്യമായി, നിർഭാഗ്യവശാൽ അവസാനമായും അങ്കിൾ എന്നോട് ആവശ്യപ്പെട്ട കാര്യം, മറുത്തൊന്നും ആലോചിക്കാതെ 'തീർച്ചയായും വരും' എന്ന് പറഞ്ഞു. അടുത്ത കാലത്തെ ഞങ്ങളുടെ സംഭാഷണങ്ങളിൽ അങ്കിൾ പലയാവർത്തി സംസാരിച്ച സിജിയുടെ ഒരു പ്രോജക്ടിന്റെ ഭാഗമായിരുന്നു ആ പരിപാടി. ഹയർസെക്കന്ററി ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളെ കേന്ദ്രസർവകലാശാലകളിലേക്ക് എത്തിക്കാനുള്ള ഒരു മെന്റർഷിപ് ഉദ്യമം. ഏറെ നാളുകൾക്കു ശേഷമാണ് അന്ന് അദ്ദേഹത്തെ കാണുന്നത്. എപ്പോഴും കാണും പോലെ ഊർജ്ജസ്വലനായി, രോഗത്തിന്റെ അവശതകളൊന്നും പുറത്ത് കാട്ടാതെ ഏറ്റവും സന്തോഷവാനായിട്ടാണ് അന്ന് ആ കുട്ടികളുടെ കൂടെ ഉണ്ടായത്. സുഹൈൽ അങ്കിളിനെ അറിയുന്ന ആളുകളെ സംബന്ധിച്ചിടത്തോളം ഒട്ടും അത്ഭുതപ്പെടാൻ ഇല്ലാത്തൊരു കാര്യം. പരിചയപ്പെടുന്ന കാലം മുതൽക്കേ അദ്ദേഹത്തെ ഏറ്റവുമധികം സന്തോഷവാനായി കണ്ടിട്ടുള്ളത് കുട്ടികളുടെ കൂടെയാണ്, സംസാരിച്ചതും ചർച്ചചെയ്തതുമൊക്കെ അക്കാദമിക വിഷയങ്ങളാണ്.

വിദ്യാഭ്യാസത്തിന്റെ വിശാലമായ സാധ്യതകളെ പറ്റി ഉദാഹരണങ്ങളും അനുഭവങ്ങളും ചേർത്ത് സുന്ദരമായി പറഞ്ഞു കൊടുക്കുന്ന അദ്ദേഹത്തെ ആവേശത്തോടെ കേട്ടിരിക്കുന്ന കുഞ്ഞുങ്ങളെ കണ്ടപ്പോൾ വല്ലാത്ത ആഹ്ലാദം തോന്നി. അദ്ദേഹത്തിന്റെ യൂണിവേഴ്സിറ്റി സർവീസ് കാലഘട്ടത്തിൽ ഞാനടങ്ങുന്ന സംഘത്തിനാണ് ഈ ഭാഗ്യം ലഭിച്ചിട്ടുള്ളത്. യൂണിവേഴ്സിറ്റി ജീവനക്കാരുടെ കുട്ടികൾക്ക് വേണ്ടി സംഘടിപ്പിച്ചുകൊണ്ടിരുന്ന വേനൽക്യാമ്പുകൾ വേറിട്ടതാക്കിയത് അദ്ദേഹമായിരുന്നു. എത്രയോ കാലം ആ ക്യാമ്പുകളുടെ മുഖ്യസൂത്രധാരനായിരുന്നു. റിട്ടയർമെന്റിനു ശേഷവും അദ്ദേഹത്തിന് ഏറ്റവും പ്രിയമുള്ള കാര്യങ്ങളിൽ ഏർപ്പെട്ടിരിക്കുന്നല്ലോ എന്ന് കണ്ടപ്പോൾ അതിലേറെ സന്തോഷം.

പഠനസംബന്ധമായ ഏതൊരു ചെറിയ പ്രതിസന്ധിയിലും സ്വാതന്ത്ര്യത്തോടെ ഓടിച്ചെല്ലാൻ പറ്റുന്ന ഇടമായിരുന്നു അദ്ദേഹം. ഹൈദരാബാദ് ടിസ്സിലെ ബിരുദപഠനം തിരഞ്ഞെടുക്കുന്നത് മുതൽ, രാജ്യത്തെ പ്രധാനപ്പെട്ട ഒരു സർവകലാശാലയിൽ നിന്ന് ബിരുദാനന്തര ബിരുദവും, സോഷ്യൽ സയൻസിൽ തന്നെ തുടർ ഗവേഷണമെന്ന ആഗ്രഹത്തിൽ എത്തി നിൽക്കുന്നിടം വരെ ഓരോ ഘട്ടത്തിലും അദ്ദേഹത്തിന്റെ നിർദേശങ്ങൾ തേടിയിരുന്നു. പഠന കാലത്തെ പ്രൊജക്ടുകൾക്കും ഇന്റേൺഷിപ്പുകൾക്കും എന്നുവേണ്ട ഏതൊരു ആശയക്കുഴപ്പത്തിലും ആരെ ആശ്രയിക്കും എന്നതിൽ യാതൊരു സങ്കോചിവുമില്ല, സുഹൈൽ അങ്കിളിനോട് പറഞ്ഞാൽ നടക്കാത്തതായി ഈ ലോകത്തൊന്നുമില്ലായിരുന്നു! ഹ്യുമാനിറ്റീസ് പഠിച്ചുപോയാൽ സിവിൽ സർവീസ് മാത്രമായിരിക്കണം ലക്ഷ്യം എന്ന് കരുതുന്ന ആളുകളോട് അതിനുമപ്പുറം ലോകമുണ്ടെന്ന 'അപ്രിയസത്യം' ഒരു മടിയുമില്ലാതെ പറഞ്ഞ ആളാണ്. മൂന്നാം ലോകരാജ്യങ്ങളിൽ നിന്ന് ഫലവത്തായ ഗവേഷണങ്ങൾ ഉണ്ടാവേണ്ടതുണ്ട് എന്ന് പറയുന്നതിന്റെ

→



# Think globally and Act Locally

**ഡോ. ഷഫീക്ക്, പാനൂർ**
**(അസോ. പ്രൊഫ. പരിയാരം മെഡിക്കൽ കോളേജ്)**

സുഹൈൽസാറിനെ ഒരു ജ്യേഷ്ഠ സഹോദരനെ പോലെ ബഹുമാനത്തോടെ മാത്രമേ പണ്ടൊക്കെ കണ്ടിരുന്നുള്ളൂ. എന്റെ സുഹൃത്ത് സഹിലിന്റെ ജ്യേഷ്ഠനായത് കൊണ്ട് തന്നെയാണ് ഇങ്ങനെ കണ്ടത്. കഴിഞ്ഞ ഏതാനും വർഷങ്ങളിലാണ് അദ്ദേഹവുമായി കൂടുതൽ അടുത്തത്. സിജി എന്ന പ്രസ്ഥാനത്തെ പറ്റി അറിഞ്ഞത് സുഹൈൽ സാറിൽ നിന്നാണ്. നാട്ടിലെ സാധാരണക്കാരുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസത്തിന്റെ വാതായനങ്ങൾ തുറന്ന് കാട്ടുക എന്നത് അദ്ദേഹമൊരു ജീവിതചര്യയായി ഏറ്റെടുത്തിരുന്നു. വിദ്യാഭ്യാസ കാര്യങ്ങളെപ്പറ്റി ആർക്കെന്ത് സംശയമുണ്ടെങ്കിലും അദ്ദേഹത്തിന് മറുപടിയുണ്ടായിരുന്നു. Educational guidanceൽ മാത്രം ഒതുങ്ങുന്നതായിരുന്നില്ല അദ്ദേഹത്തിന്റെ പ്രവർത്തനം. സഹായം ആവശ്യമുള്ളവർക്ക് അത് എത്തിച്ചു കൊടുക്കാനുള്ള പ്രവർത്തനവും അദ്ദേഹം നടത്തിയിരുന്നു.

Think globally and Act Locally എന്നാണല്ലോ. സാധാരണക്കാർ തിങ്ങിപ്പാർക്കുന്ന പല്ലന പാനൂരിൽ Panoor Educational guidance എന്ന പേരിൽ ഒരു കൂട്ടായ്മയുണ്ടാക്കിയും പ്രവർത്തിച്ചിരുന്നു. കഴിഞ്ഞ വർഷം ഉന്നത വിജയം നേടിയ കുട്ടികളെ ആദരിക്കാൻ ഈ കൂട്ടായ്മയ്ക്ക് കഴിഞ്ഞു. സാമ്പത്തിക ബുദ്ധിമുട്ട് കൊണ്ട് മാത്രം ഉന്നത വിദ്യാഭ്യാസത്തിന് പോകാൻ മടിച്ചു നിൽക്കുന്ന പല കുട്ടികളെയും രഹസ്യമായി സഹായിക്കാനും ആവശ്യമായ ഉപദേശ നിർദ്ദേശങ്ങൾ നൽകാനും ഈ ഗ്രൂപ്പ് ശ്രമിച്ചിരുന്നു. ഇത്തരം പ്രവർത്തനങ്ങൾ തുടർന്ന് പോകേണ്ടതുണ്ട്

→

കൂടെ, ഗവേഷണം ഉപേക്ഷിച്ച് കളക്ടർ ആവാനൊന്നും പൊയ്ക്കളയരുത് എന്ന് തമാശ രൂപേണ ശാസിച്ചതാണ്, ഒടുവിൽ കണ്ടപ്പോഴും. മനുഷ്യനെ സംബന്ധിക്കുന്ന എല്ലാ വിഷയങ്ങളിലും കൃത്യമായ നിലപാടുകളുണ്ടായിരുന്ന ഒരു സഖാവ് കൂടെയായിരുന്നു എന്ന് പറയാതെ പൂർത്തിയാവില്ലല്ലോ. നിറയെ സ്നേഹമായിരുന്നു അദ്ദേഹത്തിന്. സുഹൃത്തുക്കളുടെ മക്കളായ ഞങ്ങളെയൊക്കെ സ്വന്തം കുട്ടികളെ പോലെ കരുതി. ഞങ്ങളുടെ എന്താവശ്യങ്ങൾക്കും പൂർണ സഹായവും കരുതലുമായിരുന്നു അദ്ദേഹം.

അസുഖം മൂർച്ഛിച്ചു ആശുപത്രിയിലാണ് എന്നറിയുമ്പോളും, 'രണ്ട് ദിവസം വെന്റിലേറ്ററിൽ ആയിപോയി' എന്നൊരല്പം ആധിയോടെ പറഞ്ഞുകൊണ്ട് ഒരാഴ്ച കഴിയുമ്പോൾ അങ്കിൾ വിളിക്കും എന്നേ പ്രതീക്ഷിച്ചിരുന്നുള്ളൂ. ഇനിയൊരിക്കലും നികത്താൻ സാധ്യമല്ലാത്തൊരു വിള്ളൽ സൃഷ്ടിച്ചു കൊണ്ട് അങ്കിൾ പോകും എന്ന് കരുതിയിരുന്നില്ല. വ്യക്തിപരമായി വലിയൊരു നഷ്ടമാണ്, ഇനിയൊരിക്കലും ദുഃഖമൊഴിയാൻ സാധ്യമല്ലാത്ത വേർപാട് പല്ലനയ്ക്ക് വരണം എന്ന ക്ഷണവും സ്നേഹാന്വേഷണങ്ങളും രാഷ്ട്രീയം പറയലും ഉണ്ടാവില്ല. പ്രതിസന്ധി ഘട്ടങ്ങളിൽ ധൈര്യം തരാനുമുണ്ടാവില്ല. എന്നാൽ അതിനെല്ലാമുപരി, അദ്ദേഹത്തെ നേരിട്ട് പരിചയമില്ലാത്ത മനുഷ്യരുടെ പോലും നഷ്ടമാണ്, അദ്ദേഹം മാർഗദർശിയാവേണ്ടിയിരുന്ന അനവധി കുട്ടികളുടെ നഷ്ടമാണ്. ഒട്ടും സംശയമില്ലാതെ പറയാം, ഈ ഹ്രസ്വകാലം കൊണ്ട് അതിനുമെത്രയോ മടങ്ങ് വലിപ്പമുള്ള ഒരു ജീവിതം ജീവിച്ചു തന്നെയാണ് അങ്കിൾ പോയത്. അദ്ദേഹം സ്നേഹിച്ച മനുഷ്യരിലൂടെ, കുട്ടികളിലൂടെ ഇനിയുമൊരുപാട് കാലം സുഹൈൽ അങ്കിൾ ഇവിടെത്തന്നെയുണ്ടാവും, അദ്ദേഹത്തിന്റെ ആശയങ്ങളും.

Rest in Power, dear Uncle

# ഖൽബിൽ ആത്മീയതയുടെ വെളിച്ചം നിറച്ചൊരാൾ

**പ്രൊഫ. എ.എം. അബ്ദുൽ റഷീദ്**
**(മുൻ പ്രിൻസിപ്പിൾ MES കോളേജ്, നെടുങ്കണ്ടം, സിജി കോട്ടയം)**

മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ സിജിയൻ നാസർ ദാറുസ്സലാമിന്റെ ഓഫീസിൽ വച്ചാണ് സുഹൈൽ സാറിനെ പരിചയപ്പെടുന്നത്. അന്ന് നിരവധി കാര്യങ്ങളെപ്പറ്റി സംസാരിച്ചത് ഓർക്കുന്നു. കൂട്ടത്തിൽ സിജിയുടെ ആലപ്പുഴയിലെ പ്രവർത്തനങ്ങളെപ്പറ്റിയും പറഞ്ഞു. അന്നു തുടങ്ങിയ ബന്ധം അദ്ദേഹത്തിന്റെ മരണം വരെ ദൃഢമായി തുടർന്നു. മുമ്പ് ഞാൻ പ്രവർത്തിച്ചിരുന്ന ഇടുക്കി നെടുങ്കണ്ടം എം ഇ എസ് കോളേജിന്റെ പല ഫയലുകളും നീക്കുന്നതിന് അദ്ദേഹത്തെ മിക്കപ്പോഴും ബന്ധപ്പെട്ടു. യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട് എന്റെ പരിചയക്കാർക്ക് ഉണ്ടാകുന്ന പല പ്രശ്നങ്ങളും പരിഹരിച്ചു തന്നത് അദ്ദേഹമാണ്. ഒരു ഫോൺ കോളിൽ പരിഹരിച്ച നിരവധി കാര്യങ്ങൾ ഉണ്ട്. സുഹൈൽ സാർ ആളുകളോട് നമ്മെയും നമ്മെ മറ്റുള്ളവർക്കും പരിചയപ്പെടുത്തുന്നതിൽ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. സുഹൈൽ സാർ വഴി ഉണ്ടായ ബന്ധങ്ങൾ പലതുമുണ്ട്. ഒരാളെപ്പറ്റി പറയുമ്പോൾ അയാൾ സമൂഹത്തിന് ചെയ്ത സംഭാവനകളെപ്പറ്റിയും പറയും. പലർക്കും അതൊക്കെ പ്രചോദനങ്ങൾ ആയിരുന്നു.

ഇടുക്കി നെടുങ്കണ്ടത്ത് സിജിയുടെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കാൻ വന്നത് സാറാണ്. ഇടുക്കി ജില്ലയിലെ യാത്ര ദുഷ്കരമായ പ്രദേശങ്ങളിൽ പലതവണ അദ്ദേഹം വന്നു ക്ലാസെടുത്തു. കോട്ടയത്ത് നിന്ന് ബസിൽ അഞ്ച് മണിക്കൂർ യാത്ര ചെയ്താലെ നെടുങ്കണ്ടത്ത് എത്തൂ. ഇത്ര ദൂരം യാത്ര ചെയ്യാൻ അദ്ദേഹത്തിന് യാതൊരു മടിയുമില്ലായിരുന്നു. നെടുങ്കണ്ടം എം.ഇ.എസ് കോളജിലും, തൂക്കുപാലത്തും, മുണ്ടിയെരുമയിലും പലപ്പോഴും സമയത്തിനുമുന്നേ എത്തി.

ആലപ്പുഴ സിജിയെ ചലിപ്പിച്ചതിൽ സുഹൈൽ സാർ മുൻപന്തിയിൽ നിന്നു. അവിടെ നടത്തിയ ശ്രദ്ധേയമായ പരിപാടികളെപ്പറ്റി മിക്കപ്പോഴും സംസാരിച്ചിരുന്നു. എവിടെയൊക്കയോ ഉള്ള, സാറിന് നേരിട്ട് പരിചയമില്ലാത്ത എത്രയോ കുട്ടികൾക്ക് സാർ പഠനത്തിന് സാമ്പത്തിക സഹായം ഒരുക്കികൊടുത്തു. എന്റെ ബന്ധുവായ സ്പോൺസർവഴി ആറോളം കുട്ടികളെ സഹായിച്ചത് ഓർമ്മവരുന്നു.

അമേരിക്കയിലെ ഒറിഗൺ പോർട്ട്ലാൻറ് കമ്മ്യൂണിറ്റി കോളജിലെ പൊളിറ്റിക്കൽ സയൻസ് പ്രൊഫസറും എന്റെ സുഹൃത്തുമായ ഡോ. മൈക്കിൾ സൺലൈറ്റനർ കേരളത്തിലെത്തിയപ്പോൾ ഒരു മുസ്ലിം പണ്ഡിതനെ കാണാൻ ആഗ്രഹം പ്രകടിപ്പിച്ചത് അനുസരിച്ച് ഞങ്ങൾ സുഹൈൽ സാറിന്റെ പിതാവ് വൈലിത്തറ ഉസ്താദിനെ വീട്ടിൽ പോയി കാണുകയുണ്ടായി. ദീർഘനേരം നീണ്ടു നിന്ന ആ സംഭാഷണത്തിൽ സുഹൈൽസാറും കനപ്പെട്ട അഭിപ്രായങ്ങൾ പറഞ്ഞു. ഈ സംഭാഷണത്തിനായി ആലപ്പുഴയിലെത്തിയ ഞങ്ങളെ സാർ ഹൃദ്യമായി സ്വീകരിച്ചു. നേരത്തെ പറഞ്ഞതനുസരിച്ച് ആലപ്പുഴയിൽ നിന്ന് ഏർപ്പാടാക്കിയിരുന്ന ബോട്ട് യാത്രയിലും സാർ കൂടെയുണ്ടായിരുന്നു. ഡോ. മൈക്കിളിനെ യൂണിവേഴ്സിറ്റിയിൽ കൊണ്ടുവന്ന് പ്രഭാഷണം നടത്തിക്കാൻ മാത്രം ആ ബന്ധം വളർന്നു.

എന്റെ നാടായ ഈരാറ്റുപേട്ടയിൽ സിജിയുടെ പ്രവർത്തനങ്ങൾക്ക് എന്നും താങ്ങായി സാർ ഉണ്ടായിരുന്നു. ഈരാറ്റുപേട്ടയിലെ എല്ലാ സിജി പ്രവർത്തനങ്ങൾക്കും അദ്ദേഹം വഴികാട്ടിയായി നിന്നു.

ഒരിക്കൽ പരിചയപ്പെട്ടാൽ മറക്കാനാകാത്ത വ്യക്തിത്വം. ആത്മാർത്ഥത, അറിവ്, അലിവ്, നിഷ്കളങ്കത എന്നീ ഗുണങ്ങളും ഖൽബിൽ ആത്മീയതയുടെ വെളിച്ചവും ഒത്തുചേർന്ന ഒരാൾ. ചുറ്റുമുള്ളവരിലേക്ക് നന്മയായി പടരും. അതായിരുന്നു സുഹൈൽ സാർ. നാഥാ നീ അദ്ദേഹത്തെ സ്വീകരിക്കണെ.

# ദൈവസന്നിധിയിൽ സുഖമായിരിക്കട്ടെ...

നിസാർ പുതുവന, പാനൂർ
മാധ്യമം

കേരളം അറിയപ്പെടുന്ന മതപ്രഭാഷക നായിരുന്നു വൈലിത്തറ മുഹമ്മദ്കുഞ്ഞ് മൗലവി. ഞങ്ങൾ പാനൂർ, പല്ലന നിവാസികളുടെ വടക്കൻ കേരളത്തിലെ മേൽവിലാസം വയലിത്തറയുടെ നാട്ടുകാരൻ എന്നാണ്. കേൾക്കുന്നവരുടെ കണ്ണുകളിൽ കൗതുകം തിളങ്ങിയാൽ ആ പണ്ഡിതനുമായി കുടുംബത്തിനുള്ള വളരെ നേർത്ത കുടുംബബന്ധം പോലും പൊടിപ്പുംതൊങ്ങലും വച്ച് അവതരിപ്പിക്കും.

സ്വതവേ മറ്റുള്ളവരെ അങ്ങനെയങ്ങോട്ട് അംഗീകരിച്ചു കൊടുക്കാൻ മടിയുള്ളവരാണ് ഞങ്ങൾ പാനൂരുകാർ. കുറച്ചൊക്കെ തണ്ടും തൻപോരിമയും കൂടുതലുള്ള നട്ടുകാരെന്ന് സാരം. പക്ഷേ, എന്നിട്ടും ഞങ്ങൾ കക്ഷി, രാഷ്ട്രീയ, കുടുംബ, സംഘടനാഭേദമന്യേ അംഗീകരിച്ചും ബഹുമാനിച്ചും സ്നേഹിച്ചും പോന്നിരുന്ന ഒരു വ്യക്തിത്വത്തിന് ഉടമയായിരുന്നു വൈലിത്തറ ഉസ്താദ്. അദ്ദേഹവും മറിച്ചല്ലായിരുന്നു. നാട്ടിലെ ഓരോ വ്യക്തികളുമായും പ്രായവർഗ്ഗ സമുദായ ഭേദമന്യേ ഉള്ള ഒരു ബന്ധം അദ്ദേഹം പുലർത്തിയിരുന്നു. പരസ്പര സ്നേഹം നിലനിർത്തുന്നതിന്റെ മതപരമായ മഹത്വംകൂടി മനസിലാക്കിയ അദ്ദേഹം ഓരോ തലമുറമായുടെയും ബന്ധങ്ങളെ പുതുതലമുറക്ക് പരിചയപ്പെടുത്തി. പാനൂർ, പല്ലന നിവാസികൾക്കിടയിലെ കുടുംബവേരുകൾ വൈലിത്തറയുടെ മൂത്ത ആൺമക്കളായ മുജീബിക്കയും സുഹൈലിക്കയും പറയുന്നതു കേട്ടാൽ നമ്മൾ അന്തംവിട്ടിരിക്കും. അത്രക്കും അവർക്കുള്ളിൽ പിതാവ് ഈ ബന്ധങ്ങളുടെ ദൃഢത പകർന്നു നൽകിയിട്ടുണ്ട്.

വൈലിത്തറ ഉസ്താദിന്റെ രണ്ടാമത്തെ മകനാണ് സുഹൈൽ വൈലിത്തറ. പിതാവിന്റെ പ്രസംഗമികവും സാമൂഹ്യപ്രവർത്തനവും എല്ലാം അളവുതെറ്റാതെ പകർന്നു കിട്ടിയ മകൻ. നാട്ടിലെ വിദ്യാഭ്യാസ സാംസ്കാരിക മികവിനായി റിട്ടയർമെന്റിനു ശേഷം സുഹൈലിക്ക ഒരു വാട്സാപ്പ് ഗ്രൂപ്പ് തുടങ്ങിയിരുന്നു. വളരെ സജീവമായ ഒരു ഗ്രൂപ്പ്. സുഹൈലിക്കയുടെ അസുഖവിവരം ആ ഗ്രൂപ്പു വഴിയാണ് അറിഞ്ഞത്.


നാട്ടിലെ കുഞ്ഞുങ്ങളൊക്കെ സ്വന്തമെന്ന് കരുതിയിരുന്ന ഒരാൾ. സാമൂഹികമായി പിന്നാക്കം നിൽക്കുന്ന, മത്സ്യത്തൊഴിലാളികളും കൂലിപ്പണിക്കാരും ഉൾകൊള്ളുന്ന സാധാരണ ഒരു തീര ഗ്രാമമാണ് ഞങ്ങളുടേത്. അവരുടെയൊക്കെ മക്കളുടെ വിദ്യാഭ്യാസപരവും സാംസ്കാരിക പരവുമായുള്ള കാര്യത്തിലൊക്കെ പ്രത്യേക കരുതലായിരുന്നു സുഹൈലിക്കയ്ക്ക്. സിജിയുടെ പ്രവർത്തനങ്ങൾക്ക് നാട്ടിൽ പ്രത്യേക ശ്രദ്ധ പതിപ്പിച്ചു. എം.ജി സർവകലാശാലയിൽ നിന്നും വിരമിച്ച അദ്ദേഹം വിശ്രമ ജീവിതത്തിനായല്ല നാട്ടിലെത്തിയത്. നാടിന്റെ വികസനത്തിനായി നാട്ടുകാരുടെ നന്മയ്ക്കായി അദ്ദേഹം പ്രവർത്തിച്ചു.

'നമ്മുടെ കുഞ്ഞുങ്ങൾക്ക് ഉപകാരപ്പെടുന്ന രീതിയിൽ അവിടെ എന്തെങ്കിലും കെട്ടിപ്പടുക്കണം. നിന്നെയൊക്കെ മുന്നിൽകണ്ടാണ് ഇതിനൊക്കെ ഒരുങ്ങുന്നത്. കൂടെ നിൽക്കണം'. ഒരു ദിവസം വീട്ടിലേക്ക് കൂട്ടിക്കൊണ്ടു പോയി ചായ കുടിക്കുന്നതിനിടയിൽ സുഹൈലിക്ക പറഞ്ഞു. ചെറുതാകട്ടെ വലുതാകട്ടെ എനിക്ക് ഒരു മാധ്യമ അവാർഡ് കിട്ടിയാൽ ഞാനില്ലെങ്കിലും സുഹൈലിക്ക ഓടി വീട്ടിലെത്തും. ദേശീയ മാധ്യമ അവാർഡിന് അപേക്ഷിക്കാൻ നാട്ടിൽ നിന്നും എന്നെ പരിചയപ്പെടുത്തിക്കൊണ്ട് ഔദ്യോഗിക മേഖലയിലുള്ള ഒരു വ്യക്തിയുടെ കുറിപ്പു കൂടി അപേക്ഷയ്ക്കൊപ്പം വയ്ക്കണമായിരുന്നു. എന്നോട് ഒരു സംശയം പോലും ചോദിക്കാതെ ഇംഗ്ലീഷിൽ എന്നെക്കുറിച്ച് വിശദമായ ഒരു കുറിപ്പ് സുഹൈലിക്ക തയ്യാറാക്കിത്തന്നു.

ഞാൻ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയ പാനൂർക്കര ഗവ. യു.പി.സ്കൂൾ എന്നെ ആദരിക്കാൻ തീരുമാനിച്ചു. അധ്യാപകരും കുട്ടികളും വീട്ടിലേക്കെത്തിയാണ് ആദരവ് തീരുമാനിച്ചത്. അവിടെയും സുഹൈലിക്ക ഇടപെട്ടു. "അവനെ എന്റെ വീട്ടിൽ വെച്ച് ആദരിച്ചാൽ മതി". അന്ന് ആ വീട്ടുമുറ്റത്ത് ഒത്തുകൂടിയ കുഞ്ഞുങ്ങളോട് അദ്ദേഹം സംസാരിക്കുന്നത് കേട്ട് ശരിക്കും ഉള്ളം തുളുമ്പി. എങ്ങനെയാണ് മനുഷ്യർക്ക് ഇങ്ങനെ കലർപ്പില്ലാതെ മറ്റുള്ളവരുടെ ഉയർച്ചയിലും നേട്ടങ്ങളിലും സന്തോഷിക്കാനാവുക. സുഹൈലിക്ക അങ്ങനെയായിരുന്നു. മുന്നിലുള്ളവൻ മുന്നേറണമെന്ന് നമ്മൾ ആത്മാർത്ഥമായി ആഗ്രഹിക്കുന്നത് ക്യൂവിൽ നിൽക്കുമ്പോൾ മാത്രമാണെന്ന് തമാശയ്ക്ക് ഇക്ക പറയാറുണ്ട്. സുഹൈലിക്ക, എല്ലായിടത്തും എല്ലാവരും ജയിച്ചുകേറുന്നത് കാണാൻ ആഗ്രഹിച്ച പച്ചയായ മനുഷ്യസ്നേഹിയായിരുന്നു.

മാർഗരറ്റ് മാഗന്സിന്റ് എഴുതിയ 'ദി ജന്റിൽ ആർട്ട് ഓഫ് സ്വീഡിഷ് ഡെത്ത് ക്ലീനിങ്' എന്ന ഒരു പുസ്തകമുണ്ട്. മരണത്തയ്യാറെടുപ്പുകളെ കുറിച്ച് വളരെ സുന്ദരമായി വിവരിക്കുന്ന ഒരു പുസ്തകം. മരണമെത്തും മുമ്പ് വീട്ടിൽ നിന്നും തനിക്ക് അത്യാവശ്യമല്ലാത്ത എല്ലാം ഒഴിവാക്കി ശുദ്ധീകരിക്കുന്നത് സംബന്ധിച്ച് വിശദമായി പ്രതിപാദിക്കുന്ന പുസ്തകം. കർമങ്ങളിൽ പരിപൂർണനായാണ് സുഹൈലിക്ക ദൈവസന്നിധിയിലേക്ക് മടങ്ങിയിരിക്കുന്നത്. മരണത്തിനും ഒരാഴ്ചമുമ്പ് പാനൂർപാലത്തറ പള്ളിയിൽ നമസ്കാരശേഷം ഒരു മണിക്കൂറോളം സുഹൈലിക്കയുമായി സംസാരിച്ചു. അതായിരുന്നു അവസാന കൂടിക്കാഴ്ച. പിന്നീട് മരണവാർത്തയാണറിഞ്ഞത്. പിതാവിന്റെ മരണം ഉണ്ടാക്കിയ ശൂന്യതയിൽ ഒരുപാട് കാലം ഒറ്റയ്ക്ക് നടക്കാൻ ആ കാലുകൾക്ക് കരുത്തുണ്ടായിരുന്നില്ല. കാഴ്ചയിൽ നിന്നും ഒരു മല മാഞ്ഞു പോയിരിക്കുന്നു.

മന്നയിലും സൽവയിലും കുളിച്ച്, മഞ്ഞ്പുതച്ച് സുഹൈലിക്ക വാപ്പയോടൊപ്പം പടച്ചവന്റെ സവിധത്തിൽ സുഖമായിരിക്കട്ടെ...





# എന്നെ വിസ്മയിപ്പിച്ച സുഹൈൽക്ക

**ബഷീർ എടാട്ട്**
**(ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, സിജി റിസോഴ്സ് പേഴ്സൺ)**

**ചെ**റിയൊരു കാലഘട്ടം കൊണ്ട് തന്നെ ഒരു യുഗം മുഴുവൻ ചെയ്യേണ്ട പ്രവർത്തനങ്ങൾ ചെയ്തുപോയ നല്ലൊരു സുഹൃത്ത്. പ്രവർത്തിക്കുന്നവർക്ക് മാത്രമേ തിരക്കുണ്ടാവൂ. തിരക്ക് ഉള്ളവർക്ക് മാത്രമേ സമൂഹത്തിന് ഉപകാരപ്രദമായ കാര്യങ്ങൾ ചെയ്യാൻ പറ്റൂ എന്ന അദ്ദേഹത്തിന്റെ വാക്കു പോലെ അദ്ദേഹത്തിന്റെ ജീവിതവും.

20 വർഷത്തിലധികം നീണ്ടുനിന്ന ആത്മബന്ധത്തിൽ അദ്ദേഹം ഏറ്റവും കൂടുതൽ സംസാരിച്ചതും സമുദായത്തിനു വേണ്ടിയും സമുദായത്തിന്റെ വിദ്യാഭ്യാസപുരോഗതിക്ക് വേണ്ടിയും. ഏറ്റവും അത്ഭുതപ്പെടുത്തിയ കാര്യം പലപ്പോഴും അദ്ദേഹം വിളിച്ച് തിരുവനന്തപുരം മുതൽ പല ഭാഗത്തുമുള്ളവർക്കായി ബുക്ക് ചെയ്യും. ഞാൻ ഓക്കേ പറയുമ്പോൾ വരുന്ന കാര്യം അറിയിക്കും. പക്ഷെ വരുന്ന സമയത്ത് അവരുടെ കൂടെ അദ്ദേഹത്തിന്റെ പ്രസൻസ് കാണുമ്പോൾ ഞാൻ അത്ഭുതപ്പെടും. ഈ മനുഷ്യന് എന്തിനാണ് ഇത്രദൂരം അവരുടെ കൂടെ യാത്ര ചെയ്തു വരുന്നത്. പലപ്പോഴും പറയാറുണ്ട്, സുഹൈൽക്ക എന്നോട് പറഞ്ഞാൽ മാത്രം പോരെ ഞാൻ ചെയ്തുകൊള്ളാമല്ലോ എന്ന് പക്ഷേ അദ്ദേഹം തന്നെ കൊല്ലത്തുനിന്നും തിരുവനന്തപുരത്തു നിന്നും കോട്ടയത്ത് നിന്നും ആളുകളുടെ കൂടെ വന്ന് രണ്ടുമൂന്നു ദിവസം താമസിച്ചുകൊണ്ട് കൗൺസിലിങ്ങിന് വരുമ്പോൾ അത്ഭുതത്തോടു കൂടി നോക്കി നിന്നിട്ടുണ്ട്. ഇത്ര ദൂരെ കണ്ണൂർ ജില്ലയിലെ പയ്യന്നൂർ ഉള്ള എന്റെ ക്ലിനിക്കിൽ പലതവണയായി ചെറിയ കുട്ടികൾ മുതൽ വലിയ കുടുംബങ്ങളെ അടക്കം അദ്ദേഹം നേരിട്ട് തന്നെ എത്തിച്ചിട്ടുണ്ട്.

അവസാനം അസുഖബാധിതനായിരിക്കുമ്പോൾ പോലും എന്നോട് ഫോണിൽ വിളിച്ചു സംസാരിച്ചത് കുറേ വ്യക്തികളുടെയും കുട്ടികളുടെയും കൗൺസിലിംഗിനെ പറ്റിയും ആലപ്പുഴ ഭാഗത്തുള്ള സിജിയുടെ പ്രവർത്തനങ്ങളെക്കുറിച്ചും ആയിരുന്നു. എല്ലാ സംസാരവും അവസാനം എത്തി നിൽക്കുക സുഹൈലിക്കയുടെ സ്വപ്നപദ്ധതി CIABലും അതിലെ കുട്ടികളെ കുറിച്ചും ആയിരിക്കും.

സുഹൈൽക്കയുമായുള്ള ഒരു ആത്മബന്ധം എന്നു പറയുന്നത് രക്തബന്ധത്തേക്കാളും ഹൃദ്യമായിരുന്നു. സുഹൈൽക്ക എനിക്ക് എന്തായിരുന്നു എന്ന് ചോദിച്ചാൽ ചിലപ്പോൾ രക്ഷിതാവായും ചിലപ്പോൾ നല്ലൊരു സ്നേഹിതനായും നല്ലൊരു വഴികാട്ടിയായും നല്ലൊരു മെന്ററായും എന്റെ കൂടെ എന്നെന്നും ചിന്തിച്ചും പ്രവർത്തികൊണ്ടും ഒരുമിച്ച് നിന്ന് എന്നെ ഹൃദയംകൊണ്ട് നെഞ്ചിലേറ്റിയ ഒരു വ്യക്തിത്വം.

20 വർഷത്തിലധികമായി ക്യാമ്പുകളും കൗൺസിലിംഗുകളും ക്ലാസുകളും എന്നെ ഏൽപ്പിക്കുമ്പോൾ ഞാൻ തന്നെ വേണോ എന്ന് ചോദിക്കുമ്പോൾ കുഞ്ഞാക്ക അവിടെ ഉണ്ടെങ്കിൽ ഞാൻ അവിടെ വേണ്ടല്ലോ എന്ന പുഞ്ചിരിയോട് കൂടിയുള്ള മൗനം തരുമ്പോഴും എനിക്ക് ഉത്തരം കിട്ടാത്ത ഒരു ചോദ്യം, എന്ത് ഗുണമാണ് ആ വലിയ മനുഷ്യൻ എന്നിൽ കണ്ടതെന്നതാണ്. അതുകൊണ്ടുതന്നെ സുഹൈൽക്കാടെ കോളുകൾ വരുന്ന സമയത്ത് വിദേശയാത്ര പോലും മാറ്റിവച്ചുകൊണ്ട് പലപ്പോഴും ക്യാമ്പുകളിൽ പങ്കെടുത്തതും. അത് ഒരിക്കലും വെറുതെ ആയില്ല. എന്റെ →

# ഇനിയും ഇങ്ങനെ ഒരാൾ ഉണ്ടാകുമോ

**എം.എസ്.നൗഷാദ്, കായംകുളം**

**(സിജി, ആലപ്പുഴ)**

സുഹൈൽസാറിനെ പരിചയപ്പെടുന്നത് 20 വർഷങ്ങൾക്കു മുമ്പ് എസ് കെ.നസീർ സാഹിബുമായി അസർ നമസ്കാരാനന്തരം ഹസനിയ മസ്ജിദിൽ വച്ചാണ്. അന്ന് തൊട്ടുള്ള ബന്ധം അദ്ദേഹത്തിന്റെ വേർപാടിന് ഏതാനും ദിവസങ്ങൾ മുമ്പ് വരെ ഉണ്ടായിരുന്നു. കായംകുളത്ത് അദ്ദേഹത്തിനുണ്ടായിരുന്ന അടുപ്പം മൂലം അവിടെ നല്ലൊരുകൂട്ടായ്മ ഉണ്ടാക്കാൻ കഴിഞ്ഞിരുന്നു. കായംകുളത്ത് കുടുംബശാക്തീകരണത്തിനും കുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനത്തിനും രാപകൽ ഭേദമെന്യേ ആത്മാർത്ഥമായി അദ്ദേഹം ഓടിനടന്നു. ഒരു കായംകുളംകാരനാണോ സുഹൈൽസാർ എന്ന് ഞാൻ പലവുരി ആലോചിച്ചിട്ടുണ്ട്. വ്യക്തിപരമായി എന്റെ കുടുംബവുമായി സുദൃഢബന്ധം അദ്ദേഹം സ്ഥാപിച്ചിരുന്നു. അതുകൊണ്ട് തന്നെ വേർപാട് എനിയ്ക്കും കുടുംബത്തിനും ഉൾക്കൊള്ളാൻ കഴിഞ്ഞിട്ടില്ല. എന്നാൽ ആ നഷ്ടം അല്ലാഹുവിന്റെ തിരുമാനമാണ്.

ചെയ്ത സേവനങ്ങൾ എല്ലാം സർവ്വശക്തൻ സ്വീകരിച്ച് അനുഗ്രഹിക്കട്ടെ എന്ന പ്രാർത്ഥനയോടെ.

---

→

വളർച്ചയ്ക്ക് ഒരുപാട് സഹായകമായിരുന്നു അതൊക്കെ. ഇന്ന് കുഞ്ഞാക്ക എന്തെങ്കിലും ആയിക്കൊണ്ടിരിക്കുന്നുണ്ടെങ്കിൽ എന്നെ വിശ്വാസത്തിൽ എടുത്ത എന്റെ പ്രിയപ്പെട്ട സുഹൈൽക്ക ഒരു നിമിത്തമാണ്. എന്റെ സിജിയിലുള്ള സഹപ്രവർത്തകരും കൂട്ടുകാരും ബന്ധുക്കളും പലപ്പോഴും ചോദിക്കുന്നത് ആലപ്പുഴ തന്നെ നിനക്കൊരു വീട് എടുത്തുകൂടെ എന്ന്.


ഒരാളെയും കുറ്റം പറയുന്ന സ്വഭാവം അദ്ദേഹത്തിനില്ല. ഒരാളെയും മോശം പറയുന്ന സ്വഭാവവും ഇല്ല. അവരിലുമുള്ള നന്മയെ പരിപോഷിപ്പിക്കുന്ന ഒരു നല്ല സ്വാർത്ഥകനായ മനുഷ്യൻ. ആലപ്പുഴയിലെ എന്റെ മുഴുവൻ സഹോദരിസഹോദരന്മാർക്കും അദ്ദേഹത്തിന്റെ വേർപാട് വരുത്തിയ വലിയ തീരാനഷ്ടം താങ്ങാനുള്ള കരുത്ത് അള്ളാഹു നൽകട്ടെ. ഞങ്ങളെ എല്ലാം നാളെ ജന്നാത്തുൽ ഫിർദൗസിൽ ഒരുമിച്ചു കൂട്ടണേ അല്ലാഹുവെ - സുഹൈൽക്ക നിർത്തിവച്ച പ്രവർത്തനങ്ങൾക്ക് നമുക്ക് കൈത്താങ്ങാവാൻ പരസ്പരം ചേർത്തുപിടിച്ചുകൊണ്ട് മുന്നോട്ടേക്ക് ഗമിക്കാം.

# സഫല ജീവിതത്തിന്റെ നേർക്കാഴ്ചകൾ...











skywell
AQUA SOLUTIONS

PREMIUM QUALITY
WATER STORAGE TANKS
STAINLESS STEEL WATER TANKS
SEPTIC TANKS & SUCTION HOSE

- LONG LIFE
- UV STABILIZED
- FOOD GRADE MATERIAL
- LLDPE 100% VIRGIN RAW MATERIAL




10 YEAR WARRANTY

ISO 9001 2015 CERTIFIED

FOR DISTRIBUTION/DEALERSHIP
**CONTACT: +91 6238 801 881**

www.skywellaquasolutions.com

## സഫല ജീവിതത്തിന്റെ നേർക്കാഴ്ചകൾ...















# സഫല ജീവിതത്തിന്റെ നേർക്കാഴ്ചകൾ...



















# മാറ്റിവയ്ക്കാനാകാത്ത യാത്ര..

**C.T.അബ്ദുൽ ഖാദർ, തൃക്കരിപ്പൂർ**

പ്രിയങ്കരനായ സുഹൈൽ സാഹിബിന്റെ രക്ഷിതാവും എന്റെ പിതാവും അടുത്ത സുഹൃത്തുക്കൾ ആയിരുന്നു. ആ ബന്ധം ആയിരുന്നു ഞാനും സുഹൈൽ സാറുമായുള്ള ആത്മബന്ധത്തിന് അടിസ്ഥാനം. സുഹൈൽ വയലിത്തറ സിജിയിലേക്ക് കടന്ന് വന്ന സാഹചര്യം ഞാൻ ഓർക്കുന്നു. സിജി കുടുംബത്തിലേക്കു അദ്ദേഹത്തെ ക്ഷണിക്കുന്നതിനായി ഞാനും ബഹുമാന്യനായ N.V. കബീറും അദ്ദേഹത്തിന്റെ വീട്ടിലെത്തി. സുഹൈൽ സാഹിബ് പ്രവാസ ജീവിതം മതിയാക്കി വന്ന സമയമായിരുന്നു അത്. സിജിയുടെ ചില പരിപാടികൾ സൗദിയിൽ വച്ച് കണ്ട സുഹൈൽ, സിജിയെക്കുറിച്ച് കുറെയൊക്കെ മനസ്സിലാക്കിയിരുന്നു. സിജി എന്ന പ്രസ്ഥാനത്തെക്കുറിച്ചും അതിന്റെ വിവിധ പരിപാടികളെക്കുറിച്ചും ഞങ്ങൾ സുഹൈൽ സാഹിബിനെ ബോധ്യപ്പെടുത്തിയത് അദ്ദേഹം സിജിയിലേക്ക് കൂടുതൽ ആകർഷിക്കപ്പെടാനിടയാക്കി. സിജിയുടെ പ്രവർത്തനം മൂലം സമൂഹത്തിലും സമുദായത്തിലും ചെലുത്താവുന്ന സ്വാധീനം മനസ്സിലാക്കി, സുഹൈൽ സിജി പ്രവർത്തനവുമായി സഹകരിക്കാമെന്ന് സമ്മതിച്ചു. എന്നാൽ ഒരു ആവശ്യം അദ്ദേഹം മുന്നോട്ട് വച്ചു. അദ്ദേഹത്തിന്റെ വന്ദ്യനായ പിതാവിനെ കൂടി സിജിയുടെ പ്രവർത്തനത്തെ സംബന്ധിച്ച് ബോധ്യപ്പെടുത്തണമെന്നതായിരുന്നു അത്. അങ്ങനെ ഞാനും കബീർ സാഹിബും ബഹുമാന്യനായ മർഹൂം വൈലിത്തറ ഉസ്താദുമായി സിജിയുടെ പ്രവർത്തനത്തെപ്പറ്റിയും ഉദ്ദേശ്യലക്ഷ്യങ്ങളെക്കുറിച്ചും സംസാരിച്ചു. അദ്ദേഹത്തിന്റെ സംശയങ്ങളും ആശങ്കകളും ഫലപ്രദമായി ദുരീകരിക്കുവാൻ ഞങ്ങൾക്ക് കഴിഞ്ഞു. വന്ദ്യനായ ഉസ്താദിന്റെ ആത്മസുഹൃത്തായ തൃക്കരിപ്പൂർ V.P.M. അബ്ദുൽ അസീസ് മാസ്റ്ററുടെ മകനാണ് ഞാൻ എന്നത് ഞങ്ങളുടെ ദൗത്യം എളുപ്പത്തിലാക്കി. സിജിയിലേക്ക് കടന്നു വന്ന സുഹൈൽ പരിപൂർണ്ണാർത്ഥത്തിൽ സിജിയെ നെഞ്ചിലേറ്റി. തുടർന്ന് കണ്ടത് തെക്കൻ കേരളത്തിലേക്ക് സിജി പ്രവർത്തനം അതിവേഗം വ്യാപിക്കുന്നതാണ്. സമൂഹത്തിന്റെ വിദ്യാഭ്യാസ പുരോഗതിക്കായി അക്ഷീണം യത്നിച്ചു. ഈ പ്രവർത്തനത്തിലെ അദ്ദേഹത്തിന്റെ ഇഖ്‌ലാസ് ഏറെ ശ്രദ്ധേയമാണ്.

ഒന്നേറ്റെടുത്താൽ അതിന് പരിസമാപ്തി കുറിക്കുന്നതുവരെ അദ്ദേഹത്തിന് വിശ്രമം ഉണ്ടാവില്ല. എത്ര എത്ര ക്യാമ്പുകൾ, ക്ലാസ്സുകൾ. വിദ്യാഭ്യാസ സെമിനാറുകൾ. കരിയർ ഇൻഫൊർമേഷൻ രംഗത്ത് അവസാനവാക്കായിരുന്നു സുഹൈൽ വയലിത്തറ. ആശങ്കയിലാകുന്ന SSLC,+2, ഡിഗ്രീ കഴിഞ്ഞ കുട്ടികളുടെയെല്ലാം അത്താണി ആയിരുന്നു, ആ നാമം. പക്ഷേ ആ സേവനം അല്ലാഹു അവൻ നിശ്ചയിച്ച സമയത്ത് നിർത്തി. വലിയ നഷ്ടം സിജിക്കും വിദ്യാഭ്യാസ മേഖലയ്ക്ക് മൊത്തത്തിലും ഉണ്ടാക്കിക്കൊണ്ട്.


ഞാനോർക്കുന്നു, സിജി സ്ഥാപകൻ Dr. അബൂബക്കർ സാഹിബ് മരിക്കുന്നതിന് തൊട്ടു മുമ്പുള്ള സിജി ഡേ ആഘോഷം. തൂവെള്ള വസ്ത്രത്തിലെത്തിയ അബൂബക്കർ സാഹിബ് കൂടുതൽ ഉർജ്ജസ്വലനായിരുന്നു. എല്ലാവരുമായി കുശലം പറഞ്ഞും ഫോട്ടോ എടുത്തുമൊക്കെ നിൽക്കുമ്പോൾ എന്നെയും സുഹൈൽ സാഹിബിനെയും ഒന്നിച്ച് കണ്ടപ്പോൾ സിജിയുടെ ഉത്തരേന്ത്യൻ പദ്ധതിയെക്കുറിച്ച് പറഞ്ഞു.. സിജി (CIGI) എന്ന വാക്കിലെ രണ്ടാമത്തെ I ഇന്ത്യയെ ആണ് സൂചിപ്പിക്കുന്നത്. സിജി ഇന്ത്യക്ക് ഒന്നാകെയുള്ളതാണ്. കേരളത്തിന് മാത്രമുള്ളതല്ല. അതുകൊണ്ട് സുഹൈൽ CTക്ക് ഒപ്പം കൂടണം എന്ന്. സുഹൈൽ

സാഹിബ് സമ്മതം അറിയിച്ചു. പല കാരണങ്ങളാൽ നീണ്ടുപോയി. അവസാനം വരുന്ന ഡിസംബറിൽ എന്ന് ഉറപ്പു പറഞ്ഞിരുന്നു. ഡിസംബറിന് മുമ്പേ സുഹൈൽ സാഹിബ് മറ്റൊരു ദീർഘ യാത്രയ്ക്ക് പോയി.. മാറ്റിവയ്ക്കാനാകാത്ത യാത്ര.

സുഹൈൽ സാഹിബിന്റെ വിയോഗ വാർത്ത അറിയുമ്പോൾ ഈ വിനീതൻ ബീഹാറിലെ കിഷൻ ഗഞ്ചിലായിരുന്നു. അതുകൊണ്ട് തന്നെ അവസാനമായി ഒന്ന് കാണാനോ നേരിട്ട് മയ്യത്ത് നമസ്കരിക്കുവാനോ കഴിഞ്ഞില്ല.. ഈ സങ്കടം മാറ്റിയത് 3 ആഴ്ച കഴിഞ്ഞ് നാട്ടിലെത്തി നേരെ ആ വീട്ടിലെത്തിയപ്പോഴാണ്.. അന്ന് എന്നോടൊപ്പം സിജി എക്സിക്യൂട്ടീവ് മെമ്പറും ഖുർതുബ അക്കാദമി ഡയറക്ടറുമായ ഡോ. സുബൈർ ഹുദവിയും കുടുംബവുമുണ്ടായിരുന്നു. സുഹൈൽ സാഹിബിന്റെ മരണദിവസം എത്തിച്ചേരാൻ കഴിയാതിരുന്ന വേദനക്ക് ഈ സന്ദർശനം തെല്ലൊന്നുമല്ല ആശ്വാസം പകർന്നത്. സുഹൈൽ സാഹിബിന്റെ ഓർമ്മകൾ നിറഞ്ഞു നിൽക്കുന്ന ആ വീട്ടിൽ അദ്ദേഹത്തിന്റെ അസാന്നിധ്യത്തിലുള്ള ആദ്യസന്ദർശനം വലിയ മാനസിക ബുദ്ധിമുട്ടുണ്ടാക്കിയെങ്കിലും സാഹിബിന്റെ സഹോദരങ്ങളുമായി ഏറെ സമയം ചിലവഴിക്കാനായത് വലിയ സന്തോഷത്തിനിടയാക്കി.

ഏറ്റെടുക്കുന്ന ഏതൊരു പ്രവർത്തിയോടും നൂറുശതമാനം ആത്മാർത്ഥത പുലർത്തിയിരുന്ന അദ്ദേഹത്തിന്റെ വിയോഗം സൃഷ്ടിച്ച നഷ്ടം വളരെ വലുതാണ്. അദ്ദേഹത്തിന്റെ പാത പിന്തുടരുക മാത്രമാണ് നമുക്കിനി ചെയ്യാവുന്നത്. സുഹൈൽ സാഹിബിനെ നമ്മൾ ഓർമ്മിക്കേണ്ടത് അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് കൊണ്ടായിരിക്കണം.. അദ്ദേഹത്തിന്റെ പാരത്രിക ജീവിതത്തിലേക്ക് സമുദായത്തിന് അദ്ദേഹം നല്കിയ വിലപ്പെട്ട സേവനങ്ങൾ മുതൽക്കൂട്ടാവട്ടെ എന്ന് പ്രാർത്ഥിക്കാം...





# ആത്മീയ ഭൗതിക സമന്വയമായ ജീവിതം

**ഡി. സലിം തൃക്കുന്നപ്പുഴ**

**ഈ** അടുത്തു നമ്മെ വിട്ടുപിരിഞ്ഞു പോയ വൈലിത്തറയിൽ ശ്രീ സുഹൈൽ റഹ്മാനെക്കുറിച്ച് ഒരു ഓർമ്മക്കുറിപ്പ് തരണമെന്ന് ബന്ധപ്പെട്ടവർ ആവശ്യപ്പെട്ടപ്പോൾ 1982-85 കാലഘട്ടങ്ങളിലെ ആലപ്പുഴ എസ്ഡി കോളേജ് വിദ്യാർത്ഥി കാലഘട്ടമാണ് ആദ്യമായി ഓർമ്മയിൽ വന്നത്. എന്നാൽ പിന്നീടുള്ള ആലോചനയിൽ അതുമാത്രം പരാമർശിച്ചു പോകേണ്ടുന്ന ഒരാളാണോ ശ്രീ സുഹൈൽ റഹ്മാൻ എന്ന ആശങ്ക മനസ്സിൽ വല്ലാതെ ഉണ്ടായി. ആലപ്പുഴ സനാതനധർമ്മ കോളേജിൽ എസ്എഫ്ഐയുടെ നേതാവായും ചെയർമാൻ സ്ഥാനാർത്ഥിയുമായി ഒക്കെ സുഹൈൽ റഹ്മാൻ രംഗത്ത് വന്നപ്പോൾ സുഹൈലിന്റെ കുടുംബ പശ്ചാത്തലം അറിയാവുന്ന ഞങ്ങളിൽ ഒക്കെ വലിയ കൗതുകവും ആവേശവും അത് ഉളവാക്കിയിരുന്നു. തികച്ചും മതപരമായ ഒരു ഗാർഹിക അന്തരീക്ഷത്തിൽ നിന്ന് ഭൗതികതയുടെ വിശാല ലോകത്തിലേക്കുള്ള ഒരു കടന്നുവരവ് എങ്ങനെ ബാലൻസ് ചെയ്യുവാൻ കഴിയും എന്നായിരുന്നു പ്രധാനമായും ഉയർന്നു വന്ന ആശങ്ക. എന്നാൽ തന്റെ ജീവിതത്തിലുടനീളം ഈ ബാലൻസിംഗ് ഫലപ്രദമായി കൊണ്ടുപോകുവാൻ കഴിഞ്ഞു എന്നിടത്താണ് സുഹൈൽ റഹ്മാൻ വിജയിച്ചത്.

മതത്തെ സംബന്ധിച്ചും മതപരമായ നിഷ്ഠകളെ സംബന്ധിച്ചും അദ്ദേഹത്തിന് വ്യക്തമായ കാഴ്ചപ്പാടും അടിയുറച്ച വിശ്വാസവും ഉണ്ടായിരുന്നു. മതത്തെ ഒരു ആചാരം എന്നതിനു പരിയായി അതിന്റെ മൂല്യത്തിൽ ഊന്നി കൊണ്ടാണ് അദ്ദേഹം കണ്ടിരുന്നത്. മതത്തെ മൂല്യമായി കണക്കാക്കുന്ന ഏതൊരാൾക്കും മനുഷ്യസ്നേഹവും സഹജീവിസ്നേഹവും ഒട്ടും അന്യവുമല്ല. ഈ മൂല്യത്തിൽ ഊന്നി നിന്നു കൊണ്ടുള്ള നിലപാടാണ് ശ്രീ സുഹൈൽ റഹ്മാനെ ആദ്യഘട്ടത്തിൽ വിപ്ലവ വിദ്യാർത്ഥി സംഘടനയുടെ പ്രവർത്തകനായും, പിന്നീട് താൻ ജോലി ചെയ്ത സ്ഥലത്തെ പുരോഗമന സർവീസ് സംഘടനയുടെ നേതാവായും, ഔദ്യോഗിക ജീവിത വിരമിക്കലിനു ശേഷം പുരോഗമന വിപ്ലവ പ്രസ്ഥാനത്തിന്റെ അംഗമായും ഒക്കെ മാറ്റി തീർത്തത്. ഇതോടൊപ്പം ശാസ്ത്ര വൈജ്ഞാനിക രംഗങ്ങളിൽ അദ്ദേഹം ഏറെ തൽപരൻ കൂടിയായിരുന്നു. ഈ താല്പര്യമാണ് സുഹൈൽ റഹ്മാനെ ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ അംഗത്വത്തിലേക്ക് എത്തിച്ചതും തൃക്കുന്നപ്പുഴ യൂണിറ്റിന്റെ പ്രസിഡന്റ് എന്ന നിലയിൽ ഉയർന്നു പ്രവർത്തിക്കുവാൻ പ്രേരിപ്പിച്ചതും. പാനൂർ യുപി സ്കൂളിലെ കുട്ടികൾക്ക് യാതൊരു തടസ്സവും കൂടാതെ ശാസ്ത്രമാസികയായ യുറീക്ക എല്ലാ ക്ലാസിലും വരുത്തിക്കൊടുക്കുവാൻ അദ്ദേഹം പ്രത്യേകം താല്പര്യം പ്രകടിപ്പിച്ചിരുന്നു. ഒരു മത പ്രസിദ്ധീകരണത്തിലും താൽപര്യം പ്രകടിപ്പിക്കാതെ ശാസ്ത്രമാസികകളിൽ താല്പര്യം പ്രകടിപ്പിച്ചു എന്നത് അദ്ദേഹത്തിന്റെ കാഴ്ചപ്പാടിലെ ഗുണപരമായ വൈരുദ്ധ്യത അഥവാ ദ്വന്ദാത്മകതയാണ് പ്രകടിപ്പിക്കുന്നത്. തന്റെ പാരമ്പര്യമായ മത വിശ്വാസചിന്തകളെ, ഭൗതികജീവിതവും ശാസ്ത്ര വിജ്ഞാനവുമായി പൊരുത്തപ്പെടുത്തി ചിന്തിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നു. അതുകൊണ്ടാണ് മതത്തിന്റെ ആചാരത്തിനുപരി മൂല്യത്തെ ഉയർത്തിപ്പിടിക്കുവാൻ സുഹൈൽ പരിശ്രമിച്ചത്.

ശ്രീ സുഹൈൽ റഹ്മാനിൽ ഉണ്ടായിരുന്ന മറ്റൊരു ഗുണപരമായ വശം എല്ലാത്തരം വിഭാഗീയതകളെയും തീവ്രവാദ ചിന്തകളെയും അദ്ദേഹം തള്ളിക്കളഞ്ഞിരുന്നു എന്നതാണ്. ഇന്ത്യയുടെ സവിശേഷമായ ഈ കാലഘട്ടത്തിൽ ഫാസിസം


അതിന്റെ എല്ലാ ദുർമുഖങ്ങളുമായി ഉറഞ്ഞു തുള്ളുമ്പോൾ സ്വാഭാവികമായും പ്രതിരോധം മറ്റൊരു വർഗീയതയിലേക്കും ചിന്തയിലേക്കും വഴുതി വീഴുവാൻ സാധ്യതകൾ ഏറെയാണ്. എന്നാൽ തന്റെ സ്വസമുദായത്തിൽ തന്നെ നാമ്പിട്ടുവന്ന അത്തരത്തിലുള്ള എല്ലാ വിഭാഗീയ വർഗീയ സമീപനങ്ങളോട് അദ്ദേഹം വിട്ടുവീഴ്ച യില്ലാത്ത നിലപാട് കൈ കൊണ്ടിരുന്നു. ഭൂരിപക്ഷ വർഗീയതയ്ക്ക് ബദൽ ന്യൂനപക്ഷ വർഗീയത യാണ് എന്ന് ശ്രീ സുഹൈൽ റഹ്മാൻ ഒരിക്കലും കരുതിയിരുന്നില്ല, എന്ന് മാത്രമല്ല അത്തരം പ്രവണതകൾക്കെതിരെ തന്റെ ജീവിതത്തിലുട നീളം സന്ധിയില്ലാതെ പോരാട്ടം നടത്തുകയും ചെയ്തിരുന്നു. എല്ലാത്തരം വർഗീയതകൾക്കും പരിഹാരം മതനിരപേക്ഷതയുടെ കൊടിക്കൂറ ഉയർത്തുക എന്നതിലാണ് അദ്ദേഹം വിശ്വസിച്ചി രുന്നത്.

ശ്രീ സുഹൈൽ റഹ്മാന്റെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ തന്റെ ശരീരത്തിന്റെയും ഹൃദയ ത്തിന്റെയും ഭാഗമായി കൂടിയാണ് അദ്ദേഹം കൊണ്ടുനടന്നിരുന്നത്. ഔദ്യോഗിക ജീവിതത്തിൽ നിന്നും വിരമിച്ചതിനു ശേഷം ഇത്തരം പ്രവർത്തന ങ്ങളിലായിരുന്നു അദ്ദേഹം വ്യാപ്രതനായിരുന്നത്. കുട്ടികൾക്കായി ഒരു ഗൈഡൻസ് ക്ലാസ് സംഘടി പ്പിക്കുന്ന കാര്യം ഞങ്ങളുടെ അവസാന കൂടി ക്കാഴ്ചയിലും പറഞ്ഞിരുന്നു.

അദ്ദേഹത്തിന്റെ മരണത്തിന്റെ ഏതാനും ദിവസങ്ങൾക്കു മുൻപാണ് പാനൂരിൽ വച്ച് നടക്കുന്ന ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ ക്യാമ്പിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഞാൻ സുഹൈലിനെ സന്ദർശിക്കുന്നത്. വിദേശ യാത്ര തീരുമാനിച്ചിരിക്കുന്നതിനാൽ ക്യാമ്പ് സമയത്ത് ഉണ്ടാകില്ല എന്നും എല്ലാ ഏർപ്പാടുകളും ചെയ്തു തരാം എന്നും പറഞ്ഞിരുന്നു. പിന്നീട് അറിഞ്ഞത് അദ്ദേഹത്തിന്റെ അസുഖ വിവരവും ആകസ്മിക മരണവുമാണ്. ശ്രീ സുഹൈൽ റഹ്മാൻ എന്ന പ്രഭാഷകൻ ഒരുപക്ഷേ ആവേശം വാരി വിതറി പ്രസംഗിക്കുമായിരുന്നില്ല. എന്നാൽ നല്ല ഉൾകാമ്പോടുകൂടിയ ഒരു പ്രഭാഷകനായി രുന്നു അദ്ദേഹം. ശ്രീനാരായണഗുരുദർശനങ്ങളെ ക്കുറിച്ച് അതിലെ മൂല്യവശങ്ങളെ കുറിച്ച് അദ്ദേഹം നന്നായി സംസാരിക്കുമായിരുന്നു.

സയൻസിനെകുറിച്ച് അദ്ദേഹം ഏറെ വാചാല നായിരുന്നു. ശാസ്ത്രനേട്ടങ്ങൾ മനുഷ്യനിൽ ഉണ്ടാക്കുന്ന മാറ്റങ്ങളെക്കുറിച്ച് ഏറെ സംസാരി ച്ചിരുന്നു. മതവും ശാസ്ത്രവും എങ്ങനെ ഒന്നിച്ചു കൊണ്ടു പോകുവാൻ കഴിയും എന്ന് ഒരിക്കൽ സംഭാഷണ മധ്യേ ചോദിച്ചിരുന്നു. അപ്പോൾ സുഹൈൽ പറഞ്ഞ മറുപടി സയൻസ് പ്രവർത്തി ക്കുന്നത് മനുഷ്യന്റെ ആത്മീയതലത്തിൽ അല്ല മറിച്ച് ഭൗതികതലത്തിലാണ്. സയൻസ് ഒരു സിദ്ധാന്തമോ, ദർശനമോ, പ്രത്യയശാസ്ത്രമോ അല്ല. പ്രായോഗിക ജീവിതം അനായാസമാക്കുന്ന പ്രായോഗിക സമീപനവും പദ്ധതിയും ആണ് സയൻസ്. അതുകൊണ്ടുതന്നെ സയൻസും ആത്മീയതയും കൈകോർക്കാവുന്നതാണ് എന്ന സുഹൈലിന്റെ വാദത്തിനു മുന്നിൽ ഞാനന്ന് ഏറെ തർക്കിച്ചിരുന്നില്ല. ഇതിൽ നിന്നുതന്നെ അദ്ദേഹത്തിന്റെ കാഴ്ചപ്പാട്, ഞാൻ തുടക്കത്തിൽ സൂചിപ്പിച്ച ബാലൻസിംഗ് ഏവർക്കും മനസ്സിലാ ക്കാവുന്നതാണ്. ഏറ്റവും പ്രിയപ്പെട്ട സുഹൃത്ത് ശ്രീ സുഹൈൽ റഹ്മാന് ഇനിയും ഈ ഭൗതിക പ്രപഞ്ചത്തിൽ ചെയ്യുവാൻ ഏറെ ഉണ്ടായിരുന്നു. പ്രിയ സുഹൃത്തിന്റെ സ്മരണകൾക്ക് മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു.





# എം.ജിയിലെ അത്ഭുത നക്ഷത്രം

**സത്താർ ശ്രീകാര്യം**
**(സീനിയർ റിസോഴ്സ് പേഴ്സൺ, സിജി)**

**എ**ം.ജി. സർവ്വകലാശാലയിൽ പുതുതായി തുടങ്ങിയ 'പോളാർ സ്റ്റഡീസ്' സെന്ററിനെക്കുറിച്ച് കൂടുതലറിയാനാണ് ഞാൻ സുഹൈൽ സാഹിബിനെ വിളിച്ചത്. ഉടനെ വന്നു മറുപടി ''സത്താർ സാഹിബേ' ഇവിടെയുള്ള ഈ ഡിപ്പാർട്ട്മെന്റിൽ നമ്മുടെ കുട്ടികൾ കയറിപ്പറ്റണം. ആദ്യ രണ്ട് ബാച്ചിലെ കുട്ടികൾക്ക് അന്റാർട്ടിക്കയിൽ വരെ പോകാൻ കഴിഞ്ഞു. ഇങ്ങനെയൊരു അവസരം നമ്മുടെ ദക്ഷിണേന്ത്യയിൽ ഒരിടത്തുമില്ല."

സുഹൈൽ സാഹിബ് നിർത്താതെ വാചാലനാവുകയാണ്. അതാണ് പ്രകൃതം. പിന്നീട് അവിടത്തെ സ്കൂൾ ഓഫ് എൻവിറോൺമെന്റ് സ്റ്റഡീസിനെക്കുറിച്ച്. അപ്പോഴും പറഞ്ഞു നിർത്തുന്നത് ആശങ്കകളോടെയാണ്. "നമുക്കിതൊക്കെ പറയാനല്ലേ കഴിയൂ. നാട്ടിലെ ഏതെങ്കിലും ബിരുദധാരികളായ കുട്ടികളോട് ഇത്തരം ഗവേഷണ വിഭാഗത്തിലെ ആഗോളസാധ്യതയെക്കുറിച്ച് മിണ്ടിയാൽ അവർ ഊറിച്ചിരിക്കും."

ശരിയാണ് എന്ന് എനിക്ക് ആ സംഭവം കഴിഞ്ഞ് വർഷങ്ങൾ കഴിഞ്ഞിട്ടും തോന്നുകയാണ്.

ഈ സംഭവം നടക്കുന്നതിനും വർഷങ്ങൾക്ക് മുമ്പ് 2007 ൽ ആണെന്നാണോർമ്മ. തിരുവനന്തപുരത്ത് എം.ഇ.എസ് ഹാളിൽ സിജിയുടെ കരിയർ ഗൈഡൻസ് ക്ലാസ്. ക്ലാസ് പകുതി സുഹൈൽ സാഹിബും (സയൻസ്) ഹ്യൂമാനിറ്റീസ് -കൊമേഴ്സ് വിഭാഗ സാധ്യതകളെക്കുറിച്ച് ഞാനും. ജില്ലയിലെ 60ഓളം കുട്ടികൾ ഉണ്ടായിരുന്നു. അന്ന് സുഹൈൽ സാഹിബിന്റെ നർമ്മത്തിൽ പൊതിഞ്ഞ ഒരു 'ഉപദേശം' ഞാൻ ഒരിക്കലും മറക്കില്ല.

"നമ്മുടെ ആളുകൾ ഇപ്പോഴും ഡ്രൈവിംഗ് പഠിച്ചിട്ട് ഡ്രൈവർ ജോലിയും പ്രതീക്ഷിച്ച് ഗൾഫിൽ പോകാൻ ഇരിക്കുകയാണ്. ഇനിയവിടെ സ്കിൽഡ് ലേബറിന് മാത്രമേ സാധ്യതയുണ്ടാകൂ. പലരും തിരിച്ച് വരികയാണ്. എന്നിട്ട് തന്റെ സ്വതസിദ്ധമായ നർമ്മത്തിൽ ചാലിച്ച് ഇങ്ങനെ കൂടി പറഞ്ഞു. "ഡ്രൈവിംഗ് പഠിക്കുന്നെങ്കിൽ ജെസിബി ഡ്രൈവിംഗ് പഠിച്ചിട്ട് പോകുക. നിർമ്മാണമേഖലയിലും റോഡ് വികസനത്തിലും വൻ വികസനം ഗൾഫിൽ വരികയാണ്."

ഇതാണ് സുഹൈൽ സാഹിബ്. ദീർഘദൃഷ്ടി അപാരമാണ്. അദ്ദേഹത്തെകുറിച്ച് പറഞ്ഞാൽ ഒരു പുസ്തകം എഴുതാൻ വേണ്ടിയുണ്ട്. നാളെയെ കാണുന്നവർ ആണ് സിജിയിലെ ഓരോ പ്രവർത്തകരും. സുഹൈൽ അതിലും മുന്നിലായിരുന്നു.

ആലപ്പുഴ ജില്ലയിൽ സിജിയുടെ ചാപ്റ്റർ ഉദ്ഘാടനം ചെയ്തത് അന്ന് മന്ത്രിയായിരുന്ന ശ്രീ.ജി സുധാകരനാണ്. വളരെക്കാലം കേരള സർവ്വകലാശാല സിൻഡിക്കേറ്റ് അംഗം കൂടിയായിരുന്നു അദ്ദേഹം. ആലപ്പുഴ സിജി നടപ്പാക്കുന്ന ഒരു പ്രോജക്ട് ലോഞ്ചിഗും അന്നായിരുന്നു. അതിനായി ഊർജ്ജസ്വലരായ ഒരു കൂട്ടം യുവാക്കളെ, ഒരുക്കാൻ കഴിവുള്ള മാസ്മരിക വ്യക്തിത്വമായിരുന്നു സുഹൈൽ. ആ ഉദ്ഘാടന ചടങ്ങിന് സ്വാഗതം പറഞ്ഞപ്പോൾ കൂട്ടിച്ചേർത്തത് ഞാനിന്നും ഓർക്കുന്നു. "നമ്മുടെ വിദ്യാഭ്യാസ പ്രോജക്ടിന്റെ ഉദ്ഘാടനം ഈ മന്ത്രിസഭയിലെ ഏറ്റവും മിടുക്കനായ ശ്രീ. സുധാകരൻ സാർ നിർവ്വഹിച്ചിരുന്നുവെന്നതും നമുക്ക് ആവേശം തരുന്നതാണ്".

ഇത് പറയുന്നത് സാധാരണ സ്വാഗത പ്രാസംഗികൻ പറയുന്ന 'തള്ള്' ആയിരുന്നില്ല. കാരണം മന്ത്രിയാകുന്നതിനും വർഷങ്ങൾക്ക് മുമ്പേ മന്ത്രി സുധാകരനോട് സുഹൈൽ സാഹിബിന് നല്ല →

# ഇനിയും നമുക്ക് ഒരുമിച്ച് കൂടാം ...

ഷൗക്കത്ത് പല്ലന
(സാമൂഹിക പ്രവർത്തകൻ, സുഹൃത്ത്)

ഇന്നും മനസ്സിൽ തീരാനൊമ്പരമായി നിൽക്കുകയാണ് പ്രിയപ്പെട്ടവന്റെ വിയോഗം. വിശ്വസിക്കാൻ ഇന്നും മനസ്സ് കൂട്ടാക്കിയിട്ടില്ല. ഈ അടുത്ത കാലയളവിൽ ഇത്രയധികം വേദനിപ്പിച്ച മറ്റൊരു വേർപാടും ഉണ്ടായിട്ടില്ല എന്ന് തന്നെ പറയാം. കുറിപ്പുകളോ ലേഖനങ്ങളോ ഒന്നും എഴുതി പരീക്ഷിക്കുക പോലും ചെയ്യാത്ത ഒരാളാണ് ഞാൻ. എങ്കിലും അത്രമേൽ പ്രിയപ്പെട്ട സുഹൈലിന് വേണ്ടി ആകുമ്പോൾ അതിൽപരം മറ്റെന്ത് സന്തോഷമാണ് ഉള്ളത്. ഓരോ സംഭാഷണത്തിലും എന്തെങ്കിലും ഒരു പുതിയ അറിവ് സമ്മാനിക്കുന്നതിൽ വിദഗ്ധൻ ആയിരുന്നു സുഹൈൽ. ചെറുപ്പം മുതൽ ഉള്ള പരിചയം ആണ് ഞങ്ങളുടേത്. യൗവനത്തിന്റെ തുടിപ്പ് മുതൽ കൂടെ ഉണ്ടായിരുന്ന ആത്മമിത്രം. എന്തിനും ഏതിനും വിളിപ്പുറത്ത് ഉണ്ടായിരുന്ന സുഹൃത്ത്. കലാലയം തുടങ്ങി പ്രവാസജീവിതത്തിൽ എത്തി നില്ക്കുമ്പോഴും ഉണ്ടായ കൂട്ട്. നന്ദിയും കടപ്പാടും മാത്രം ആണ് എന്നും മനസ്സിൽ ഈ കൂട്ടുകാരനോട്.. ഒരുമിച്ചു ചെലവഴിച്ച സമയത്തിന്, ചെയ്തു തന്ന സഹായങ്ങൾക്ക്, പകർന്നു തന്ന അറിവിന്, പുതിയ സൗഹൃദങ്ങൾക്ക്.

സർവശക്തന്റെ അടുക്കൽ ഒരിക്കൽ കൂടെ ഒരുമിച്ച് കൂടാം എന്ന പ്രതീക്ഷയോടെ, ഒരുപാട് സ്നേഹത്തോടെ..

സുഹൈലിന്റെ സ്വന്തം ഷൗക്കത്ത്!

---

→

വ്യക്തിബന്ധമുണ്ടായിരുന്നു. അവർ സുഹൃത്തുക്കളുമായിരുന്നു!

തിരുവനന്തപുരം കൊല്ലം ജില്ലകളിൽ സുഹൈൽ സാഹിബ് അടുത്ത കാലങ്ങളിലും കരിയർ ക്ലബ് സംഘടിപ്പിച്ചിരുന്നു. അദ്ദേഹത്തിന്റെ ക്ലാസുകളിൽ പങ്കെടുത്ത ഒരു കുട്ടിയും അദ്ദേഹത്തെ മറക്കില്ല. സദസിനെ ആദ്യത്തെ അഞ്ച് മിനിട്ടിനുള്ളിൽ കയ്യിലെടുക്കാനുള്ള കഴിവ് അപാരമാണ്. ഇദ്ദേഹത്തിന്റെ ബീഹാർ ജീവിതം അധികമാർക്കും അറിയാത്ത അദ്ധ്യായമാണ്.

ഞാൻ മഹാത്മാഗാന്ധി സർവ്വകലാശാലയിൽ തുടക്കക്കാരനായി അതിരംപുഴ ക്യാമ്പസിൽ ജോലി ചെയ്യുമ്പോഴാണ് സുഹൈൽ സാഹിബ് എത്തുന്നത്. ആ പരിചയം, അധികം നീളുംമുമ്പ് ഞാൻ കേരള സർവ്വകലാശാലയിലേക്ക് വന്നിരുന്നു. പിന്നീട് ഒരു ദശകം കഴിഞ്ഞാണ് വീണ്ടും സിജി ഞങ്ങളെ കൂട്ടിയിണക്കിയത്.

അറുപതുകളിലും എഴുപതുകളിലും കേരളത്തിൽ മതപ്രസംഗം ജനകീയവൽക്കരിച്ച മഹാപണ്ഡിതനായ ഉസ്താദ് മരിച്ചതിന്റെ മൂന്നാം പക്കം ഒരുമിച്ച് ആ ഖബറിൽ പോയി ദുആ ചെയ്തു. ഉസ്താദിന്റെ മുറിയും പുസ്തകങ്ങളും നിലനിർത്തണമെന്നൊക്കെ ഞങ്ങൾ സംസാരിച്ചു.

കേരളത്തിൽ ആരും മറക്കാത്ത ആ 2004 ഡിസംബർ 26 ലെ 'സുനാമി' ഞങ്ങൾ അറിഞ്ഞത് സുഹൈൽ സാഹിബിന്റെ നേതൃത്വത്തിൽ തൃക്കുന്നപ്പുഴയിലെ വൻകരിയർ ഗൈഡൻസ് ശിൽപശാല അവസാനിക്കാറായപ്പോഴാണ്.

സുഹൈൽ എനിക്ക് എന്നും അത്ഭുതമായിരുന്നു. എഴുതിയാൽ തീരാത്ത അത്ഭുതങ്ങൾ. ഒരു പക്ഷേ ആദ്യമായിരിക്കും ഒരു ഇസ്ലാമിക മതപണ്ഡിതന്റെ മകൻ വിദ്യാഭ്യാസചിന്തകനും പൊതുപ്രവർത്തകനും ആകുന്നത്.



# സുഹൈൽ നിസ്വാർത്ഥ സാമൂഹികപ്രവർത്തകൻ

**എ.എം.നസീർ**
**(പ്രസിഡന്റ്, ലജ്നത്തുൽ മുഹമ്മദീയ്യ, പ്രസിഡന്റ്, മുസ്ലീംലീഗ് ആലപ്പുഴ ജില്ലാ കമ്മിറ്റി)**

**വി**ദ്യാഭ്യാസപ്രവർത്തന രംഗത്ത് ശ്രദ്ധേയനാകുന്നതിന് മുമ്പേ തുടങ്ങിയതാണ് സുഹൈൽ വൈലിത്തറയുമായുള്ള ആത്മബന്ധം. കേരളക്കര കാതോർത്ത മഹാപണ്ഡിതൻ വൈലിത്തറ മുഹമ്മദ് കുഞ്ഞ് മൗലവിയുടെ മകനുമായി അടുക്കുന്നത് എസ്.ഡി കോളജിലെ പഠന കാലത്താണ്. നിറഞ്ഞ പുഞ്ചിരിയോടെ എല്ലാവരേയും സമീപിക്കുന്ന തൃക്കുന്നപ്പുഴ സ്വദേശിയായ ചെറുപ്പക്കാരൻ വിദ്യാർഥികൾക്കൊപ്പം അധ്യാപകരുടെയും പ്രിയപ്പെട്ടവനായത് വളരെ വേഗത്തിലായിരുന്നു. പരന്ന വായനയും അറിവുകൾ മറ്റുള്ളവർക്ക് പകർന്ന് നൽകാനുള്ള വിശാല മനസുമാണ് സുഹൈലിലെ സാമൂഹ്യപ്രവർത്തകനെ നമുക്കായി സമ്മാനിച്ചത്.

പ്രാഥമിക വിദ്യാഭ്യാസത്തിനപ്പുറമുള്ള ലോകത്തേക്ക് കടക്കാൻ മടിച്ചുനിന്ന മുസ്ലിം സമുദായത്തിലെ കുട്ടികൾക്ക് അറിവിന്റെ മഹാസാഗരത്തിലേക്ക് കൈപിടിച്ചു നടത്തി. പ്രൊഫഷണൽ കോഴ്സുകളിലേക്കുള്ള പ്രവേശനം മുതൽ സർക്കാർ സർവ്വീസിലേക്ക് വരെ കുട്ടികളെ എത്തിക്കാൻ അദ്ദേഹം ആത്മാർത്ഥമായി പരിശ്രമിച്ചു. വിവിധ സംഘടനകളുടെയും മഹല്ല് ജമാഅത്തുകളുടേയും വിദ്യാഭ്യാസപരിപാടികളിൽ അദ്ദേഹം സജീവസാന്നിധ്യമായിരുന്നു. യാത്രക്കൂലിപോലും വാങ്ങാതെയായിരുന്നു അദ്ദേഹത്തിന്റെ സേവനം എന്നതിലുണ്ട് നടത്തിയ ഇടപെടലുകൾക്ക് അദ്ദേഹം നൽകിയിരുന്ന പ്രാധാന്യം.

സിജിയുടെ ജില്ലയുടെ മുഖമായിരുന്നു സുഹൈൽ. വിദ്യാഭ്യാസപ്രവർത്തനങ്ങൾക്ക് സിജിയുടെ വിവിധങ്ങളായ പദ്ധതികൾ അദ്ദേഹത്തിന്റെ നേതൃത്വത്തിലാണ് ജില്ലയിൽ ആവിഷ്ക്കരിച്ച് നടപ്പാക്കിയത്.

പഠനകാലത്തിന് ശേഷവും സുഹൈലുമായുള്ള ആത്മബന്ധം നിലനിർത്താൻ കഴിഞ്ഞിട്ടുണ്ട്. മുസ്ലിംലീഗിന്റെയും ലജ്നത്തുൽമുഹമ്മദിയ്യയുടെയും സംഘാടകനെന്ന നിലയിൽ സുഹൈലിനെ അടുത്തറിയാൻ നിരവധി അവസരം ലഭിച്ചിട്ടുണ്ട്. ഒരിക്കൽ ലജ്നത്തിന്റെ ഒരു പരിപാടിക്ക് ക്ഷണിച്ചിരുന്നു. പരിപാടിയിൽ പങ്കെടുക്കാതിരിക്കാൻ ചിലർ സുഹൈലിന്റെ മേൽ കടുത്ത സമ്മർദ്ദമുണ്ടാക്കി. എന്നാൽ അതൊന്നും കാര്യമാക്കാതെ അദ്ദേഹം പറഞ്ഞ വാക്കു പാലിച്ച് പരിപാടിയിൽ പങ്കെടുത്തു. ഇതിന്റെ പിന്നിലെ കഥകളൊന്നും സുഹൈലിൽ നിന്നും അറിയാൻ കഴിഞ്ഞില്ല എന്നതാണ് ഏറെ കൗതുകം. വിദ്യാഭ്യാസപ്രവർത്തനങ്ങളിൽ ഉപദേശനിർദ്ദേശങ്ങളുമായി അദ്ദേഹം എപ്പോഴും കൂടെ നിന്നിട്ടുണ്ട്.

ഇനിയും ഒരുപാട് സേവനം സമുഹത്തിനും സമുദായത്തിനും ചെയ്യാൻ ബാക്കി വച്ചിട്ടാണ് പ്രീയപ്പെട്ട സുഹൈൽ യാത്രയായത്. ജില്ലയിലെ പിന്നോക്ക ജനവിഭാഗത്തിന്റെ വിദ്യാഭ്യസമുന്നേറ്റത്തിന് പതിറ്റാണ്ടുകളായി നിശബ്ദവിപ്ലവം നടത്തിയ സുഹൈലിന്റെ അസാന്നിദ്ധ്യം ഉണ്ടാക്കുന്ന ശൂന്യത വളരെ വലുതാണ്. പ്രിയപ്പെട്ട സുഹൈൽ കൊളുത്തിയ പ്രകാശം നമുക്ക് കെടാതെ കാത്ത് സൂക്ഷിക്കാം. പ്രിയപ്പെട്ട സ്നേഹിതന്റെ, സഹപാഠിയുടെ പരലോകജീവിത വിജയത്തിനായി പ്രാർത്ഥിക്കുന്നു.




# സുഹൈലും നക്ഷത്രമായി

**അഡ്വ.ഒ.ഹാരിസ്**
**(സിജി കായംകുളം)**

**ചി**ലർ അങ്ങനെയാണ്. തുടക്കം മുതൽ അവസാനശ്വാസം വരെയും കർമ്മനിരതരാവും. സുഹൈൽ സാർ ആ ശ്രേണിയിലെ ഒരംഗമാണ്. ജ്ഞാനമേഖലയിൽ കാൽനൂറ്റാണ്ട് കാലത്തെ ഇഴയടുപ്പമാണ് സുഹൈൽ വൈലിത്തറയുമായി ഈയുള്ളവനുള്ളത്. നവസമൂഹത്തെ അധികാര ശ്രേണിയിൽ കുടിയിരുത്താനും ലോകത്തെ വിവിധരാജ്യങ്ങളിൽ ഒളിഞ്ഞിരിക്കുന്ന തൊഴില വസരം തന്റെ സമൂഹത്തിനു ലഭ്യമാക്കാനും വേണ്ടി രാപകലില്ലാതെ ഓടി നടന്ന് വിദ്യാർത്ഥികളെയും രക്ഷാകർത്താക്കളെയും ഉദ്ബുദ്ധരാക്കാൻ വേണ്ടി അദ്ദേഹം താണ്ടാത്ത ഗ്രാമങ്ങളും പട്ടണങ്ങളും കുറഞ്ഞപക്ഷം ഓണാട്ടുകരയിൽ ഇല്ലെന്ന് തന്നെപറയാം.

കോട്ടയം മഹാത്മാഗാന്ധി സർവ്വകലാശാലയി ലെ ഉദ്യോഗാർത്ഥിയായിരിക്കെ അദ്ദേഹം സ്വയം കണ്ടെത്തിയ വഴിയാണ് കരിയർ ഗൈഡൻസും ഉന്നതവിദ്യാഭ്യാസമേഖയിലേക്കുള്ള നടപ്പാത കളും. ആ നവവഴികൾ തന്റെ പിന്മുറക്കാർക്ക് മാനവികബോധത്തോടെ യാതൊരു വിവേചനവും കൂടാതെ പകർന്നുനൽകാൻ, അതിനായി ജീവിതം മാറ്റിവയ്ക്കാൻ പ്രതിജ്ഞചെയ്തയാളാണ് ഈ പ്രിയമിത്രം.

ഏത് അവധിദിവസവും പാതിരാത്രിയിലും സുഹൈൽ സാറിന്റെ ഫോണിന് വിശ്രമമില്ല. സംശയനിവാരണവും ചോദ്യോത്തരങ്ങളും മാത്രമല്ല മക്കളെകുറിച്ചുള്ള ആശങ്കകൾ, പ്രതീക്ഷ കൾ, ഉൽക്കണ്ഠകൾ, പഠനവൈകല്യങ്ങൾ, മേന്മ കൾ, അഡ്മിഷൻ കാര്യങ്ങൾ തുടങ്ങി എപ്പോഴും കുട്ടികളും മാതാപിതാക്കളും ആശ്രയിച്ചിരുന്നത് സുഹൈൽ സാറിനെയാണ്. നല്ലൊരു സാമൂഹിക വൈജ്ഞാനിക പ്രവർത്തകൻ, മോട്ടിവേറ്റർ, ഫാമിലികൗൺസിലർ, വിദ്യഭ്യാസപ്രവർത്തകൻ, ജീവകാരുണ്യകാരൻ, അഭ്യുദയകാംഷി, മാർഗ്ഗനിർ ദേശകൻ, സന്നദ്ധസാമൂഹിക കാരുണ്യമേഖലയി ലെ സഹകാരി, എന്നിങ്ങനെ സമൂഹത്തിന്റെ തുടിപ്പായി നടന്നിരുന്ന സുഹൈൽ സാഹിബ് ഇനി ഓർമ്മയുടെ അറകളിലേക്ക് നടന്നകലുക യാണ്. ഈ ആകാശനക്ഷത്രത്തെ ഇനി നമുക്ക് ദൂരെനിന്നേ കാണാൻ കഴിയൂ. ആഗസ്റ്റ് 26ന് ആകസ്മികമായി ആ വാർത്ത കേട്ടപ്പോൾ ഒരു നിമിഷം സ്തംഭിച്ചു. ശരിയാകരുതേ എന്ന് പ്രാർത്ഥിച്ചു. പിന്നെ ആലോചിച്ചപ്പോൾ ചില വേർപാടുകൾ ഇങ്ങനെയായിരിക്കും എന്ന് തേങ്ങലോടെ ഓർത്തു.

സുഹൈൽ സാഹിബിന് എന്റെ നാടായ കായംകുളവുമായി മൂന്ന് പതിറ്റാണ്ട് ഹൃദയബന്ധ മുണ്ട്. ഒരുപക്ഷേ അദ്ദേഹം കായംകുളത്തുകാര നാണോ എന്ന് പോലും പലപ്പോഴും തോന്നിയി ട്ടുണ്ട്. ചിലപ്പോൾ അർദ്ധരാത്രിവരെയും ഇവിടങ്ങളിലൊക്കെ അദ്ദേഹത്തെ കാണാൻ കഴിയും. പിന്നീട് ചിലർ പറഞ്ഞപ്പോഴാണ് ബോധ്യമായത്, സുഹൈൽ സാറിന് എല്ലാനാടും ജന്മനാട് പോലെയായിരുന്നുവെന്ന്. കാരണം അത്രമാത്രം നാടിനെയും നാട്ടുകാരെയും അദ്ദേഹം സ്നേഹിച്ചിരുന്നു. തിരിച്ചും അങ്ങനെയാണ്. എല്ലാ ജനകീയ സമരങ്ങൾക്കും അദ്ദേഹത്തിന്റെ പിന്തുണ ഉണ്ടായിരുന്നു. രണ്ടുവർഷംമുൻപ് കുട്ടനാട്ടിൽ നടന്ന കർഷക സമരപന്തലിൽവച്ചു അദ്ദേഹത്തെ കാണാൻ കഴിഞ്ഞു. അതുപോലെ പുതിയ തലമുറയെ വലയം ചെയ്തിരിക്കുന്ന ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങളിലും അദ്ദേഹം മുൻനിരയിലുണ്ടായിരുന്നു. സാമൂഹിക തിന്മക്കെതിരെയുള്ള പോരാട്ടത്തിലും അദ്ദേഹത്തി ന്റെ സാമീപ്യം ഒഴിച്ചുകൂടാൻ കഴിയാത്ത തായിരുന്നു. സുഹൈൽ സാഹിബിന്റെ വിയോഗം പകരം വയ്ക്കാനില്ലാത്തതാണ്.

സ്നേഹാഞ്ജലികൾ....പ്രണാമം. സുഹൈൽജി...

## സഫല ജീവിതത്തിന്റെ നേർക്കാഴ്ചകൾ...












## സഫല ജീവിതത്തിന്റെ നേർക്കാഴ്ചകൾ...











# സഫല ജീവിതത്തിന്റെ നേർക്കാഴ്ചകൾ...











## സഫല ജീവിതത്തിന്റെ നേർക്കാഴ്ചകൾ...








# കുറച്ചു കൂടി ശ്രദ്ധിക്കണം...

അൻഷാദ് അതിരമ്പുഴ
(സിജി കോട്ടയം)

മെന്ററിംഗ് എന്ന വാക്ക് അതിന്റെ ആശയ ഭംഗിയോടെ ആദ്യമായി കേൾക്കുന്നത് പതിനഞ്ച് വർഷങ്ങൾക്കപ്പുറം സിജിയുടെ സ്റ്റെപ്പ് പ്രോജക്ടു മായി ബന്ധപ്പെട്ട ഒരു പരിശീലന പരിപാടിയി ലാണ്. അനാഥാലയങ്ങളിലെ വിദ്യാർത്ഥികളുടെ ഉന്നമനം ലക്ഷ്യമാക്കി സിജി നടത്തിയ പ്രോജക്ടാ യിരുന്നു സ്റ്റെപ്പ്. കോട്ടയം ജില്ലയിൽ നിന്ന് വിദ്യാർത്ഥികളുടെ മെന്റർമാരാകുന്നവർക്കുള്ള പരിശീലനക്കളരി നയിച്ചത് സുഹൈൽക്ക ആയിരുന്നു. ഒരു അധ്യാപകനും പരിശീലകനും കൗൺസിലർക്കുമൊക്കെ നിർവഹിക്കാൻ കഴിയുന്നതിലധികമാണ് മെന്ററുടെ റോൾ എന്നത് അത്ഭുതത്തോടെയാണ് കേട്ടിരുന്നത്. അന്ന് സുഹൈൽക്ക പറഞ്ഞ ആശയങ്ങളും അതിന്റെ ഭാഗമായി വന്ന ഉദാഹരണങ്ങളുമുൾപ്പടെ ഇന്നും മനസ്സിൽ നിൽക്കുന്നതിന് കാരണം എന്റെ വളർച്ചയുടെ വഴികളിൽ സുഹൈൽക്ക ഒരു മെന്ററായി ഒപ്പമുണ്ടായിരിയ്ക്കുകയും എന്താണ് മെന്ററിംഗ് എന്ന് സ്വന്തം ജീവിതം കൊണ്ട് കാട്ടിത്തരികയും ചെയ്തത് കൊണ്ടാണ്.

മെന്റർ ഒരു വഴികാട്ടിയാണെങ്കിൽ അതായി രുന്നു സുഹൈൽക്ക. മെന്റർ ഒരു ജ്യേഷ്ഠ സഹോദരനെപ്പോലെ ചേർത്ത് പിടിക്കുന്ന ആളാണെങ്കിൽ അതായിരുന്നു സുഹൈൽക്ക. നർമ്മഭാഷണങ്ങളിലൂടെ സന്ദർഭത്തിന്റെ ഗൗരവം കുറച്ച് നമ്മുടെ മനസ്സ് തണുപ്പിച്ച് ശരിയായ തീരുമാനത്തിലെത്താൻ സഹായിക്കുന്ന ആളാണ് മെന്റർ എങ്കിൽ അതായിരുന്നു സുഹൈൽക്ക. ഞങ്ങളെയൊക്കെ ഇത്രമാത്രം ചേർത്ത് പിടിയ്ക്കുന്നതിൽ സന്തോഷം എന്ന് പറഞ്ഞ പരിശീലനരംഗത്തെ ഒരു ഇളംതലമുറക്കാരനോട് ഞാൻ പറഞ്ഞ മറുപടി, പരിശീലന രംഗത്ത് എന്റെ തുടക്കകാലം മുതൽ എന്നെ ചേർത്തുപിടിച്ച് വളർത്തിയെടുത്ത ഒരു വലിയ മനുഷ്യൻ ഉണ്ട്, അതാണ് സുഹൈൽക്ക. ആ മാതൃക പിന്തുടരുക എന്ന ദൗത്യം നിർവഹിയ്ക്കുക മാത്രമാണ് ഞാൻ ചെയ്യുന്നത് എന്നാണ്. എഴുതാൻ ഏറെയുണ്ട്. ദൈർഘ്യം ഭയന്ന് അവസാനിപ്പിക്കുമ്പോൾ ഒരു സംഭവം പറയാം. ഞങ്ങളുടെ ബന്ധത്തിന്റെ തുടക്കകാലത്താണ്. ഞാൻ പരിശീലന രംഗത്ത് പിച്ചവച്ച് തുടങ്ങുന്നതേയുള്ളൂ. ഒരിക്കൽ ഞാൻ MG യൂണിവേഴ്സിറ്റിയിൽ സുഹൈൽക്കായെ കാണാനെത്തി. സംസാരത്തിനിടയിൽ അദ്ദേഹം പറഞ്ഞു: 'അൻഷാദിന്റെ വസ്ത്രധാരണത്തിൽ ഒരു irresponsibility feel ചെയ്യുന്നു. കുറച്ചു കൂടി ശ്രദ്ധിക്കണം' ഇക്കാര്യം ഇതിനെക്കാൾ മാന്യമായി എങ്ങിനെ പറയും?

അത് ആ രൂപത്തിൽ പറയാനുള്ള കഴിവിനെ എല്ലാവരും സ്നേഹത്തോടെ വിളിയ്ക്കുന്ന പേരാണ് സുഹൈൽ.



# സുഹൈൽ സാഹിബ് : പകരക്കാരനില്ലാത്ത നിസ്വാർത്ഥ വിദ്യാഭ്യാസ പ്രവർത്തകൻ

ഡോ. Z. A. അഷ്റഫ്
(സംസ്ഥാന ജനറൽ സെക്രട്ടറി, സിജി)

ഒരു വ്യക്തി എത്ര മാത്രം ഒരു സംഘത്തിന്റെ അഭിവാജ്യ ഘടകമായിരുന്നു എന്ന് വ്യക്തമാവുക അദ്ദേഹത്തിന്റെ അസാന്നിധ്യം സൃഷ്ടിക്കുന്ന വിടവ് ഒരു ശൂന്യതയായി അങ്ങിനെ തന്നെ നിൽക്കുന്നത് കാണുമ്പോഴാണ്. സുഹൈൽ സാഹിബ് സിജിയിൽ അങ്ങിനെയായിരുന്നു. സിജിയിൽ മാത്രമല്ല, അദ്ദേഹം ഇടപ്പെട്ടിരുന്ന ഇടങ്ങളിലെല്ലാം നിസ്വാർത്ഥ സേവനങ്ങളിലൂടെ, വിനയാന്വിതനായി നിറഞ്ഞ് നിൽക്കുകയായിരുന്നു.

സിജിയെ സാമൂഹ്യ പ്രവർത്തനങ്ങളുടെ മുൻഗണനാപട്ടികയിൽ ഒന്നാമതായി പരിണിക്കുന്നവരെ ഞങ്ങൾ സിജിയൻ എന്നാണ് വിളിക്കാറ്. സിജിയൻസിൽ ഒന്നാം നിരയിലായിരുന്നു എന്നും സുഹൈൽ സാഹിബ്.


എല്ലാവർക്കും വല്ലാത്തൊരു ആദരവ് തോന്നുന്ന പ്രകൃതവും പെരുമാറ്റവുമായിരുന്നു സുഹൈൽ സാഹിബിന്. അതുകൊണ്ടായിരിക്കാം അദ്ദേഹത്തെക്കാളും എത്ര പ്രായം കൂടിയവരാണെങ്കിലും സുഹൈൽ സാഹിബ് എന്നോ സുഹൈൽ സാർ എന്നോ മാത്രമേ അദ്ദേഹത്തെ വിളിച്ചിരുന്നുള്ളൂ.

പുതിയ പുതിയ ആശയങ്ങളുടെ കലവറയായിരുന്നു സിജിയിൽ സുഹൈൽ സാഹിബ്. ഏത് യോഗത്തിന് വന്നാലും പുതിയ ചില പദ്ധതികളോ ഐഡിയകളോ പങ്ക് വയ്ക്കാതിരിക്കില്ല. പറയുന്നതിൽ ഏറെയും പിന്നോക്കം നിൽക്കുന്ന പ്രതിഭകളായ വിദ്യാർത്ഥികളെ മുൻനിരയിലെത്തിക്കാനുള്ള എന്തെങ്കിലും കാര്യപരിപാടികളായിരിക്കും. ഒറ്റപ്പെട്ട ഏതെങ്കിലും വിദ്യാർത്ഥിയുടെ നേട്ടങ്ങളാണെങ്കിലും ഓർത്ത് വച്ച് റിപ്പോർട്ട് ചെയ്യും. അത് പോലെ മറ്റുള്ളവരെയും എത്തിക്കാനുള്ള സാധ്യതകൾ ആരായും.

ആലപ്പുഴയിലും കോട്ടയത്തും കൊല്ലത്തും തിരുവനന്തപുരത്തുമൊക്കെ സുഹൈൽ സാഹിബിനോടൊപ്പം യാത്ര ചെയ്യാൻ അവസരം ലഭിച്ചിട്ടുണ്ട്. യാത്രയിൽ അദ്ദേഹം പുലർത്തുന്ന ലാളിത്യവും പ്രകടിപ്പിക്കുന്ന സ്നേഹവും ആരെയും വല്ലാതെ ആകർഷിക്കും. പിന്നോക്കമായ പ്രദേശങ്ങൾ തൊട്ടു കാണിച്ച് അവിടങ്ങളിൽ നടത്തേണ്ടുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കും. സ്കൂളുകളെയും കോളേജുകളെയും ചൂണ്ടിക്കാട്ടി ഗുണനിലവാരം ഉയർത്താൻ എന്തെങ്കിലും ചെയ്യാൻ കഴിയുമോ എന്ന് ആരായും. ഇതായിരുന്നു സുഹൈൽ സാഹിബിന്റെ ശൈലി. വ്യക്തിപരമായും വല്ലാത്തൊരു അടുപ്പം സൂക്ഷിക്കുവാൻ സുഹൈൽ സാഹിബ് ശ്രദ്ധിച്ചിരുന്നു. എന്നെ എന്നും 'Z.A' എന്ന് മാത്രമായിരുന്നു സുഹൈൽ സാഹിബ് വിളിച്ചിരുന്നത്. ആ വിളിയിൽ തന്നെ പ്രത്യേക അടുപ്പവും സ്നേഹവും അനുഭവപ്പെടാറുണ്ടായിരുന്നു.

കുറെ കാലം മുമ്പ് ഒരിക്കൽ തിരുവനന്തപുരത്ത് സിജിയുടെ പ്രധാനപ്പെട്ട ഒരു യോഗത്തിന് കോഴിക്കോട് നിന്ന് ഞാനും അബൂബക്കർ സാറുമാണ് പങ്കെടുക്കുന്നത്. ആലപ്പുഴയിൽ നിന്ന് സുഹൈൽ സാഹിബും കൂടെ വന്നു. രാവിലെ ഞങ്ങൾ തിരുവനന്തപുരത്തെ എന്റെ ഭാര്യാ വീട്ടിലെത്തി ഫ്രഷ് ആയി ഹാളിലേക്ക് പുറപ്പെടുകയായിരുന്നു. അബൂബക്കർ സാറിന് പുറമെ പ്രൊഫ എൻ.എ. കരീംസാറും ബഹാവുദ്ദീൻ സാറുമൊക്കെ അന്ന് പരിപാടിയിൽ ഉണ്ടെന്നാണ് എന്റെ ഓർമ്മ. അബൂബക്കർ സാറിന്റെ സാന്നിധ്യം ഉള്ളതിനാൽ ഒരുപാട് പ്രഗൽഭർ യോഗത്തിനുണ്ട്.

അബൂബക്കർ സാറിന്റെ ആമുഖത്തിന് ശേഷം സുഹൈൽ സാഹിബ് ആണ് വിഷയം അവതരിപ്പിക്കുന്നത്. വളരെ ആവേശത്തോടെ അദ്ദേഹം വിശദീകരിച്ചു കൊണ്ടേയിരിക്കുകയാണ്. ഉച്ചയ്ക്ക് മുമ്പ് അവസാനിപ്പിക്കേണ്ട യോഗമായതിനാൽ ഞാൻ ആ കാര്യം അദ്ദേഹത്തോട് സൂചിപ്പിക്കാൻ



ശ്രമിച്ചതും എനിക്ക് ഓർമ്മയിൽ തെളിഞ്ഞ് വരുന്നു. അസാധാരണമായ ഒരു ഊർജ്ജം അദ്ദേഹത്തിന്റെ പ്രസന്റേഷനിൽ പ്രകടമായിരുന്നു.

കോഴിക്കോട് സിജിയുടെ ഹെഡ്ക്വാർട്ടേഴ്സിൽ പരിപാടികൾക്ക് വരുന്ന സമയത്ത് അതിരാവിലെ തന്നെ സുഹൈൽ സാഹിബ് ചേവായൂരിലെ എന്റെ വീട്ടിലെത്തും. പിന്നീട് ഒരുമിച്ച് സിജിയിലെ പ്രോഗ്രാമുകൾക്ക് പോകുന്നതിനിടയിൽ സിജിയെ കുറിച്ചും കമ്മ്യൂണിറ്റിയുടെ ശാക്തീകരണത്തെ കുറിച്ചും ഏറെ സംസാരിക്കും. അപ്പോഴൊക്കെ എന്നെ ആകർഷിച്ചത് അദ്ദഹത്തിന്റെ ലാളിത്യമാണ്. ചിലപ്പോൾ സിജിയ്ക്ക് ഉപയോഗപ്പെടുത്താവുന്ന ചിലരുടെ പേരും അവരെ സിജിയുമായി ബന്ധപ്പെടുത്തേണ്ടതിന്റെ ആവശ്യകതയും ഉണർത്തും. അതിൽ പലരേയും ബന്ധപ്പെടാൻ ശ്രമിച്ചില്ല എന്ന കുറ്റബോധവും എനിക്കുണ്ട്. സുഹൈൽ സാഹിബിന്റെ മുന്നിലെത്തുന്ന റിസോഴ്സുകൾ സിജിക്ക് എങ്ങിനെ ഉപയോഗപ്പെടുത്താം എന്ന് അദ്ദേഹം എന്നും ശ്രദ്ധിക്കുമായിരുന്നു. അത് കൊണ്ടാണ് സിജിയുടെ ലേണിങ്ങ് ക്ലിനിക്കിന് എം.ജി സർവ്വകലാശാലയുമായി ധാരണാപത്രം ഒപ്പുവയ്ക്കാൻ സാധിച്ചത്.

തെക്കൻ കേരളത്തിലെ സിജിയുടെ പര്യായമാവാൻ സുഹൈൽ സാഹിബിന് സാധിച്ചിരുന്നു. കരിയറുമായി ബന്ധപ്പെട്ട് എല്ലാവരും ബന്ധപ്പെടുന്ന ഒരു കോൺടാക്റ്റ് പേഴ്സൺ അദ്ദേഹം തന്നെയായിരുന്നു. ഹെഡ്ക്വാർട്ടേഴ്സിൽ നടക്കുന്ന എല്ലാ പ്രവർത്തനങ്ങളുടെയും ഒരു ചെറുരൂപം തെക്കൻകേരളത്തിൽ നടത്താൻ സുഹൈൽ സാഹിബ് ശ്രമിച്ചിരുന്നു. മാത്രവുമല്ല, കോഴിക്കോട്ടേക്ക് വരുമ്പോഴൊക്കെ ഒന്നോ രണ്ടോ പേരെ പുതുതായി കൊണ്ടുവരാനും ശ്രമിച്ചിരുന്നു.

മറ്റുള്ളവരെ സഹായിക്കാൻ സുഹൈൽ സാഹിബ് ഏറെ മുൻപിലായിരുന്നു. ആലപ്പുഴയിൽ നിന്നോ കോട്ടയത്ത് നിന്നോ മാത്രമല്ല, തിരുവനന്തപുരത്ത് നിന്ന് പോലും എന്തെങ്കിലും ആവശ്യങ്ങളുണ്ടെങ്കിൽ ആദ്യം ഓർമ്മ വരിക സുഹൈൽ സാഹിബിനെയാണ്. മരണപ്പെടുന്നതിന്റെ ഒരു മാസം മുമ്പ് ഒരു സിജി പ്രവർത്തകന് വേണ്ടി ടി.കെ.എം കോളേജുമായി ബന്ധപ്പെട്ട് ഒരു വിവരം ചോദിച്ചപ്പോൾ കൃത്യമായി ശേഖരിച്ചു തന്നതും സുഹൈൽ സാഹിബ് തന്നെയാണ്.

സിജിയുടെ ഏറ്റവും അവസാനം നടന്ന ജനറൽബോഡിയോഗത്തിലും ഏറ്റവും സജീവമായി ചർച്ചകളിൽ പങ്കെടുത്ത് സംസാരിച്ച വ്യക്തിയാണ് സുഹൈൽ സാഹിബ്. മാത്രവുമല്ല, അബൂബക്കർ സാറിന്റെ പേരിൽ ഏറ്റവും മികച്ച വിദ്യാഭ്യാസ പ്രവർത്തകന് ഒരു അവാർഡ് ഏർപ്പെടുത്താൻ തീരുമാനിച്ചപ്പോൾ അതിന്റെ ഗൈഡ്ലൈൻസ് തയ്യാറാക്കാൻ ചുമതലപ്പെടുത്തിയതും സുഹൈൽ സാഹിബിനെയായിരുന്നു. പതിവുപോലെ ഏറ്റവും മികച്ച ഒരു അവാർഡ് മാന്വൽ തയ്യാറാക്കി കഴിഞ്ഞ ജനറൽ ബോഡിയിൽ അദ്ദേഹം തന്നെ അവതരിപ്പിക്കുകയും യോഗം അംഗീകരിക്കുകയും ചെയ്തു.

തുടക്കത്തിൽ സൂചിപ്പിച്ചത് പോലെ, സുഹൈൽ സാഹിബിന്റെ അസാന്നിധ്യം ഒരു വലിയ വിടവ് തന്നെയാണ്. സിജിയുടെ തെക്കൻ കേരളത്തിലെ പ്രവർത്തകർക്ക് മാത്രമല്ല, കേരളത്തിലെ ഓരോ സിജി പ്രവർത്തകർക്കും വിദ്യാഭ്യാസ സന്നദ്ധ പ്രവർത്തനത്തിൽ മാതൃകയാക്കാവുന്ന ഒരു ഗൈഡിനെയും മെന്ററേയുമാണ് നഷ്ടപ്പെട്ടിരിക്കുന്നത്. സുഹൈൽ സാഹിബിന്റെ ഓർമ്മകളിൽ നിന്നും ഊർജ്ജം സ്വീകരിച്ച് കൂടുതൽ കരുത്തോടെ വിദ്യാഭ്യാസ പ്രവർത്തനം നടത്താൻ നമുക്കേവർക്കും സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.



# സുഹൈലു റഹ്മാൻ വൈലിത്തറ ക്രാന്തദർശിയായ വിദ്യാഭ്യാസപ്രവർത്തകൻ

നാസർ ദാറുസലാം
(സിജി കോട്ടയം, എം.ജി.യൂണിവേഴ്സിറ്റി)

തനിക്ക് ചുറ്റും ജീവിക്കുന്ന പാവപ്പെട്ടവരുടേയും വിദ്യാർത്ഥികളുടെയും അത്താണിയായിരുന്നു എന്നും സുഹൈൽറഹ്മാൻ.

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ സുഹൈലിനൊപ്പം ജോലി ചെയ്തിരുന്ന ഒരു സഹപ്രവർത്തകൻ എന്ന നിലയിലും വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കും സേവനമാർഗ നിർദ്ദേശങ്ങൾ നൽകി കഴിഞ്ഞ കാൽ നൂറ്റാണ്ടോളമായി കേരളത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സിജി എന്ന കൂട്ടായ്മയിൽ ആദ്യം മുതൽ അദ്ദേഹത്തോടൊപ്പം പ്രവർത്തിക്കുവാൻ കഴിഞ്ഞ ഒരാൾ എന്ന നിലയിലും സുഹൈലിനെ അടുത്തു നിന്നും അകലെ നിന്നും നോക്കിക്കാണാൻ എനിക്ക് കഴിഞ്ഞിട്ടുണ്ട്. സർവകലാശാലയിൽ ജോലിക്ക് ചേർന്ന കാലത്ത് തീക്ഷ്ണ യൗവനത്തിന്റെ പ്രതിനിധിയായിരുന്നു അദ്ദേഹം. പിന്നീട് അവധിയിൽ ഗൾഫ് ജോലിയിലേക്ക് മാറി. ഏതാനും വർഷത്തെ ഗൾഫ് ജീവിതാനന്തരം തിരികെ സർവീസിൽ പ്രവേശിച്ചതിന് ശേഷം തന്റെ കാഴ്ചപ്പാടിലും സമീപനത്തിലും വ്യക്തമായി ഇച്ഛാശക്തിയും സാഹസികതയും അർഹതപ്പെട്ടവർക്ക് സഹായം എത്തിക്കുന്നതിനുള്ള ശുഷ്കാന്തിയും പ്രകടമാക്കിയിരുന്നു.


വിദ്യാർത്ഥി സമൂഹത്തിന് കരിയർ മാർഗ നിർദ്ദേശങ്ങൾ നൽകിവരുന്ന സെന്റർ ഫോർ ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ഇന്ത്യ (CIGI) എന്ന സന്നദ്ധസേവന കൂട്ടായ്മയുടെ പ്രവർത്തനങ്ങൾ തന്റെ നാട്ടിലും ഇതര പ്രദേശങ്ങളിലും വ്യാപകമാക്കുന്നതിൽ പിന്നീട് അദ്ദേഹം തന്റെ മുഴുവൻ ശ്രദ്ധയും പ്രയത്നവും വിനിയോഗിച്ചു. ഏകദേശം രണ്ടു പതിറ്റാണ്ട് മുമ്പ് കേരളത്തിന്റെ തീരപ്രദേശങ്ങളിൽ ആഞ്ഞടിച്ച സുനാമി ചുഴലിക്കാറ്റ് സംഭവിച്ച ദിവസം ആറാട്ടുപുഴയിൽ അദ്ദേഹം വിദ്യാർത്ഥികൾക്ക് വേണ്ടി സംഘടിപ്പിച്ച കരിയർ/ മോട്ടിവേഷൻ ക്യാമ്പിൽ ഈ വിനീതനും പങ്കെടുത്തിരുന്നു.

കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ അദ്ദേഹം വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കുമായി അശ്രാന്തം പരിശ്രമിക്കുകയും നിരവധി വിദ്യാഭ്യാസ /കരിയർ ക്ലാസുകൾ നയിക്കുകയും ചെയ്തു. അത്തരം കൂട്ടായ്മകൾ രൂപമെടുക്കുന്നതിലും അത് നിർവ്വിഘ്നം മുന്നോട്ട് കൊണ്ടുപോകുന്നതിലും നിതാന്ത ജാഗ്രത പുലർത്തുകയും ചെയ്തു. പഠനം മുന്നോട്ട് എങ്ങനെ? എന്ന് ഒരു ചോദ്യചിഹ്നമായി സാമ്പത്തികബുദ്ധിമുട്ട് നേരിടുന്നവരെ സഹായിക്കുന്നതിലും മറ്റുള്ളവരിൽ നിന്ന് സഹായം വാങ്ങി അത്തരക്കാരെ സഹായിക്കുന്നതിലും സുഹൈൽ പ്രത്യേക ശ്രദ്ധ പുലർത്തിയിരുന്നു. ഏറ്റവും അവസാനം 2023 ജൂലൈയിൽ പാവപ്പെട്ട ഒരു കുടുംബത്തിലെ വിദ്യാർത്ഥിനിയുടെ നഴ്സിങ്ങ് പഠനം യാഥാർത്ഥ്യമാക്കുന്നതിന് പാനൂർ എഡ്യൂക്കേഷണൽ ആന്റ് കരിയർ എംപവർമെന്റ് (PEACE) മുഖാന്തിരം അദ്ദേഹം നടത്തിയ ഇടപെടൽ വിസ്മരിക്കാവതല്ല.

സർവകലാശാലയിൽ ജീവനക്കാരുടേയും അദ്ധ്യപകരുടെയുമിടയിൽ സംസ്കാര എന്ന സാംസ്കാരിക സംഘടനയ്ക്കും അദ്ദേഹം നേതൃത്വം നൽകിയിരുന്നു. വിദ്യാർത്ഥികൾക്കായി സാഹിത്യ സാംസ്കാരിക കരിയർ മോട്ടിവേഷൻ പരിപാടിയും സംഘടിപ്പിച്ചിരുന്നു.

സമൂഹത്തിന്റെ പൊതുധാരയിൽ ഇടപെട്ട് കൊണ്ട് ഗുണപരമായ മാറ്റം സാധ്യമാണ് എന്ന് തന്റെ ജീവിതത്തിലൂടെ പ്രയോഗവൽക്കരിച്ച് കാണിച്ച് തന്നിട്ടാണ് സുഹൈൽ റഹ്മാൻ വിടവാങ്ങിയത്.

വിപുലമായ വായനയും ചിന്തയും സഹിഷ്ണുതയും അദ്ദേഹത്തിന് പാരമ്പര്യമായി കിട്ടിയ →



# Our Linchpin

**Minnath Abdul Majeed**
**(Niece of Suhylu Rehuman)**

Everyday morning, I woke up and thank the Almighty for sending me to this beautiful family where I feel loved, cared and treated equally. I am pretty sure all girls from my family will agree with my statement.

2023, the year I would blacklist from my life. We lost three major pillars of our family who played major roles in our lives. First, I lost my grandfather who never needed any introduction. Destiny still has plans for us. Following that loss, my father passed away. But I stayed strong. I know he is irreplaceable and definitely fathers are the superheroes of every girl out there.

We moved on, and life became normal. But we never had any idea of losing the Linchpin of our lives, Suhyle Rahman. My uncle whom you all know as one of the serene souls which is hard to find these days. I would like to call him our Linchpin as he stood as the connecting dot in our lives. The world knows him as the vivacious orator who can take a complete section with grace. But I know him as the loving, soft-spoken mama whom I could ask anything under the sun. I can go to him for anything related to my children's education and he always suggested the best. I still remember the day I called him for my children's admission in Kerala during COVID time. He made it super easy and as a parent, he never gave me a chance to look back on my decision.

Mama, it's a truth we lost you. But I feel like you have gone too fast. I was always proud that my mother had such supportive brothers who were always. available just a phone call away. I can imagine the pain she might feel now as you used to visit her often. Mama, I am sure we will meet again. Until I pray to the Almighty to treat you well. Sleep well mama because when the day we meet again I want to see you as the happiest soul I have ever known.

---

→

ഗുണങ്ങളായിരുന്നു. മറ്റുള്ളവർക്ക് വേണ്ടി തന്നാൽ കഴിയുന്നത് ചെയ്ത് ജീവിതം അർത്ഥപൂർണ്ണമാക്കിയ സൂഹൈൽ റഹ്മാന്റെ സേവനം തലമുറകൾക്ക് പ്രചോദനം നൽകുന്നതാണ് എന്നതിൽ സംശയമില്ല. രോഗിയായി ചികിത്സയിൽ കഴിഞ്ഞിരുന്ന അവസാന നാളുകളിൽ അദ്ദേഹത്തിന്റെ രോഗശമനത്തിനും ദീർഘായുസ്സിനുമായി പ്രാർത്ഥിച്ചുകൊണ്ടിരുന്ന സഹപ്രവർത്തകരുടെയും നാട്ടുകാരുടെയും ആകുലതയും ഉൽക്കണ്ഠയും തുല്യതയില്ലാത്ത സ്നേഹപ്രകടനങ്ങളായിരുന്നു.

വിദ്യാർത്ഥികൾക്കിടയിൽ സാമൂഹ്യാവബോധവും സഹിഷ്ണുതയും ഇതരരെ ഉൾക്കൊള്ളലും (inclusivness) മൂല്യബോധവും വളർത്തുന്നതിൽ അദ്ദേഹത്തിന്റെ പ്രചോദനാത്മക ക്ലാസ്സുകൾ മാതൃകാപരമായിരുന്നു. രാഷ്ട്രനിർമ്മാണ പ്രക്രിയയിൽ ഓരോരുത്തർക്കും അവരുടേതായ പങ്ക് വഹിക്കാനുണ്ടെന്ന് അദ്ദേഹം ഉറച്ചു വിശ്വസിച്ചിരുന്നു. CUET പോലെയുള്ള എൻട്രൻസ് പരീക്ഷകളിലൂടെ രാജ്യത്തെ ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങളിൽ പഠിക്കാനുള്ള അവസരം ഉപയോഗപ്പെടുത്താൻ അദ്ദേഹം വിദ്യാർത്ഥികളെ പ്രേരിപ്പിക്കുകയും അതിനായി ആലപ്പുഴ കേന്ദ്രമാക്കി തുടർ പരിശീലനപരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തു.

രാജ്യം ഇന്ന് നേരിടുന്ന അപരവൽക്കരണനീക്കങ്ങൾക്ക് പരിഹാരം വളരുന്ന തലമുറ എല്ലാ മേഖലയിലും കഴിവ് തെളിയിച്ച് മുന്നോട്ട് വരുന്നതാണ് എന്ന് അദ്ദേഹം കരുതി. അതിന് വേണ്ടി നിഷ്കാമകർമം നിർവഹിച്ച പ്രതിഭാധനനും ക്രാന്തദർശിയുമായിരുന്നു സുഹൈൽ റഹ്മാൻ വൈലിത്തറ.

# ബന്ധങ്ങൾ നട്ടു നനച്ച പ്രിയ സഹോദരൻ.....

**മുഹമ്മദ് റാഫി. യു, പാനൂർ**
**(ലക്ചറർ, ഡയറ്റ്, തൃശൂർ)**

**എ**ന്റെ ജന്മനാടായ ആലപ്പുഴ ജില്ലയിലെ പാനൂർ എന്ന ഗ്രാമപ്രദേശത്തെ പണ്ഡിതനും വാഗ്മിയും ആയിരുന്ന ബഹുമാനപ്പെട്ട വൈലിത്തറ ഉസ്താദിന്റെ പ്രിയപുത്രൻ സുഹൈൽ റഹ്മാൻ എന്ന ഞങ്ങളുടെയൊക്കെ സുഹൈലിക്ക. മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിലെ മുൻജീവനക്കാരൻ. അതിലുപരി CIGIയുടെ (Centre for Information and Guidance India) സംസ്ഥാന കോഡിനേറ്റർ, മികച്ച അധ്യാപകൻ, മോട്ടിവേറ്റർ, നല്ലൊരു മനുഷ്യസ്നേഹി തുടങ്ങി ഒട്ടനവധി വേഷങ്ങൾ ആടിത്തീർത്ത സുഹൈലിക്കയുടെ വേർപാട് പാനൂർ എന്ന ദേശത്തിനും ആലപ്പുഴ ജില്ലയ്ക്കും പ്രത്യേകിച്ച് CIGI ക്കും തീർത്താൽ തീരാത്ത നഷ്ടമാണ്. എന്റെ തറവാട്ടിൽ നിന്നും ജ്യേഷ്ഠൻ മുസ്തഫാ ഇക്കായുടെ വീട്ടിൽ നിന്നും നേരെ പടിഞ്ഞാറോട്ട് നോക്കിയാൽ കാണുന്നത് വൈലിത്തറ ഉസ്താദിന്റെ തറവാടും സുഹൈലിക്കയുടെ വീടുമാണ്. എനിക്ക് ഓർമ്മവച്ച കാലം തൊട്ടേ കാണുന്ന വ്യക്തിത്വമാണ് സുഹൈലിക്ക. ചെറു പുഞ്ചിരിയോടെ എപ്പോൾ കണ്ടാലും വിശേഷങ്ങൾ അന്വേഷിക്കുകയും എന്റെ പഠന കാലഘട്ടത്തിൽ എനിക്ക് വേണ്ട പിന്തുണ നൽകുകയും ചെയ്ത ഒരു വ്യക്തിത്വം കൂടിയാണ്.

ഞാൻ മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ School of Pedagogical Science ൽ MEdന് പഠിക്കുന്ന കാലം യൂണിവേഴ്സിറ്റിയിലെ നിറസാന്നിധ്യമായിരുന്നു സുഹൈലിക്ക... ഇക്കയുടെ ഓരോ ഓഫീസർമാരെയും സുഹൃത്തുക്കളെയും എന്നെ പരിചയപ്പെടുത്തി കൊടുക്കുന്നത് തന്നെ ഇത് എന്റെ ബന്ധുവും അയൽവാസിയും അനുജനുമായ റാഫി, നമ്മുടെ നാസറിന്റെ അളിയൻ, എന്റെ അപ്പച്ചിയുടെ മകൻ റാഷിദിന്റെ ഭാര്യ സഹോദരൻ എന്നൊക്കെ ബന്ധങ്ങൾ വളരെ കൃത്യമായി പറഞ്ഞുകൊടുത്തു കൊണ്ടായിരുന്നു.

ഇക്ക ഗൾഫിൽ ജോലി ചെയ്തിരുന്ന കാലത്ത് നാട്ടിൽ വെക്കേഷന് വരുമ്പോൾ മിക്കപ്പോഴും വീട്ടിൽ വന്ന് മണിക്കൂറുകളോളം എന്റെ വാപ്പിച്ചയോടും ഉമ്മച്ചിയോടും സഹോദരന്മാരോടും സഹോദരിമാരോടും കുട്ടികളോടും സംസാരിച്ചിരിക്കുമായിരുന്നു. എന്റെ പഠന കാലഘട്ടത്തിലും ശേഷവും എനിക്ക് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ തന്നിരുന്ന നല്ല ഒരു സഹ രക്ഷാകർത്താവ് കൂടിയായിരുന്നു സുഹൈലിക്ക. CIGI യെ എനിക്ക് ആദ്യമായി പരിചയപ്പെടുത്തിയതും സിജിയുടെ ക്യാമ്പുകളിലും മോട്ടിവേഷൻ ക്ലാസുകളിലും എല്ലാം പങ്കെടുക്കുന്നതിന് എനിക്ക് അവസരം ഒരുക്കിയതും ഇക്കയാണ്. CIGI യുടെ പല ക്ലാസുകളിൽ നിന്നും ലഭിച്ച ഊർജ്ജം എന്നും എന്റെ ക്ലാസ്റൂമുകളിൽ എനിക്കൊരു താങ്ങാണ്. ഇക്കയുടെ പല Motivation ക്ലാസുകളിലും എന്നെയും കൊണ്ടുപോകാറുണ്ടായിരുന്നു. ചെറിയ ചെറിയ സെഷനുകൾ അവിടെ എനിക്ക് ഇക്ക തന്നതിനാലായിരിക്കാം ഇന്ന് ഡയറ്റിൽ ലക്ചറർ ആയി വർക്ക് ചെയ്യുമ്പോഴും ജഗദീശ്വരന്റെ അനുഗ്രഹം കൊണ്ട് ഏറ്റെടുക്കുന്ന ജോലികൾ എല്ലാം എന്നെക്കൊണ്ട് സാധ്യമാകും വിധം ഭംഗിയായി നിർവഹിക്കാൻ എനിക്ക് കഴിയുന്നത്.

നാട്ടിലും പരിചയത്തിലുള്ളവരും അവരുടെ മക്കളുടെ തുടർപഠനവുമായി ബന്ധപ്പെട്ട് ഒരു അധ്യാപകൻ എന്ന നിലയിൽ എന്നെ സമീപിക്കുമ്പോൾ എനിക്കറിയാത്ത പല കാര്യങ്ങളും ഞാൻ കേട്ടിട്ടില്ലാത്ത പല കോഴ്സുകളും അവയുടെ സാധ്യതകളെകുറിച്ചുമെല്ലാം ഞാൻ മനസ്സിലാക്കുന്നതും എന്റെ സംശയങ്ങൾക്കെല്ലാം കൃത്യമായി മറുപടി തരുന്നതും ഇക്കയായിരുന്നു. സുഹൈലിക്കയോടൊപ്പം ഒരുപാട് ബൈക്ക് യാത്രകളും ചെയ്തിട്ടുണ്ട്... വഴിയിൽ കാണുന്നവരെ വിഷ് ചെയ്തും അവരോട് സൗഹൃദ സംഭാഷണത്തിൽ →



# സൗമ്യത കൊണ്ട് കീഴടക്കിയ സുഹൈൽ

**അഡ്വ. ഇസ്സുദ്ധീൻ കെ.കെ.**
**(സിജി, സീനിയർ റിസോഴ്സ് പേഴ്സൺ)**

**സൗ**മ്യത,അച്ചടക്കം ഒരു വ്യക്തിയുടെ സ്വഭാവത്തിൽ ഉടനീളം കൊണ്ടുപോവുക എന്നത് ഏറ്റവും മഹത്വമായ കാര്യമാണ്. അങ്ങനെയുള്ള ഒരു വ്യക്തിത്വമായിരുന്നു സുഹൈൽക്ക എന്ന് ഞാൻ വിളിക്കുന്ന സുഹൈൽ റഹ്മാൻ. 2003ൽ റിയാദിലെ സിജി പരിപാടി കഴിഞ്ഞ് എൻ.വി. കബീർ സാഹിബ് എന്നെ വിളിച്ച് പറഞ്ഞു. ആലപ്പുഴ ജില്ലയിലുള്ള ഒരു സുഹൈൽ റഹ്മാൻ എന്ന വ്യക്തി ഈമെയിലിലൂടെ എന്നെ ബന്ധപ്പെടും. അദ്ദേഹത്തിന് സ്വന്തം പ്രദേശത്തെ സിജി പരിപാടികൾ നടത്താൻ ആഗ്രഹമുണ്ട്, വേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കുക. എറണാകുളം, ആലപ്പുഴ ജില്ലകൾ അടങ്ങുന്ന സിജി സെൻട്രൽ റോഡിന്റെ കോഡിനേറ്റർ ആയിരുന്നു അന്ന് ഞാൻ. ഞാനും സുഹൈൽക്കയും കൂടി ഈമെയിലിലൂടെ തന്നെ അദ്ദേഹത്തിന്റെ നാട്ടിലെ സ്കൂളിൽ ഒരു ഏകദിന ശില്പശാല ആസൂത്രണം ചെയ്തു. 2003 ഡിസംബർ 23ന് തീയതി തീരുമാനിക്കുകയും ചെയ്തു. സുഹൈൽ ഗൾഫിൽ നിന്നുകൊണ്ട് തന്നെ അദ്ദേഹത്തിന്റെ വീടിനടുത്തുള്ള എൽ.പി.സ്കൂളിൽ സ്കൂൾ ടീച്ചേഴ്സിനുള്ള ട്രെയിനിങ്ങും മാതാപിതാക്കൾക്കുള്ള പാരന്റിങ് എന്നിവ നടത്തുന്നതിന് വേണ്ട അറേഞ്ച്മെന്റുകൾ ചെയ്തു. അദ്ദേഹത്തിന്റെ കോഡിനേഷൻ സ്കിൽ അന്ന് തന്നെ എനിക്ക് മനസ്സിലായി.

പരിപാടിയുടെ അന്ന് ഞാനും അഡ്വ. കുഞ്ഞുമോനും കൂടി പാനൂർ എത്തി. അവിടെ വച്ചാണ് ആദ്യമായിട്ട് സുഹൈൽക്കാനെ കാണുന്നത്. പരിപാടി കഴിഞ്ഞ് എന്നെയും കൂട്ടി അദ്ദേഹത്തിന്റെ വീട്ടിൽ പോയി. വൈലിത്തറ ഉസ്താദിനെ കാണുകയും ചെയ്തു. പിന്നീട് കണ്ടത് ആലപ്പുഴ ജില്ലയുടെ സിജി പ്രവർത്തനങ്ങളുടെ വേഗതയാണ്. ജില്ലയിൽ സിജി ഓഫീസ് എന്ന സ്വപ്നം അദ്ദേഹം പ്രാവർത്തികമാക്കി. ഷെഫീഖ്സാറും ഹലീൽ, ഹബീബ് തുടങ്ങിയവരെയൊക്കെ പെട്ടെന്ന് സിജിയുടെ ഭാഗമാക്കി ആലപ്പുഴ പ്രവർത്തനത്തിന് അദ്ദേഹം വേഗംകൂട്ടി. ഞാൻ ഖത്തറിലേക്ക് പോന്നെങ്കിലും ഫോണിലൂടെയും മെസ്സേജുകളിലൂടെയും ആലപ്പുഴയിലെ പ്രവർത്തനങ്ങൾ അദ്ദേഹം എന്നെ അറിയിച്ചിരുന്നു.

മരണം ദൈവത്തിന്റെ വിധിയാണെന്ന വിശ്വസിക്കുമ്പോഴും സുഹൈൽക്കായെ ഓർക്കുമ്പോൾ ഇപ്പോഴും സങ്കടം അടക്കാൻ കഴിയാറില്ല.

സൗമ്യതകൊണ്ട് നമ്മെ കീഴടക്കിയ ആ മുഖം മറക്കാൻ കഴിയില്ല

---

→

ഏർപ്പെട്ടുകൊണ്ടുമായിരുന്നു ഓരോ യാത്രകളും കടന്നുപോയത്..കുടുംബ ബന്ധങ്ങളെയും സുഹൃത്ത് ബന്ധങ്ങളെയും നന്നായി നിലനിർത്തി കൊണ്ടുപോയിരുന്ന ഒരു വ്യക്തിത്വം കൂടിയായിരുന്നു പ്രിയ ഇക്ക.

ഇക്കയുടെ വേർപാടിൽ വിഷമിക്കുന്ന ഭാര്യയ്ക്കും മക്കൾക്കും ഇക്കയുടെ സഹോദരി സഹോദരന്മാർക്കും ഇക്കയെ സ്നേഹിക്കുന്നവർക്കും അല്ലാഹു ക്ഷമ നൽകുമാറാകട്ടെ. അല്ലാഹു ഇക്കയ്ക്ക് മഗ്ഫിറത്തും മർഹമത്തും പ്രദാനം ചെയ്യുമാറാകട്ടെ. നാളെ സ്വർഗീയ ആരാമത്തിൽ ഹബീബായ റസൂൽ സല്ലല്ലാഹു അലൈഹിവസല്ലമയോടൊപ്പം ഇക്കയെയും നമ്മളെ എല്ലാവരെയും അല്ലാഹു ഒരുമിച്ചു കൂട്ടുമാറാകട്ടെ.... ആമീൻ യാ റബ്ബൽ ആലമീൻ.....





# സുഹൈൽ വൈലിത്തറ സ്നേഹനിധിയായ വഴികാട്ടി

കാളിറ്റി അഷ്റഫ്
(പ്രസിഡന്റ് സിജി, കായംകുളം യൂണിറ്റ്)


എല്ലാ വേർപാടുകളും വേദനാജനകമാണ്, പ്രത്യേകിച്ച് പ്രിയപ്പെട്ടവരുടെ. ചില വ്യക്തികളുടെ മരണം ഒരു പ്രദേശത്തിന്റെ നൊമ്പരവും തീരാനഷ്ടവുമാകുന്നതിന്റെ ഉത്തമോദാഹരണമാണ് സുഹൈൽ സാഹിബിന്റെ വേർപാട്. ജീവിതാവസാനം വരെ വിദ്യാർത്ഥികൾക്ക്, ഉദ്യോഗാർത്ഥികൾക്ക് പ്രതീക്ഷയും വഴികാട്ടിയുമായി ജീവിച്ച ഒരാളായിരുന്നു സുഹൈൽ സാഹിബ്. സിജി ആലപ്പുഴയുടെ അമരക്കാരനായി ജില്ലയിലെ സ്കൂളികളിൽ കരിയർ ഗൈഡൻസുമായി, വിശ്രമമില്ലാതെ പ്രവർത്തിച്ച വ്യക്തി. എത്രയോ വിദ്യാർത്ഥികൾക്കാണ് അദ്ദേഹം വഴികാട്ടിയായത്. സുഹൈൽ സാഹിബിന്റെ ഗൈഡൻസിലൂടെ എഞ്ചിനീയറിംഗ്, മെഡിക്കൽ തുടങ്ങി ഉന്നതങ്ങളിൽ എത്തിച്ചേർന്ന, ധാരാളം വിദ്യാർത്ഥികൾ ജില്ലയിലുണ്ട്.

സിജിയുടെ പ്രവർത്തനമേഖല കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ കേന്ദ്രീകരിച്ചു ആരോഗ്യകരമായ മാറ്റം സൃഷ്ടിക്കുമ്പോൾ ചരിത്രപരമായും സാമ്പത്തികമായും പിന്നോക്കം പോയ സ്വസമുദായത്തിന്റെ ഉയർച്ച ലക്ഷ്യമാക്കി ആലപ്പുഴ ജില്ലയിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ സുഹൈൽ സാഹിബ് ശ്രദ്ധിച്ചിരുന്നു. ഒപ്പം തന്നെ, അതൊരിക്കലും കേവലം സാമുദായിക താല്പര്യമാക്കാതെ എല്ലാ വിഭാഗത്തിലുമുള്ള വിദ്യാർത്ഥികൾക്കും അക്കാദമിക് രംഗത്ത് മാർഗ്ഗനിർദ്ദേശം നൽകുന്നതിന് അദ്ദേഹം പ്രത്യേകം താല്പര്യം എടുത്തിരുന്നു. കരിയർ ഗൈഡൻസ് ക്ലാസുകളിൽ മാത്രമല്ല വിദ്യാർത്ഥികളുടെ വ്യക്തിഗത അന്വേഷണങ്ങൾക്കും മറുപടി നൽകുന്നതിൽ യാതൊരുവിധ മടിയുമില്ലാത്ത വ്യക്തിയായിരുന്നു സുഹൈൽ സാഹിബ്.

ഗാന്ധി യൂണിവേഴ്സിറ്റിയിലെ ജീവനക്കാരനായിരുന്ന സുഹൈൽ സാഹിബ് തുടക്കത്തിൽ അവധി ദിവസങ്ങളിലും തുടർന്ന് കരിയർ ഗൈഡൻസ് ക്ലാസുകളുടെ ആവശ്യകത വർദ്ധിച്ചപ്പോൾ, ദീർഘ അവധിയെടുത്തും പ്രവർത്തിച്ചാണ് ജില്ലയിൽ സിജിയുടെ പ്രവർത്തനങ്ങൾ വ്യാപകമാക്കിയത്.

സിജി കായംകുളം ചാപ്റ്ററിന്റെ ഞാനുൾപ്പെടെയുള്ള പ്രവർത്തകരിൽ അധികവും വ്യാപാര രംഗത്ത് പ്രവർത്തിക്കുന്നവരാണ്. ഈ രംഗത്ത് മുൻപരിചയമില്ലാതിരുന്ന ഞങ്ങളുടെ കൂടെ നിന്നു വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് വഴികാട്ടിയാകുക വഴി പ്രദേശത്ത് സിജിയുടെ പ്രവർത്തനങ്ങൾ ജനഹൃദയങ്ങളിൽ ഇടം നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്.

കേരളത്തിലെ അറിയപ്പെടുന്ന ഇസ്ലാമിക മതപണ്ഡിതനായിരുന്ന വൈലിത്തറ മുഹമ്മദ് കുഞ്ഞ് മൗലവിയുടെ മകനായിരുന്ന അദ്ദേഹത്തിന് മുസ്ലീം സമുദായത്തിൽ സ്വീകാര്യത ലഭിച്ചതിനു പുറമെ, വിദ്യാഭ്യാസസാംസ്കാരിക രംഗത്തെ നിരന്തര പ്രവർത്തനങ്ങളിലൂടെ സമൂഹത്തിലെ വ്യത്യസ്ത ശ്രേണിയിലുള്ള ധാരാളം വ്യക്തികളുമായി ആത്മബന്ധം സ്ഥാപിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.



# പല്ലനയാറിൻ തീരത്ത് വേദനയോടെ വീണ്ടും?

ജെറാഡ് എം.
(എം.ജി. യൂണിവേഴ്സിറ്റി)

**കേ**രളത്തിന്റെ പ്രിയകവി കുമാരനാശാനെ 'അപഹരിച്ചു' കൊണ്ടുപോയ പല്ലനയാറിന്റെ തീരത്ത് ഞങ്ങൾ വീണ്ടും വിതുമ്പിനിന്നു. ഞങ്ങൾ എന്ന് പറഞ്ഞാൽ യൂണിവേഴ്സിറ്റിക്കാർ മാത്രമല്ല കേരളത്തിന്റെ നാനാഭാഗത്തു നിന്നുമെത്തിയ അനേകായിരങ്ങൾ.

കലർപ്പില്ലാത്ത സ്നേഹം ഏവർക്കും പകർന്നു നൽകിയ നല്ലവരിൽ നല്ലവനും ശുദ്ധരിൽ ശുദ്ധനും ആയിരുന്ന സുഹൈൽറഹ്മാനെയാണ് ആ 'രംഗ ബോധമില്ലാത്തകോമാളി' തട്ടിയെടുത്തുകൊണ്ടു പറന്നുകളഞ്ഞത്.

കണ്ണിന്റെ കാഴ്ചനഷ്ടപ്പെട്ടെങ്കിലും എല്ലാം അറിയുന്ന മാത്യുസേഥ് ആണ് വിളിച്ച് അറിയിച്ചത്

'എടാ, നീ അറിഞ്ഞോ? നമ്മുടെ സുഹൈൽ പോയി...., നാളെ രാവിലെ പത്തുമണിക്ക് ഖബർ അടക്കും'

അൽപ്പനേരം എനിക്ക് ഒന്നും മിണ്ടാൻ കഴിഞ്ഞില്ല, പ്രാർഥന കഴിഞ്ഞ സമയം ആയിരുന്നു അപ്പോൾ, ഞാൻ ദൈവത്തിന്റെ സ്വരൂപത്തിലേക്കു ഒന്ന്നോക്കി.

പുള്ളിക്ക് യാതൊരു ഭാവവ്യത്യാസവും ഇല്ല. ചുമ്മാതല്ല വയലാർ പണ്ട് 'കണ്ണ് തുറക്കാത്ത ദൈവങ്ങളെ' എന്ന് പാടിവച്ചത്. അല്ലെങ്കിൽ നമ്മൾ ഉൾപ്പടെ നാട്ടുകാർക്ക് പ്രത്യേകിച്ച് പ്രയോജനം ഒന്നുമില്ലാത്ത എത്രയോ പേരിരിക്കുന്നു ഇവിടെ? അവരെ ഒന്നും തിരിച്ചു വിളിക്കാതെ....... അതോ സ്വർഗ്ഗത്തു നല്ല ആൾക്കാർ ഇല്ലാത്തതുകൊണ്ടാണോ ഇവിടെയുള്ള നല്ല ആൾക്കാരെയൊക്കെ നേരത്തെ അങ്ങ് കൊണ്ട് പോകുന്നത്?

രാത്രി തിരിഞ്ഞും മറിഞ്ഞും കിടന്നിട്ടും ഉറക്കംവന്നില്ല; ഈ മനുഷ്യൻ എന്നാണ് എന്റെ ഹൃദയത്തിൽ കയറിപറ്റിയത്?

നിസ്കാര തഴമ്പുള്ള നെറ്റിയിൽ വിരൽതൊട്ടു ആകാശത്തേക്ക് മുഷ്ടിചുരുട്ടി മുദ്രാവാക്യവും വിളിച്ചുകൊണ്ടു, അൽപ്പം പരുക്കൻ മുഖവും ആയി സംഘടനയുടെ ജാഥയ്ക്ക് മുമ്പേ നീങ്ങുന്ന നീളൻ ജൂബ ഇട്ട ഈ മനുഷ്യനെ എനിക്ക് ആദ്യമത്ര ഇഷ്ടപ്പെട്ടില്ല. യൂണിവേഴ്സിറ്റി ജീവനക്കാരുടെ സാംസ്കാരിക സംഘടനയായ 'സംസ്ക്കാര'യുടെ തലപ്പത്തു ഇദ്ദേഹം വന്നപ്പോഴാണ് ആ വലിപ്പം എനിക്ക് മനസിലായത്; അതും ഒരു ട്രെയിൻ യാത്രയിൽ! അദ്ദേഹത്തിന് വരുന്ന ഫോണുകൾ ഞാൻ ശ്രദ്ധിച്ചു. കൂടുതലും കൗമാരപ്രായക്കാരായിരുന്നു. എല്ലാവർക്കും അദ്ദേഹം അതീവ ക്ഷമയോടെ കാര്യങ്ങൾ പറഞ്ഞു കൊടുക്കുന്നു. ഏത് പഠിക്കണം, എങ്ങനെ പഠിക്കണം, പ്രശ്നങ്ങൾ എങ്ങനെ നേരിടണം എന്നൊക്കെ! ഒപ്പം ഒരുപാടു പേരെ വിളിച്ചു സഹായം ആവശ്യമുള്ളവരെ കുറിച്ചുമൊക്കെ പറയുന്നതും കേട്ടു. അദ്ദേഹത്തെകുറിച്ച് കൂടുതൽ അറിയാൻ ആഗ്രഹം പ്രകടിപ്പിച്ചപ്പോൾ അറിഞ്ഞ കാര്യങ്ങൾ കേട്ട് ഞാൻ കോരിത്തരിച്ചുപോയി; എവിടെ പോയാലും അഞ്ചുനേരവും നിസ്ക്കരിക്കുന്ന ഒരു യഥാർത്ഥ മുസൽമാൻ, പ്രശസ്ത മതപണ്ഡിതനായ വാപ്പയുടെ മകൻ, ഉറച്ച പാർട്ടിമെമ്പർ, അനേകായിരം സാധുകുട്ടികൾക്ക് സൗജന്യമായി മോട്ടിവേഷൻ ക്ലാസ്സ് നൽകുന്ന മനുഷ്യസ്നേഹി, ആരും അറിയാതെ സാധുക്കളായ സഹപ്രവർത്തകരുടെ മക്കളുടെ കോളേജ് ഫീസ് നൽകുന്നവൻ, സമ്പന്നരെ സമീപിച്ചു അവരുടെ സഹായം പാവങ്ങളിലേക്കു എത്തിക്കുന്നവൻ...

അങ്ങനെ അങ്ങനെ പറഞ്ഞാൽ തീരാത്ത വിശേഷണങ്ങൾ ഉണ്ട്. സിനിമാനടനും തിരക്കഥാകൃത്തുമായ രഞ്ജിപണിക്കരുടെ സഹപാഠി ആയിരുന്ന സുഹൈലിന്റെ അപാരമായ അറിവ് ആരെയും അമ്പരപ്പിക്കുന്നതാണ്. ഏത് കമ്പനിയി

ലും കൂടുമെങ്കിലും ഒരിക്കലും തന്റെ ഉടുപ്പിൽ കറപറ്റാൻ അവൻ അനുവദിച്ചിരുന്നില്ല.

പല്ലനയാറിന് സമീപമുള്ള അദ്ദേഹത്തിന്റെ ഭവനത്തിനടുത്ത് എത്തിയപ്പോഴേക്കും അവിടമാകെ ജനസമുദ്രമായിക്കഴിഞ്ഞിരുന്നു. അവസാനമായി ആ മുഖമൊന്നു കാണാൻ ബദ്ധപ്പെട്ടു.

അകത്തേക്ക് എത്തി. പ്രാർഥനയ്ക്ക് എത്തിയ എല്ലാവരും നിറകണ്ണുകളോടെ 'ആമീൻ' എന്ന് ഏറ്റുചൊല്ലുന്നു. തങ്ങളുടെ മയ്യത്തു എടുക്കുമ്പോൾ സഹായിക്കാൻ കൂടെ ഉണ്ടാകുമെന്നു കരുതിയവൻ നേരത്തെപോകുന്നത് കണ്ടു കണ്ണീരൊപ്പുന്ന അനേകം മുതിർന്നവരെ കണ്ടു. സ്ത്രീജനങ്ങൾ വിതുമ്പലടക്കാൻ പാടുപെടുന്നു. പല ആഘോഷങ്ങൾക്കും ഒരു ബലത്തിന് ഞാൻ തോളിൽ പിടിച്ചുനിന്ന സുഹൈലിന്റെ ചേതനയറ്റ മുഖം കണ്ട് ഒരു കസേരയിൽ പിടിച്ചു ബദ്ധപ്പെട്ടു നിൽക്കുന്ന ഉണ്ണിത്താൻ സാർ നൊമ്പരമുള്ള കാഴ്ച ആയി. യൂണിവേഴ്സിറ്റിയിലെ നൂറു കണക്കിന് സഹപ്രവർത്തകർ എന്ത് പറയണമെന്നറിയാതെ പല ഇടത്തായി കൂട്ടംകൂടി നിൽപ്പുണ്ട്, യാന്ത്രികമായി പരസ്പരം കൈകൾ കൊടുക്കുന്നു.

അള്ളാഹുവിനെ വിളിച്ചുള്ള പ്രാർഥനയ്ക്ക് ശേഷം ഖബറിലേക്കു എടുത്ത പ്രിയ സുഹൈലിന്റെ ദേഹം ഭൂമിദേവി സ്നേഹത്തോടെ സ്വീകരിച്ചു.

റഹ്മാന്റെ അർഥം കരുണ എന്നും സുഹൈലിന്റെ അർഥം ചന്ദ്രന്റെ പ്രകാശം എന്നുമൊക്കെ ആണത്രേ. കരുണ ഉള്ള ആ ചന്ദ്രപ്രകാശത്തെ എന്നെങ്കിലും കണ്ടുമുട്ടുമെന്ന പ്രതീക്ഷയോടെ ഞങ്ങൾ എല്ലാവരും മടങ്ങി????





# സുഹൃത്ത്.. സഹോദരൻ.. സഖാവ്.

**ലാലപ്പൻ സി.ആർ.**
**(എം.ജി.യൂണിവേഴ്സിറ്റി)**

സുഹൃത്ത്, സഹോദരൻ, സഖാവ് ഇതെല്ലാമായിരുന്നു സുഹൈൽ നീ എനിക്ക്. പ്രിയ സുഹൈൽ താങ്കൾ പ്രാർത്ഥിച്ചിരുന്നു, തനിക്കായല്ല, മറ്റുള്ളവരുടെ രക്ഷക്കായി, സന്താപങ്ങളെ ഒഴിവാക്കനല്ല അവയെ നേരിടുന്നതിനുള്ള കരുത്തിനായി, സഹജീവികളുടെ ദുഃഖങ്ങളിൽ കാരുണ്യസ്പർശമാകാനുള്ള ഹൃദയത്തിനായി. വിശ്വാസിയായ മാർക്സിസ്റ്റ് എന്ന് എനിക്ക് താങ്കളെ വിളിക്കാം. അവിശ്വാസിയായ എന്റെ മനസ്സിന്റെ വലുപ്പമില്ലായ്മ ഞാൻ തിരിച്ചറിഞ്ഞത് താങ്കളുടെ വിശ്വാസത്തിന്റെ വിശാലതയിലാണ്. വിശുദ്ധവചനങ്ങളുടെ ഹാസ്യാനുകരണമായിട്ടില്ല താങ്കൾ ഒരിക്കലും. മഹാക്ഷമയുടെ ശാന്തത വേണ്ടുവോളം പകർന്നു നൽകി താങ്കൾ. സ്വതന്ത്ര മനസ്സിന്റെ സ്വതന്ത്ര വിശ്വാസം അത് നിലാവു പോലെ ഭാരരഹിതവും ആസ്വാദ്യകരവുമായിരുന്നു,

ദേശത്തിന്റെ അതിർവരമ്പുകളെ ലംഘിച്ച് നിന്ന അദ്ധ്യാത്മ സാന്നിധ്യമായിരുന്ന ഒരു ബാപ്പയുടെ അനുസരണയുള്ള മകൻ. അനിതര സാധാരണമായ വിധേയത്വം വാപ്പച്ചിയോടുണ്ടായിരുന്നു. ബഹുമാനം അഭിമാനം അനുസരണ ഇവ ഇഴ ചേർന്നുണ്ടായ വികാരം. നിന്റെ ഹൃദയം ഉമ്മച്ചിക്ക് ഒപ്പം തന്നെയായിരുന്നു, ആ കയ്യുകൾ മെനഞ്ഞെടുത്ത ഭക്ഷണക്കൂട്ടുകൾ നിന്റെ മനസ്സിൽ സൃഷ്ടിച്ച സന്തോഷത്തിന്റെ, സംതൃപ്തിയുടെ അലകൾ ഒരുക്കലും അടങ്ങിയിരുന്നില്ല. എന്നെയും നിന്നെയും ഒരുമിച്ചിരുത്തി ഊട്ടുമ്പോൾ ഉമ്മച്ചിയുടെ കണ്ണുകൾ പ്രസരിപ്പിച്ച ആ പ്രകാശം സാക്ഷി. ബാപ്പിച്ചിക്ക് തലയും ഉമ്മച്ചിക്ക് ഹൃദയവും നീ പകുത്ത് നൽകി.

പ്രാർത്ഥനയുടെ സാന്ത്വനം അറിഞ്ഞു അനുഭവിച്ച് വന്ന ബാല്യം ഗൗതമനെപ്പോലെ നാട്ടിലെ കണ്ണീരുപ്പു കലർന്ന ജീവിതങ്ങളെ കാണുകയും അവർക്കൊപ്പം നിലയുറപ്പിക്കുകയും ചെയ്തു. കാലത്തിനൊപ്പം നടക്കാൻ അവരെ പ്രേരിപ്പിച്ച്, കൂടെ കൂട്ടി. വിദ്യാഭ്യാസം ലഭിക്കാത്തവർക്ക് അത് ലഭ്യമാക്കാൻ യത്നിച്ചു. മക്കളുടെ ഭാവി എങ്ങനെ കരുപ്പിടിപ്പിക്കണമെന്നു നിശ്ചയമില്ലാതെ ഉത്കണ്ഠപ്പെട്ട എത്രയോ മാതാപിതാക്കളുടെ നെഞ്ചിലെ തീ അണച്ച് അവരുടെ കുഞ്ഞുങ്ങളെ നേർവഴി കട്ടി നടത്തി. ഉന്നത വിദ്യാഭ്യാസവും ജോലിയും എന്ന സുരക്ഷിത ഇടങ്ങളിലേക്ക് ഒരു കടത്തു തോണിക്കാരന്റെ നിർമ്മമതയോടെ താങ്കൾ അവരെ അവിടെ എത്തിച്ചു. അഭിപ്രായവ്യത്യാസങ്ങളുടെ നെരിപ്പോടിൽ വെന്തുപോകുമായിരുന്ന എത്ര ഏറെ കുടുംബങ്ങളിൽ താങ്കളുടെ വാക്കുകൾ സ്നേഹധാരാളിത്തമായി. കയ്യിൽ ഒരു പനനീർപ്പൂവും ചുണ്ടിൽ പുഞ്ചിരിയുമായി താങ്കൾ പകർന്നു നൽകിയ വെളിച്ചം ആ കുടുംബങ്ങളെ ഇന്നും സന്തോഷ ഭരിതമായി ചേർത്ത് നിർത്തുന്നു.

M.G.സർവ്വകലാശാല ക്യാമ്പസ് എത്രയോ മനോഹരമായ സ്നേഹസ്വരൂപമായിരുന്നു. റബ്ബർ കാടുകൾ നിറഞ്ഞ അതിരുമ്പുഴയിലെ കുന്നുകളെ 'പ്രിയദർശിനി ഹിൽസ്' എന്ന് നാമകരണം ചെയ്തത് ധീഷണാശാലിയായിരുന്ന വൈസ് ചാൻസലർ പ്രൊഫ. U.R. അനന്തമൂർത്തിയാണ്. വിശാലവും അഗാധവുമായ സൗഹൃദങ്ങളുടെ കൂട്ടായ്മകളുടെ ഇടമാണ് ഈ ക്യാമ്പസ്. ഈ കുന്നുകളെ ഇത്രയും പ്രിയദർശിനിയാക്കിയതിൽ സുഹൈലിനെ പോലുള്ള സുമനസ്സുകളുടെ പങ്ക് വളരെ വലുതാണ്. ഇടതുപക്ഷ സമര സംഘടനയായ അസോസിയേഷൻ നേതാവായി ശോണിമ യാർന്ന മുദ്രാവാക്യങ്ങളാൽ ക്യാമ്പസ്സിനെ സമരോല്സുകമാക്കിയ എത്രയോ സന്ദർഭങ്ങൾ. സർക്കാർ ജീവനക്കാരുടെ സമരൈക്യ പ്രസ്ഥാന →

# സുഹൈൽ സാർ

സൂഫിയ
Student CIAB Project )


"സുഹൈൽ സാർ" എന്ന മഹത് വ്യക്തിത്വത്തെ വാക്കുകൾ കൊണ്ട് വർണിക്കുക എന്നത് തികച്ചും അസാധ്യമായ ഒരു കാര്യമാണ് കാരണം അത് നീലാകാശം പോലെ എവിടെയും ചെന്ന് അവസാനിക്കാത്ത ഒന്നാണ്. ഓരോ തവണ ക്ലാസ്സിന് വരുമ്പോൾ ഉള്ള സാറിന്റെ സാന്നിധ്യം വല്ലാത്ത ഒരു പോസിറ്റിവ് എനർജി നൽകുമായിരുന്നു. നമ്മുടെ കർമങ്ങൾ മരണശേഷവും നമ്മളോട് കൂടെ ഉണ്ടാവും എന്ന് സാർ പഠിപ്പിച്ചു. ഒരിക്കലും ഒരാളെയും ചെറുതായി കാണരുതെന്ന് അദ്ദേഹം നമ്മെ ഓർമ്മിപ്പിച്ചു. അറിവ് നൽകുന്നവൻ ഗുരു മാത്രം അല്ല എന്ന് അദ്ദേഹം തെളിയിച്ചു. 'സുഹൈൽ സാറിന്റെ നാട്ടുകാരി എന്ന് പറയുന്നതിൽ അഭിമാനം കൊള്ളുന്നവരിൽ ഞാനും ഒരാളാണ്. സാറിന്റെ വാക്കുകളും കർമങ്ങളും ഒരു മനുഷ്യനെ അവന്റെ ലക്ഷ്യത്തിൽ എത്തിക്കുന്നു. ഒരുപക്ഷേ സ്വന്തം കുഞ്ഞുങ്ങളെ പോലെ മറ്റു കുട്ടികളെ കാണുക എന്നത് അത്ര എളുപ്പമല്ല. അത് അങ്ങനെ ആർക്കും സാധിക്കില്ല. പക്ഷേ സാറിന് അത് സാധിച്ചു. അതിൽ നിന്ന് തന്നെ വ്യക്തമാണ് എത്രയും പ്രിയപ്പെട്ടതായിരുന്നു സാർ എന്നത്. സിജിയെ തൊട്ടറിഞ്ഞവർക്ക് സുഹൈൽ സാർ എന്നത് വെറുമൊരു മനുഷ്യനല്ല. സാറിന്റെ മുഖത്തേക്ക് നോക്കുമ്പോൾ ഉണ്ടാകുന്ന പ്രകാശവും തെളിമയും ഇന്നും മായാതെ മനസ്സിന്റെ വിങ്ങലായി നിലകൊള്ളുന്നു. അത്യധികം പ്രിയപ്പെട്ടതായിരുന്നു സാർ ഞങ്ങൾക്ക്.

---

→

ത്തിന്റെ എണ്ണമറ്റ പോരാട്ട വേദികളിൽ മുഴങ്ങിയ ശബ്ദം ധീരവും ത്യാഗസന്നദ്ധ്യവുമായിരുന്നു. അസോസിയേഷന്റെ സാംസ്കാരിക വിഭാഗമായിരുന്ന 'സംസ്കാര'യുടെ സാരഥി എന്ന നിലയിൽ നടത്തിയ സാംസ്കാരിക പ്രവർത്തനങ്ങൾ, കലാ സാഹിത്യ രംഗത്തെ ഇടപെടലുകൾ എനിയ്ക്ക് എത്രയോ ജീവസ്സുറ്റതായിരുന്നു. തുറന്ന സംവാദങ്ങൾക്കുള്ള വേദിയാക്കി സംസ്കാരയെ മാറ്റുക വഴി കോട്ടയത്തിന്റെ സാംസ്കാരിക മണ്ഡലത്തിൽ നമ്മുടെ ക്യാമ്പസും അടയാളപ്പെട്ടു. എവിടെയും ലാളിത്യത്തിന്റെ കുപ്പായം മാത്രം അണിഞ്ഞു വന്നവൻ. നഷ്ടത്തെപ്പറ്റി ചിന്തിക്കാതെ ജീവിതത്തിനു മുന്നിൽ നടന്നവൻ. പ്രിയകവി ദർശിച്ചത് പോലെ അകന്നു നിൽക്കുമ്പോഴും ഭൂമിക്കടിയിൽ വേരുകളാൽ പരസ്പരം പുണർന്നു നിൽക്കുന്ന മരങ്ങളെ പോലെ അഭിപ്രായ വിത്യാസങ്ങൾക്കിടയിലും ഹൃദയഐക്യം കാത്തുസൂക്ഷിക്കാൻ കഴിഞ്ഞവൻ.

എന്നിലേക്ക് ഒന്ന് ചുരുങ്ങിയാൽ, ജീവിതയാത്രയിൽ ഇടറിനിന്ന നേരം, പിന്തിരിഞ്ഞു നടക്കാൻ മോഹിച്ച വേളയിൽ എന്നെ ചേർത്ത് പിടിച്ച് സന്ദേഹങ്ങൾ ഒക്കെയും ചില വാക്കുകളാൽ അലിയിച്ചു കളഞ്ഞു, ഒരു ചന്ദനത്തിരിയുടെ സുഗന്ധം പകർന്നു തന്നവൻ. കുറച്ചുകാലം അവധിയെടുത്ത് പ്രവാസ ജീവിതം തിരഞ്ഞെടുത്തത് തനിക്ക് വേണ്ടി ആയിരിക്കില്ല. അജ്ഞാതരായ എത്രയോ പേർക്ക് തുണയാവാൻ വേണ്ടി ആയിരുന്നു എന്ന് വൈകിയാണെങ്കിലും ഞാൻ തിരിച്ചറിയുന്നു. 'സ്നേഹിക്കയില്ല ഞാൻ നോവുമാത്മാവിനെ സ്നേഹിച്ചിടാത്തൊരു തത്വശാസ്ത്രത്തെയും' എന്ന കവി വാക്യം ജീവിതം കൊണ്ട് നീ ഞങ്ങളെ ബോധ്യപ്പെടുത്തി. അസാന്നിധ്യം ഒരു അഗാധ വ്യഥ നിറക്കുമ്പോഴും ഓർമകൾക്കുള്ളിൽ വെളിച്ചം നിറക്കുകയും ഹൃദയം വികാര നിർഭരമാകുകയും ചെയ്യുന്നു.



# സുഹൈൽ പറയാൻ ബാക്കി വച്ച് ഇടയ്ക്കിറങ്ങിപ്പോയ എന്റെ സുഹൃത്ത്

**അഡ്വ. ഹഖ് തൃശൂർ**
**(സിജി സീനിയർ റിസോഴ്സ് പേഴ്സൺ)**

സുഹൈൽ എന്ന സുഹൈൽക്ക.. പരിചയപ്പെടുന്ന ഓരോരുത്തർക്കുമെന്ന പോലെ എനിക്കും ഏറെ അൽഭുതം കലർന്ന സൗഹൃദമായിരുന്നു. വിദ്യാഭ്യാസം ഭാവിയുടെ പ്രഥമ പരിഗണനയിലെത്തിക്കുന്നതിൽ മാതൃകാപരമായി ഇടപെട്ട സിജിയിലേക്ക് ആരംഭദശയിലേ എത്തിച്ചേർന്ന ഈയുള്ളവന് എന്നും തുറന്നിടപഴകാനും ആശയവിനിമയം നടത്താനും ലഭിച്ച സതീർത്ഥ്യനായിരുന്നു അദ്ദേഹം. സിജി പ്രോഗ്രാമുകളുമായി ബന്ധപ്പെട്ട് ആലപ്പുഴയിലുൾപ്പടെ ഉണ്ടായിരുന്ന ലഘു കൂടിക്കാഴ്ചകൾ അർത്ഥവത്താക്കാൻ ഞങ്ങളിരുവരും ഒരുപോലെ ശ്രമിച്ചിരുന്നു, ഒരിക്കൽ എന്റെ അതിഥിയായി സുഹൈൽക്കയും കുടുംബവും എന്റെ വീട്ടിലും പിന്നീട് ഞാനും കുടുംബവും വൈലിത്തറ വീട്ടിലും താമസിച്ചത് ഏറെ അവിസ്മരണീയമായിരുന്നു.

ഒരു കൊച്ചുകുട്ടിയുടെ ചുറുചുറുക്കോടെ തകഴിയുടെ വീടും അമ്പലപ്പുഴ അമ്പലവും പാടശേഖരങ്ങളും കായലും ബീച്ചുമെല്ലാം എനിക്കും കുടുംബത്തിനും പറഞ്ഞു തന്നും കാണിച്ചു തന്നും ആലപ്പുഴ ജില്ലയിലൂടെ ചെയ്ത യാത്ര ഓരോ നിമിഷത്തേയും എങ്ങനെ അർത്ഥവത്താക്കാം എന്നതിനൊരു പാഠം തന്നെയായിരുന്നു. ഇസ്ലാമിക ശരിഅത്തും ഇന്ത്യൻ അവസ്ഥകളും, കമ്യൂണിസ്റ്റ് ഇടതുപക്ഷ പ്രസ്ഥാനങ്ങളുടെ പ്രസക്തിയുമെല്ലാം ചർച്ചകളിലെത്താറുണ്ടിരുന്നു. എന്റെ വാക്കുകളെയും കാഴ്ചപ്പാടുകളെയും ചേർത്തുവച്ച അദ്ദേഹം ചിന്താഗതികളിലെ ഞങ്ങളിലെ ഐക്യരൂപത്തെ ഇടയ്ക്കിടെ ഓർമിപ്പിക്കുമായിരുന്നു. മാറിയ സാഹചര്യത്തിൽ വർഗീയതയും അപര വിദ്വേഷവും തിളച്ചു മറിയുന്ന അന്തരീക്ഷത്തിൽ സമൂഹത്തിലേക്ക് പടരുക എന്നതാണ് ഏകമാർഗം എന്നതിലെ ഞങ്ങളുടെ യോജിപ്പ്, തുടർന്നുള്ള സന്ദർഭങ്ങളിലും നിലവിൽ ഏറെ ചർച്ച ചെയ്യുന്ന മുസ്ലീം വ്യക്തി നിയമപ്രശ്നത്തിലുൾപ്പടെ ശക്തമായ നിലപാടെടുക്കുന്നതിന് ഏറെ ഉപകാരപ്രദമായിരുന്നു.

ന്യൂനപക്ഷ വകുപ്പിന്റെ പ്രീമാരിറ്റൽ കൗൺസിലിംഗ് ക്ലാസുകളിൽ ട്രെയിനറെന്ന നിലയിൽ ആലപ്പുഴയിൽ അഞ്ചു വർഷമായി എത്തുന്ന എനിക്ക് പലപ്പോഴും തെക്കിന്റെ മലബാറായ ആലപ്പുഴയെയും വിപ്ലവചരിത്രത്തെയും സുഹൈൽക്കയുടെ വാക്കുകളാൽ സുപരിചിതമായിരുന്നു. ആലപ്പുഴ ജില്ലാപഞ്ചായത്തിന്റെ വിദ്യാഭ്യാസപദ്ധതിയിൽ സജീവമായിരുന്ന അദ്ദേഹം വിദ്യാഭ്യാസ പ്രവർത്തനങ്ങളെ തദ്ദേശ സ്ഥാപനങ്ങളുമായി ചേർത്തുവയ്ക്കുന്നതിനെ കുറിച്ച് ഏറെ വാചാലനായിരുന്നു. വായനയ്ക്കായി വലിയൊരു സമയം മാറ്റിവയ്ക്കുമ്പോഴും താനേറ്റെടുത്ത ഏറ്റെടുക്കേണ്ട ഉത്തരവാദിത്വത്തെകുറിച്ച് ഏറെ ബോധവാനായിരുന്നു.

അദ്ദേഹത്തെ പോലൊരു വ്യക്തിയോട് തുലനം ചെയ്യാനാവില്ലെങ്കിലും ഞങ്ങളുടെ ഇഷ്ടാനിഷ്ടങ്ങളും രാഷ്ട്രീയ ബോധ്യങ്ങളുമെല്ലാം സമാന മനസ്കരുടെതായിരുന്നു. സിപിഎം പാർട്ടി അംഗമാവുന്നതിലൂടെ തന്നെ നിലപാട് വ്യക്തമാക്കിയ അദ്ദേഹം വിശ്വാസകാര്യങ്ങളിലെ ബോധ്യത്തെ ഉരച്ചു മിനുക്കിയെടുക്കാനും മടി കാണിച്ചിരുന്നില്ല. നിലപാട് വ്യക്തമാക്കുന്നു എന്ന ഒറ്റക്കാരണത്താൽ മ്ലേച്ഛമാം വിധം വിനിമയത്തിന് മുതിർന്ന പല സൗഹൃദങ്ങളുടെയും അപക്വതയെ അപലപിച്ച അദ്ദേഹം എനിക്ക് പലപ്പോഴും ഒരു മെന്റർ തന്നെയായിരുന്നു. 2005 ൽ പാർലമന്ററി

# സ്നേഹിക്കാൻ മാത്രം അറിയാവുന്ന ഒരു മനുഷ്യൻ

ഫെമിന ഖാൻ ആലുവ
(സിജി, എറണാകുളം)

നല്ല കാറ്റും ഭയങ്കര മഴയുള്ള ഒരു ദിവസം വളരെ നിർബന്ധിക്കപ്പെട്ടിട്ടാണ് ഒരു മീറ്റിംഗിൽ പങ്കെടുക്കാൻ ഞാൻ വന്നത്. മനസ്സില്ലാമനസ്സോടെ മീറ്റിംഗിന് ഇരുന്നു. ഉപക്രമവും സ്വാഗതവും കഴിഞ്ഞപ്പോൾ ഒരു ചെറിയ മനുഷ്യൻ ക്ലാസ്സ് നയിക്കുവാൻ തുടങ്ങി. കുറച്ചു കഴിഞ്ഞപ്പോൾ ശാന്തമായ ശബ്ദത്തോടെയുള്ള ഓരോ വാക്കും നമ്മുടെ ഹൃദയത്തിലേക്ക് തറഞ്ഞിറങ്ങുന്ന പോലെ തോന്നി. അങ്ങിനിരിക്കുമ്പോൾ എല്ലാരോടുമായി സുഹൈൽ സാർ ചോദിച്ചു, ഇപ്പോൾ ഈ നിമിഷം മരിക്കാൻ നിങ്ങൾ തയ്യാറാണോ എന്നു. എല്ലാരും റെഡി എന്നു പറഞ്ഞു കൈ പൊക്കി. പക്ഷേ ഞാൻ മാത്രം കൈപൊക്കിയില്ല. എന്റെ നേർക്ക് വന്നിട്ട് സർ ചോദിച്ചു- നീ എന്താ കൈ പൊക്കാത്തെ എന്ന്. ഞാൻ പറഞ്ഞു, എനിക്ക് ഇപ്പോൾ പോകാൻ പറ്റില്ല. കാരണം എന്റെ കുട്ടികൾ ചെറുതാണ്. പിന്നെ എനിക്ക് പെട്ടെന്നങ്ങ് പോകാൻ സമ്മതവുമില്ല. ഞാൻ വലുതായിട്ടൊന്നും അങ്ങോട്ട് കൊണ്ട് പോകുവാൻ സമ്പാദിച്ചിട്ടില്ല. അതുകൊണ്ട് ഇപ്പോൾ ഞാൻ പോകാൻ റെഡി അല്ലെന്നു പറഞ്ഞു. സത്യത്തിൽ എന്റെ ഉത്തരം ആയിരുന്നു ശരി. നിന്ന നിൽപ്പിൽ പോയാൽ ഒരുപാട് കാര്യങ്ങൾ നമുക്ക് ചുറ്റിലുമുണ്ട്, അതുപോലെ ഒരായിരം ദീർഘ വീക്ഷണങ്ങളും സ്വപ്നങ്ങളും പ്രതീക്ഷകളും ബാക്കി വച്ചു എന്റെ മാഷ് യാത്രയായി. ആദ്യ മീറ്റിംഗ് മുതൽ മരിക്കുന്ന സമയം വരെയും ICUവിൽ വച്ചു പോലും എന്നെ വിളിക്കുകയും അപ്പോഴും ഓരോ കാര്യങ്ങൾ ഏല്പിക്കുകയും ചെയ്ത എന്റെ മാഷ് പോയി. എനിക്ക് ആരാണ് മാഷ് എന്ന് എനിക്കിപ്പോഴും അറിയില്ല. അല്ലാഹ് എനിക്ക് കൊണ്ട് തന്നതാണ്. ആർക്കാണ് ഇനി ആ സ്നേഹം, കരുതൽ, സംരക്ഷണം തരാൻ കഴിയുക. ആർക്കും ഇനി ഒരു സുഹൈൽ മാഷ് ആകാൻ കഴിയില്ല. മാഷ് ഒരുപാട് കാര്യങ്ങൾ ചെയ്യാൻ അള്ളാഹു പറഞ്ഞയച്ച സ്നേഹിക്കാൻ മാത്രം അറിയാവുന്ന ഒരു മനുഷ്യൻ. നിറകണ്ണുകളോടെ.... മാഷേ എന്നും കൂടെയുണ്ടാവും എന്റെ ശ്വാസം നിലയ്ക്കുന്ന വരെയും.

---

→

തലത്തിലേക്ക് കൂടി ചുവട് വച്ചപ്പോൾ 'പറയുന്ന കാര്യങ്ങൾ ചെയ്യാൻ കൂടി തീരുമാനിച്ചു അല്ലേ? ഹക്കിനത് കഴിയും' എന്ന് പറഞ്ഞത് ഇന്നും ഊർജമായി നിലനിൽക്കുന്നു.

തൊണ്ണൂറ് വയസ് കഴിഞ്ഞിട്ടും ഇംഗ്ലീഷ് സ്ഫുടമായി സംസാരിക്കുന്ന, അറബിയിൽ പുസ്തകങ്ങളെഴുതിയിരുന്ന നിലപാടുകളിൽ കർക്കശക്കാരനായിരുന്ന പിതാവിന്റെ മകനായ അദ്ദേഹത്തോട് സമകാലീന വിഷയങ്ങൾ ചർച്ച ചെയ്യുന്നതിലെ അവധാനത ഞാൻ അത്ഭുതത്തോടെ നോക്കി നിന്നിട്ടുണ്ട്. അറിയാതെ എപ്പോഴോ ഇതേ തൊണ്ണൂറാംവയസിലെ സുഹൈൽക്കയെ വെറുതെ മനസിൽ സങ്കല്പിച്ചിരുന്നു. പിതൃവിയോഗത്തിന് ശേഷം ഫോണിലൂടെ സംഭാഷണം നടത്തിയിരുന്നപ്പോഴും ഈ വർഷം ആലപ്പുഴയിലെത്തുമ്പോൾ കാണാമെന്ന് വാക്ക് പറഞ്ഞിരുന്നു. ഇത്രപെട്ടെന്ന്, യാത്രപോലും പറയാതെ പോകുമെന്ന് കരുതിയില്ല. പിതൃശുശ്രൂഷ പൂർത്തിയാക്കി നാഥന്റെ വിളിക്കുത്തരം നല്കി യാത്രയായ ജ്യേഷ്ഠ സോദരാ, മുഴുമിക്കാതെ പോകുന്ന പ്രവർത്തനങ്ങളെ ഏകോപിപ്പിക്കാൻ മുന്നോട്ട് വരുന്ന പുതുതലമുറയിൽ നമുക്ക് പ്രതീക്ഷയർപ്പിക്കാം.



# പരലോകത്തു് വച്ച് സുഹൈലിന്റെ നന്മകൾ നഷ്ടപ്പെടുമോ?

**മുജാഹിദ് യൂസഫ്**
**(സിജി ആലപ്പുഴ)**

CIGI എന്ന സംഘടനയിൽ എനിയ്ക്ക് ഒരുവയസ്സേ പ്രായം ആയിട്ടുള്ളൂ. എന്നാലും സുഹൈലിനെ ആലപ്പുഴ SD College ലെ സഹപാഠിയായ 1978 മുതൽ തന്നെ പരിചയമുണ്ട്. ജീവിതവഴിയിൽ വേർപെട്ട്, ഇടയ്ക്കൊക്കെ യാത്രകളിൽ ട്രെയിനിലും മറ്റും വച്ച് കാണുമ്പോൾ സുഹൈലിന്റെ സംസാരം പെട്ടെന്ന് സിജിയിലേയ്ക്ക് എത്തും. അദ്ദേഹവുമായി സംസാരിച്ചു പിരിയുമ്പോഴൊക്കെ ആ പാത പിന്തുടരാൻ മനസ്സ് ആഗ്രഹിച്ചു. ചിലപ്പോഴൊക്കെ അദ്ദേഹത്തോട് അക്കാര്യം പറയുകയും ചെയ്തു.

തിരുവനന്തപുരത്തെ താമസത്തിനിടയിൽ, സുഹൈൽ പറഞ്ഞിട്ടാണോ എന്നറിയില്ല, വഖഫ് ബോർഡ് ഡിവിഷണൽ ഓഫിസ്സറും സിജിയനുമായ എന്റെ അനുജന്റെ സുഹൃത്ത് ഹബീബ് ഒരിക്കൽ MAP ലേക്ക് ക്ഷണിച്ചു. പോകുവാൻ സാധിച്ചില്ല. എത്രചെറിയ നന്മകൾ ചെയ്യണമെങ്കിലും അള്ളാഹുവിന്റെ തൗഫീഖ് എപ്പോഴാണോ ലഭിക്കുന്നത് അപ്പോഴല്ലേ സാധിക്കൂ. അല്ലാഹുവിങ്കൽ നിന്നും ആ തൗഫീഖ് ധാരാളമായി ലഭിച്ച ആളായിരുന്നുവല്ലോ സുഹൈൽ.

പിന്നീട് 2022ലാണ് ഞാൻ സിജിത്വം സ്വീകരിച്ചത്. ഷെഫീക്കും അഖ്നിസും ആണ് അതിന് കാരണക്കാരായത്. അതിന് ശേഷം ആലപ്പുഴ CIGI ഓഫിസ്സിൽ എന്ത് പരിപാടിക്കെത്തുമ്പോഴും കസേരകൾ നിരത്തിയിടുന്നത് പോലെയുള്ള ഖിദ്മത്തുകൾ ചെയ്തുകൊണ്ട് നിൽക്കുന്ന സുഹൈലിനെ ആണ് കണ്ടിട്ടുള്ളത്. കൂടുതൽ സന്ദർഭങ്ങളിലും സുഹൈലിനെ മാത്രമേ അപ്പോൾ അവിടെ കണ്ടിട്ടുള്ളൂ... ആദ്യം അദ്ദേഹം തന്നെ എത്തുന്നതാണ് അതിന് കാരണം.

CIGI ആലപ്പുഴ ചാപ്റ്ററിന്റെ ഒരു ത്രിവത്സര പദ്ധതി ആയി 2022 ൽ രൂപപ്പെടുത്തിയതാണ് CIAB (CIGI Intervention for Academic Brilliance). നേതൃത്വത്തിൽ ഉള്ള എല്ലാവരും ചേർന്ന് രൂപപ്പെടുത്തിയതാണെങ്കിലും അത് ചുമലിലേറ്റി നടന്നിരുന്നത് സുഹൈൽ ആയിരുന്നു. ആ project ൽ ഉള്ള ഓരോ കുട്ടിയുടെയും പഠന സംബന്ധമായും അല്ലാതെയുമുള്ള വ്യക്തിഗത വിവരങ്ങൾ സുഹൈലിന് മന:പ്പാഠമായിരുന്നു. ഞാൻ CIGIയിൽ എത്തിയപ്പോൾ CIAB project ആറ് മാസത്തിലധികം പിന്നിട്ടിരുന്നു. മുകളിൽ സൂചിപ്പിച്ച ആ തൗഫീഖ് ലഭിച്ചതുകൊണ്ടാവാം സുഹൈലുമായുള്ള ബന്ധം കൂടുതൽ കനപ്പെട്ടു. മുല്ലപ്പൂമ്പൊടി ഏറ്റകല്ലിനെപ്പോലെ സുഹൈലുമൊത്ത് ഞാൻ CIAB ൽ കൂടുതൽ ശ്രദ്ധിക്കുവാൻ തുടങ്ങി.. അപ്പോഴാണല്ലോ നമ്മെ ഏവരെയും ദുഖത്തിലാഴ്ത്തിയ വിടവാങ്ങൽ. എന്റെ ഇപ്പോഴത്തെ വീട്ടിൽ സുഹൈൽ ഒരിക്കലേ വന്നിട്ടുള്ളൂ. 32 വർഷം ഞാൻ ആലപ്പുഴയ്ക്ക് പുറത്തായിരുന്നു. അത് ഒരു കാരണം ആണ്.


ഞാൻ യാസീൻ ഓതി ദുആ ചെയ്യുമ്പോൾ ഇരിക്കാറുള്ള സോഫയിൽ ആണ് അന്ന് സുഹൈൽ ഇരുന്നത്.. പിന്നീട് അതേസ്ഥാനത്തിരുന്നുകൊണ്ട് ഓതിക്കഴിഞ്ഞു ദുആ ചെയ്യുന്ന സമയങ്ങളിൽ മരണപ്പെട്ട സുഹൃത്തുക്കളുടെ ഭാഗം എത്തുമ്പോൾ അന്ന് സോഫയിൽ ഇരുന്ന അദ്ദേഹത്തിന്റെ ചിത്രം മനോമുകുരത്തിൽ തെളിയും. നാഥനോട് അകമഴിഞ്ഞ്തേടും. ദിവസങ്ങൾ കൊഴിഞ്ഞു വീണ്കൊണ്ടിരുന്നു. അങ്ങനെ ഒക്ടോബർ 1 ഞായറാഴ്ച്ച സുഹൈൽ ഇല്ലാത്ത ആദ്യ CIAB സെക്ഷൻ എങ്ങനെ അത്

→

കൈകാര്യം ചെയ്യുമെന്ന് ആലോചിച്ചു,...... കുറച്ചാണെങ്കിലും, ഓർമ്മകൾ തിരതല്ലുന്ന ഒരു സാഗരം പോലെ എന്റെ മനസ്സ്...തരണം ചെയ്തല്ലേ പറ്റൂ...!!! കുട്ടികളുടെ നിരാശയും നഷ്ടബോധവും മാറ്റിയെടുക്കാൻ വയനാട്ടിൽ നിന്നുമുള്ള ഷാനവാസിന്റെ ക്ലാസ് ആണ് തീരുമാനിച്ചിരുന്നത്. 10.30 ന് ഷാനവാസിന്റെ ക്ലാസ് തുടങ്ങുന്നതിനു മുൻപായി ഒരു short inaugural session ഉണ്ടായി രുന്നു. ഞാൻ സംസാരിച്ചപ്പോൾ സഹപ്രവർത്ത കർക്ക് ധൈര്യം പകരുവാൻ വേണ്ടി opening remarks ൽ മനപ്പൂർവം positive ആകുവാൻ പരിശ്രമിച്ചു. പക്ഷേ ജില്ലാപ്രസിഡന്റ് റസാഖ് പ്രസംഗത്തിൽ സുഹൈലിന്റെ ഓർമകളിൽ മുങ്ങിത്താണു. ജില്ലാ ജനറൽസെക്രട്ടറി ഷാഹുൽ നിശബ്ദമായി ഇരുന്ന് കരയുന്നു.

സുഹൈലിന്റെ ഓർമകളെ ആദരിക്കാനായി കുട്ടികളെ സംസാരിക്കാൻ ക്ഷണിച്ചപ്പോൾ മൈക്കിന്റെ മുൻപിൽ വന്ന് നിന്ന സൂര്യനന്ദ പൊട്ടി ക്കരഞ്ഞുകൊണ്ട് ഒന്നും സംസാരിക്കാനാകാതെ ഓടിപ്പോയി വീണ്ടും സീറ്റിൽ ഇരുന്നു. വാക്കുകൾ പുറത്തേയ്ക്ക് വരാതെയുള്ള ആ കണ്ണുനീരിനേ ക്കാൾ വലിയ ആദരവ് എന്താണുള്ളത്. ഞാൻ നേരിൽ കണ്ട നിഷ്ക്കളങ്കയായ ആ കുട്ടിയുടെ അണപൊട്ടിയൊഴുകിയ ദുഃഖം സുഹൈലിന്റെ ഓർമ്മക്കുറിപ്പായി ഞാൻ സമർപ്പിക്കുന്നു.

ഹദീസിന്റെ ആശയങ്ങളിൽ വരുന്ന ഒരു സംഭവം ഉണ്ട്. ഒരിക്കൽ പ്രവാചകൻ പാപ്പർ ആരെന്നറിയുമോ എന്ന് സ്വാഹാബികളോട് ചോദിച്ചു. വരുമാനവും സ്വത്തും ഒന്നുമില്ലാത്ത യാൾ എന്ന് അവർ മറുപടി പറഞ്ഞു. അപ്പോൾ പ്രവാചകൻ മറുപടിപറഞ്ഞു: അല്ല; നാളെ പരലോകത്ത് വിധി നിർണ്ണയദിവസത്തിൽ ചില ആളുകൾ വരും. അവർക്ക് ഈമാനും ധാരാളം ഇബാദത്തുകളും ഉണ്ടാവും. അതായത് ധാരാളം നമസ്കാരങ്ങൾ, നോമ്പുകൾ, ഹജ്ജ്, സക്കാത്ത്, സദഖ. പക്ഷേ ഇവരുടെ പെരുമാറ്റങ്ങളിൽ, കൊടുക്കൽ വാങ്ങലുകളിൽ, സ്വഭാവത്തിൽ ഒക്കെ മറ്റുള്ളവർക്ക് ധാരാളം പരാതികൾ ഉണ്ടാവും. അണുമണിതൂക്കം അനീതി ആരോടും കാണിക്കാത്ത അന്ന്, ഇങ്ങനെയുള്ളവരെക്കുറിച്ച് പരാതി പറയുന്നവർക്ക് ആ തെറ്റുകാരുടെ ഓരോരോ നന്മകൾ പകരമായി കൊടുക്കും. അങ്ങനെ നിരവധി ഇബാദത്തുകളുമായി വന്നവരുടെ നന്മകൾ ഒക്കെ തീരും... പരാതി പറയുന്നവർ ഇനിയും ബാക്കി ഉണ്ടെങ്കിൽ പരാതിക്കാരുടെ തിന്മകൾ അങ്ങോട്ട് ചാർത്തി കൊടുക്കും. ഭൂമിയിൽ ജീവിച്ചിരുന്നപ്പോൾ സൽസ്വഭാവത്തിന്റെ അഭാവം കാരണമായി, പരലോകത്ത് നല്ലതായ ഒര് അമലും ബാക്കിയില്ലാതെ നിൽക്കുന്ന ഇക്കൂട്ടർ ആണ് യഥാർത്ഥ പാപ്പർ എന്ന് പ്രവാചകൻ നമ്മെ പഠിപ്പിക്കുന്നു. സൽസ്വഭാവത്തിന് ദീനിൽ എത്ര ത്തോളം പ്രാധാന്യം ഉണ്ടെന്ന് ഈഹദീസ് നമ്മെ പഠിപ്പിക്കുന്നു. അന്ന് പരാതിയുമായി സുഹൈലി ന്റെ മുൻപിലേക്ക് ആരും വരില്ല... സുഹൈലിന്റെ ഒരുനന്മപോലും നഷ്ടപ്പെടുകയുമില്ല....ഉറപ്പ്..



## സഫല ജീവിതത്തിന്റെ നേർക്കാഴ്ചകൾ...







# സഫല ജീവിതത്തിന്റെ നേർക്കാഴ്ചകൾ...













# സഫല ജീവിതത്തിന്റെ നേർക്കാഴ്ചകൾ...







## സഫല ജീവിതത്തിന്റെ നേർക്കാഴ്ചകൾ...

















# പ്രതിഫലം തേടിയുള്ള യാത്ര

യു. അബ്ദുൽ റസാഖ്, പാനൂർ
(പ്രസിഡന്റ്, ജമാഅത്തെ ഇസ്ലാമി ഹരിപ്പാട് ഏരിയ )

**ചി**ലരുടെ വേർപാട് കുടുംബത്തിന് മാത്രമല്ല സമൂഹത്തിനും തീരാനഷ്ടമായിരിക്കും. പകരം വെക്കാൻ മറ്റൊരാൾ ഇല്ലാത്ത തരത്തിൽ ജീവിതത്തെ സുകൃതങ്ങൾ കൊണ്ടും സേവനം കൊണ്ടും അടയാളപ്പെടുത്തിയവരാണവർ. സുഹൈൽ വൈലിത്തറ സാഹിബിന്റെ വേർപാട് നമുക്കുണ്ടാക്കിയിരിക്കുന്ന നഷ്ടവും ഇത്തരത്തിലൊന്നാണ്. പാനൂർ നിവാസികളെ സംബന്ധിച്ച് നികത്താനാകാത്ത നഷ്ടമാണിത്. നാടിന്റെ വിളക്കുമരമായി തീർന്ന ഒരാൾ. വിദ്യാഭ്യാസ സാമൂഹിക രംഗത്ത് ലക്ഷ്യ ബോധത്തോടെ ചുവടുകൾ വച്ച് നീങ്ങിയ സുഹൈൽ സാഹിബിന്റെ കർമ്മമണ്ഡലം പാനൂരിൽ മാത്രം ഒതുങ്ങുന്നതായിരുന്നില്ല. പ്രതിഫലേച്ഛ ഒട്ടുമേ ഇല്ലാതെ സമൂഹത്തിന്റെ വിശിഷ്യാ സമുദായത്തിന്റെ വിദ്യാഭ്യാസ പുരോഗതി ആഗ്രഹിച്ച് അദ്ദേഹം നടത്തിയ നിശ്ശബ്ദ വിപ്ലവത്തിന്റെ ആഴവും പരപ്പും നമുക്ക് അഭിമാനിക്കാൻ വക നൽകുന്നതാണ്. ജീവിത ലക്ഷ്യം കൈവരിക്കാൻ കഴിയാതെ ഇരുളിൽ തപ്പിതടഞ്ഞവർക്ക് സുഹൈൽ സാഹിബ് തൂകി തന്ന പ്രകാശം നൽകിയ ആശ്വാസം ചെറുതല്ല. അദ്ദേഹത്തിന്റെ വാക്കുകൾ ഉപദേശങ്ങൾ എല്ലാം നൂറു കണക്കിന് വിദ്യാർഥികൾക്ക് പ്രചോദനവും ലക്ഷ്യസ്ഥാനം നിർണയിച്ചെടുക്കാൻ പ്രേരകവുമായിട്ടുണ്ടെന്നത് മഹത്തായ ഒരു പ്രവർത്തനത്തിന്റെ പ്രതിഫലനമാണ്. എപ്പോഴും വിനയത്തോടെ മാത്രം സംസാരിക്കുന്ന, പുഞ്ചിരി തൂകുന്ന ആ മുഖം പെട്ടെന്നങ്ങ് മറക്കാൻ ആർക്കും കഴിയുമെന്ന് തോന്നുന്നില്ല. കാരണം അദ്ദേഹം വെട്ടിത്തെളിച്ച് തന്ന വഴികളിലൂടെയും തൂകിത്തന്ന പ്രകാശത്തിലൂടെയും നടക്കുന്നവർ ധാരാളമുണ്ട്.അല്ലാഹു അദ്ദേഹത്തിന്റെ കർമങ്ങൾ അളവറ്റ പ്രതിഫലം നൽകി സ്വീകരിക്കട്ടെ.

വ്യക്തിപരമായി ഏറെ അടുപ്പമുള്ള ഒരാളാണ് എന്റെ നാട്ടുകാരൻ കൂടിയായ സുഹൈൽ സാഹിബ്. സുഹൈൽ ഇക്ക എന്നാണ് ഞാൻ അദ്ദേഹത്തെ വിളിച്ചിരുന്നതെങ്കിലും ഒരു അധ്യാപകന്റെ സ്ഥാനത്താണ് മറ്റുള്ളവരെ പോലെ തന്നെ ഞാനും കണ്ടിരുന്നത്. കുട്ടികൾക്കു മാത്രമല്ല എന്നെപ്പോലെയുള്ള മുതിർന്നവർക്കും വഴിവെളിച്ചവും പ്രചോദനവും ആയിരുന്നു അദ്ദേഹത്തിന്റെ ക്ലാസ്സുകൾ. എന്നെ വ്യക്തിപരമായി ഏറെ വിഷമിപ്പിച്ച ഒരു മരണമായിരുന്നു സുഹൈൽ സാറിന്റേത്.

ഇക്കായുമായി എന്റെ അടുപ്പം ആരംഭിക്കുന്നത് 92 കാലഘട്ടത്തിലെ ഗൾഫ് ജീവിതത്തോടയാണ്. എനിക്ക് 19 വയസ് കഴിഞ്ഞ സമയത്താണ് ജീവിത ബുദ്ധിമുട്ടുകൾ കാരണം ഞാൻ ആദ്യമായി സൗദി അറേബ്യയിലേക്ക് പോകുന്നത്. സൗദിയിലെ അൽ അഫ് ലാജ് എന്ന് ഇന്നറിയപ്പെടുന്ന ലൈലാ അഫ് ലാജിലെ ഒരു ഗ്രാമത്തിലെ കൃഷിത്തോട്ടത്തിലാണ് ഞാൻ എത്തിപ്പെടുന്നത്. പിടിച്ച് നിൽക്കാൻ കഴിയാത്ത സാഹചര്യത്തിൽ അവിടെ നിന്ന് രക്ഷപ്പെട്ടു. ഇക്കാമയില്ലാതെ ജിദ്ദയിൽ സുമനസ്സുകളുടെ കാരുണ്യത്തിൽ ദിവസങ്ങൾ തള്ളി നീക്കുന്നതിനിടയിലാണ് വിവരമറിഞ്ഞ് സുഹൈൽ ഇക്കായും സഹോദരൻ മുജീബ് ഇക്കായും കൂടി എന്നെ കാണാൻ എത്തുന്നത്. അവർ അന്ന് നൽകിയ ആശ്വാസവാക്കുകളും ഉപകാരങ്ങളും എനിക്ക് മറക്കാനാകില്ല. സുഹൈൽ ഇക്കായുടെ സുഹൃത്ത് ഷരീഫ് ഹാജിയുടെ കമ്പനിയിൽ പെട്ടെന്ന് തന്നെ ജോലി ശരിയാക്കി തരികയും ചെയ്തു. ഒന്നര വർഷത്തോളം ഞാൻ അവിടെ നിന്ന് ജോലി ചെയ്തു. ഒടുവിൽ ഞാൻ പിടിക്കപ്പെട്ടു. വിവരമറിഞ്ഞ് എനിക്ക് നാട്ടിലെക്കുള്ള ടിക്കറ്റും എയർപ്പോർട്ടിൽ നിന്ന് വീട്ടിലേക്ക് പോകാനുള്ള പണവുമായി നാട് കടത്തൽ കേന്ദ്രത്തിൽ എത്തിയ സുഹൈൽ ഇക്കായുടെ ഞാൻ അനുഭവിച്ചറിഞ്ഞ സ്നേഹം മറക്കാനാകില്ല. നീ ധൈര്യമായി പോകുക. പുതിയ വിസ ഞാൻ

അയച്ചു തരാമെന്ന വാക്കും അദ്ദേഹം പാലിച്ചു.

വിദ്യാഭ്യാസ മേഖലയിൽ ദിശാബോധം നൽകുന്ന സിജിയുടെ ഭാഗമായിക്കൊണ്ട് സുഹൈലിക്ക കേരളത്തിൽ അങ്ങോളമിങ്ങോളം നടത്തിയ പ്രവർത്തനങ്ങൾ മഹത്തരങ്ങളായിരുന്നു. മുസ്ലിം സമുദായത്തിന്റെ വിദ്യാഭ്യാസ മേഖലയിലെ പിന്നോക്കാവസ്ഥ മാറ്റിയെടുക്കുന്ന കാര്യങ്ങൾ വ്യക്തി സംഭാഷണങ്ങളിലൊക്കെ സുഹൈലിക്ക പങ്കുവെക്കുമായിരുന്നു. സമുദായത്തിന്റെ വിദ്യാഭ്യാസ വളർച്ചയ്ക്ക് മഹല്ല് കമ്മിറ്റിക്ക് ഒട്ടേറെ കാര്യം ചെയ്യാനുണ്ടെന്ന് അദ്ദേഹം പറയുമായിരുന്നു. മഹല്ലുകളുടെ ശാക്തീകരണവും ഈ രംഗത്ത് അവർക്ക് ദിശാബോധം നൽകലും അദ്ദേഹം ലക്ഷ്യം വച്ച പ്രവർത്തനങ്ങളിൽ ഒന്നായിരുന്നു. ഒട്ടേറെ ചുവടുവെപ്പുകൾ അതിനായി അദ്ദേഹം നടത്തിയിട്ടുമുണ്ട്.

സ്കൂളുകളുടെ പ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകുവാനും സുഹൈലിക്കയുടെ മോട്ടിവേഷൻ ക്ലാസുകൾ ഏറെ ഉപകാരപ്പെട്ടിട്ടുണ്ട്. ഞാൻ പ്രതിനിധാനം ചെയ്യുന്ന ജമാഅത്തെ ഇസ്ലാമി എന്ന സംഘടനയുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സ്കൂളുകളിലെ അധ്യാപകർക്കും വിദ്യാർഥികൾക്കും രക്ഷിതാക്കൾക്കും പ്രചോദനമേകുന്നതിന് കൂടുതലും ഉപയോഗപ്പെടുത്തിയിരുന്നത് സുഹൈലിക്കയെ ആയിരുന്നു. ഓരോ ക്ലാസിനും ആയിരങ്ങളും പതിനായിരങ്ങളും പ്രതിഫലം ഈടാക്കുന്നവർ ഉള്ളപ്പോൾ വണ്ടിക്കൂലി പോലും വാങ്ങാൻ അദ്ദേഹം കൂട്ടാക്കിയിരുന്നില്ല. പ്രതിഫലം വേറെ കിട്ടുമെന്ന് മറുപടിയാകും അദ്ദേഹം ചിരിച്ചുകൊണ്ട് പറയുക. വൈലിത്തറ ഉസ്താദിനെക്കാണാൻ ജമാഅത്തെ ഇസ്ലമി മുൻ അമീർ അബ്ദുൾ അസിസ് സഹിബ്. അസി: അമീർ മുജീബ് റഹ്മാൻ സാഹിബ് എം.കെ. മുഹമ്മദലി സാഹിബ് എന്നിവർ വൈലിത്തറയിൽ വന്നപ്പോൾ അവരെ ഹൃദ്യമായി സ്വീകരിക്കുകയും അവരോട് ആശയങ്ങൾ പങ്കുവെക്കുകയും ചെയ്തിരുന്നു. ഒരുപാട് കാര്യങ്ങൾ ബാക്കി വെച്ചാണ് സുഹൈലിക്ക മടങ്ങിയത്. പകരം വെക്കാൻ ഒരാൾ ഇല്ലാത്തതിന്റെ ശൂന്യത ഇവിടെ നിലനിൽക്കുന്നു. നിസ്വാർത്ഥ സേവനം എന്നത് എല്ലാവർക്കും കഴിയുന്ന കാര്യമല്ല. അവിടെയാണ് സുഹൈലിക്കയുടെ ജീവിതം പ്രസക്തമാകുന്നത്. അതുകൊണ്ടുതന്നെയാണ് സുഹൈലിക്കയുടെ വേർപാട് എല്ലാവരുടെയും മനസ്സിൽ നീറ്റലായി പടരുന്നത്. നാഥന്റെ സ്വർഗീയ ആരാമത്തിൽ വിശിഷ്ട പദവികൾ നൽകി അല്ലാഹു ആദരിക്കട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.





# സ്മരണാഞ്ജലി

എ.നൗഷാദ്, ആലപ്പുഴ
(ജോയിന്റ് സെക്രട്ടറി, ധനകാര്യവകുപ്പ്)

**പാ**നൂർ എന്ന് കേൾക്കുമ്പോൾ തന്നെ ഉള്ളിൽ നിറയുന്ന പേരാണ് സുഹൈൽ റഹ്മാൻ വൈലിത്തറ. ആലപ്പുഴയിൽ നിന്നും തെക്കോട്ട് തീരദേശം വഴി യാത്ര ചെയ്യുകയാണെങ്കിൽ വൈലിത്തറ മൗലവിയുടെ വീട് സന്ദർശിച്ച് സുഹൈൽസാറിനെയും അനുജൻ സഹിലിനെയും സന്ദർശിക്കുക ഒരു പതിവാണ്. 1998ൽ തിരുവനന്തപുരം പാളയം പള്ളിയുടെ ആഭിമുഖ്യത്തിൽ നടത്തിയ ഒരു സിവിൽ സർവീസ് മോട്ടിവേഷൻ ക്ലാസ്സിൽ വച്ച് എൻ വി കബീർ സാഹിബിലൂടെയാണ് ഞാൻ ആദ്യമായി സിജിയെ അറിയുന്നത്. അതിനു വർഷങ്ങൾക്കിപ്പുറമാണ് ആലപ്പുഴയിൽ സിജി എത്തുന്നതും സുഹൈൽ സാറിനെ പരിചയപ്പെടുന്നതും. 2005 ൽ CLASS എന്ന വിദ്യാഭ്യാസ സാംസ്കാരിക സംഘടന ഉടലെടുത്ത് ആലപ്പുഴ ഗവണ്മെന്റ് മുഹമ്മദൻസ് ബോയ്സ് ഹൈസ്കൂളിൽ വിജയപർവ്വം പദ്ധതി ആവിഷ്കരിച്ച് 2007 വരെ നടപ്പിലാക്കിയപ്പോൾ സുഹൈൽ സാറിന്റെ ഇടപെടലും മാർഗനിർദേശങ്ങളും ഞങ്ങളെ ധാരാളം സഹായിച്ചു. സുഹൈൽ സാർ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നത് ഒരു പ്രത്യേക ശൈലിയിലാണ്. അറിവുകൾ നമ്മളിലേക്ക് അനായാസം പകരുവാൻ ആ ശൈലിക്ക് ഒരു വല്ലാത്ത ശക്തിയുണ്ട്.

സുഹൈൽ റഹ്മാൻ വൈലിത്തറ എന്ന വ്യകതിത്വം എന്റെ ജീവിതത്തെ സ്വാധീനിച്ചിട്ടുണ്ടോ എന്ന ചോദ്യം അദ്ദേഹത്തിന്റെ മരണത്തിനു ശേഷം എന്നിൽ ഉയരുന്ന ഒരു ചോദ്യമാണ്. സാറിനെ ഞാൻ കൂടുതൽ പരിചയപ്പെടുന്നത് ആലപ്പുഴയിൽ സിജിയുടെ നാന്ദി കുറിക്കുന്നതിന്റെ ഭാഗമായി ലജ്നത്തുൽ മുഹമ്മദിയ്യ സ്കൂളിൽ വെച്ച് നടത്തിയ MAP (Motivation Activation Programme)ലാണ്. പക്ഷെ ആ ബന്ധം കൂടുതൽ വളർന്നത് പല വിഷയങ്ങൾക്കും അദ്ദേഹത്തിൽ നിന്നും ലഭിക്കുന്ന ഉപദേശരൂപേണയുള്ള മറുപടിയിലൂടെയാണ്. ആ മറുപടികൾ, ഉപദേശങ്ങൾ എന്നെ ആകർഷിച്ചിട്ടുണ്ട്. വിദ്യാഭ്യാസ സംബന്ധമായ എന്റെ സംശയങ്ങൾ അവസാനം ചെന്നെത്തുന്നത് സുഹൈൽ സാറിലേക്കാണ്. എന്റെ കുടുംബസംഗമത്തിലും സ്കൂൾ സുഹൃത്തുക്കളുടെ കൂട്ടായ്മയിലും സംവദിച്ചു സാർ നടത്തിയ ക്ലാസ്സുകൾ ഞാൻ ഇപ്പോഴും സ്മരിക്കുന്നു. വീട്ടിൽ മൂത്ത പുത്രനായ എനിക്ക് പല വിഷയങ്ങളിലും ഒരു ജ്യേഷ്ഠ സഹോദരനെ പോലെ സമീപിക്കാവുന്ന ഒരു വ്യക്തി. അദ്ദേഹത്തിന്റെ പിതാവ് ആദരണീയനായ വൈലിത്തറ മൗലവിയുമായി പലതവണ സംസാരിക്കുവാനുള്ള അവസരവും എനിക്ക് ലഭിച്ചിട്ടുണ്ട്. മറ്റുള്ളവരുടെ കഴിവുകൾ മനസ്സിലാക്കി അവരെ ഫലപ്രദമായി ഉപയോഗിക്കുവാൻ സാറിന് കഴിഞ്ഞിട്ടുണ്ട്. എനിക്ക് മോട്ടിവേഷൻ ക്ലാസുകൾ ചെയ്യുവാൻ ആദ്യം അവസരം ഒരുക്കി നൽകിയത് സുഹൈൽ സാറാണ്. നമ്മുടെ സമുദായത്തിന്റെ പിന്നാക്കാവസ്ഥയും പോരായ്മകളും എല്ലായ്പ്പോഴും സൂചിപ്പിച്ചു കൊണ്ടാണ് സാർ ഏതു വിഷയത്തെയും സമീപിക്കുന്നത്. ആയതു പരിഹരിക്കുവാൻ തന്നാൽ കഴിയുന്നത് ചെയ്യുവാൻ സാറിന് സാധിച്ചിട്ടുണ്ട്.

ആലപ്പുഴ റോയൽ പാർക്കിൽ വച്ച് നടന്ന സിജിയുടെ ഒരു ഏകദിന പരിപാടിയിൽ ഖിറാഅത്തിനായി എന്നെ അപ്രതീക്ഷമായി സുഹൈൽ സാർ വിളിച്ചതും ഞാൻ പരിഭ്രമത്തോടെ ഫാത്തിഹ സൂറ പാരായണം ചെയ്തു മടങ്ങിയതും ഉച്ച ഭക്ഷണ സമയത്ത് സുഹൈൽ സർ എന്നെ വിളിച്ചു ഫാതിഹ നല്ല രീതിയിൽ പാരായണം ചെയ്തു എന്ന് പറഞ്ഞു എന്നെ അഭിനന്ദിച്ചതും ഞാനോർക്കുന്നു. അത് എനിക്കൊരു വലിയ അംഗീകാരമായി തോന്നി. സിജിയുടെ IMAD പ്രോഗ്രാമിന്റെ




ഭാഗമായി പാലക്കാട് സൈലൻറ്വാലി കാടുകളിലേക്ക് കുട്ടികളെ നേച്ചർ ക്യാമ്പിനായി കൊണ്ടുപോകുവാൻ എന്നെ ചുമതല ഏല്പിച്ചതും തുടർന്ന് വനംവകുപ്പിന്റെ അനുമതിയോടെ രണ്ടു ദിവസത്തെ പഠന ക്യാമ്പിന് ശേഷം കുട്ടികൾ ഫീഡ് ബാക്കിൽ എന്നെ കുറിച്ച് പരാമർശിച്ചപ്പോൾ സുഹൈൽ സാർ അഭിനന്ദിച്ചതും സിജിയുടെ ഓഫീസിൽ സിവിൽ സർവീസ് ഓറിയന്റേഷൻ ഭാഗമായി പ്ലസ്ടു കുട്ടികൾക്കായി ക്ലാസുകൾ നയിക്കുവാൻ എന്നെ ചുമതല ഏല്പിച്ചതും സുഹൈൽ സർ കോ ഓർഡിനേറ്റർ ആയ മാസക്കാലയളവിലെ കമ്മിറ്റി ആയിരുന്നു.

സുഹൈൽ സാർ നിർദേശിച്ച പ്രകാരം KPSC ഉൾപ്പടെയുള്ള സർക്കാർ സർവീസിലേക്കുള്ള മത്സര പരീക്ഷകൾക്കായി ഒരു പരിശീലന പദ്ധതി തയ്യാറാക്കുവാൻ എനിക്ക് സാധിച്ചു. സിജി ആസ്ഥാനമായ കോഴിക്കോട് ചേവായൂരിലെ ഓഫീസിൽ 2012 ൽ സുഹൈൽ സാർ, ഹലിൽ, സിജിയുടെ മുതിർന്ന അംഗങ്ങളായ ഹബീബ്, അഖ്നിസ് എന്നിവർക്കൊപ്പമാണ് ഞാൻ ആദ്യമായി സന്ദർശിച്ചത്. കേന്ദ്ര സർക്കാർ 2010ൽ കോൺസുലേറ്റ് ജനറൽ ഓഫ് ജിദ്ദ യിലേക്ക് അയച്ച അസി. ഹജ്ജ് ഓഫീസർമാരിൽ ഒരാളായി കേരളത്തിൽ നിന്നും എന്റെ സേവനവും ഡെപ്യൂട്ടെഷനിൽ സ്വീകരിച്ചു. ഏകദേശം മൂന്നു മാസത്തെ സേവനത്തിനു ശേഷം കോൺസുലേറ്റ് ജനറൽ ഓഫ് ജിദ്ദ പ്രശംസാപത്രം നൽകി എന്റെ സേവനത്ത അംഗീകരിക്കുകയുണ്ടായി. തിരികെ നാട്ടിൽ എത്തിയ എനിക്ക് സുഹൈൽ സാറിന്റെ നേതൃത്വത്തിൽ മുഹമ്മദ് ഷഫീഖ് സാർ പ്രസിഡണ്ടായ സിജി കമ്മിറ്റി ആദരവു നൽകുകയുണ്ടായി.

ലജ്നത്തുൽ മുഹമ്മദിയ ഹൈസ്കൂൾ കളിമുറ്റം ഗ്രൂപ്പിന്റെ സൗഹൃദ കുടുംബ കൂട്ടായ്മയിൽ ഞങ്ങളുടെ ക്ഷണം സ്വീകരിച്ച് എത്തി നല്ലൊരു ക്ലാസ്സ് പകർന്നു നൽകിയ സന്ദർഭവും ഇത്തരുണത്തിൽ ഞാൻ ഓർത്തെടുക്കുകയാണ്. അദ്ദേഹത്തിന്റെ ഉപദേശങ്ങളും മാർഗനിർദേശങ്ങളും വ്യക്തിപരമായും കുടുംബത്തിനും എന്റെ ഔദ്യോഗിക ജീവിതത്തിൽ പോലും സ്വാധീനം ചെലുത്തിയിട്ടുണ്ട് എന്നത് യാഥാർഥ്യമാണ്. ഒരു ജ്യേഷ്ഠ സഹോദരനെ പോലെ അദ്ദേഹത്തെ ഞാൻ ബഹുമാനിക്കുകയും അംഗീകരിക്കുകയും ചെയ്തിരുന്നു.

എന്റെ വ്യക്തിപരമായതും ഒദ്യോഗികവുമായ സന്തോഷങ്ങളിൽ എന്നെ വിളിച്ചു അഭിനന്ദിക്കുകയും മറ്റുള്ളവരുടെ ശ്രദ്ധ എന്നിലേക്ക് ആകർഷിക്കുവാനും ശ്രമിച്ച ഒരു മനുഷ്യൻ. മത്സര പരീക്ഷ, വ്യക്തിത്വവികസനം തുടങ്ങിയവയിൽ വിവിധ സ്ഥലങ്ങളിൽ ക്ലാസ്സുകൾ നയിക്കുവാൻ പ്രേരിപ്പിക്കുകയും ആലപ്പുഴ ജില്ലക്ക് പുറത്തും എനിക്ക് അവസരങ്ങൾ ഒരുക്കി എന്റെ മേഖല വിപുലമാക്കി നൽകിയ വ്യക്തി. ഈ അടുത്ത കാലത്തു ജസ്റ്റിസ് ജേക്കബ് ബെഞ്ചമിൻ കോശി കമ്മീഷൻ ഫോർ ക്രിസ്ത്യൻ മൈനോറിറ്റീസിലെ എന്റെ സേവനത്തെ മാനിച്ചു സർക്കാർ നൽകിയ Good Service Entry ഉത്തരവ് കണ്ടു എന്നെ വിളിച്ചു സുഹൈൽ സാർ അഭിനന്ദിക്കുകയും ചെയ്തു. ഇതൊക്കെ വ്യക്തി എന്ന നിലയിൽ പ്രവർത്തിക്കുവാൻ ഊർജം പകരുന്ന ചില പ്രോത്സാഹനങ്ങളാണ്. അത് തിരിച്ചറിഞ്ഞു മറ്റുള്ളവർക്ക് പ്രേരണയാകുവാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്

എന്റെ ചിന്നിച്ചിതറിയ ഓർമകളാണ് ഞാൻ ഇവിടെ കുറിച്ചത്. ഈ ഓർമകൾക്കും ഉയരെയായിരുന്നു അദ്ദേഹത്തിന്റെ ചിന്താ പ്രവർത്തന പന്ഥാവ്. സുഹൈൽ സറിന്റെ വേർപാടിന് മുന്നിൽ എന്ത് എഴുതണം എന്നെനിക്കറിയില്ല. പണം കൊണ്ടോ, പ്രതാപം കൊണ്ടോ പ്രശസ്തി കൊണ്ടോ ഒരു മാറ്റവും ഉണ്ടാകില്ലെന്നും പ്രവർത്തിയിലൂടെ മാത്രമേ നമുക്ക് മാറ്റം ഉണ്ടാകൂ എന്ന് പ്രവർത്തിച്ചും പഠിപ്പിച്ചും കടന്നുപോയ ഒരാൾ. എന്നെ സംബന്ധിച്ചിടത്തോളം ഒരു മാർഗദർശി. ആത്മാവിനോട് ചേർന്ന് നിന്ന പലരും നഷ്ടപ്പെട്ട് പോകുന്നു...സുഹൈൽ സാർ പോയിട്ടില്ല എന്ന് തന്നെ വിശ്വസിക്കാനാണെനിക്കിഷ്ടം. അദ്ദേഹത്തിന്റെ സാന്നിദ്ധ്യം ഇവിടെയുണ്ട്, നമ്മുക്കിടയിലുണ്ട് എന്ന് തന്നെ ഞാൻ വിശ്വസിക്കുന്നു.

ആത്മാവിൽ നിറഞ്ഞു നിൽക്കുന്ന ആ നക്ഷത്രത്തിന് തെളിച്ചം കൂടുകയേയുള്ളൂ... സൗഹൃദത്തെ കലയാക്കി മാറ്റിയ ഒരാൾ... കുടുംബത്തിനും ബന്ധുജനങ്ങൾക്കും സുഹൃത്തുക്കൾക്കുമപ്പുറം ഒരാളുടെ വേർപാട് നാടിന്റെ നഷ്ടമാവുന്ന വികാരം. നമ്മുടെ സ്നേഹകൂട്ടായ്മയിൽ നിന്നും പകരക്കാരനില്ലാതെ ഒഴിഞ്ഞുപോയ സുഹൈൽ റഹ്മാൻ സാർ.

അള്ളാഹു സുഹൈൽ റഹ്മാൻ സാറിന് മഗ്ഫിറത്തും മർഹമത്തും പ്രദാനം ചെയ്തു പരലോക ജീവിതം സൗഖ്യമുള്ളതാക്കി നൽകട്ടെ. സാറിന്റെ കുടുംബത്തിന് ഈ വേർപാടിനെ ഉൾക്കൊള്ളുവാനും, ജീവിതത്തിൽ ക്ഷമയും ധൈര്യവും കരുത്തും പടച്ചവൻ അനുഗ്രഹിച്ചു നൽകട്ടെ എന്നും ദുആ ചെയ്യുന്നു...



# ആലപ്പുഴ സിജിയുടെ ചരിത്രം സുഹൈൽ സാറിലൂടെ

ഹബീബ്.എ
(കേരള സ്റ്റേറ്റ് വഖ്ഫ് ബോർഡ്, സിജി ആലപ്പുഴ)

സുഹൈൽ സാർ ഓർമ്മ ആകുമ്പോൾ അദ്ദേഹത്തെ സമൂഹം വിലയിരുത്തുന്നത് സിജി എന്ന പ്രസ്ഥാനത്തിന്റെ ദക്ഷിണകേരളത്തിന്റെ അമരക്കാരൻ എന്നനിലയിലാണ്. അതുകൊണ്ടു തന്നെ ദക്ഷിണ കേരളത്തിലെ സിജിയുടെ ചരിത്രം സുഹൈൽ വൈലിത്തറയുടെ ചരിത്രമാണ്. സിജി ആലപ്പുഴ ചാപ്റ്ററിന്റെ ഉദയവും വളർച്ചയും കുറഞ്ഞ വാക്കുകളിൽ വിവരിക്കുവാൻ ശ്രമിക്കുകയാണ്. പാർശ്വവൽക്കരിക്കപ്പെട്ടവരുടെ വിദ്യാഭ്യാസ മുന്നേറ്റം ലക്ഷ്യമിട്ട് BARC ലെ സയന്റിസ്റ്റ് ആയിരുന്ന Dr. അബൂബക്കർ സാഹിബ് ദീർഘവിക്ഷണത്തോടെ വിഭാവനം ചെയ്ത സംവിധാനമാണ് CIGI. 1996 സിജി കോഴിക്കോട് ആസ്ഥാനമായി പ്രവർത്തനമാരംഭിച്ച കാലത്ത് തന്നെ അതിന്റെ പ്രവർത്തനങ്ങൾ ആലപ്പുഴ ജില്ലയിലും ആരംഭിച്ചു. ആലപ്പുഴ മെഡിക്കൽ കോളേജിലെ ഇപ്പോഴത്തെ സൂപ്രണ്ട് ഡോക്ടർ അബ്ദുസ്സലാമിന്റെ നേതൃത്വത്തിൽ അന്ന് നടന്ന ആ പ്രവർത്തനങ്ങൾ അധികം മുന്നോട്ടു പോയില്ല. കോഴിക്കോട് സൽവ കൾച്ചറൽ സെന്ററിലെ ഒറ്റ മുറിയിൽ തുടക്കംകുറിച്ച സിജി, ഉത്തര കേരളത്തിലെ വിദ്യാർത്ഥികളുടെ ഹൃദയത്തിൽ ആഴത്തിൽ മുദ്ര പതിപ്പിച്ച് ഒരു വികാരമായി പടർന്നു പിടിക്കുമ്പോഴും എറണാകുളത്തിന് തെക്കുഭാഗത്തേക്ക് സിജിയുടെ പ്രവർത്തനം ഫലപ്രാപ്തിയിലേക്ക് എത്തിയില്ല. സിജി ആലപ്പുഴ ജില്ലയിലേക്കും കോട്ടയം അടക്കമുള്ള മറ്റ് ദക്ഷിണ ജില്ലകളിലേക്കും പടർന്നു പിടിച്ചത് സുഹൈൽ റഹ്മാൻ എന്ന മാസ്മരിക വ്യക്തിത്വത്തിന്റെ അസാധാരണ ഇടപെടൽ ഒന്നുകൊണ്ട് മാത്രമാണ്. സൗദി അറേബ്യയിലെ പ്രവാസ കാലത്ത് സിജിയുടെ സ്ഥാപകൻ ഡോ.അബൂബക്കർ സാഹിബ് പ്രാരംഭകാല നേതാക്കളായ N V. കബീർ, ഡോ. AB. മൊയ്തീൻ കുട്ടി (ഇപ്പോഴത്തെ പ്രസിഡന്റ്) എന്നിവരുമായി സുഹൈൽ സാർ കാണുവാനിടയായത് സിജിയുടെയും, അത് വഴി സുഹൈൽ സാറിന്റെ ജീവിതത്തിലും ഒരു വഴിത്തിരുവായിത്തീർന്നു. പ്രവാസ ജീവിതം മതിയാക്കി നാട്ടിലേക്ക് മടങ്ങിയെത്തിയ സുഹൈൽ സാറിന്റെ കഠിനമായ പ്രയത്നത്തിന്റെ ഫലമാണ് ഇന്ന് ദക്ഷിണകേരളം കാണുന്ന സിജിയുടെ വളർച്ച. സിജിയെ പൂർണ മായും നെഞ്ചിലേറ്റിയ സുഹൈൽ സാർ അന്നു മുതൽ അന്ത്യശ്വാസം വരെ തന്റെ സമയവും അധ്വാനവും സിജിയുടെ വളർച്ചയ്ക്കായി മാറ്റി വച്ചു.

2006 ലെ സിജി മാപ്പിൽ (MAP- Motivation Activation Programme) ആലപ്പുഴ ജില്ലയിൽ നിന്നും അഞ്ചു പേരെ പങ്കെടുപ്പിച്ചുകൊണ്ട് വടക്കൻ ജില്ലകൾക്കൊപ്പം ആലപ്പുഴയുടെ ശക്തമായ സാന്നിധ്യവും അറിയിക്കാൻ സുഹൈൽ സാറിന് കഴിഞ്ഞു. 2007 ൽ നടന്ന മാപ്പിന് ആതിഥ്യമരുളുവാൻ ജില്ലയ്ക്ക് കഴിഞ്ഞത് കൂട്ടായ പ്രവർത്തനത്തിന്റെയും സുഹൈൽ സാറിന്റെ മികച്ച ഏകോപനത്തിന്റെയും ഫലമാണ്. മലപ്പുറം ജില്ലയുടെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥയ്ക്ക് പരിഹാരം എന്നോണം സിജി അവതരിപ്പിച്ച 'വിജയഭേരി' എന്ന പദ്ധതി ജില്ലാ പഞ്ചായത്തിന്റെ സഹായത്തോടെ വിജയകരമായി നടപ്പിലാക്കിയപ്പോൾ, ആ പാത പിന്തുടർന്നുകൊണ്ട് ആലപ്പുഴ ജില്ലയിൽ പ്രവർത്തകരെ സംഘടിപ്പിച്ച് ഒരു CLAP (Communtiy Leadership Awareness Programme) സുഹൈൽ സംഘടിപ്പിച്ചു. ഈ ആവേശത്തിൽ ക്ലാപ്പിൽ പങ്കെടുത്തവർ ചേർന്ന് രൂപം കൊടുത്ത CLASS എന്ന സംഘടന ആലപ്പുഴയിലെ പ്രസിദ്ധമായ മുഹമ്മദൻസ് സ്കൂളിന്റെ പഠനനിലവാരം ഉയർത്തുന്നതിനായി വിജയപർവ്വം എന്ന വിജയ പദ്ധതി ആവിഷ്കരിച്ചു. സിജിയുടെ പരിശീലക

രുടെ സേവനം പ്രയോജനപ്പെടുത്തി നടപ്പിലാക്കിയ പദ്ധതി സ്കൂളിന്റെ വിജയ ശതമാനം 12 ൽ നിന്നും മൂന്ന് വർഷം കൊണ്ട് നൂറിലെത്തിച്ചു. ഈ വിജയം സിജിയുടെ ജില്ലാ ചാപ്റ്റർ രൂപീകണത്തിന് ഊർജ്ജം പകർന്നു. സുഹൈൽ റഹ്മാൻ കോർഡിനേറ്ററും മുഹമ്മദ് ഷഫീക്ക് പ്രസിഡണ്ടും ഈ ഉള്ളവൻ സെക്രട്ടറിയുമായി രൂപീകൃതമായ ജില്ലാ ചാപ്റ്റർ ഒട്ടേറെ പദ്ധതികളുമായി അതിവേഗം മുന്നേറിയപ്പോൾ സുഹൈൽ റഹ്മാൻ എന്ന ക്രാന്തദർശിയുടെ സംഘടനാപാടവമാണ് വെളിവായത്. ഇതിന് മുമ്പ് തന്നെ പാനൂർ ബഷീർ, ഫാസിൽ എന്നിവരെ പ്രസിഡന്റാക്കി കമ്മറ്റികൾ രൂപീകരിച്ചെങ്കിലും കൂടുതൽ ഫല പ്രദമായിത്തീർന്നത് ഈ കമ്മിറ്റിയായിരുന്നു. വിരലിൽ എണ്ണാവുന്ന പ്രവർത്തകരെ ഉണ്ടായിരുന്നുള്ളു എങ്കിലും അവരുടെ ആത്മാർത്ഥമായ പരിശ്രമം സിജിക്ക് ആലപ്പുഴയിൽ ഒരു ആസ്ഥാന മന്ദിരം എന്ന ലക്ഷ്യം പ്രാവർത്തികമാക്കി. 2008 ജനവരി ആറിന്. അന്നത്തെ സഹകരണ വകുപ്പ് മന്ത്രിയും സ്ഥലം MLA യുമായിരുന്ന ശ്രീ. ജി.സുധാകരൻ ഉത്ഘാടനം നിർവ്വഹിച്ചപ്പോൾ സുഹൈൽ റഹ്മാനും സംഘത്തിനും അതൊരു സ്വപ്ന സാഫല്യം ആയിരുന്നു.

തുടർന്നിങ്ങോട്ട് ജില്ലയിലെ സിജിയുടെ പ്രവർത്തനങ്ങൾ ശരവേഗത്തിൽ മുന്നേറി. സംസ്ഥാന നേതൃത്വം നിർദ്ദേശിക്കുന്ന വിവിധ പദ്ധതികളിൽ ഫലപ്രദമായി, സജീവമായി പങ്കെടുക്കുവാൻ ജില്ലക്ക് കഴിഞ്ഞത് സന്തോഷത്തോടെ ഓർക്കുന്നു. വിവിധ കാലയളവിൽ സെക്രട്ടറിമാർക്ക് മാറ്റമുണ്ടായി എങ്കിലും കമ്മിറ്റി വലിയ മാറ്റം കൂടാതെ ഫലപ്രദമായി തുടർന്നു. 9 വർഷക്കാലം ഷഫീക് സർ പ്രസിഡന്റും സുഹൈൽ സാർ കോർഡിനേറ്ററുമായി പ്രവർത്തിച്ചു വന്ന ഈ കമ്മറ്റി സിജി ജില്ലാ ചാപ്റ്ററിനു ആലപ്പുഴയിൽ ഉറച്ച അടിത്തറയുണ്ടാക്കി. സിജി പ്രവർത്തകർ ഒറ്റക്കെട്ടായിരുന്നു. ഒരേ മനസ്സായിരുന്നു സിജിക്ക്. അത് സുഹൈൽ സാറിന്റെ മനസ്സായിരുന്നു.

ആലപ്പുഴ ചാപ്റ്റർ വിജയകരമായി തനതായി നടപ്പിലാക്കിയ ആദ്യപദ്ധതിയാണ്, IMAD. കേന്ദ്ര മന്ത്രിയായിരുന്ന ശ്രീ. K.C. വേണുഗോപാൽ ഉദ്ഘാടനം ചെയ്ത ഈ പദ്ധതി ആലപ്പുഴ ജില്ലയിലെ തിരഞ്ഞെടുക്കപ്പെട്ട മിടുക്കരായ കുട്ടികൾക്ക് പരിശീലനം നൽകി മെച്ചപ്പെട്ട സ്ഥാപനങ്ങളിൽ എത്തിക്കുവാൻ ലക്ഷ്യമിട്ടുള്ളതായിരുന്നു. ആദ്യാവസാനം സുഹൈൽ നിറഞ്ഞുനിന്ന ഈ പദ്ധതി ഗുണഭോക്താക്കൾ ആവേശപൂർവ്വം നെഞ്ചിലേറ്റി... ഈ പദ്ധതിയുടെ വിജയമാണ് ഇപ്പോൾ നടപ്പിലാക്കി വരുന്ന CIAB പദ്ധതി ഏറ്റെടുക്കുവാൻ ചാപ്റ്ററിന് പ്രേരണയായത്.

കേന്ദ്ര സർവകലാശാലകളിലും രാജ്യത്തെ ഇതര പ്രൈം ഇൻസ്റ്റിറ്റ്യൂട്ടുകളിലും നമ്മുടെ നാട്ടിലെ സാധാരണക്കാരായ വിദ്യാർത്ഥികളെ എത്തിക്കുവാൻ ലക്ഷ്യമിട്ടിട്ടുള്ളതാണ് ഈ പദ്ധതി.

സംസ്ഥന കമ്മിറ്റി നിർദേശിച്ച പദ്ധതികളിലെല്ലാം ജില്ലയുടെ സംഭാവന ഉറപ്പാക്കുന്നതിൽ സുഹൈൽ സാർ നിതാന്ത ശ്രദ്ധാലുവായിരുന്നു. അതിൽ പ്രധാനപ്പെട്ടതാണ് സേജ് (Social Activation on Grassroot Empowerment). ഓരോ ജില്ലയിലും ഒരു പ്രദേശത്തെ തെരെഞ്ഞെടുത്തു സിജി പരിപാടികൾ നിരന്തരം നടത്തി ആ പ്രദേശത്തെ ശാക്തീകരിക്കുന്നതിനുള്ള പദ്ധതിക്കായി ഈ ജില്ലയിൽ തെരെഞ്ഞെടുത്തത് ഇലിപ്പക്കുളം എന്ന പ്രദേശത്തെയാണ്. പദ്ധതി ഉൽഘാടനം അന്നത്തെ ജലവിഭവമന്ത്രിയായിരുന്ന ശ്രീ. N.K പ്രേമചന്ദ്രൻ നിർവഹിച്ച നാൾ മുതൽ പദ്ധതി വിജയിപ്പിക്കുവാനായി വിശ്രമമില്ലാതെ പ്രയത്നിച്ചത് സുഹൈൽ സാറായിരുന്നു. കോട്ടയത്തു നിന്നും ജോലി കഴിഞ്ഞു ട്രെയിനിൽ കായംകുളത്തിറങ്ങിയാൽ എത്ര വൈകിയാലും മോട്ടോർ സൈക്കിളിൽ ഇലിപ്പക്കുളത്ത് എത്തുക എന്നത് ദിനചര്യ പോലെയായിരുന്നു. ആലപ്പുഴയ്ക്ക് പുറമെ കോട്ടയം ഉൾപ്പടെയുള്ള തെക്കൻ ജില്ലകളിൽ സിജി പ്രവർത്തനം ഏകോപിപ്പിച്ചിരുന്നത് സുഹൈൽ സാർ ആയിരുന്നു.

പ്രതിബദ്ധത എന്ന വാക്കിന്റെ നിറഞ്ഞ പര്യായമായിരുന്നു സുഹൈൽ സാർ. താൻ ഏറ്റെടുത്ത കാര്യം പൂർത്തീകരിക്കുന്നത് വരെ വിശ്രമമില്ലാതെ ആരോഗ്യം നോക്കാതെ പ്രയത്നിക്കും. SAGE ഉൾപ്പടെ ഒട്ടേറെ പരിപാടികളുമായി ഓടിനടന്ന കാലത്ത് ഒരിക്കൽ സാറിന്റെ ശബ്ദം നഷ്ടപ്പെട്ടത് ഓർമ്മ വരുന്നു...നിരന്തരം ക്ലാസുകൾ റെസ്റ്റില്ലാതെ നടത്തിയതാണ് കാരണം. പരിപൂർണ്ണമായ വോയിസ് റസ്റ്റ് ഡോക്ടർ നിർദ്ദേശിച്ചിരുന്ന സമയത്ത്, ഞാനും ഹലീലുമായി സുഹൈൽ സാറിനെ കാണാൻ പോയി..സംസാരിക്കാൻ കഴിയാഞ്ഞിട്ടും ഞങ്ങളെ വിട്ടില്ല. ഏറെനേരം കുറിപ്പുകൾ എഴുതി ഞങ്ങളുമായി ആശയ വിനിമയം നടത്തി..എല്ലാം സിജി വിഷയം തന്നെ.. കുറച്ചു കഴിഞ്ഞ് സാറിന്റെ വാപ്പ, മർഹൂം വൈലിത്തറ ഉസ്താദ് ഞങ്ങളെ വിളിപ്പിച്ചു. 'എനിക്കിപ്പോൾ എൺപത്തിമൂന്നു വയസ്സായി,



# 'സുഹൈൽ എന്ന നന്മമരം'

ആർ. നവാസ്
(സിജി ആലപ്പുഴ)

ആറു പതിറ്റാണ്ടു കാലം മാത്രം ഭൂമിയിൽ ജീവിച്ച് ജാതി, മത, വർണ, വർഗ്ഗ വ്യത്യാസമില്ലാതെ തികഞ്ഞ മനുഷ്യസ്നേഹത്തിന്റെയും, മനുഷ്യത്വത്തിന്റെയും സമൂഹനന്മയ്ക്കായി അഹോരാത്രം അധ്വാനിച്ചു 'അറിവെന്ന സമ്പാദ്യം ഒരുതലമുറക്ക് പകർന്നുനൽകിയ ആ മഹത് വ്യക്തിത്വം ഒരു നിശബ്ദ സേവകനായി തന്റെ കൈയൊപ്പ് ചാർത്തിയിട്ടുള്ള ഏത് മേഖല എടുത്താലും ഒരു 'സുഹൈൽ ടച്' ഉണ്ടാകും എന്നാണ് സമൂഹം വിശേഷിപ്പിക്കുന്നത്. അതുകൊണ്ട് തന്നെയാണ് പിഎസ്സി കോച്ചിംഗ് ഉൾപ്പടെ വിദ്യാഭ്യാസമേഖലയിലെ പ്രോത്സാഹനത്തിനായി അദ്ദേഹത്തിന്റെ നാടായ പല്ലനയാറിന്റെ തീരത്ത് സുഹൈൽ വൈലിത്തറ എഡ്യൂക്കേഷൻ ഫൗണ്ടേഷൻ രൂപപ്പെട്ടുകൊണ്ടിരിക്കുന്നത്.

അദ്ദേഹത്തിന്റെ പേരിൽ ഒരു സ്മരണിക ഇറക്കുന്ന ഈ സന്ദർഭത്തിൽ ഒരു കാര്യം പറയാതെ വയ്യ. എന്റെ വ്യക്തിജീവിതത്തിൽ ഇത്രയേറെ സ്വാധീനം ചെലുത്തിയ ഒരാൾ സുഹൈൽസാർ അല്ലാതെ മറ്റൊരാളില്ല. സാധാരണ കച്ചവട പശ്ചാത്തലമുള്ള കുടുംബമാണ് എന്റേത്. മൂന്ന് പെൺമക്കളിൽ മൂത്തമകൾ ഇന്ന് MBA പാസായി ലോകോത്തര കമ്പനിയായ EYയിൽ രണ്ടാമത്തവൾ ഡോക്ടർ എന്ന സ്വപ്ന പൂർത്തീകരണത്തിലേക്ക് നടന്ന് കയറുന്നതിലും ഇളയവൾ TKMൽ BTechന് പഠിക്കുന്നതിന് പ്രാപ്തരാക്കിയത് സുഹൈൽസാറിന്റെ ഉപദേശങ്ങളും പ്രോത്സാഹനവുമായിരുന്നു.

സിജിയുടെ ജനറൽ സെക്രട്ടറി സ്ഥാനത്തേക്ക് ഉയർത്തികൊണ്ട് വന്ന് എന്റെ കരങ്ങൾക്ക് ശക്തി പകർന്നതും പ്രവർത്തന മേഖലകളിൽ ഒപ്പം നിന്ന് പകർന്നു നൽകിയ കരുതലും വിസ്മരിക്കാനാവില്ല. ആലപ്പി എഡ്യൂക്കേഷൻ സൊസൈറ്റിയുടെ കീഴിലുള്ള ഫാർമസി കോളേജിൽ ഡയറക്ടർ ബോർഡിൽ എത്തിപ്പെട്ടതിലുംസാറിന്റെ ഉപദേശങ്ങളുണ്ട്. അങ്ങനെ നിരവധി നന്മയുടെ തീരത്തേക്കുള്ള യാത്രയിൽ കൈപിടിച്ച് ഒപ്പം യാത്ര ചെയ്ത ആ നന്മമരം പിതൃതുല്യനോ, ജ്യേഷ്ഠസഹോദരനോ, നല്ലകൂട്ടുകാരനോ, ആത്മമിത്രമോ ഒക്കെയായിരുന്നു. ബാക്കി വെച്ച പാഠഭാഗങ്ങൾ നമുക്ക് ഇനിയും മുഴുമിപ്പിക്കേണ്ടതുണ്ട്.....ആ നന്മമരത്തിലെ വിത്തുകൾ കടലിലെ തിരമാലകൾ നിലക്കാത്ത കാലത്തോളം വാടാതെ, തളരാതെ ബർസഖീ ജീവിതത്തിനു അദ്ദേഹത്തിന് തണലായി ഭവിക്കട്ടെ! എന്ന പ്രാർത്ഥയോടെ.

---

→

ഇപ്പോഴും 3 മണിക്കൂർ സംസാരിക്കാൻ / പ്രസംഗിക്കാൻ എനിക്ക് കഴിയും.. ഇരുന്നു കൊണ്ടാണെങ്കിലും. പക്ഷേ സുഹൈലിന്റെ അവസ്ഥ നോക്കൂ..ആരോഗ്യത്തിൽ ശ്രദ്ധയില്ല. ഈ പോക്ക് എത്രനാൾ. ആരോഗ്യം ശ്രദ്ധിക്കാൻ നിങ്ങൾ പറയണം' തുടങ്ങി കുറെ കാര്യങ്ങൾ പറഞ്ഞു.. പക്ഷേ വലിയ ലക്ഷ്യങ്ങൾ ചുമലിലേറ്റിയ സുഹൈൽ സാറിനു വിശ്രമിക്കാൻ, ആരോഗ്യം ശ്രദ്ധിക്കാൻ സമയം എവിടെ. സുഹൈൽ സാർ വിടവാങ്ങുമ്പോൾ മുഴുൻ തെക്കൻ ജില്ലകളിലും ശക്തമായ സ്വാധീനമായി സിജിയെ വളർത്തുക എന്ന അദ്ദേഹത്തിന്റെ സ്വപ്നം നമുക്ക് സാക്ഷാത്കരിക്കാനാവണം തളരാനാവില്ല ..പിന്തിരിയാനും ...


# സുഹൈൽസാറിനെ ഓർമിക്കുമ്പോൾ

**ഡോ. നിഷാദ് എ.**
(HSST ഷോളയൂർ)

മഹാത്മാഗാന്ധി സർവകലാശാലയിൽ അസ്സിസ്റ്റന്റായി ജോയിൻ ചെയ്ത് ദിവസങ്ങൾക്കു ള്ളിൽ തന്നെ സുഹൈൽ സാറിനെ പരിചയപ്പെട്ടു. നീളൻ ജുബ്ബയും സൗഹൃദം നീട്ടിയെറിയാൻ തയ്യാറായി നിൽക്കുന്ന മുഖഭാവവും ചേരുംപടി ചേർത്ത ആരും ഒന്ന് ശ്രദ്ധിച്ചുപോകുന്ന personal attire ആയിരുന്നു അദ്ദേഹത്തിന്. സന്ദർശിക്കുന്ന ഏവരും ഒരു സഹായം ആഗ്രഹിക്കുന്ന ഇടമാണ് സർവകലാശാല. അത് ഒരു സെക്ഷൻ എവിടെ യാണ് എന്നു ചൂണ്ടിക്കാണിക്കലോ, ഏതെങ്കിലും ഡോക്യുമെന്റ് ലഭിക്കാനുള്ള നടപടിക്രമം വിശദീകരിക്കലോ അതിലുമപ്പുറമുള്ള നൂലാമാല കളുടെ പരിഹാരക്രിയകളോ ആവാം. ഇതിനുള്ള അവസരങ്ങളിൽ എല്ലാം ഏറെ അനുകമ്പയോടെ വിദ്യാർഥികളുടെ ആവശ്യങ്ങളിൽ അദ്ദേഹം ഇടപെടുമായിരുന്നു. സർവകലാശാലയിലെ സാംസ്കാരിക കൂട്ടായ്മയായ 'സംസ്കാര'യുടെ തലപ്പത്തിരുന്നപ്പോൾ വളരെ ക്രിയാത്മകമായ പരിപാടികൾ അദ്ദേഹം നടത്തിയിട്ടുണ്ട്. ജീവനക്കാരുടെ യൂണിയൻ പരിപാടികളിൽ മുഷ്ടിചുരുട്ടിയ മുദ്രാവാക്യങ്ങൾ സുഹൈൽ സാറിൽ നിന്നുമാകുമ്പോൾ അതിനൊരു താളമായിരുന്നു. അനേകം തവണ അത് ഏറ്റു ചൊല്ലാൻ എനിക്ക് ഭാഗ്യമുണ്ടായിട്ടുണ്ട്. യൂണിവേഴ്സിറ്റി ജുമുഅസ്ജിദിൽ ളുഹർ നമസ്കാര ശേഷമുള്ള ചെറിയ വിശ്രമവേളകളിൽ ആനുകാലികങ്ങൾ ചർച്ച ചെയ്യവേ അദ്ദേഹത്തി ന്റെ പരന്ന വായന അനുഭവവേദ്യമാകുമായിരുന്നു.

ജാതിമത ഭേദമന്യേ, രാഷ്ട്രീയവ്യത്യാസ ങ്ങൾക്കതീതമായി വലിയൊരു സൗഹൃദനിര അദ്ദേഹം കെട്ടിപ്പടുത്തിരുന്നു. അതിൽ generation gap ഇല്ല. സർവ്വകലാശാലയിൽ ഭരണരംഗത്തെ ഉദ്യോഗസ്ഥൻ ആയിരുന്നു എങ്കിലും അക്കാഡ മിക് സമൂഹവുമായി ഭരണപരമായ ഇടപെടലിനു മപ്പുറം, വൈജ്ഞാനികമായ സംവാദങ്ങളിൽ അദ്ദേഹം എപ്പോഴും ഉത്സാഹി ആയിരുന്നു. അദ്ദേഹവുമായുള്ള ബന്ധംകൊണ്ട് മാത്രം എനിക്ക് അത്തരം സൗഹൃദങ്ങൾ ലഭിച്ചിട്ടുണ്ട്. സുഹൈൽ സർ ക്ലാസ് എടുക്കുമ്പോൾ സദസ്സിലിരിക്കുന്ന ഓരോരുത്തരോടും എന്തെങ്കി ലും ഒരു ചോദ്യം ചോദിച്ചിരിക്കും, ഉത്തരം പറയുക എന്നതല്ല ഒരു സംഭാഷണ സാഹചര്യം സൃഷ്ടിക്കു ക എന്നതാണ് ലക്ഷ്യം. അതുവഴി ശ്രോതാവിന് അല്പമെങ്കിലും ബാക്കി ഉണ്ടായിരുന്ന ഘർഷണം അവസാനിപ്പിക്കുക അതിൽ അദ്ദേഹം വിജയിച്ചി ട്ടുണ്ട്. എന്റെ ജോലി അധ്യാപനത്തിലേക്ക് മാറിയതിനു ശേഷവും ബന്ധം തുടർന്നു.

വിരമിച്ചതിനുശേഷം അദ്ദേഹം കൂടുതൽ ഊർജ്ജസ്വലനായി കരിയർരംഗത്തെ ക്ലാസ്സുകളിൽ വ്യാപൃതനായി. അനേകം ഹയർ സെക്കണ്ടറി സ്കൂളുകളിൽ Career Guidance and Adolescence Wing നടത്തുന്ന ക്ലാസ്സുകൾ എടുത്തു. പുതു തലമുറ കോഴ്സുകളെക്കുറിച്ചും ഗവേഷണ രംഗത്തെ സാധ്യതകളെക്കുറിച്ചും നിരന്തരം അറിവ് പുതുക്കിയിരുന്നു അദ്ദേഹം. സിജിയുടെ പ്രവർത്തനങ്ങളെ ഞാനുമായി ബന്ധിപ്പിക്കുന്ന ഉറച്ച പാലമായിരുന്നു സുഹൈൽ സർ. സോഷ്യൽ മീഡിയയിലെ കടുത്ത വിമർശനങ്ങൾക്കു പോലും വസ്തുനിഷ്ഠമായ മറുപടികൾ മാന്യമായി നൽകുന്നതിൽ അദ്ദേഹം ജാഗരൂകനായിരുന്നു. ഈ കാലഘട്ടത്തിലെ മനുഷ്യർക്ക് വളരെയേറെ കാര്യങ്ങൾ അദ്ദേഹത്തിൽ നിന്നും ലഭിക്കാനു ണ്ടായിരുന്നു. പക്ഷെ പടച്ചവൻ തീരുമാനിച്ച സമയം എത്തി. ഏറെ തിടുക്കപ്പെട്ട് വിളിച്ചു എന്ന് നമുക്ക് തോന്നിയാലും, സ്വർഗ്ഗപൂങ്കാവനം കണ്ടുകൊണ്ട് അദ്ദേഹം താൻ വിതച്ച നന്മകളുടെ ഫലം ആസ്വദിക്കട്ടെ എന്ന് കരുതി സങ്കടത്തെ മറക്കാൻ ശ്രമിക്കുന്നു.



# വൈലിത്തറയുടെ ജ്ഞാനതാരകം

**മുഹമ്മദ് ഖൈസ് ഹസനി**
**(വൈസ് പ്രിൻസിപ്പൽ, ഹസനിയ അറബിക് കോളേജ് കായംകുളം )**

**ചി**ലരുടെ ജീവിതം അസൂയാർഹമായിരിക്കും. അവരുടെ വേർപാടുകൾ നികത്താനാവാത്ത നഷ്ടവും. സമൂഹത്തിനുവേണ്ടി സമർപ്പിതമായ അവരുടെ ജീവിതം ബഹുമുഖ സേവനങ്ങൾ കൊണ്ട് സമ്പന്നമായിരിക്കും. ഭൗതിക പ്രപഞ്ചത്തിൽ സ്വയം ഒരു സിംഹാസനം പടുത്തുയർത്തുവാനും ആഢംബരത്തിന്റെ അവസാനവാക്കും നേടി സായൂജ്യമടയുവാനും ഒരിക്കലും അവർ ഒരുമ്പെടുകയില്ല. തെക്കൻ കേരളത്തിന്റെ പ്രഭാഷണ ഗോപുരമായിരുന്ന വൈലിത്തറ ഉസ്താദിന്റെ മകൻ സുഹൈൽ വൈലിത്തറയുടെ വിയോഗം ഈ ഗണത്തിൽ പകരം വയ്ക്കാനില്ലാത്ത ഒരു മഹാപ്രതിഭയുടെ നഷ്ടമാണ്. 'മൗത്തുൽ ആലിമി മൗത്തുൽ ആലമി' പണ്ഡിതന്റെ നഷ്ടം ലോകത്തിന്റെ നഷ്ടം എന്ന അറബി ആപ്തവാക്യം വിടപറഞ്ഞ എല്ലാ വ്യക്തിത്വങ്ങൾക്കും പരസ്പര പൂരകമാവുകയില്ല. സ്വജീവിതം കൊണ്ട് ഒരു കാലഘട്ടത്തെ അടയാളപ്പെടുത്താൻ കഴിഞ്ഞ അനുഗ്രഹീത യുഗപുരുഷന്മാർക്ക് മാത്രമേ അത് സമ്പൂർണ്ണമായി യോജിക്കുകയുള്ളൂ. പ്രമുഖ വിദ്യാഭ്യാസ പ്രവർത്തകനും സെന്റർ ഫോർ ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ഇന്ത്യ (സിജി)യുടെ സംസ്ഥാന സമിതി അംഗവുമായിരുന്ന സുഹൈൽ സാറിന്റെ ജീവിതം കർമ്മനിരതമായിരുന്നു എപ്പോഴും. വിശ്രമം എന്തെന്ന് പലപ്പോഴും അറിഞ്ഞിരുന്നില്ല. കാണികൾക്ക് നയനാനന്ദകരമായ അനുഭൂതി സമ്മാനിച്ചും ഒരു ജനസഞ്ചയത്തിന്റെ ജീവിത ഗന്ധിയായ ജലസ്രോതസ്സുകളിൽ വർണ്ണാഭമായ പ്രതീക്ഷകൾ സമ്മാനിച്ചും അവിരാമം ഒഴുകുന്ന നയാഗ്ര വെള്ളച്ചാട്ടം പോലെ വൈജ്ഞാനിക നവോത്ഥാന രംഗത്ത് അദ്ദേഹം സമർപ്പിച്ച സേവനങ്ങൾ സമാനതകളില്ലാത്തതാണ്.

എല്ലാവരും സഞ്ചരിക്കുന്ന പരമ്പരാഗത വഴിയിലൂടെ സഞ്ചരിക്കുക ലളിതമാണ്. പൊതുബോധ സ്വീകാര്യതയും പൊതുജന ശ്രദ്ധയും. ക്ഷിപ്രവേഗത്തിൽ നേടിയെടുക്കാൻ അതിലൂടെ സാധിക്കും. സമാന്തരമായ മറ്റൊരു സേവന വഴിയും സാമൂഹിക പ്രവർത്തകരെ കാത്തിരിക്കുന്നുണ്ട്. അതിനു വലിയ നിറപ്പകിട്ടോ ഉപരിപ്ലവ സൗന്ദര്യങ്ങളോ ഉറ്റുനോക്കപ്പെടുന്ന പ്രതീതിയോ ഒന്നുമുണ്ടാവുകയില്ല. പക്ഷേ ഒരു കാര്യം സുനിശ്ചിതമാണ്, ആ വഴിയിലൂടെ സഞ്ചരിക്കാൻ കലർപ്പില്ലാത്ത ത്യാഗസന്നദ്ധത വേണം. സമൂഹത്തിലെ താഴേത്തട്ടിലുള്ളവർക്ക് വേണ്ടിയുള്ള നിസ്വാർത്ഥ പ്രവർത്തനം. നടന്നു തെളിഞ്ഞ വഴിയിൽ നിന്നും മാറി കാലം ആവശ്യപ്പെടുന്ന ആ വഴികളിലൂടെ സഞ്ചരിക്കാൻ ഉയർന്ന ധിഷണാ ബോധവും ദീർഘദർശിത്വവും അനിവാര്യമാണ്.

സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും ബോധപൂർവ്വമോ അല്ലാതെയോ അകറ്റി നിർത്തപ്പെടുന്ന പാർശ്വവൽകൃത സമൂഹത്തിന്റെ ഉയർത്തെഴുന്നേൽപ്പിനു വേണ്ടിയുള്ള കഠിനാധ്വാനമാണ് സുഹൈൽ സാറിനെ സമകാലികരിൽ നിന്നും ഏറെ വ്യത്യസ്തനാക്കുന്നത്. ഉന്നത വിദ്യാഭ്യാസ രംഗത്ത് പിന്നാക്ക സമുദായങ്ങളുടെ സർവ്വതോന്മുഖമായ പുരോഗതിക്ക് വേണ്ടി അക്ഷീണം അദ്ദേഹം ഓടി നടന്നു. ലക്ഷ്യപ്രാപ്തിയിലേക്ക് ബഹുദൂരം സഞ്ചരിച്ചു. സഫലമായ സ്വപ്നങ്ങൾക്ക് മുന്നിൽ കൃതജ്ഞതാപൂർവ്വം തലകുനിച്ചു. കേരളത്തിലെ അറിയപ്പെടുന്ന കരിയർ ഗൈഡ് കൂടിയായിരുന്നു അദ്ദേഹം. വിദ്യാർഥികളെ മനസ്സിലാക്കുവാനും അവരുടെ മന:ശാസ്ത്രത്തിന്റെ ആഴങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുവാനും അനിതര സാധാരണമായ വൈഭവമായിരുന്നു അദ്ദേഹത്തിന്. പഠന പുരോഗതിക്കാവശ്യമായ നിർദ്ദേശങ്ങളും പഠന വൈകല്യങ്ങൾ തിരുത്തുന്നതിനുള്ള ബാലപാഠങ്ങളും ആ

→

# എരിഞ്ഞടങ്ങാതെ ആ നാളം

**സൂര്യനന്ദ**
(Student, CIAB Project)

സുഹൈൽ സാറിനെക്കുറിച്ച് എന്തു പറയണം എന്നോ, എങ്ങനെ തുടങ്ങണമെന്നോ എനിക്കറിയില്ല. ഐ.എ.എസ് എന്ന എന്റെ വലിയ സ്വപ്നത്തിന് ഡിഗ്രി പഠനം മതി എന്നു കരുതി ഇരിക്കുമ്പോഴാണ് സിജിയുടെ CIAB പ്രോഗ്രാമിലൂടെ സെൻട്രൽ യൂണിവേഴ്സിറ്റി എന്ന പുതിയ ആശയവുമായി സുഹൈൽ സാർ എത്തുന്നത്.

സാറിനെ കണ്ടനാൾ മുതൽക്കെ ഏതു നിമിഷവും മുഖത്ത് ചെറുപുഞ്ചിരി നിറച്ച്, കൂട്ടത്തിൽ ഉള്ള എല്ലാവർക്കും തന്നെ ഒരു ഉണർവ്വ് പകർന്ന് എല്ലാ കാര്യങ്ങളിലും തന്റെ ശ്രദ്ധ ചെലുത്തി നടക്കാറുണ്ടായിരുന്നു. ഒരു ഉത്തരവാദിത്വം ഉള്ള സംഘാടകൻ (കോർഡിനേറ്റർ) എങ്ങനെയായിരിക്കണം എന്നത് എനിക്ക് മനസ്സിലാക്കിത്തന്നത് സുഹൈൽ സാറാണ്. ഏതൊരു കാര്യം ചോദിച്ചാലും ആ വിഷയത്തെക്കുറിച്ച് ഒരു അറിവ് അദ്ദേഹത്തിനുണ്ടായിരുന്നു. ഒരു പ്രതിഫലവും ആഗ്രഹിക്കാതെ എത്രയോ കുട്ടികളെ സാർ കൈപിടിച്ചുയർത്തി. തന്റെ അറിവും കഴിവും മറ്റുള്ളവർക്കായി ഉപയോഗിച്ച യഥാർത്ഥ ഹീറോ ആണ് ഇന്നും എന്നും എന്റെ മനസ്സിൽ സാർ. സാറിന്റെ ഓരോ പ്രവൃത്തിയും ഓരോ പാഠങ്ങൾ തന്നെ ആയിരുന്നു. നടത്തുന്ന പ്രോഗ്രാമുകളിലേക്ക് കുട്ടികളെ വിളിക്കുകയും മെന്റേർസിനെ വിളിക്കുകയും ഭക്ഷണ കാര്യങ്ങൾ സജ്ജീകരിക്കുകയും ഇതുപോലെയുള്ള എല്ലാ പ്രവർത്തനങ്ങളിലും ഒരുപോലെ ഏർപ്പെട്ട മറ്റൊരധ്യാപകനെയും ഞാൻ കണ്ടിട്ടില്ല.

വളരെ കുറച്ചു നാളുകൾകൊണ്ടു തന്നെ സാറിനെ എനിക്കടുത്തറിയാൻ സാധിച്ചു. എന്റെ ഏറ്റവും പ്രിയപ്പെട്ട അധ്യാപകരിൽ ഒരാൾ, മികച്ച സാമൂഹ്യപ്രവർത്തകൻ, നല്ല ഒരു കുടുംബാംഗം, മികച്ച ഒരു നേതാവ്, പ്രാസംഗികൻ അങ്ങനെ അങ്ങനെ നീളുന്നു ആ മികച്ച നേതാവിന്റെ ജീവിതധർമ്മങ്ങൾ.

സുഹൈൽ സാർ, നിങ്ങൾ എന്നും ഞങ്ങളിൽ ജീവിക്കം.

---

→

തിരുമൊഴികളിൽ നിന്നും അനേകം തലമുറകൾ ക്രിയാത്മക രൂപത്തിൽ സ്വായത്തമാക്കി. കലാലയങ്ങളിൽ നഷ്ടമാകുന്ന ആത്മീയ സാംസ്കാരിക ഈടുവെപ്പുകൾ തിരിച്ചുപിടിക്കുവാൻ കായംകുളത്ത് സ്തുത്യർഹമായ ശൈലിയിൽ പ്രവർത്തിക്കുന്ന അൽ ഫിത്വ്റ ഇസ്ലാമിക് പ്രീ സ്കൂളിന്റെ അനവധി പ്രോഗ്രാമുകളിൽ ആ വിശിഷ്ട വ്യക്തിത്വത്തോടൊപ്പം സമയം പങ്കിടാനായത് വിനീതന്റെ ജീവിതത്തിലെ അവിസ്മരണീയ മുഹൂർത്തങ്ങളിൽ ഒന്നായി മനസ്സിൽ താലോലിക്കുകയാണ്. അണഞ്ഞുപോയ ആ താരകത്തിന്റെ ശൂന്യത വെല്ലുവിളികളേറെ നിറഞ്ഞ ആധുനിക ലോക പരിസരങ്ങളിൽ നമ്മെ വേട്ടയാടിക്കൊണ്ടിരിക്കുക തന്നെ ചെയ്യും.

നിസ്തുലമായ ആ സേവനങ്ങൾക്ക് നമുക്കൊരു പിന്തുടർച്ചയുടെ പാതയൊരുക്കാം. നന്ദിയുടെ പൂച്ചെണ്ടുകളുമായി മരിക്കാത്ത ആ സ്മരണകൾക്ക് മുന്നിൽ നമുക്ക് കാവലിരിക്കാം. തലമുറകളെ ഭേദിക്കുന്ന അദ്ദേഹത്തിന്റെ ജീവസ്സുറ്റ ചലനനിശ്ചലനങ്ങളെ നമുക്ക് ഒന്നുപോലും വിട്ടു പോകാതെ ഒപ്പിയെടുക്കാം. അടുത്ത തലമുറകളിലേക്ക് നമുക്ക് അത് കൈമാറാം. തലമുറകളുടെ ഗുരുനാഥൻ, കാലഘട്ടത്തെ അതിജീവിച്ച സന്നദ്ധ സേവകൻ, സ്വപ്നങ്ങൾക്ക് നിറം പകർന്ന നവോത്ഥാന നായകൻ ഈ വിശേഷണങ്ങളെല്ലാം സുഹൈൽ വൈലിത്തറ എന്ന ചരിത്രപുരുഷന് തന്റെ കർമ്മഫലം കൊണ്ട് കാലം നൽകിയ ഹാരാർപ്പണങ്ങളാണ്. തെക്കൻ കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയിൽ ഭാവിയിൽ ഉത്ഭൂതമാകുന്ന എല്ലാ പുരോഗതികളുടെയും നിർണായകമായ ഒരു പങ്ക് സ്മര്യ പുരുഷനിലേക്ക് എത്താതിരിക്കുകയില്ല. അല്ലാഹു അദ്ദേഹത്തിന്റെ സേവനങ്ങളെല്ലാം സ്വീകരിക്കട്ടെ. യുഗാന്തരങ്ങളിൽ തലമുറകൾക്ക് അത് മാർഗദീപമായി പ്രശോഭിക്കട്ടെ.



# വിളക്കുമരം

**ഷറഫ് മുഹമ്മദ് സുധീർ**
**(സിജി ആലപ്പുഴ)**

സുഹൈൽ സർ എനിക്ക് ആരായിരുന്നു എന്നോ സാറുമായുള്ള ബന്ധം എന്നാണ് ആരംഭിച്ചതെന്ന് എന്നോ എനിക്ക് അറിയില്ല. അദ്ദേഹവുമായുള്ള എന്റെ ബന്ധം സിജിയിൽ നിന്നാരംഭിക്കുന്നു. വർഷങ്ങൾക്കു മുമ്പൊരുനാൾ ഷഫീക്ക എന്നെ സിജിയിലേക്ക് ക്ഷണിച്ചു. മടിച്ച് മടിച്ചാണ് പോയത്. വിളിച്ചത് ഷഫീക്ക ആയതിനാൽ തള്ളാനുമാവില്ല. സംഘടനയും സംഘടനാ പ്രവർത്തനവും ഒന്നും എനിക്ക് താല്പര്യമുള്ള വിഷയങ്ങളല്ല. ഒരന്യതാബോധത്തോടെ ആദ്യമീറ്റിംഗിൽ പങ്കെടുത്ത ഞാൻ അതിവേഗം ഒരു സിജിയനായി. ഇതര സംഘടനകളിൽ നിന്നും വ്യത്യസ്തമായി സിജിയിലുള്ളവരെല്ലാം യാതൊരു പ്രതിഫലവുമിച്ഛിക്കാതെ സമുദായ സേവനം മാത്രം ലക്ഷ്യമിടുന്നവരാണ്. അതുകൊണ്ട് തന്നെ സിജിയിലുള്ളവരെല്ലാം അതിവേഗം എന്റെ ആത്മ മിത്രങ്ങളുമായി. എല്ലാവരും വിളിക്കുന്നത് കേട്ട് ഞാനും സുഹൈൽ സാർ എന്ന് വിളിച്ച് തുടങ്ങി. ബാക്കിയുള്ളവരെയെല്ലാം ഇക്കാ എന്ന് വിളിച്ച ഞാൻ (ഹബീബിക്ക., ഷഫീക്ക അഖ്നസിക്ക എന്നിങ്ങനെ) സുഹൈൽ സാറിനെ മാത്രം ഇക്ക ചേർത്തല്ല വിളിച്ചത്. പക്ഷെ ഇത് ഞങ്ങളിൽ ഒരകൽച്ചയും ഉണ്ടാക്കിയില്ല. കൂടുതൽ അടുപ്പം മാത്രം. അന്ന് മുതൽ ഞാൻ ആശ്ചര്യത്തോടെ നോക്കിക്കാണുന്ന എന്റെ ജേഷ്ഠ സഹോദരനായിരുന്നു സുഹൈൽ സാർ. എന്റെ മക്കളുടേതുൾപ്പെടെ എല്ലാ വിഷയങ്ങൾക്കും ആത്മാർത്ഥമായി ഇടപെട്ട് മാർഗ്ഗനിർദ്ദേശം നല്കുന്ന സ്വന്തം സഹോദരൻ.

കണ്ടുമുട്ടിയ നാൾ മുതൽ എന്നെ ഹൃദയത്തോട് ചേർത്തു എന്ന തോന്നലാണ് എനിക്കുണ്ടായിട്ടുള്ളത്. നഷ്ടപ്പെടുമ്പോഴാണ് വില മനസ്സിലാകുന്നത് എന്ന് പറയാറുണ്ട്. അക്ഷരാർത്ഥത്തിൽ സാറിനെ സംബന്ധിച്ച് പൂർണ്ണമായും ശരിയാണ്. ഹൃദയം കൊണ്ടും മുഴുവൻ ശരീരം കൊണ്ടും സ്നേഹിക്കുവാൻ മാത്രമേ അദ്ദേഹത്തിന് അറിയുമായിരുന്നുള്ളൂ. ആരേയും വെറുക്കാൻ സാറിനാവില്ല.

അടുത്തു കൊതി തീർന്നില്ല. സ്നേഹിച്ചു കൊതി തീർന്നില്ല ഒരുപാട് കാലം ഒരുമിച്ചു ഉണ്ടായിരുന്നെങ്കിൽ, നേരത്തെ പരിചയപ്പെട്ടിരുന്നെങ്കിൽ എന്ന് ആശിച്ചു പോകുന്നു. എന്റെ കുടുംബം മുഴുവനായും ആ വേർപാടിൽ എന്നെപ്പോലെ ദു:ഖിക്കുന്നത് കാണുമ്പോൾ ഈ മനുഷ്യൻ എന്റെ കുടുംബാംഗം തന്നെ ആയിരുന്നു എന്ന് ഞാൻ അറിയുന്നു.

ഒന്നിച്ചുള്ള ഓരോ നിമിഷവും വിജ്ഞാനപ്രദവും ആനന്ദകരവും ആയിരുന്നു. സാറിന്റെ ഒരു ക്ലാസിൽ പോലും ഞാൻ ഇരുന്നിട്ടില്ല. എങ്കിലും ഒന്നിച്ചുള്ള യാത്രകളിലും കൂടിച്ചേരലുകളിലും അമൂല്യമായ ചില സുന്നത്തുകൾ എനിക്കും പകർന്ന്തന്നിട്ടുണ്ട്. ഒരിക്കൽ ഭക്ഷണം കഴിക്കാനായി കൈകഴുകിയപ്പോൾ 'രണ്ട് കൈയും ചേർത്തു കഴുകൂ.. ഒരു സുന്നത്ത് അധികമായി കിട്ടും,' എന്ന് പഠിപ്പിച്ചു. ഇന്നും ഞാൻ അത് തുടരുന്നു. എന്റെ പിതാവ് ഒരിക്കൽ സുഹൈൽ സാറിൽ നിന്ന് കിട്ടിയ ഒരു അറിവിനെ കുറിച്ച് പറയുകയുണ്ടായി. എന്തു വായിക്കുമ്പോഴും ഒരു ആയത്ത് കൊണ്ട് തുടങ്ങുക എന്ന്. അങ്ങനെ സാറുമായുള്ള ഒരു സംഭാഷണവും പാഴായി പോവുകയില്ല. സ്വന്തം ആവശ്യങ്ങൾ ഒരാളോട് പോലും പറയില്ലെങ്കിലും മറ്റുള്ളവർക്ക് വേണ്ടി ആരുടെ മുന്നിലും ചോദിക്കാൻ മടിയില്ലായിരുന്നു.. സ്വയം ജീവിക്കാതെ സഹജീവികൾക്കായി ജീവിച്ച ഒരു വിളക്ക് മരം. എല്ലാവർക്കും വെളിച്ചം പകർന്ന വിളക്കുമരം...

# സുഹൈൽ റഹ്മാൻ നെഞ്ചിലേറ്റിയ സിജിയുടെ സ്വപ്ന പദ്ധതികൾ


**അബ്ദുൽ റഷീദ് ഇ.**
**(സിജി ആലപ്പുഴ)**

**2005** ൽ സിജിയുടെ പ്രവർത്തനങ്ങളുമായി ആലപ്പുഴയിലെത്തുമ്പോഴാണ് സൂഹൈൽ സാറുമായി പരിചയപ്പെടുന്നത്. അന്ന് മുതൽ നാഥന്റെ വിളിയ്ക്ക് ഉത്തരം നൽകി സുഹൈൽ സാർ വിടപറയുന്നത് വരെയും സിജിയുടെ പ്രവർത്തനങ്ങളിൽ ഒന്നിച്ചുണ്ടായിരുന്നു. മികച്ച സംഘാടകൻ, പരിപാടികളുടെ മികച്ച ആസൂത്രകൻ, മോട്ടിവേഷൻ സ്പീക്കർ, കരിയർ കൗൺസിലർ, മെന്റർ, അതിലെല്ലാമുപരി സാമ്പത്തിക പിന്നോക്കാവസ്ഥ മൂലം പഠനം മുന്നോട്ട് കൊണ്ടുപോകാൻ കഴിയാതിരുന്ന ഒട്ടേറെ കുട്ടികൾക്ക് സഹായമെത്തിച്ച രക്ഷകൻ തുടങ്ങിയ നിലകളിലുള്ള അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ അത്ഭുതത്തോടെ നോക്കിക്കണ്ടിരുന്നു. വിദ്യാഭ്യാസ നവോത്ഥാനത്തിന് നെടുനായകത്വം വഹിച്ച സിജി എന്ന സംഘടനയുടെ ആലപ്പുഴയിലെ അമരക്കാരനായിരുന്നു സുഹൈൽ വൈലിത്തറ എന്ന ഞങ്ങളുടെ സുഹൈൽ സാർ.

കോഴിക്കോട് ഹെഡ്ക്വാർട്ടേഴ്സിൽ യോഗങ്ങൾക്ക് പലതവണ ഒന്നിച്ച് യാത്ര ചെയ്തിട്ടുണ്ട്. യാത്രയിലുടനീളം പാർശ്വവൽക്കരിക്കപ്പെട്ട, പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്കായി എന്തൊക്കെ ചെയ്യാൻ കഴിയും എന്നതായിരിക്കും സാറിന്റെ ചർച്ച. അദ്ദേഹം ആരോടെങ്കിലും ദേഷ്യപ്പെടുകയോ, പിണങ്ങുകയോ ചെയ്തതായി ഇതുവരെയും കണ്ടിട്ടില്ല. അദ്ദേഹത്തോട് ദേഷ്യപ്പെടുകയോ പിണങ്ങുകയോ ചെയ്തിട്ടുള്ള ഒരു വ്യക്തിയെയും ഇതുവരെയും കണ്ടിട്ടുമില്ല. ഞാൻ ജീവിതത്തിൽ അത്തരത്തിൽ കണ്ടിട്ടുള്ള ഏക വ്യക്തി സുഹൈൽ സാർ മാത്രമാണ്. സിജിയുടെ പ്രവർത്തനങ്ങളിൽ ഒപ്പം പ്രവർത്തിക്കുമ്പോഴൊക്കെ, സാറിന്റെ ചേർത്ത് പിടിക്കൽ അനുഭവിച്ചറിഞ്ഞിരുന്നു. ജോലി സംബന്ധമായി വളരെ തിരക്കുള്ള സമയത്ത്, ജില്ലയിലെ സിജിയുടെ പ്രസിഡന്റ് സ്ഥാനം കുറച്ച് കാലത്തേക്ക് ഏറ്റെടുക്കണമെന്ന് അദ്ദേഹം നിർദ്ദേശിക്കുകയുണ്ടായി. ആദ്യം അതേറ്റെടുക്കുന്നതിന് ഞാൻ വിസമ്മതിച്ചുവെങ്കിലും, വീണ്ടും ആവശ്യപ്പെട്ടപ്പോൾ അതേറ്റെടുക്കുകയുണ്ടായി. സുഹൈൽ സാറിന്റെ ഒരു നിർദ്ദേശവും ആലപ്പുഴ യിലെ സിജിയൻമാർക്ക് അനുസരിക്കാതിരിക്കാൻ കഴിയില്ല എന്നതുകൊണ്ടായിരുന്നു അത്. ശരിക്കും ഞങ്ങളുടെയൊക്കെ മെന്ററായിരുന്നു സുഹൈൽ സാർ.

ഇതര ജില്ലകൾക്കൊപ്പം ആലപ്പുഴയുടെ ശബ്ദവും സംസ്ഥാനതലത്തിൽ ശ്രവിക്കപ്പെടാൻ ഇടയാക്കിയത് ആലപ്പുഴ ചാപ്റ്റർ നടപ്പിലാക്കിയ തനത് പദ്ധതികളാണ്. മറ്റു പല ജില്ലകളും സംസ്ഥാന കമ്മിറ്റിയുടെ പദ്ധതികളും നിർദ്ദേശങ്ങളും മാത്രം നടപ്പിലാക്കിയപ്പോൾ സംസ്ഥാന കമ്മിറ്റിയുടെ പരിപാടികൾക്കൊപ്പം ജില്ലയുടെതായ സ്വന്തം പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനും, അവ വിജയകരമായി പൂർത്തീകരിക്കാൻ കഴിഞ്ഞതും സുഹൈൽ സാറിന്റെ ആസൂത്രണവും നിശ്ചയദാർഢ്യവും ഒന്നുകൊണ്ട് മാത്രമാണ്. ആലപ്പുഴ ചാപ്റ്റർ ആദ്യം നടപ്പിലാക്കിയ പദ്ധതിയാണ് IMAD (Intervention to Make A Difference). സാമ്പത്തിക പിന്നോക്കാവസ്ഥ ഒന്ന് കൊണ്ട് മാത്രം നിലവാരമുള്ള പഠന സംവിധാനം നിഷേധിക്കപ്പെട്ട 50 കുട്ടികളെ ഏറ്റെടുത്ത് സാധ്യമായ എല്ലാ പരിശീലനങ്ങളും പഠന സംവിധാനങ്ങളും ഒരുക്കി അക്കാദമികമായി ഉന്നത നിലകളിൽ എത്തിക്കുന്ന ഒരു പദ്ധതിയായിരുന്നു അത്. വലിയ പണച്ചിലവുള്ള, വലിയ പരിശ്രമം ആവശ്യമായ ആ പദ്ധതിയെ നെഞ്ചിലേറ്റി നടപ്പിലാക്കാൻ ഞങ്ങൾക്ക് ധൈര്യം പകർന്നത് സുഹൈൽ സാറിന്റെ നേതൃത്വം ആയിരുന്നു. പൂർണ്ണമായി മെറിറ്റിന്റെ അടിസ്ഥാനത്തിൽ കുട്ടികളെ കണ്ടെത്തുവാനും, ആവശ്യമായ സ്പോൺസർ

→



# Suhail Rahman...

**Rajasree Warrier - Renowned Dancer**

**(Extracted from her facebook Post)**

Deeply saddened to hear the news. Suhyl Rahman, a voracious reader with a broad outlook was an acquaintance since 2009. He passed away this morning in Alappuzha . It is in 2009. A small group of book lovers from the School of Letters , MG University ,Kerala approaches me with a unique project , asking me to work on C.N.Sreekantan Nair's celebrated play ' Lanka lakshmi ' based on Ramayana , to be premiered at the School of Letters. I remember Suhyl, the team leader mentioning Late Prof.Narendra prasad ,who used to send me journals of the department without fail. And known to me from my childhood days .Prasad uncle had made me done the role of Nangeli, a strong representation of motherhood in Edassery 's Poothappaattu as part of a children theatre. By dropping names familiar to both of us, Suhyl was trying to convince me of the possibilities of transmuting a dialogue oriented play into a theatre - dance production. I got drawn to his sincerity and gave in to his gentle assertion to take up the challenge .When asked why me ' it is your love for literature ' ,he had said. But then who would have imagined that the entire process of choreography and the presentation in 2009 is to become a milestone in my dance career! I am indebted to you Suhyl ,for having given me a novel perspective and making me explore an untrodden path in Bharatanatyam, up to then . RIP Suhyl Rahman.

---

→

മാരെ കണ്ടെത്തുവാനും നേതൃത്വം കൊടുത്തത് അദ്ദേഹമായിരുന്നു. പ്രതീക്ഷിച്ചതിലേറെ വിജയം നേടുവാൻ കഴിഞ്ഞത് സാറിനൊപ്പം ഞങ്ങളെയും ആവേശത്തിലാക്കി.


ഈ വിജയഗാഥയിൽ നിന്നാണ് CIAB (CIGI Intervention for Academic Brilliance) എന്ന ആലപ്പുഴ ചാപ്റ്ററിന്റേതായ രണ്ടാം പദ്ധതി ഏറ്റെടുക്കാൻ ഞങ്ങൾ തയ്യാറായത്. കോവിഡാനന്തര കാലത്തെ പ്രതിസന്ധികളും ആശങ്കകളും പദ്ധതി ഉപേക്ഷിക്കേണ്ടി വരുമോ എന്ന് പോലും ആശങ്കപ്പെട്ട സമയത്ത്, പദ്ധതി സ്വയം നെഞ്ചിലേറ്റി മുന്നോട്ട് നയിച്ചത് സുഹൈൽ സർ ആയിരുന്നു. 40 കുട്ടികളെ ഏറ്റെടുത്ത് മൂന്ന് വർഷം കൊണ്ട് പരിശീലനം നൽകി രാജ്യത്തെ ഉന്നത സ്ഥാപനങ്ങളിൽ/കേന്ദ്ര സർവ്വകലാശാലകളിൽ എത്തിക്കുക എന്ന ഈ പദ്ധതി വിജയകരമായി മുന്നേറുന്ന ഘട്ടത്തിലാണ് സാറിന്റെ വിയോഗം. അസുഖം മൂർച്ഛിച്ച് ഐ.സി.യു.വിലായിരുന്നതിന് ശേഷം ഭേദപ്പെട്ട് വീട്ടിൽ തിരിച്ചെത്തി ആഴ്ചകൾക്കകം ആലപ്പുഴയിൽ സംഘടിപ്പിച്ച CIAB ന്റെ പരിപാടിയിൽ, ശാരീരിക അസ്വസ്ഥത ഉണ്ടായിരുന്നിട്ട് കൂടി, ആദ്യാവസാനം പങ്കെടുത്ത് പരിപാടി പൂർണ്ണമായും നിയന്ത്രിച്ച സുഹൈൽ സാറിന്റെ പ്രവർത്തനത്തിൽ നിന്നും അദ്ദേഹം ഇക്കാലമൊക്കെ നടത്തി വന്ന സാമൂഹിക പ്രവർത്തന രീതി വായിച്ചെടുക്കാവുന്നതാണ്. സ്വന്തം ആരോഗ്യത്തിന് (ജീവന് പോലും) യാതൊരു പ്രാധാന്യം നൽകാതെയുള്ള സാമൂഹിക സേവനം. പദ്ധതിയുടെ നടത്തിപ്പിന്റെ ഏത് ഘട്ടത്തിലും എപ്പോഴും സമീപിക്കാവുന്ന ഒരാൾ ഒരു ടെലഫോൺ വിളിയ്ക്ക് അപ്പുറത്തുണ്ട് എന്നുള്ളത് ഞങ്ങളുടെ ധൈര്യമായിരുന്നു, ആശ്വാസമായിരുന്നു. ഈ വിടവ് അക്ഷരാർത്ഥത്തിൽ നികത്താനാവാത്തതാണ്. എന്നാൽ സുഹൈൽ സാർ പകർന്ന് നൽകിയിട്ടുള്ള ഊർജ്ജവും, അദ്ദേഹം കാട്ടിതന്നിട്ടുള്ള മാതൃകയും പിന്തുടർന്ന്, സാർ നെഞ്ചിലേറ്റിയ ഈ സ്വപ്ന പദ്ധതിയും സിജിയുടെ ജില്ലയിലെ തുടർപ്രവർത്തനങ്ങളും പൂർണ്ണ വിജയത്തിലെത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ ജില്ലയിലെ ഓരോ സിജിയനും കർമ്മനിരതരാവും എന്ന പ്രതീക്ഷയോടെ.. സൂഹൈൽ സാറിന്റെ എല്ലാ നന്മകളുടെയും ഫലങ്ങൾ പരലോക ജീവിതത്തിൽ പടച്ചവൻ അദ്ദേഹത്തിന് നൽകി അനുഗ്രഹിക്കട്ടെ എന്ന പ്രാർത്ഥനയോടെ..

# ആ ദിവസം .....

**അഖ്നിസ് എം**
**(സിജി ആലപ്പുഴ)**

ഓഗസ്റ്റ് മാസത്തിലെ അവസാന വെള്ളിയാഴ്ച (ഇരുപത്തിയഞ്ചാം തീയതി) മനസ്സിൽ നിന്ന് ഒരുകാലത്തും മായില്ല. അന്നാണ് പ്രിയപ്പെട്ട സുഹൈൽ സാർ അല്ലാഹുവിന്റെ സവിധത്തിലേക്ക് യാത്രയായത്. സാറിന്റെ വൈലിത്തറ കുടുംബവുമായി വളരെ നാളത്തെ ബന്ധമുണ്ട് എനിക്ക്. സുഹൈൽ സാറിന്റെ സഹോദരി ഭർത്താവുമായി ഒന്നിച്ചു ജോലി ചെയ്ത കാലം മുതൽ കുടുംബം ഞാനുമായി അടുപ്പത്തിലായിരുന്നു. എന്നാൽ സുഹൈൽ സാറുമായുള്ള ബന്ധത്തോടെ കൂടുതൽ ദൃഢമായി. സിജിയെന്ന ജനകീയ പ്രസ്ഥാനമാണ് ഞങ്ങളെ കൂടുതൽ ബന്ധിപ്പിച്ചത്. ഹൃദയത്തോട് ചേർത്തത്. എന്നെ മാത്രമല്ല ഇന്ന് ആലപ്പുഴയിൽ സിജിയിൽ പ്രവർത്തിക്കുന്ന മുഴുവൻ പേരും സുഹൈൽ സാർ വാർത്തെടുത്തതാണ് സിജിയന്മാരായി. എല്ലാ സിജിപ്രവർത്തകരേയും കൂട്ടിയിണക്കുന്ന കണ്ണി സുഹൈൽ സാർ ആയിരുന്നു.

ജൂലൈ 14 ന് വെള്ളിയാഴ്ച ഉച്ചക്ക് ഹലീലിന്റെ ഫോൺ വരുന്നു.. സുഹൈൽ സർ വണ്ടാനം MCH ഹോസ്പിറ്റലിൽ ആണെന്നറിയുന്നല്ലോ. ഉടനെ തന്നെ ഞങ്ങൾ വണ്ടാനത്തെത്തി, ജുമുഅ കഴിഞ്ഞ് ഹോസ്പിറ്റലിൽ എത്തുമ്പോൾ സാറിന്റെ ഭാര്യയും മകളും പുറത്തിരിപ്പുണ്ട്. എല്ലാവരും പ്രാർത്ഥനയിൽ. അന്വേഷണത്തിൽ ഐസിയുവിലാണ് ഇപ്പോൾ നേരിയ കുറവുണ്ട് എന്നാണ് അറിഞ്ഞത്. പ്രാർത്ഥന റബ്ബ് സ്വീകരിച്ചു. നില മെച്ചപ്പെട്ടു. കുറച്ച് കഴിഞ്ഞ് സമാധാനത്തോടെ ഞങ്ങൾ മടങ്ങി. രണ്ടുദിവസം കഴിഞ്ഞ് വാർഡിലേക്ക് മാറ്റുകയും പിന്നീട് ഡിസ്ചാർജ് ചെയ്യുകയും ചെയ്തു. റസ്റ്റ് എടുക്കട്ടെ എന്ന് കരുതി വിളിക്കാതിരുന്നപ്പോൾ സാറിന്റെ വിളി വരുന്നു 'അഖ്നിസെ നിങ്ങളെന്താ കാണാൻ വരാഞ്ഞത്' പതിവില്ലാത്ത ഒരു പരിഭവം പറച്ചിൽ. റസ്റ്റ് എടുക്കട്ടെ എന്ന് കരുതി ഒഴിഞ്ഞുമാറാൻ ശ്രമിച്ചു. എങ്കിലും നിർബന്ധപൂർവം ചെല്ലണമെന്ന് പറഞ്ഞു. 20 ന് മെസ്സേജ് 'നാളെ 3 മണിക്ക് വരണം' ഹലീലും ഷാഹുലും ഒന്നിച്ച് വീട്ടിലെത്തുമ്പോൾ കൈയുള്ള ബനിയൻ ഇട്ട് വലിയ സന്തോഷത്തിൽ ഞങ്ങളെ സ്വീകരിച്ചു സൽക്കരിച്ചു. ക്ഷീണിതനെങ്കിലും ഉല്ലാസവാനായിരുന്നു. ജൂലൈ 30 ലെ CIAB പരിപാടിയെക്കുറിച്ച് ആവേശത്തോടെ സംസാരിച്ചു. റെസ്റ്റ് എടുക്കൂ, വരണ്ട എന്ന് ഞങ്ങൾ പറഞ്ഞിട്ടും വരാതിരിക്കാൻ എനിക്കാവില്ല എന്നാണ് മറുപടി. 30-ാം തീയതി സിജി ഓഫീസിൽ എത്തി. ആദ്യാവസാനം പങ്കെടുത്തു. വലിയ സന്തോഷത്തോടെ മടങ്ങി. സിജി ഓഫീസിലേക്കുള്ള അവസാനവരവും മടക്കവും. ഓഗസ്റ്റ് 15 വീണ്ടും ആശുപത്രിയിൽ ആണെന്ന് വാർത്ത. ICUൽ തന്നെ. എല്ലാവരുടെയും പ്രാർത്ഥന. അതിവേഗം മാറ്റമുണ്ടായി. 21-ാം തീയതി മടക്കം. അന്ന് വെളുപ്പിന് എന്റെ ഉമ്മച്ച അല്ലാഹുവിന്റെ റഹ്മത്തിലേക്ക് യാത്രയായി. വാർത്തയറിഞ്ഞ് എന്നെ വിളിക്കുന്നു. ഇപ്പോൾ ഡിസ്ചാർജ് ആവും അങ്ങോട്ട് വരുന്നു എന്ന്. ഞാൻ സ്നേഹത്തോടെയെങ്കിലും നിർബന്ധപൂർവ്വം ആ വരവിനെ വിലക്കി. 22ന് ഉച്ചക്ക് വീണ്ടും ഫോൺ സുഹൈൽ സാറിനെ വീണ്ടും അഡ്മിറ്റ് ചെയ്തു. മൂന്നാം തവണ. പക്ഷെ ഇത്തവണ കൂടുതൽ സങ്കീർണ്ണമാണ് എന്ന വാർത്ത. അടുത്ത ദിവസവും മാറ്റമില്ലാതെ തുടർന്നു. കേരളമൊട്ടാകെ ദുആ:. നിസാമിക്കായും ശംസുക്കായും ഉൾപ്പെടെ സിജിക്കാരും ബന്ധുക്കളും സുഹൃത്തുക്കളും അടങ്ങിയ വലിയ ആൾക്കൂട്ടം. പുറത്ത് എന്തോ, ഞങ്ങൾ ശുഭാപ്തിവിശ്വാസത്തിലായിരുന്നു. ഞങ്ങളുടെ സുഹൈൽ സാർ മടങ്ങിവരുമെന്ന്. വൈകുന്നേരത്തോടെ നിലമെച്ചപ്പെട്ടു എന്ന് ആശ്വാസവാർത്ത. സന്ധ്യക്ക് വീട്ടിലേക്ക് മടങ്ങി.



സുന്നത്ത് നോമ്പ് തുറക്കാൻ. ഏഴ് മണിക്ക് ഹലീലിന്റെ ഫോൺ, പെട്ടെന്ന് പോകണം. ആസ്റ്ററിലേക്ക് ഷിഫ്റ്റ് ചെയ്യുന്നു. ഞങ്ങൾ ഉടനെ മെഡിക്കൽ കോളേജിൽ എത്തി. രാത്രിയിൽ 12 മണിക്ക് പ്രത്യേക ആമ്പുലൻസിൽ ആസ്റ്ററിലേക്ക്... ആമ്പുലൻസിൽ കയറ്റുമ്പോൾ കണ്ണുകൾ അടച്ചിരുന്നു. എങ്കിലും കയറ്റി കഴിഞ്ഞു, തല ഉയർത്തി. ഞങ്ങൾ സമീപത്ത് ഉണ്ടായിരുന്നു. അവസാനകാഴ്ച. നിലമെച്ചപ്പെട്ടിട്ടാണ് shift ചെയ്തത് എന്നറിവോടെ സമാധാനത്തോടെ മടങ്ങി. 12.30ന് വീണ്ടും ഹലീലിന്റെ ഫോൺ ആമ്പുലൻസ് ചേർത്തലയിൽ Breakdown ആയി. ഞങ്ങൾ ഉടനെ പുറപ്പെട്ടു. കലവൂർ കഴിഞ്ഞപ്പോൾ ചെല്ലേണ്ടതില്ല എന്നറിഞ്ഞ് ഞങ്ങൾ മടങ്ങി.

അടുത്ത ദിവസം ആശ്വാസകരമായ വാർത്ത കൾ ആസ്റ്ററിൽ നിന്നും ആഞ്ജിയോ പ്ലാസ്റ്റ് കഴിഞ്ഞു. യഥാസമയം എത്തിക്കാൻ കഴിഞ്ഞത് നന്നായി എന്നൊക്കെ. ആശ്വാസം. പക്ഷേ വൈകുന്നേരം ആയപ്പോഴേക്ക് വീണ്ടും സ്ഥിതി ആശങ്കാജനകമാക്കിക്കൊണ്ട് വാർത്ത വരുന്നു. നാളെ എന്തായാലും പോകണം ഞാൻ ഹലീലി നോട് പറഞ്ഞു. ആ വെള്ളിയാഴ്ച വന്നെത്തി രാവിലെ തന്നെ പോകാൻ തയ്യാറായപ്പോൾ പാനൂർ നിന്നും ബഷീർ സാർ വിളിക്കുന്നു അല്പം ശുഭസൂചകമാണ്, പോകേണ്ടതില്ല എന്ന് ഉപദേശം. പക്ഷേ ഞങ്ങൾ പോകാൻ തന്നെ തീരുമാനിച്ചു. ആശ്വാസമുണ്ട് എന്ന വാർത്ത കാരണം സാവകാശം പുറപ്പെടാം എന്ന് കരുതി 11 മണിക്ക് പുറപ്പെട്ടെങ്കിലും റോഡ് ബ്ലോക്ക് കാരണം എറണാകുളത്തെത്തുമ്പോഴേക്കും വൈകി. മാർക്കറ്റ് പള്ളിയിലും തുടർന്ന് ബ്രോഡ്‌വേ പള്ളിയിലും ഓടിയെത്തിയപ്പോഴേക്കും ജുമുഅ കഴിഞ്ഞു. ആസ്റ്റർ എത്തുമ്പോൾ സ്ഥിതി കൂടുതൽ വഷളായി എന്ന വാർത്തയാണ് അറിയുന്നത്. 'എങ്കിലും സുഹൈൽ സാർ ചിരിച്ചു കൊണ്ട് മടങ്ങിവരുമെന്നു ഞാൻ കരുതി. കഴിഞ്ഞ 3 തവണത്തെപ്പോലെ അദ്ദേഹം ഇതും അതി ജീവിക്കും എന്ന് ഉറച്ച് വിശ്വസിച്ചു. പക്ഷെ വിധി മറ്റൊന്നായിരുന്നു, 4.30നു ഡോക്ടർ നിരാശാജനക മായ ആ വാർത്ത അറിയിച്ചു. മരുന്നിനോട് പ്രതികരിക്കുന്നില്ല. വെന്റിലേറ്റർ റിമൂവ് ചെയ്യാതിരി ക്കാനാവില്ല എന്ന്. റബ്ബിന്റെ അലംഘനീയമായ ആ തീരുമാനം വന്നു...

'സുഹൈൽ വൈലിത്തറ ഭൂമിയിലെ ദൗത്യം പൂർത്തിയാക്കി നാഥനിലേക്ക് മടങ്ങി.



# നായകന്മാരുടെ നായകൻ

**നിസാമുദീൻ നാടൻവീട്ടിൽ, ഇലിപ്പക്കുളം**
**(സിജി ആലപ്പുഴ)**

മനുഷ്യോല്പത്തി മുതൽ ഇന്നേവരെ ഭൂമിയിൽ കോടിക്കണക്കിന് മനുഷ്യർ ജനിച്ച് ജീവിച്ച് മരിച്ചു പോയിട്ടുണ്ട്. അവരിൽ വളരെകുറച്ചു പേർമാത്രം മനുഷ്യമനസ്സുകളിൽ മരിക്കാതെ ജീവിക്കുന്നു. ജീവിത മേഖലകൾ നിരവധിയാണ്, വ്യത്യസ്തങ്ങളുമാണ്. ഒരാൾക്ക് എല്ലാമേഖലയിലും നേട്ടങ്ങൾ കൊയ്തെടുക്കാൻ കഴിഞ്ഞെന്നുവരില്ല. ഓരോ മേഖലയുടെയും വൈപുല്യവും, മനുഷ്യന്റെ ശേഷീ പരിമിതികളും, കുറഞ്ഞ ആയുസ്സും ഒക്കെയാണ് അതിന്റെ കാരണം. സുഹൈൽസാർ തിരഞ്ഞെടുത്തത്, വിദ്യാഭ്യാസ മേഖലയായിരുന്നു. വിദ്യാഭ്യാസ മേഖലയിൽ തന്നെ ഒത്തിരി ശാഖകളുണ്ട്. സുഹൈൽസാർ തെരഞ്ഞെടുത്തത് അക്കാഡമിക്ക് തലമായിരുന്നില്ല. ഒരു സമൂഹത്തിന് വൈജ്ഞാനിക തലത്തിൽ ഉണർവ് നൽകി അവരെ കൈപിടിച്ചുയർത്തി മുഖ്യധാരയിൽ എത്തിക്കുവാൻ ഉള്ള പരിശ്രമങ്ങളിലാണ് അദ്ദേഹം മുഴുകിയത്. അതായത് വിദ്യാഭ്യാസത്തിന്റെ സാമൂഹ്യതലമാണ് അദ്ദേഹം തെരഞ്ഞെടുത്തത്.

എക്കാലത്തേക്കും ഉള്ള മനുഷ്യർക്ക് വെളിച്ചം പകർന്നുനൽകുന്ന വിശുദ്ധഖുർആന്റെ പ്രഥമ പ്രമേയം തന്നെ വിദ്യാഭ്യാസത്തിലേക്കുള്ള പടിവാതിലായ വായനയിലേക്ക് ശ്രദ്ധതിരിച്ചു കൊണ്ടാണ്. വായനയും എഴുത്തും ഒക്കെ അതിലേക്കുള്ള പ്രവേശനകവാടങ്ങളാണ്. പിതാവായ പണ്ഡിതശ്രേഷ്ഠൻ വൈലിത്തറ മുഹമ്മദ്കുഞ്ഞ് മൗലവിയുടെ ശിക്ഷണത്തിൽ വളർന്നുവന്ന അദ്ദേഹത്തിന് വിദ്യാഭ്യാസ രംഗത്തേക്കുള്ള ഒരു ഫോക്കസ് വളരെ ചെറുപ്പത്തിലെ പകർന്നുകിട്ടി. ആ വഴിക്കുള്ള യാത്രയായിരുന്നു അദ്ദേഹത്തെ സിജിയിൽ എത്തിച്ചത്.

മുസ്ലിം ലോകത്ത് കയ്യുംകണക്കും ഇല്ലാത്തത്ര സംഘടനകൾ ഉണ്ട്. അവ ഓരോന്നിന്റെയും ഫോക്കസ് വ്യത്യസ്തങ്ങളാണ്. അതിൽ വിദ്യാഭ്യാസത്തിന് മാത്രം പ്രാമുഖ്യം നൽകി നിലനിൽക്കുന്ന ഒരു സ്വതന്ത്രപ്രസ്ഥാനം സിജി മാത്രമാണ്. സിജി ഒന്നിന്റെയും കീഴ്ഘടകമല്ല. അതിൽ പ്രവർത്തിച്ചാൽ ഏതെങ്കിലും പ്രത്യേക പദവികളിൽ എത്തിപ്പെടാനോ, എന്തെങ്കിലും ഭൗതിക നേട്ടങ്ങൾ കരസ്ഥമാക്കുവാനോ കഴിയില്ല. നിസ്വാർത്ഥമായ സാമൂഹ്യസേവനത്തിന് ഉതകുന്ന ഒരു സാമൂഹസൃഷ്ടിയിലാണ് സിജിയുടെ ഫോക്കസ്. വ്യക്തികൾ സ്വന്തമായി വിചാരിച്ചാൽ മാത്രം, അവർക്ക് സ്വസ്ഥമായും സന്തോഷത്തോടെയും, സമാധാനത്തോടെയും ജീവിക്കാൻ കഴിയില്ല. ഒരുസാമൂഹ്യജീവി എന്ന നിലയിൽ സമൂഹത്തെ ഗുണപരമായി മാറ്റിയെടുത്താൽ മാത്രമേ അത് സാധ്യമാവുകയുള്ളൂ. വ്യക്തിപരമായി ഒരാൾക്ക് എന്ത് കിട്ടും എന്ന ചിന്ത ഏറ്റവും ശക്തമായ ഒരു ലോകത്താണ് നാമിന്നുള്ളത്. ഏതാണ്ട് എല്ലാവരും ആ രംഗത്ത് മത്സരത്തിലും ആണ്. സുഹൈൽസാർ തന്റെ ആരോഗ്യവും, സമയവും, ശേഷികയുമെല്ലാം നല്ല ഒരു സമൂഹ സൃഷ്ടിക്കായി നിക്ഷേപിക്കുകയാണ് ചെയ്തത്. അതായിരുന്നു അദ്ദേഹത്തിന്റെ സമ്പാദ്യം.

ഏതാണ്ടെല്ലാവരും വീടേ, കുടുംബമേ, എന്ന ചിന്തയിൽ മുഴുകുമ്പോഴും, നല്ല ഒരു സമൂഹ സൃഷ്ടി സ്വപ്നം കണ്ട് സുഹൈൽസാർ ഇറങ്ങിത്തിരിക്കുകയാണ് ഉണ്ടായത്. മരണപ്പെട്ടതിന് ശേഷം മാത്രമാണ് പലരുടെയും മഹത്വങ്ങൾ പലരും പറയുക. അതും ഒരു ചടങ്ങായി. എന്നാൽ സുഹൈൽ സാറിനെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിന്റെ മഹത്വം അദ്ദേഹത്തിന്റെ ജീവിത കാലത്ത് തന്നെ ജനങ്ങൾ വിലയിരുത്തിയിട്ടുണ്ട് എന്നത് ശ്രദ്ധേയമാണ്.

തെക്കൻ കേരളത്തിൽ എവിടെയൊക്കെ സിജിയുടെ സാന്നിധ്യം ഉണ്ടോ അതിന്റെയെല്ലാം →



# വൈലിത്തറയിലേക്ക് എത്തുമ്പോൾ ........

ഷാഹുൽ ഹമീദ്. R. S
(സിജി ആലപ്പുഴ ജില്ലാ ജനറൽ സെക്രട്ടറി)

ആലപ്പുഴ ജില്ലയിൽ കാർത്തികപ്പള്ളി താലൂക്കിലെ വൈലത്തറ എന്ന വീട് മുസ്ലിം സമൂഹത്തിന് ഒന്നടങ്കം സ്വീകാര്യനായിരുന്ന വൈലിത്തറ മുഹമ്മദ്കുഞ്ഞ് ഉസ്താദിന്റെ പ്രഭാവകേന്ദ്രമായിരുന്നു. അദ്ദേഹത്തിന്റെ പുത്രൻ സുഹൈൽ വൈലിത്തറ അറിപ്പെടുന്നത് വിദ്യാഭ്യാസ പ്രവർത്തകൻ എന്ന നിലയിലാണ്. വ്യക്തിപരമായി എന്റെ അടുത്ത ബന്ധുകൂടിയാണെങ്കിലും സിജി എന്ന സംഘടനയിലൂടെയാണ് അദ്ദേഹം എന്റെ 'മെൻറർ'ആകുന്നത്. അതിലുപരി 'എന്നിലെ എന്നെ കണ്ടത്താൻ' ഏറെ സഹായിച്ചതിലും അദ്ദേഹത്തിന്റെ പങ്ക് പറഞ്ഞറിയിക്കാൻ കഴിയാത്തതാണ്.

ഒരു വ്യക്തിയെ സമൂഹത്തിന് വേണ്ടി വാർത്തടുക്കുവാൻ സിജി വിഭാവനം ചെയ്യുന്ന 'Pre MAP, & MAP' (Motivation Activation Program) എന്ന ട്രെയിനിംഗ് പ്രോഗ്രാമിലേക്ക് ഒട്ടനവധി പേരെ പങ്കെടുപ്പിക്കാൻ അദ്ദേഹമായിരുന്നു പ്രചോദനം. എന്നെയും കോട്ടയം ഭരണങ്ങാനത്തെ MAP ലേക്ക് നിർദ്ദേശിച്ചത് സാറാണ്. പ്രസ്തുത ട്രെയിനിങ് പ്രോഗ്രാം, പിന്നീട് സുഹൈൽ വൈലിത്തറ എന്ന വ്യക്തിയുടേയും എന്റെയും ഒരുമിച്ചുള്ള യാത്രയ്ക്കുള്ള MAP ആയി. തുടർന്ന് അങ്ങോട്ട് സിജിയുടെ നേതൃത്വത്തിൽ നടന്ന SEED, ROOTS എന്നീ ട്രെയിനിംഗ് പരിപാടികൾ, ഒരു വ്യക്തി എങ്ങിനെയാണ് കുടുംബത്തിനും സമൂഹത്തിനും ഒരുപോലെ സ്വീകാര്യനാകുന്നത് എന്നത് ബോധ്യപ്പെടുത്തി തരുന്ന പരിപാടികൾ ആയി മാറിയപ്പോൾ മുതൽ സുഹൈൽ സാറുമായുള്ള സംഘടനാപരമായ ഉറച്ച ചങ്ങാത്തത്തിലേക്ക് ഞാൻ വഴിതെളിക്കപ്പെടുകയായിരുന്നു. അദ്ദേഹത്തിന്റെ മാർഗ്ഗനിർദ്ദേശത്തിൽ സിജി ആലപ്പുഴ ജില്ലാ കോർഡിനേറ്റർ ആയി പ്രവർത്തിക്കുവാനും എനിക്ക് സാധിച്ചു.

ഞങ്ങൾ ഒന്നിച്ചുള്ള വലുതും ചെറുതുമായുള്ള യാത്രകൾ ചില ഉറച്ച ലക്ഷ്യങ്ങൾക്ക് കൂടി വേണ്ടിയായിരുന്നു. മരണപ്പെടുന്നതിന് ഏതാനും ദിവസങ്ങൾക്ക് മുമ്പ് പോലും എന്നെയും കൂട്ടി യാത്ര പോയതും, ഒരുമിച്ചിരുന്നു ആശയങ്ങൾ കൈമാറിയതും മായാതെ, മറക്കാതെ സ്മൃതിപഥങ്ങളിൽ നിറഞ്ഞു നിൽക്കുകയാണ്. അദ്ദേഹത്തിന്റെ പരലോക മോക്ഷം സാധ്യമാകട്ടെ എന്ന നിറഞ്ഞ പ്രാർത്ഥനയോടെ...

---

→

പിന്നിൽ സുഹൈൽസാറിന്റെ കരങ്ങളുണ്ട്. ടീം ബിൽഡിംഗിൽ അദ്ദേഹത്തിന് ഒരു പ്രത്യേക സിദ്ധിയുണ്ടായിരുന്നു. യഥാർത്ഥ നായകൻ അണികളെ ഉണ്ടാക്കുന്നവൻ അല്ല, നായകരെ സൃഷ്ടിക്കുന്നവനാണ്. ആ അർത്ഥത്തിൽ നായകന്മാരുടെ നായകനാണ് സുഹൈൽസാർ.

നിങ്ങളിൽ ആരാണ് കൂടുതൽ നന്നായി പ്രവർത്തിക്കുന്നവർ എന്ന് പരീക്ഷിക്കുവാൻ വേണ്ടി മരണവും ജീവിതവും സൃഷ്ടിച്ചവൻ ആകുന്നു അല്ലാഹു (വി:ഖു: സൂറത്തുൽ മുൽക്ക്). തനിക്കും സമൂഹത്തിനും നന്മവരുന്ന പ്രവർത്തനങ്ങളുടെ ഒരു മത്സരവേദി തന്നെയാണ് പ്രപഞ്ചം.നന്മയിൽ ഊന്നിയ ഏറ്റവും നല്ല പ്രവർത്തനങ്ങൾ കാഴ്ചവച്ച് സുഹൈൽസാർ ആ രംഗത്ത് ഒന്നാംസ്ഥാനത്ത് എത്തി യാത്രയായി. ആ വഴിക്കുള്ള അദ്ദേഹത്തിന്റെ എല്ലാ പ്രവർത്തനങ്ങളും കരുണാമയനായ തമ്പുരാൻ പൂർണ്ണമായും സ്വീകരിക്കുമാറാകട്ടെ ആമീൻ.

# ഉയരങ്ങളിലേക്ക് ചിറകുമുളപ്പിച്ച പ്രതിഭ

**റഷീദ് പാനൂർ**

**അ**ടുത്തിടെ അന്തരിച്ച സുഹൈൽ റഹ്മാൻ വൈലിത്തറ സാർ വിദ്യാഭ്യാസ സാംസ്കാരിക രംഗത്തെ ഒരു നിറദീപമായിരുന്നു. അനേകായിരങ്ങളുടെ ഹൃദയാന്തരങ്ങളിലേക്ക് അണയാത്ത പ്രഭ ചൊരിഞ്ഞ ജീവിതം. പ്രശസ്തിയുടെ കൊടുമുടിയിലേക്ക് കടന്നു കയറാൻ എല്ലാ സാധ്യതകൾ ഉള്ളപ്പോഴും മണ്ണിൽ കാലുറപ്പിച്ചു നിൽക്കുവാനും തന്നെ തേടിയെത്തുന്ന ഉന്നത വിദ്യാഭ്യാസം സ്വപ്നം കണ്ട വിദ്യാർത്ഥികളെ അവരുടെ അഭിരുചിക്കനുസൃതമായി എത്തിപ്പെടാൻ കഴിയുന്ന മാർഗ്ഗങ്ങളെക്കുറിച്ച് സവിസ്തരം പ്രതിപാദിക്കാൻ യാതൊരു സങ്കോചവുമില്ലാതെ മണിക്കൂറുകൾ ഇരിക്കാൻ തയ്യാറായി എന്നത് അദ്ദേഹത്തിന്റെ സ്വഭാവ സവിശേഷതയുടെ മഹിത മാതൃകയാണ്. തമ്മിൽ കാണുന്ന സന്ദർഭങ്ങളിലെല്ലാം കൂടുതൽ നേരം സംസാരിക്കാൻ അദ്ദേഹം ശ്രമിച്ചിരുന്നു. നാടിന്റെ പുരോഗതിയെ കുറിച്ചുള്ള അദ്ദേഹത്തിന്റെ ഭാവന സമ്പന്നമാർന്ന സ്വപ്നങ്ങളെക്കുറിച്ച്, ദുഷ്സഞ്ചാരത്തിലേക്ക് ആപതിച്ചുപോകുന്ന വർത്തമാനകാല യുവതയെക്കുറിച്ച്, നാടിന്റെ അനുദിനം മാറുന്ന രാഷ്ട്രീയ അജണ്ടകളെക്കുറിച്ച്, ഭിന്നിപ്പിക്കാൻ ശ്രമിക്കുന്ന ആപത്കരമായ സാഹചര്യത്തെക്കുറിച്ചൊക്കെയാണ് സംസാരം. അവയെകുറിച്ച് കൃത്യമായ നിരീക്ഷണങ്ങളും വ്യക്തമായ പരിഹാരങ്ങളും അദ്ദേഹത്തിനുണ്ടായിരുന്നു. ഓരോ കുടുംബത്തിൽ നിന്നും ഉന്നത വിദ്യാഭ്യാസം/ഉയർന്ന ജോലി നേടിയ ഒരു വ്യക്തിയെങ്കിലും ഉണ്ടാവുക എന്നത് അദ്ദേഹത്തിന്റെ സ്വപ്നവും അതിന്റെ സാക്ഷാത്കാരത്തിന് വേണ്ടി നിതാന്ത ജാഗ്രതയോടെയുള്ള പ്രവർത്തനവും നടത്തിയിരുന്നു. പ്രൈമറി ക്ലാസുകളിലെ കുഞ്ഞുങ്ങൾക്ക് അവബോധം നൽകി പുതിയ വിദ്യാഭ്യാസ രീതികളെക്കുറിച്ച് അവരെ പരിചയപ്പെടുത്തി, മത്സര പരീക്ഷകളെ കുറിച്ചും വിജയിക്കാൻ വേണ്ട കഠിനാധ്വാന മേഖലകളെക്കുറിച്ചും നിരന്തര ബോധവൽക്കരണം നടത്തിക്കൊണ്ടേയിരുന്നു. അവരിലൂടെയാണ് വിദ്യാഭ്യാസ വിപ്ലവം സാധ്യമാകുന്നത് എന്ന് അദ്ദേഹം ഉറച്ചു വിശ്വസിച്ചിരുന്നു.

ഒരു സംഘടനയുടെ നേതൃനിരയിൽ നിൽക്കുമ്പോൾ തന്നെ എല്ലാ സംഘടനയിൽ പെട്ടവർക്കും പ്രിയങ്കരനായി നിൽക്കുക എന്നതും എല്ലാ സംഘടനകളോടും ചേർന്നുനിൽക്കുക എന്നതും അപൂർവ്വമായി കാണുന്ന ഒരു വിശേഷണമാണ്. ആ വിശേഷണം അക്ഷരാർത്ഥത്തിൽ ചാർത്താൻ കഴിയുന്ന വ്യക്തിത്വമായിരുന്നു സുഹൈൽ സാറിന്റേത്. ചില വിദ്യാഭ്യാസ സമ്മേളനങ്ങളിലും ബോധവൽക്കരണ പരിപാടികളിലും പകരക്കാരനായി പോകാൻ ഈ വിനീതന് സാധിച്ചിട്ടുണ്ട്. പ്രസ്തുത വേദികളിൽ എല്ലാം കണ്ടുമുട്ടുന്നവർ സാറിന്റെ വിശേഷങ്ങളും സാറിന്റെ ആത്മാർത്ഥമായ ഇടപെടലുകളെക്കുറിച്ചും വാതോരാതെ സംസാരിച്ചത് ഓർത്തു പോവുകയാണ്.

ജീവിക്കുന്ന വർഷങ്ങൾ അല്ല വർഷിക്കുന്ന ജീവിതങ്ങളാണ് മഹത്തരം എന്ന് കേരളത്തിലെ ഏറ്റവും പ്രമുഖനായ ഒരു ആത്മീയരാഷ്ട്രീയ നേതാവിന്റെ മരണത്തോടനുബന്ധിച്ച് വായിച്ചത് ഓർക്കുകയാണ്. ഇപ്പോൾ ആ വാചകത്തോട് ചേർത്തുനിർത്താൻ മനസ്സിൽ പാകപ്പെടുന്ന ഒരു രൂപമാണ് സുഹൈൽ സാറിന്റേതും.

പിന്നോക്കാവസ്ഥയിൽ കഴിയുന്ന തീരഗ്രാമത്തിന്റെ സർവ്വതോന്മുഖമായ വികാസത്തിനു വേണ്ടി, അടുത്ത തലമുറയുടെ സുശോഭനമായ ഭാവിക്കുവേണ്ടി കൃത്യമായ പദ്ധതികളും ആസൂത്രണ മികവോടുകൂടിയുള്ള നടത്തിപ്പും സമർപ്പണവും നന്ദിയോടല്ലാതെ ഓർക്കാൻ കഴിയില്ല. ജീവിത വഴികളിലെ നന്മയാർന്ന പ്രവർത്തനങ്ങൾക്ക് നാഥൻ പരലോകത്ത് പ്രതിഫലം നൽകട്ടെ..

# ഓർമ്മകൾ മതിയാവുകയില്ല

നവാസ്, കരുവാറ്റ
(സിജി ആലപ്പുഴ)

സ്ഥാനക്കയറ്റം കിട്ടി കണ്ണൂരിന് പോകുമ്പോൾ തിരിച്ചവരവിന് ഇത്ര താമസം വരും എന്ന് കരുതിയില്ല. സ്ഥലംമാറ്റം, കരുതിവെച്ച പ്രവർത്തനങ്ങളുടെ താളം തെറ്റിക്കുകയും മറ്റുചിലത് മുടക്കുകയും ചെയ്തു. പലകാര്യവും ചർച്ച ചെയ്ത കൂട്ടത്തിൽ ഈ വിഷയവും സുഹൈലിക്കായുമായി ചർച്ച ചെയ്തു. ഉടൻ വന്നു മറുപടി നമുക്ക് തിരുവനന്തപുരം വരെ പോകാം താമസിക്കരുത് ഉടൻ വേണം. ഞാനൊരു തീയതി നിശ്ചയിച്ചു. അതിനു തടസ്സം ഒന്നും ഉണ്ടായില്ല. ഹരിപ്പാട് നിന്ന് രാവിലെ ട്രെയിനിൽ അനന്തപുരിയിൽ എത്തിയശേഷം തുടർ യാത്ര ഹബീബിക്കയുമായി. സെക്രട്ടറിയേറ്റ് കാന്റീനിൽ നൗഷാദിക്കായെ കണ്ടുമുട്ടുന്നു. 2 ഇഡ്ഢലി മാത്രം ബ്രേക്ക് ഫാസ്റ്റിന്. ആൾക്കാർ കൂടുതൽ ആഹാരം കഴിക്കുന്നത് ചർച്ചയായി. തുടർച്ചയായ എന്റെ യാത്രയിൽ ചുമ എന്റെ കൂടെ കൂടുന്നതിന് ആഗ്രഹം കാട്ടുന്നത് പോലെ തോന്നി. അവിടെയുള്ള സർക്കാർ ഹോമിയോ ക്ലിനിക്കിൽ കയറി മരുന്നു വാങ്ങി ളുഹർ നമസ്കാരത്തിനായി ഞങ്ങൾ പാളയം പള്ളിയിലേക്ക് നടന്നു. വളരെ നേരത്തെ പള്ളിയിൽ എത്തിയതിനാൽ സുന്നത്ത് നിസ്കാരത്തിലും ഖുർആൻ പാരായണത്തിലും സുഹൈലിക്ക കഴിഞ്ഞുകൂടി. ളുഹർ ബാങ്ക് വിളിച്ചു. പോവാൻ സമയമായതിനാൽ ഉഹറും അസറും ഒന്നായി നമസ്കരിച്ച് തിരികെ പോരുവാൻ തീരുമാനിച്ചു. ഒന്നാമത്തെ ജമാഅത്ത് നമസ്കാരത്തിന് പ്രാധാന്യമുള്ളതിനാൽ (കൂടുതൽ പ്രതിഫലം) നമുക്ക് ഒറ്റയ്ക്ക് നമസ്കരിച്ചാൽ മതി (ജമാഅത്ത് വേണ്ട) കുറെ ആൾക്കാർ പ്രതീക്ഷിച്ചുകൊണ്ട് വരുന്നുണ്ട്. അവരുടെ പ്രതിഫലം നമ്മൾ കുറയ്ക്കേണ്ട എന്നൊരു ഉപദേശം.

എല്ലാത്തിനും ഉള്ള കരുതൽ മനസ്സിനെ വല്ലാതെ ചിന്തിപ്പിച്ചു. ഈ ഓർമ്മകൾ പലപ്പോഴും കടന്ന് വരുന്നു. ജഗന്നിയന്താവ് സുഹയിലിക്കയുടെ ഖബർ വിശാലമാക്കട്ടെ. പള്ളിയിലേക്കുള്ള യാത്രയിൽ സുഹൈലിക്കായുടെ മനസ്സിനൊപ്പം ചെല്ലാൻ ശരീരം മടി കാണിക്കുന്നതുപോലെ തോന്നി. അതുകൊണ്ട് തിരിച്ചു ഓട്ടോയിലാണ് മടങ്ങിയത്. മടക്കയാത്രയ്ക്ക് മുമ്പ് സെക്രട്ടറിയേറ്റിൽ വെച്ച് രഹനമാഡത്തെയും കാണാൻ സാധിച്ചു. സുഹൈലിക്കാക്ക് ചുമ അനുഭവപ്പെട്ടതിനാൽ രാവിലെ കയറിയ ഹോമിയോ ക്ലിനിക്കിൽ കയറി മരുന്നു വാങ്ങി യാത്ര തുടർന്നു.

ഈ യാത്രയുടെ അടുത്ത ദിവസം മകളുടെ അഡ്മിഷനുമായി ബന്ധപ്പെട്ട MG യൂണിവേഴ്സിറ്റിയിൽ പോവുകയും തുടർന്നുള്ള ദിവസം അസുഖബാധിതനായി. അവസാന യാത്രയുടെ ആദ്യ കാൽവെപ്പുകളിലേക്ക് സുഹൈൽ ഇക്ക നടത്തം തുടങ്ങിയിരുന്നു. ഇപ്പോഴും കൂടെയുണ്ടെന്നുള്ള തോന്നൽ മനസ്സിലുണ്ടാക്കിയ നടുങ്ങലിന് ആശ്വാസമേകിക്കൊണ്ടിരുന്നെങ്കിലും പെട്ടെന്നുള്ള യാത്ര സമൂഹത്തിന് ഉണ്ടാക്കിയ വിടവ് അവർണനീയമത്രേ.

ഒരു വേളയിൽ കോഴിക്കോട് മാതൃകയിൽ തോട്ടപ്പള്ളിക്കും കന്നുകാലി പാലത്തിനും (കരുവാറ്റ) മധ്യത്തിൽ ആയി പാടശേഖരത്തോട് അടുത്ത് എല്ലാ സജ്ജീകരണത്തോടും കൂടി ഓഫീസ് നിർമ്മിക്കുവാൻ പറ്റിയ സ്ഥലം കണ്ടെത്തണമെന്ന് ആവശ്യപ്പെടുകയുണ്ടായി. ഏറ്റവും അവസാനം ഇപ്പോൾ കരുവാറ്റയിൽ അടഞ്ഞു കിടക്കുന്ന അൽ അമാൻ സ്കൂൾ ഒരു CIGI Educational Hub ആയി വികസിപ്പിക്കുന്നതിനുള്ള പ്രാരംഭ ചർച്ചകൾ ആരംഭിക്കുകയും ചെയ്തിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ സിജിയന്മാരുടെ അനുഗ്രഹാശിസോടെ സുഹൈലിക്കായുടെ സ്വപ്നം പൂവണിയാൻ നമുക്ക് ശ്രമിക്കാം.

# ഞാനറിയുന്ന സുഹൈലിക്ക

എസ്.കെ. നസീർ, കായംകുളം
(സിജി ആലപ്പുഴ)

ഏറെ ഞെട്ടലോടെയാണ് 'സുഹൈലിക്ക' എന്ന് ഞാൻ വിളിക്കുന്ന വൈലിത്തറ സുഹൈൽ സാറിന്റെ മരണവാർത്ത കേൾക്കുന്നത്. ജീവിതത്തിൽ ഏറെ സ്വാധീനം ചെലുത്തിയ ചുരുക്കം ചില വ്യക്തികളിൽ ഒരാളെന്ന നിലയിൽ സുഹൈലിക്കയുടെ വിയോഗം താങ്ങാവുന്നതിലും അപ്പുറമായിരുന്നു.

20 വർഷങ്ങൾക്കു മുമ്പ് സിജിയുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സുഹൈലിക്കായെ ബന്ധപ്പെടുമ്പോൾ സിജി എന്ന പ്രസ്ഥാനത്തിലേക്ക് കൂടി കടന്നു ചെല്ലാനുള്ള അവസരമായി അത് മാറുകയും പ്രസ്ഥാനത്തിന്റെ അമരക്കാരനായി നിലകൊണ്ടിരുന്ന അദ്ദേഹത്തെ കൂടുതൽ തൊട്ടറിയാൻ കാരണമാവുകയും ചെയ്തു. ഇതിലൂടെ അദ്ദേഹത്തിന് സമൂഹത്തോടും സമുദായത്തോടും എത്രമാത്രം പ്രതിബദ്ധത ഉണ്ടായിരുന്നു എന്ന് മനസ്സിലാക്കാൻ സാധിച്ചു. ഒരിക്കൽ പറയുകയുണ്ടായി 'നമുക്ക് ഒരിക്കലും ഒരു വ്യക്തിക്കോ കുടുംബത്തിനോ മാസം തോറും 15000 രൂപ വീതം കൊടുത്ത് സഹായിക്കാൻ കഴിയില്ല. മറിച്ച്, നമുക്ക് ചെയ്യാൻ കഴിയുന്നത് ഒരു വ്യക്തിയെ വിദ്യാഭ്യാസപരമായി ഉയർത്തിക്കൊണ്ടു വന്ന് സർക്കാർ സർവീസിൽ കയറ്റി സർക്കാരിൽ നിന്ന് ശമ്പളം വാങ്ങി കൊടുത്ത് ഒരു കുടുംബത്തിന്റ അത്താണിയാക്കി മാറ്റാൻ സാധിക്കും' ഖുർആനിന്റെയും ദീനിന്റയും മൂല്യങ്ങൾ ഏറ്റെടുക്കുന്നതിലും നടപ്പാക്കുന്നതിലും ശ്രദ്ധ പുലർത്തിയിരുന്ന അദ്ദേഹം ആത്മീയ ഭൗതിക മേഖലകളിൽ സമുദായത്തിലെ ഓരോ അംഗത്തിന്റെയും ഉയർച്ച അതിയായി ആഗ്രഹിച്ചിരുന്നു.

എം.ജി. യൂണിവേഴ്സിറ്റിയിൽ വർക്ക് ചെയ്തിരുന്ന സമയത്ത് വളരെ തിരക്കുപിടിച്ച ജീവിതമായിരുന്നു സുഹൈലിക്കയുടേതെന്ന് സഹപ്രവർത്തകരുടെ വാക്കുകളിൽ നിന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കും. ആർക്കും എതിരഭിപ്രായമില്ലാത്ത എല്ലാവർക്കും സഹായങ്ങൾ മാത്രം ചെയ്തിരുന്ന വളരെ ലളിതമായ ജീവിതം നയിച്ചിരുന്ന സുഹൈലിക്ക എല്ലാവർക്കും മാതൃകയായിരുന്നു. വീട്ടിൽ എല്ലാവിധ സൗകര്യങ്ങൾ ഉണ്ടായിരുന്നെങ്കിലും അതൊന്നും ഉപയോഗിച്ചിരുന്നില്ല. മുന്തിയ വാഹനം ഉണ്ടായിട്ടും അത് ഒഴിവാക്കി ഒരു ബൈക്കിൽ പൊതുപ്രവർത്തനങ്ങളുമായി ഇങ്ങനെ കറങ്ങി നടക്കുമായിരുന്നു. സ്ഥിരമായി ട്രെയിനിൽ യാത്ര ചെയ്തിരുന്ന അദ്ദേഹം യാത്രക്കാരുമായി നല്ല ബന്ധങ്ങൾ സ്ഥാപിച്ചിരുന്നു. എല്ലാ റമദാൻ മാസത്തിലും ജാതിമതഭേദമന്യേ യാത്രികർക്കെല്ലാം നോമ്പുതുറ ഒരുക്കുമായിരുന്നു. എല്ലാ റമദാനിലും സ്ഥിരം യാത്രികർ ഇത് പ്രതീക്ഷിക്കുകയും ചെയ്തിരുന്നു.

ശാരീരികമായ പല അസ്വസ്ഥതകൾ ഉണ്ടായിരുന്നെങ്കിലും അതൊന്നും വകവയ്ക്കാതെ സമുദായത്തിന്റെ പുരോഗതിക്കുവേണ്ടി രാപകമില്ലാതെ ഓടുകയായിരുന്നു അദ്ദേഹം. ആരോഗ്യം ശ്രദ്ധിക്കാൻ പലരും പറയുമായിരുന്നെങ്കിലും സമുദായത്തിന് വേണ്ടിയുള്ള ഓട്ടത്തിൽ അതൊക്കെ അവഗണിക്കുകയായിരുന്നു. വിനീതൻ അസുഖബാധിതനായി കിടന്ന സമയത്ത് സന്ദർശിക്കാൻ വന്നിട്ട് ആരോഗ്യം ശ്രദ്ധിക്കാൻ ഉപദേശിക്കുമായിരുന്നു. എന്നാൽ സ്വന്തം ആരോഗ്യം ശ്രദ്ധിക്കുന്ന വിഷയത്തിൽ അലംഭാവമായിരുന്നു.

സർവീസ് സമയത്തുണ്ടായിരുന്ന തിരക്കുപിടിച്ച ജീവിതം റിട്ടയർമെൻറിന് ശേഷം കുറയുമെന്ന് വിചാരിച്ചിരുന്ന ഞങ്ങൾക്ക് അദ്ദേഹം കൂടുതൽ ആവേശത്തോടെ പൊതുപ്രവർത്തനത്തിന് മുന്നിട്ടിറങ്ങുന്ന കാഴ്ചയാണ് കാണാൻ കഴിഞ്ഞത്. സുഹൈലിക്കയുടെ എടുത്തുപറയേണ്ട ഒരു പ്രത്യേകത എവിടെവെച്ചെങ്കിലും ഒരു വിഷമം കേട്ടാൽ അതിനൊരു പരിഹാരം കണ്ടശേഷം മാത്രമേ അവിടുന്ന് പോകാറുണ്ടായിരുന്നുള്ളൂ.

അതുപോലെ വളരെ നിർബന്ധ ബുദ്ധിയോടെ പഴയ ബന്ധങ്ങളും പുതിയ ബന്ധങ്ങളും കാത്തു →



# ഇങ്ങനെയും ഒരാൾ ഇവിടെ ജീവിച്ചിരുന്നു

ടി.എ. അലിക്കുഞ്ഞ് ആശാൻ
(സിജി ആലപ്പുഴ)

ഒരിക്കൽ പരിചയപ്പെട്ടാൽ പിന്നെ അവരുടെ മനസിൽ നിന്നും ഈ മുഖം മായില്ല. അതായിരുന്നു സുഹൈൽ റഹ്മാൻ വൈലിത്തറ. പരിചയപ്പെടുന്നവരുടെ മനസിൽ സുന്ദരമായ വേലിയേറ്റങ്ങൾ സൃഷ്ടിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു.സുഹൈൽ സാറിന്റെ യാത്രകൾ കൂടുതലും പൊതു ഗതാഗതം ഉപയോഗപ്പെടുത്തിയായിരുന്നു. ഹെഡ്സെറ്റ് കാതിൽ തിരുകി സുഖമായി ഉറങ്ങുന്ന യാത്രക്കാരനിൽ വ്യത്യസ്തമായി കൂടെയുള്ള യാത്രക്കാരുമായി സൗഹൃദം സ്ഥാപിക്കാനായിരുന്നു അദ്ദേഹത്തിന്റെ ഇഷ്ടം. വെറും പരിചയത്തിനപ്പുറം യാത്ര അവസാനിക്കുമ്പോൾ വേരറ്റ് പോകാത്ത ഒരു ബന്ധം അദ്ദേഹം എല്ലാവരിലും നിന്ന് നേടുമായിരുന്നു. യാത്രക്കിടയിൽ പോലും തനിക്ക് വരുന്ന എല്ലാ ഫോണുകളും അറ്റൻഡ് ചെയ്യും. മറുതലക്കലിലെ കാര്യങ്ങൾ ക്ഷമാപൂർവം കേൾക്കും. ആശ്വാസമേകുന്ന മറുപടി കൊടുക്കും. കൂടുതൽ കാളുകളും ഇനി ഏത് കോഴ്സിന് പോകും എന്നുള്ള കുട്ടികളുടെയും രക്ഷിതാക്കളുടെയും ആശങ്കകളായിരിക്കും. എല്ലാത്തിനും വ്യക്തവും സ്പഷ്ടവുമായ ഉത്തരം ഉണ്ടാകും..... അത്മതി അവർക്ക് എല്ലാത്തിനും പരിഹാരം. പ്രവർത്തന മേഖലകളിൽ തന്റെ നിറഞ്ഞ കയ്യൊപ്പ് ചാർത്താൻ അദ്ദേഹത്തിനായി.

അവധി ദിവസങ്ങളിലും, ഞായറാഴ്ചകളിലുമാണ് സിജിയുമായി ബന്ധപ്പെട്ട ക്ലാസുകളും മറ്റും നടക്കുന്നത്. ചില ചടങ്ങുകൾ ഉണ്ടെന്ന് പറയുമ്പോൾ 'ഏതിനാണോ നിങ്ങൾ പ്രാധാന്യം കൊടുക്കുന്നത്, അതിൽ പങ്കെടുക്കൂ' എന്നായിരിക്കും മറുപടി. ഒന്നിനും സമയം ഇല്ല എന്ന് പറയുന്നവർക്ക് തനിക്ക് ഇനിയും ഒരുപാട് സമയം ഉണ്ട് എന്ന് കാണിച്ച് തരികയായിരുന്നു സുഹൈൽ സാർ. സാറിന്റെ ഒറ്റ ക്ലാസ് മതിയായിരുന്നു. പുതുതലമുറക്ക് ദിശാബോധവും ലക്ഷ്യവും നൽകാൻ. ഉന്നത വിദ്യാഭ്യാസത്തെക്കുറിച്ചും, കരിയർ ഗൈഡൻസിനെ കുറിച്ചുമുള്ള ആഴത്തിലുള്ള അറിവും പരിജ്ഞാനവും ഈ രംഗത്ത് സമാനതകൾ ഇല്ലാത്ത നേതൃത്വം കൊടുക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു. ക്ലാസ് എടുക്കാൻ വിളിക്കുന്നവരുടെ വലിപ്പചെറുപ്പം നോക്കാതെ ലക്ഷ്യം മാത്രം നോക്കി പങ്കെടുത്തു. മിക്കവാറും യാത്രാകൂലി പോലും വാങ്ങാതെ →

→

സൂക്ഷിച്ചിരുന്നു. അതിന്റെ തെളിവായിരുന്നു അദ്ദേഹം അസുഖബാധിതനായ സമയത്ത് അദ്ദേഹത്തിന്റെ സഹായം ലഭിക്കുകയും ലഭിച്ചു കൊണ്ടിരിക്കുകയും ചെയ്ത ധാരാളമാളുകൾ വിഷമങ്ങൾ അറിയിച്ചത്. കേരളത്തിന്റെ പാതിരാ പ്രഭാഷണ പരമ്പരകൾക്ക് അടിത്തറയിട്ട പ്രസിദ്ധ പ്രഭാഷകൻ വൈലിത്തറ മുഹമ്മദ് മുസ്ലിയാരുടെ മകനായ സുഹൈലിക്കയുടെ മരണാനന്തര ചടങ്ങുകൾക്ക് ജനങ്ങൾ ഒഴുകിയെത്തിയത് സമൂഹത്തിൽ ഇദ്ദേഹത്തിന്റെ ജനസമ്മതി വിളിച്ചോതുന്നു.

പെട്ടെന്നുണ്ടായ മരണം ഒരു ഭാഗത്ത് മനസ്സിന് വേദന ഉണ്ടാക്കുന്നതാണെങ്കിലും ഒരു പുരുഷായുസ്സ് കൊണ്ട് ചെയ്തുതീർക്കാൻ കഴിയാത്തത്ര സേവനങ്ങൾ സമൂഹത്തിനും സമുദായത്തിനും വേണ്ടി ചെയ്ത് തീർത്തിട്ടാണ് ഈ യാത്രയെന്നത് ആശ്വാസകരമാണ്. അല്ലാഹു സുഹൈലിക്കയുടെ മുഴുവൻ സൽകർമ്മങ്ങളും സ്വീകരിച്ച് സ്വർഗ്ഗത്തിൽ ഉയർന്ന പദവി നൽകി അനുഗ്രഹിക്കട്ടെ! അദ്ദേഹം നടത്തി വന്ന മുഴുവൻ പ്രവർത്തനങ്ങളും നമുക്ക് ഏറ്റെടുക്കാം. നാഥൻ ഉദവി നൽകട്ടെ! ആമീൻ

മടങ്ങി. ആരിൽ നിന്നും ഒന്നും പ്രതീക്ഷിക്കാതെ എല്ലാം ചെയ്യുമ്പോഴും കുട്ടികളെ ഉന്നതിയിലേക്ക് നയിക്കണമെന്ന ചിന്ത മാത്രമായിരുന്നു ആ മനസ് നിറയെ.... അവസാനമായി സംസാരിക്കുന്നത് ആദ്യം മെഡിക്കൽ കോളേജ് ആശുപത്രിയിൽ കിടക്കുമ്പോഴായിരുന്നു. ഐ.സിയുവിന്റെ നനുത്ത തണുപ്പിൽ നിന്നും വാർഡിലേക്ക് മാറ്റിയ സമയം. മകൾ അസ്മയാണ് കൂട്ടിനുള്ളത്. ഐസിയുവിൽ കിടന്നതിന്റെ ക്ഷീണം മുഖത്ത് ഉണ്ടെങ്കിലും എന്നെ കണ്ടതോടെ ഉഷാർ ആയി. സംസാരിച്ച് തുടങ്ങി. സിജിയെക്കുറിച്ച് തന്നെയായിരുന്നു സംസാരം. അടുത്ത സിയാബിന്റെ പരിപാടിയെക്കുറിച്ച് ചർച്ച വഴി മാറി തുടങ്ങിയിരുന്നു. കൂടുതൽ സംസാരിക്കേണ്ട, എന്ന എന്റെ വിനീത ഉപദേശമൊന്നും കാര്യമായെടുത്തില്ല......കൂടുതൽ വർത്തമാനങ്ങൾ ഒഴിവാക്കാൻ മനപ്പൂർവം തിരക്ക് അഭിനയിച്ച് ഞാൻ പുറത്തേക്ക് പോകുകയായിരുന്നു.

അസുഖബാധിതനാകുന്നതിന് ഒരു മാസം മുമ്പ് വരെ കരിയർ ഗൈഡൻസിൽ ഞാൻ ഉൾപ്പടെയുള്ള സിജിയന്മാർക്ക് ക്ലാസ്സ് നൽകാൻ എല്ലാ ഞായറാഴ്ചകളിലും സാർ ആലപ്പുഴയിൽ എത്തും. വൈകുന്നേരങ്ങളിൽ ഷാഹുൽ ഹമീദിന്റെ വീട്ടിലാണ് ക്ലാസ്.പഠിതാക്കളായ ഞങ്ങൾ എത്തും മുമ്പേ സാർ എത്തും. തെല്ലു ജാള്യത്തോടെ കയറി വരുന്ന ഞങ്ങളെ ഒരു മുഷിപ്പും ഇല്ലാതെ പ്രസന്നതയോടെ സ്വീകരിക്കും. താമസിച്ചതെന്താണെന്നോ. മറ്റോ ഉള്ള ഒരു ചോദ്യവും അവിടെ നിന്ന് ഇതുവരെ ഉണ്ടായിട്ടില്ല. ക്ലാസിനിടയിൽ ചിലപ്പോൾ തർക്ക വിഷയങ്ങൾ കേറി വരും. ഒന്നിനും തർക്കിക്കാൻ ഇടം കൊടുക്കാതെ നമ്മൾ പോലും അറിയാതെ അദ്ദേഹം വിഷയം വഴിതിരിച്ചു വിടുമായിരുന്നു. ഒരു പരിപാടി പ്ലാൻ ചെയ്താൽ തന്റെ കൂടെ ആരുണ്ട് എന്ന് നോക്കാറില്ല. ചെറിയ കാര്യം മുതൽ എല്ലാം സ്വയം ഏറ്റെടുത്ത് നടത്തും. ആരെ കുറിച്ചും പരിഭവങ്ങളോ, പരാതികളോ പറഞ്ഞ് കേട്ടിട്ടില്ല. സ്വാർത്ഥത തൊട്ട് തീണ്ടിയിട്ടില്ലാത്ത മനുഷ്യൻ. സുഹൈൽ സാറിനെപ്പോലെയാകാൻ അദ്ദേഹത്തിനേ കഴിയു.

ആലപ്പുഴ ജില്ലയുടെ തെക്കേ അറ്റത്ത് കയർ മത്സ്യ തൊഴിലാളികൾ തിങ്ങി പാർക്കുന്ന കടൽ തിരമാലകളുടെ ലാളന ഏറ്റ് കിടക്കുന്ന പാനൂർ എന്ന കൊച്ചു ഗ്രാമത്തിൽ നിന്നും താൻ വ്യാപൃതനായ മേഖലകളിൽ മായ്ക്കാനാകാത്ത അടയാളപ്പെടുത്തലുകൾ നടത്താൻ കഴിഞ്ഞു എന്നതാണ് സുഹൈൽ സാറിനെ വേറിട്ട് നിർത്തുന്നത്.

'എത്ര കാലം ജീവിച്ചു എന്നതല്ല എങ്ങനെ ജീവിച്ചു എന്നതാണ് പ്രധാനം.' ആ അടയാളപ്പെടുത്തലുകളുട ദീപ്തമായ ഓർമ്മകൾ എന്നും നിലനിൽക്കും. സുഹൈൽ സാറിന്റെ കാലത്ത് ജീവിക്കാൻ, സാറിനോടൊപ്പം പ്രവർത്തിക്കാൻ കഴിഞ്ഞു എന്നതായിരിക്കും വേർപാടിൽ നൊമ്പരപ്പെടുമ്പോഴും ഒരോ സിജിയന്റെയും ആശ്വാസം.

നാഥൻ ആഖിറം വെളിച്ചമാക്കട്ടെ.... പ്രാർത്ഥനയോടെ.





# Will never be forgotten

**Aleena Haleel**
**(IIM Indore)**

Some people influence us in ways we can't imagine. I realized how much suhail sir meant to me when he was hospitalised.I was worried and praying for his full recovery. I almost teared up everytime I thought about him not being around. I didn't know him enough to feel all this is what surprised me the most. Why was this man important to me and why did I never really felt so while he was around? To date I did not have an answer until today-days after he left us.

I have met suhail sir on multiple occasions. He was just like any of my Father's other friends. But, in 2018, While I was in my 12th grade and my life suddenly transformed into a dull and disappointing period. I was under great academic pressure and always felt like I wasn't good enough. My father who is always been there for me and took great interest in academics once invited suhail sir over to our house. I knew what was to come.I was sure it was going to be one of my father's friends who will talk me through the importance of education and more importantly of how MBBS is the key to a glorious future.To my utter surprise, that evening I met a man who asked me what do you want to be? I had no answer then because I never really thought about what I wanted to be. He prompted me to think. I told him I saw myself in the future as a strong woman who could make decisions and create an impact. I told him about how I was not reaping benefits no matter how hard I tried. After I spoke to him of all my agonies he patiently replied you do what you can now and you'll become what you wish to be and it is stuck with me ever since.I never really thanked him for that advice. I did what I could and I am happy about where I am.I owe it to him because he told me that there is light on the other side and I just had to keep walking.

Fast forward to 2023,It was Eid and on my way back from my mother's place,we met again.All those memories came running back to my mind.I thought maybe he doesn't realize how he is leaving a little bit of his sparkle in everyone he talks to.How is it that a man can be so selfless and care for everyone and devote time for people like me who didn't even care to go back to thank him for helping me stand up from a fall.What does he get out of all this? He turned to me and asked "How is college?" I said it's going good.He slightly nodded and smiled.Before we parted he bought some mangoes from a store and said it was for my grandmother.That is the last time I met him.

The day he left us,I cried my heart out. The last time I cried this way was when my grandfather died. I was confused as to why his death affected me so much. But now I know. He was a good human being. Good in all possible ways. This is my attempt to tell him and the world how grateful I am to have known him.

# In the loving memory of dearest Suhyl Sir

**Thahani Rezak**
**(Asst. Prof. Sree Narayana Guru Open University, Kerala)**

I can't pinpoint the exact moment our paths crossed, but it was during my days at Delhi University, a time when my sister was a part of CIGI's IMAD project, and that's how I first heard of Suhyl Sir. Later during my university vacation, I had the opportunity to attend his class for the IMAD kids and that's how he noticed me. After that, he used to contact me for any admission-related issues or queries of those students who were coming to Delhi for higher studies.

Suhyl Sir was a true mentor who cared deeply about students and their aspirations. He had a knack for recognizing potential and guiding it towards success. Even though I didn't maintain regular contact with him, I made sure to share my milestones with him, and he took pride in my achievements. With Allah's grace, I had the opportunity to do my graduation and post-graduation from the University of Delhi and my MPhil/PhD from Jawaharlal Nehru University, New Delhi. Suhyl sir also wanted his mentees to be in the premier institutes in India or abroad. He showed my case as a motivation to many school-going kids who are from humble backgrounds, especially minorities, to educationally thrive and find a better future. His unwavering support and belief in students striving for a better future were truly remarkable.

When I returned to Kerala last year and joined SGOU, Kerala, as an Assistant Professor, our interactions deepened. He entrusted me with the role of mentoring the CIAB project, which, in turn, made him my mentor. In these challenging times, finding a mentor who genuinely wishes for your growth is a rarity, and Suhyl Sir was that beacon of guidance. I recall the few times I reached out to him for advice, and despite his health struggles, he provided me with invaluable suggestions. He effortlessly connected with people, always seeking the best in them and harnessing their strengths for noble causes. He exemplified the qualities of a truly exceptional human being. It's only after his passing that I learned even more about him, hearing countless praises and heartfelt prayers. If he were here today, he would deflect the praise, as he was a humble and down-to-earth man.

Yet, he was unwaveringly assertive in his beliefs, with a profound faith in God and the inherent goodness of people. Meeting someone like him in this lifetime was a gift, and his legacy lives on through the values he instilled in all of us. Let us honour his memory by carrying forward his mission, by being kind, humble, and ever-ready to support those who seek to better themselves. May we continue to walk the path he illuminated, guided by his enduring spirit.

In loving memory of Suhyl Sir, may his legacy inspire us all. With heartfelt condolences,

# സഫല ജീവിതത്തിന്റെ നേർക്കാഴ്ചകൾ...















# സഫല ജീവിതത്തിന്റെ നേർക്കാഴ്ചകൾ...


















## സഫല ജീവിതത്തിന്റെ നേർക്കാഴ്ചകൾ...









## സ്മരണാഞ്ജലികൾ - അനുസ്മരണ വേദികളിലൂടെ






















MADE FOR
STRONGER
इंडिया
550 XD
APOLLO TMT
stronger ever
550 XD
UNMATCHED
QUALITY
AND PERFORMANCE!
www.apollotmt.com | Customer Care : 8589 0404 17





Printed and published by Shahul Hameed R S, General Secretary, CIGI Alappuzha for and on behalf of Centre for Information and Guidance India. District Chapter, MES Complex, Alappuzha-688001, Printed at Akshara Offset, Tvpm, Phone 0471 2471174